2012 ഒക്ടോബർ/വോള്യം 4/ലക്കം 4/ വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## ആദിവാസിവികസനം–
## വാഗ്ദാനലംഘനങ്ങളുടെ തുടർച്ചകൾ



**തായ്കുല
സംഘം**

**സി.കെ. ജാനുവിനൊപ്പം**

**ആറ് തോഴിമാർ കൂടംകുളം
അണുനിലയ വിരുദ്ധ പോരാട്ടനായികമാർ**



# സംഘടിത

ഒക്ടോബർ 2012 - വാല്യം 4 - ലക്കം 4

## ഉള്ളടക്കം

6 ആദിവാസിവികസനം-
വാഗ്ദാനലംഘനങ്ങളുടെ തുടർച്ചകൾ- പി.ഇ. ഉഷ
18. തായ്കുല സംഘം - മായ.ടി.വി
20. ഈശ്വരി രേശൻ തനിമയാർന്ന ഒരു ആദിവാസി
സ്ത്രീ നേതൃത്വം - പ്രകൃതി യു. എം
22 ആദിവാസി സ്ത്രീ ജീവിതം - കെ. കാളി
25. ആൺകോയ്മയെ പിടിച്ചുലച്ച രണ്ട് ബില്ലുകൾ -
കെ.അജിത
32. ഇങ്ങനെയൊരു സ്ത്രീ...! - സുനീത ടി.വി
34 സദാചാരപൊലീസിങ്ങും സ്ത്രീപക്ഷ രാഷ്ട്രീയവും
രഞ്ജിനി കൃഷ്ണൻ
38. സദാചാരപോലീസിങ്ങ് - റിപ്പോർട്ട്
ജോളി ചിറയത്ത് & ജെന്നി.വി.സി.
40. ലിംഗപദവി, പദവി പഠനം : വികസനം
ശ്രീസൂര്യ തിരുവോത്ത്
44. ആറന്മുളപ്പുഞ്ച വിമാനത്താവളമാകുമ്പോൾ
പ്രൊഫ. കുസുമം ജോസഫ്
47. ചമഞ്ഞിരിക്കേണ്ടവർ - റീനി മമ്പലം
52. രാധയുടെ പുനർജന്മങ്ങൾ - ഡോ. മിനിപ്രസാദ്
54. രാധായനം...പുതിയ പരിപ്രേക്ഷ്യം - ശ്രീലത
57. അന്വേഷി വാർത്തകൾ
58 പുസ്തകപരിചയം, കാർട്ടൂൺ

| കവിതകൾ | |
|---|---|
| എൻഡോസൾഫാൻ<br>ബൽക്കീസ്ബാനു പൊന്നാത്ത്<br>കരിയിലകൾ<br>വരദേശ്വരി. കെ. | വീട്ടമ്മയുടെ ഡയറി<br>വി.കെ. ദീപ<br>മുള്ള്<br>ബിജി ബാലകൃഷ്ണൻ |



9 ഇതിഹാസമായ
സി.കെ. ജാനുവിനൊപ്പം



28 ആറ് തോഴിമാർ കൂടംകുളം അണു
നിലയ വിരുദ്ധ പോരാട്ടനായികമാർ
- എസ്. അനിത




50 സിനിമയിലെ ആദിവാസി സ്ത്രീ
സാന്നിദ്ധ്യം - ലീലാസന്തോഷ്

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റർ : പി.ഇ.ഉഷ
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത.ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സൂം ഇൻ, തളി, 0495 4010872,
പ്രിന്റിംഗ് : എ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

സംഘടിത മാസിക

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org

# കൂടംകുളം ആണവനിലയം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇടിന്തക്കരയിലെ ജനങ്ങൾ നടത്തുന്ന സമരത്തിന്റെ ദൃശ്യങ്ങൾ



കൂടംകുളം സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തിരുവനന്തപുരം ശംഖുമുഖം കടപ്പുറത്ത് നടന്ന പൊതുപരിപാടി ശ്രീമതി മീരാ ഉദയകുമാർ ഉദ്ഘാടനം ചെയ്യുന്നു






സെപ്റ്റംബർ 26ന്റെ കൂടംകുളം മാർച്ച്

# മുഖപ്രസംഗം



സാറാ ജോസഫ്

**ടൂറിസം** വികസനത്തിന്റെ പേരിൽ എമർജിംഗ് കേരള 'കാടുകയറാൻ' പോവുകയാണല്ലോ. ഭൂമിക്കു വേണ്ടിയുള്ള നിലവിളികൾ ശമിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ആവോ! ഇല്ലെങ്കിൽ ടൂറിസ്റ്റുകൾക്ക് അത് വല്യ ശല്യമായി തീരാൻ ഇടയുണ്ട്. മുത്തങ്ങയിൽ ചെയ്തത് പോലെ വെടിവെപ്പും തല്ലിച്ചതയ്ക്കലും തീയിടലും ഒക്കെ വേണ്ടി വരും. ടൂറിസ്റ്റുകൾക്ക് അതും ഒരു രസമായിരിക്കും. ദരിദ്ര വികസ്വര രാജ്യങ്ങളിലെ ദാരിദ്ര്യവും അപരിഷ്കൃതത്വവുമൊക്കെയാണല്ലോ അവരെ ഹരം കൊള്ളിക്കുക. ശവം മറവുചെയ്യാൻ സ്ഥലമില്ലാത്തതുകൊണ്ട് വഴിയിൽ കുഴിവെട്ടി ആദിവാസികൾ പ്രിയപ്പെട്ടവരെ അടക്കം ചെയ്ത വാർത്ത നമുക്ക് അത്ര വല്യ കാര്യമൊന്നുമല്ലെങ്കിലും നിത്യനിദ്രയ്ക്കുള്ള ഇടം വിശാലവും പ്രകൃതിരമണീയവും ശാന്തസുന്ദരവും ആയിരിക്കണമെന്ന ശ്മശാന സംസ്കാരം സൂക്ഷിക്കുന്ന അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും നിന്നുള്ള ടൂറിസ്റ്റുകൾക്ക് ഇതൊരു നല്ല അനുഭവം ആയിരിക്കും. ഇന്ത്യ ഒട്ടുക്ക് ലക്ഷക്കണക്കിന് ആദിവാസികൾ ഒരു തുണ്ട് ഭൂമിക്ക് വേണ്ടിയുള്ള സമരത്തിലാണ്. ഭൂമി ആവശ്യപ്പെട്ടു കൊണ്ട് ലക്ഷക്കണക്കിനാളുകൾ ഡൽഹിയിലേക്ക് മാർച്ചു ചെയ്യുന്നു എന്ന വാർത്ത വായിച്ച ദിവസത്തിലാണ് ഈ കുറിപ്പെഴുതുന്നത്. ഭൂമി ദാന പ്രസ്ഥാനം, ഭൂപരിഷ്ക്കരണം, മിച്ചഭൂമി വിതരണം തുടങ്ങി ഭൂമിക്ക് വേണ്ടി നിലവിളിക്കുന്നവരുടെ വായിലേക്കെറിഞ്ഞു കൊടുത്ത അപ്പകഷ്ണങ്ങൾ പലതും കാക്ക കൊത്തിക്കൊണ്ടു പോവുകയാണുണ്ടായത്. കേരളത്തിലെ ഭൂപരിഷ്ക്കരണം ഒരു തുണ്ട് ഭൂമി പോലുമില്ലാത്ത 'പൊന്തമ്മാട'കളെ പുറത്തു നിർത്തി നിറവേറ്റിയ ഒന്നാകയാൽ ഭൂ ഉടമസ്ഥതയുടെ കാര്യത്തിൽ ഒരു പുതിയ ജനുസ്സ് സൃഷ്ടിക്കപ്പെട്ടതല്ലാതെ മണ്ണിൽ പണിയെടുക്കുന്നവർക്കും കൃഷി ഭൂമി ഇല്ലാത്തവർക്കും ഭൂമി കിട്ടുകയുണ്ടായില്ല. മുത്തങ്ങയ്ക്കും ചെങ്ങറയ്ക്കും ശേഷവും ആദിവാസി വഴിയിൽ കുഴി കുത്തി ശവം മറവു ചെയ്യുന്നു. മൂലധന ശക്തികൾക്ക് റിസോർട്ടുകളും ഉഴിച്ചിൽ കേന്ദ്രങ്ങളും കെട്ടാനായി കാടു വീതിച്ചു കൊണ്ടിരിക്കുന്നു. നെല്ലിയാമ്പതിയിൽ ഭൂമിക്കള്ളന്മാർ വാഴുന്നു. മൂന്നാറിലും അട്ടപ്പാടിയിലും വാഗമണ്ണിലും ഭൂമിക്കള്ളന്മാർ വാഴുന്നു. 'ഭൂമിനേരസ്ഥ'ന്മാരായ ആദിവാസികൾക്ക് വീടു വയ്ക്കാനോ കൃഷി ചെയ്യാനോ ഭൂമി കൊടുക്കില്ല എന്നത് അലിഖിത നിയമം പോലെ നിലനിൽക്കുന്നു. വാഗ്ദാന പെരുമഴയുടെ ശബ്ദഘോഷങ്ങൾക്കിടയിൽ ആദിവാസിക്ക് എന്തു കിട്ടിയെന്ന ചോദ്യം മുങ്ങിപ്പോകുന്നു.

ഒരു വികസനത്തിലും ഭൂമിയുടെ നാശമല്ലാതെ സംരക്ഷണം ഉറപ്പാക്കപ്പെടുന്നില്ല. മണ്ണും വെള്ളവും വായുവും കാടും വികസനത്തിന്റെ പേരിൽ പരിരക്ഷിക്കപ്പെട്ടതായി നമുക്ക് അനുഭവമില്ല. ആറന്മുള വിമാനത്താവളം നമ്മെ വികസിപ്പിക്കാനാണെങ്കിൽ ഹാലിത്തമാലിത്ത ജിംബാലോ! (ബഷീർ) നൂറു കണക്കിന് ഏക്കർ നെൽവയൽ - നീർത്തടങ്ങളുടെ നാശം- ഒപ്പം അത്രയും നികത്തിയെടുക്കാനുള്ള കല്ലിനും മണ്ണിനും വേണ്ടിയുള്ള മലകളുടെയും കാടിന്റെയും നാശം, രണ്ടിടങ്ങളിലും ഉള്ള മനുഷ്യേതര ജീവജാലങ്ങളുടെ കൊല, ആയിരക്കണക്കായ മനുഷ്യരുടെ കുടിയൊഴിപ്പിക്കൽ തുടങ്ങിയ അക്രമ പരമ്പരകളിലൂടെയല്ലാതെ അത് സാധ്യമല്ല.

ആദിവാസിക്ക് കാടു കൊടുത്താൽ ഒരൊറ്റ വാഗ്ദാനമേ നമുക്ക് കിട്ടൂ 'ഞങ്ങൾ കാടു രക്ഷിക്കും'. കർഷക തൊഴിലാളിക്ക് ഭൂമി കൊടുത്താൽ അവരും വാക്കു തരും 'ഞങ്ങൾ മണ്ണ് പരിപാലിക്കും, നെല്ലുല്പാദിപ്പിക്കും'. മത്സ്യത്തൊഴിലാളികൾക്ക് കടൽ കൊടുത്താൽ അവർ ഉറപ്പുതരും 'അന്നന്നത്തെ അപ്പത്തിനുള്ളതേ ഞങ്ങൾ കടലിൽ നിന്നെടുക്കൂ.., തൂത്തുവാരി നശിപ്പിക്കില്ല'.

ഭൂമിയുടെയും, ആദിവാസികളും ദളിതരും ഭൂരഹിത കർഷകരും മത്സ്യത്തൊഴിലാളികളും സ്ത്രീകളുമടങ്ങുന്ന ബഹുഭൂരിപക്ഷത്തിന്റെയും നേർക്ക് നടക്കുന്ന നീതി നിഷേധങ്ങളുടെ മേൽ കെട്ടിപ്പടുക്കുന്ന സമ്പന്നരുടെ ഇമ്മാതിരി വികസനം ലക്ഷ്യം വയ്ക്കുന്നത്, ഭൂമിയിലും ആകാശത്തുമുള്ളതെല്ലാം സമ്പന്നരുടേയും വാങ്ങൽ ശേഷിപ്പുള്ളവരുടേയും മാത്രം അവകാശമാണെന്ന മനുഷ്യ (പുരുഷ) കേന്ദ്രിത വികസന നയം നടപ്പാക്കാനാണ്. ഇതാണ് എമർജിംഗ് കേരളയുടെ ലക്ഷ്യം. ഈ ലക്കം സംഘടിത ആദിവാസി ജീവിതത്തെ കേന്ദ്രീകരിക്കുന്നു. 'ഒരു പുല്ലിന് അതിന്റെ അവകാശമുണ്ട്' എന്ന ഉറച്ച വിശ്വാസത്തിന്മേൽ സംസ്കാരം കെട്ടിപ്പെടുത്ത ലോകത്തിലെ ഏറ്റവും പരിഷ്കൃതരായ ആദിവാസി ജനതയ്ക്ക് സംഘടിതയുടെ കൂപ്പുകൈ!

ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

# ആദിവാസിവികസനം-

## വാഗ്ദാനലംഘനങ്ങളുടെ തുടർച്ചകൾ



പി.ഇ. ഉഷ

**ഇന്ത്യയിലെ** ആദിവാസികൾ അവരവരുടെ ഭൂപ്രദേശവുമായി അഭേദ്യമായി ബന്ധപ്പെട്ടാണ് ജീവിച്ചുവരുന്നത്. അതുകൊണ്ടുതന്നെ ഒരു ഗ്രാമസ്വരാജ് (Village Republic) എന്ന രീതിയിൽ കഴിഞ്ഞുവരുന്നു. അവർ അവരുടെ ജീവനോപാധികൾക്കായി പ്രകൃതിവിഭവങ്ങളെയും അവരുടെ ആവാസവ്യവസ്ഥയെയും തന്നെ ആശ്രയിച്ചിരിക്കുന്നു. സ്റ്റേറ്റ് നിർദ്ദേശിക്കുന്നതും വ്യാപിപ്പിക്കുന്നതുമായ വ്യക്തിഗത ഉടമസ്ഥാവകാശം എന്നത് പലയിടങ്ങളിലും അപ്രസക്തമായിത്തന്നെ തുടരുന്നു. ആദിവാസികൾക്കിടയിലെ പല സമൂഹങ്ങളിലും ഇന്നും ഭാവിയുടെ സാന്നിദ്ധ്യം പ്രസക്തമായി കണക്കാക്കാതെ വർത്തമാനത്തിൽ തന്നെ അവർ ജീവിച്ചുതീർക്കുന്നു. പല ആദിവാസിഭാഷകളിലും ഭാവിയെ സൂചിപ്പിക്കുന്ന പദങ്ങൾപോലുമില്ല. ആദിവാസികൾക്കിടയിലുള്ള തുല്ല്യതയെക്കുറിച്ചുള്ള സങ്കല്പം തികച്ചും നിരാകരിച്ചുകൊണ്ടാണ് അവരെ ദരിദ്രരായി കണ്ടുകൊണ്ടുള്ള സ്റ്റേറ്റിന്റെ സമീപനമുണ്ടാകുന്നത്.

ഇംഗ്ലീഷുകാരുടെ കാലത്ത് അവർ കുറെയേറെ സമൂഹങ്ങളെ പരിചയപ്പെട്ടിരുന്നുവെങ്കിലും അവർക്ക് അപരിചിതമായ സമൂഹങ്ങളും ഉണ്ടായിരുന്നു. അവർക്ക് അപരിചിതങ്ങളായ സമൂഹങ്ങളുൾപ്പെട്ട പ്രദേശങ്ങളെ പുറംപ്രദേശങ്ങൾ (excluded area) ആയി പ്രഖ്യാപിച്ചിരുന്നു. പല ഉത്തരവുകളിലൂടെ ആദിവാസി പ്രദേശങ്ങളിലുണ്ടായിരുന്ന വിഭവങ്ങൾ കൈയ്യടക്കുകയും ചെയ്തിരുന്നു. ഇന്ത്യയിൽ വലിയ ആദിവാസി മേഖലകളുണ്ട്. അവിടെ അവരുടേതായ രീതിയിലുള്ള ഭരണസംവിധാനങ്ങളുണ്ട്. പ്രദേശങ്ങളില്ലൊംതന്നെ എണ്ണമറ്റ പ്രതിരോധസമരങ്ങൾ ഉണ്ടായിട്ടുണ്ട്. അവയൊന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എങ്കിലും, അവരുടെ ഫോക്ക് ഓർമ്മയിൽ അവ പ്രതിഫലിക്കുന്നുണ്ട്. ഇത്തരം പ്രതിരോധങ്ങളെല്ലാംതന്നെ കാടുമായി ബന്ധപ്പെട്ടോ ഭൂമിക്കുവേണ്ടിയോതന്നെയാണ്. ഝാർഖണ്ഡിലെ സിന്ധുകാനു, ബിസ്രാമുണ്ട-എല്ലാം ജീവിക്കുന്ന മിത്തുകളാണ്. ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ വീരനേതാക്കളായി ഹർ നാരായണനും (റായ്പൂർ), റാണി ദുർഗാവതിയും (ഗഡ്ഡ്മാണ്ഡ്ല) കണക്കാക്കപ്പെടുന്നുണ്ട്. പ്രാദേശിക ഭരണത്തിനുമേൽ പുറത്തുനിന്നുള്ള കൈകടത്തലിന്റെ ഏറ്റവും ശ്രദ്ധേയമായ ചെറുത്തു നിൽപ്പ് ബസ്തറിലെ ഭൂംകൽ (1910) ആണ്. അത് ബസ്തറിന്റെ സാമ്പത്തിക സ്ഥിതിയെ മാറ്റിമറിച്ചു അവിടെ സ്ഥിരം കൃഷിയായി. ആയിരത്തിലധികം ഭീൽ വർഗക്കാർ ബ്രിട്ടീഷുകാരാൽ സൗത്ത് രാജസ്ഥാനിൽ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുമായി ബന്ധപ്പെട്ട് ഇപ്പോഴും ധുണിയെന്ന പേരിൽ സ്ഥിരം ഒരു ജ്വാലയും സംരക്ഷിക്കപ്പെടുന്നുണ്ട്. കാജ്യനായിക്ക് നിമാറിലും ജാംബുവയിൽ തത്യഭിലും പട നയിച്ചിട്ടുണ്ട്. ഹൈമൻഡ്രോഫിന്റെ നേതൃത്വത്തിൽ ആദിലബാദിൽ നിസാമിനെതിരെ ഉണ്ടായ സമരം ഭൂപരിഷ്ക്കരണത്തിൽ എത്തിയെങ്കിലും അതു നടപ്പാക്കുന്നതു നീണ്ടുപോയി.

1950ൽ ഇന്ത്യൻ രണഘടന നിലവിൽ വന്നപ്പോൾ ബ്രിട്ടീഷുകാർ മാറ്റി നിർത്തിയ (excluded) പ്രദേശങ്ങളും മറ്റും ചേർത്ത് അഞ്ചാം പട്ടികയായി പ്രഖ്യാപിക്കപ്പെട്ടു. അതുപോലെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ ആദിവാസി മേഖല ആറാം പട്ടികയായും പ്രഖ്യാപിച്ചു. പിന്നീട് ഇവയിൽ ചിലവ കേന്ദ്രഭരണ പ്രദേശവും സംസ്ഥാനവുമൊക്കെയായി. ആറാം പട്ടികയിൽ ആദിവാസി മേഖലയ്ക്ക് അവരുടെ വിഭവങ്ങളിൽ നിയന്ത്രണമുള്ള രീതിയിൽ ആണ് ഭരണ സംവിധാനം. എന്നാൽ അഞ്ചാം



പട്ടികയിൽപ്പെട്ടവയിൽ അങ്ങനെ യല്ല.

നെഹ്രു ഉപജ്ഞാതാവായിരുന്ന പഞ്ചശീലം ആദിവാസികളുടെ തനിമക്കും സംസ്ക്കാരത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ളതാ യിരുന്നു. അതനുസരിച്ച് ആദിവാ സി വികസനം അവരുടെ സംസ് ക്കാരത്തിനനുസരിച്ച രീതിയിൽ അവരിൽ നിന്നുതന്നെ ഉണ്ടാകുന്ന വയാകണം. സ്വയംഭരണം വിഭവ ങ്ങളുടെ മേലുള്ള സാമൂഹ്യനിയ ന്ത്രണം തുല്യതയിൽ ഊന്നിയ വികസനം എന്നിങ്ങനെ എല്ലാ ഘട കങ്ങളും പരിഗണിക്കപ്പെട്ടിരുന്നു. ആദിവാസികളുടെ വനത്തിന്മേലു ള്ള അവകാശവും ഭൂമിയുടെ മേലു ള്ള അവകാശവും പരിഗണിക്കപ്പെ ടുന്നു.

ഇന്ത്യയിൽ കുറെയേറെ ആദി വാസി മേഖലകളും വലിയ സംസ്ഥാനങ്ങളിലാണ് ഉൾപ്പെ ട്ടിട്ടുള്ളത്. വികസന കാര്യങ്ങളിൽ ചില ചില്ലറ വ്യത്യാസങ്ങൾ വരു ത്തിയതല്ലാതെ ഇവിടെ വ്യത്യസ്ത മായ ഭരണ സംവിധാനങ്ങൾ ഉണ്ടാ യില്ല. ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങളിൽ അവ രുടെ താല്പര്യങ്ങൾ പരിഗ ണിക്കപ്പെട്ടില്ല എന്നതിലപ്പുറം അവ രുടെ ജീവിതത്തെ അസാദ്ധ്യമാക്കു ന്നതുമായി. ബസ്തറിലെ ബൈലാ ദില ഇരുമ്പു ഖനി ഏഷ്യയിലെ ത്തന്നെ ഏറ്റവും വലിയ ഇരുമ്പു ഖ നിയാണ് (1957). ഔദ്യോഗിക ക ണക്കനുസരിച്ച് ആറ് ആദിവാസി കളെയാണ് ഇത് കുടിയൊഴിക്കു ന്നത്! എന്നാൽ 50 കിലോമീറ്റ റോളം ശാങ്കിനി എന്ന നദി മലിനീ കരിക്കപ്പെട്ടു. നൂറു കണക്കിന് ആദി വാസി ഗ്രാമങ്ങൾക്ക് ശുദ്ധമായ കുടിവെള്ളമില്ലാതായി. മാറ്റി പാർപ്പി ക്കപ്പെട്ടവരുടെയോ അവിടെ ത്തന്നെ താമസം തുടരുന്നവരു ടെയോ അവസ്ഥ ആരും ശ്രദ്ധിച്ചി ല്ല. ഈ ഖനിയുടെ ഉദ്ഘാടനത്തിന് എത്തിയ ആദിവാസി മൂപ്പന്മാർക്ക് അന്ന് മാർദ്ദവമുള്ള കമ്പിളി ഷാളു കൾ നൽകിയിരുന്നു. അവിടങ്ങളി ലെ കൊടും ശൈത്യത്തിൽ ഇത് ഉപയോഗശൂന്യമാണെന്ന് അവർ നെഹ്രുവിനെ അറിയിക്കുകയും ഓരോരുത്തരായി തിരിച്ചു നൽകു കയും ചെയ്തിരുന്നു. നെഹ്രു

---

പരിസ്ഥിതിയോട്
ഇണങ്ങി
ഏറെ തുല്യതയിൽ
അധിഷ്ഠിതമായി
ജീവിക്കുന്ന ആദിവാസി
സമൂഹങ്ങളുടെ
പ്രത്യേകതകളോ അറിവോ
ഒന്നും പൊതു സമൂഹം
അറിയുകയോ
ഉൾക്കൊള്ളുകയോ
ഉണ്ടായിട്ടില്ല

---

പകരം ഉപയോഗിക്കാനാവുന്ന കട്ടിയുള്ള കമ്പിളിഷാളുകൾ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും അത് അവർക്ക് ലഭ്യമാക്കിയില്ല.

സമാനമാണ് ചന്ദ്രാപ്പൂരിന്റെ കഥ. അവിടെ 1952 ൽ ഒരു വലിയ പേപ്പർ മില്ലു വന്നു. അതുപോലെ ത്തന്നെയാണ് റാഞ്ചിയിലും റൂർക്ക ലയിലുമെല്ലാമുണ്ടായ പൊതുമേ ഖലാ സ്ഥാപനങ്ങൾ. എല്ലായി ടങ്ങളിലും ആദിവാസികൾ ആട്ടി യോടിക്കപ്പെട്ടു. അവരുടെ വിഭവ ങ്ങൾ കവർന്നെടുക്കപ്പെട്ടു. ആദി വാസികൾ കാടുള്ള മലമ്പ്രദേശങ്ങ ളിലാണുള്ളത്. അത് സംസ്ഥാനമാ യാലും ജില്ലയായാലുമെല്ലാം അതിർത്തിപ്രദേശങ്ങളിലുമാണ്. ഭിൽ വിഭാഗം ഗുജറാത്ത്, മദ്ധ്യപ്ര ദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാ നങ്ങളുടെ അതിർത്തി പ്രദേശങ്ങ ളിലും ഗോണ്ടുകൾ ഛത്തീസ്ഖ ണ്ഡിലും കിഴക്കൻ മഹാരാഷ്ട്ര യിലും വടക്കൻ ആന്ധ്രായിലും തെക്കൻ ഒറീസ്സയിലും ഓറോൺ വിഭാഗക്കാരും മുണ്ട വിഭാഗക്കാരും ഛത്തീസ്ഗഢിലും ഝാർഖണ്ഡി ലും വടക്കൻ ഒറീസ്സയിലും സാന്താ ളുകൾ ഒറീസ്സയിലും ഝാർഖ ണ്ഡിലും പടിഞ്ഞാറൻ ബംഗാളി ലുമായാണുള്ളത്.

ആദിവാസികളെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ സ്വാ തന്ത്ര്യസമരത്തിനു മുമ്പുള്ള രീതി തന്നെയാണ് പിന്തുടരുന്നത്. അതിൽ കുറെ വിഭാഗങ്ങൾ എണ്ണ ത്തിൽ കുറവെന്നു പറഞ്ഞ് ഒഴിച്ചു നിർത്തപ്പെട്ടു. അതിനാൽ അവർ ഭര ണഘടനാപരമായ സംരക്ഷണ സാദ്ധ്യതകളിൽ നിന്നു ഒഴിവാക്ക പ്പെട്ടു വംശനാശ ഭീഷണി നേരിട്ടു.

1952ൽ സ്വീകരിച്ച ഇന്ത്യയിലെ വനനയം ആദിവാസികളെ പരിഗ ണിക്കുന്ന ഒന്നല്ല. അവരുടെ പ്രാകൃത കൃഷി സമ്പ്രദായം മാത്ര മാണ് പരാമർശമാകുന്നത്. പണ മുണ്ടാക്കാനുള്ള ഉറവിടമായി വനത്തെ കാണുന്നതാണ് ആ നയം. മാത്രമല്ല ചിലയിടങ്ങളിലും 10 ശതമാനത്തിൽ കൂടുതൽ ചരി വുള്ള ആദിവാസി ഭൂമിയെ വനമാ യിക്കണ്ട് സർക്കാർ ഏറ്റെടുക്കു കയും ചെയ്തു. മദ്ധ്യപ്രദേശിലാ ണെങ്കിൽ കാട്ടിൽ വീണ ചാണകം, കന്നുകാലിയുടെ ഉടസ്ഥനാണെ ങ്കിൽപോലും അതു ശേഖരിക്കാൻ പാടില്ലെന്നതായിരുന്നു നിയമം!

അഞ്ചാം പട്ടിക സ്വകാര്യ പണ മിടപാടുകാരെ പ്രദേശത്തുനിന്ന് മാറ്റി നിർത്തുന്നതിനായി ഉദ്ദേശിച്ചി രുന്നുവെങ്കിലും കൃത്യമായി നിയ മമുണ്ടാക്കലോ നടപ്പാക്കലോ നിലവിൽ വന്നില്ല.

1960 ൽ ആദിവാസി മേഖലക ളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനായി ഒരു കമ്മീഷൻ രൂപീകരി ച്ചു. പട്ടികയിൽ പ്രദേശങ്ങളെപ്പെടു ത്തുക എന്നതിലുപരി ആദിവാസി വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയാണ് വേണ്ടത് എന്ന് ധേബർ കമ്മീഷൻ കണ്ടെ ത്തി. അങ്ങനെയാണ് കേരളമടക്ക മുള്ള സംസ്ഥാനങ്ങൾ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്താൻവേണ്ടി സമർപ്പിച്ചിരുന്ന നിർദ്ദേശം (കേരളം 1064 ചതുരശ്ര കിലോമീറ്റർ പ്ര ദേശം അഞ്ചാം പട്ടികയിൽ ഉൾപ്പെ ടുത്താൻ നിർദ്ദേശിച്ചിരുന്നു) പരിഗ ണിക്കപ്പെടാതെ പോയത് ആദി വാസി പ്രദേശങ്ങളെ മദ്യത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെടുത്താൻ നിർദ്ദേശമുണ്ടായിട്ടും അത് പരിഗ ണിക്കപ്പെട്ടില്ല എന്നു മാത്രമല്ല അത് കമ്മീഷന്റെ ശിപാർശകളുടെ സാരത്തിൽ ഉൾപ്പെടുത്തുകപോലു മുണ്ടായില്ല. (ഇപ്പോഴും ഇന്ത്യയി ലെയും കേരളത്തിൽ വിശേഷിച്ചും ഒരു വലിയ പ്രശ്നമായി മദ്യം നില നിൽക്കുന്നുവെന്ന് ഓർക്കുക.) ആദിവാസി പ്രദേശങ്ങളിലെ മുഖ്യ പ്രശ്നങ്ങളിൽ സംസ്ഥാനങ്ങളും

കേന്ദ്രവും കാണിച്ച അനാസ്ഥ കാരണം പ്രാദേശികമായ പ്രതിരോധ സമരങ്ങൾ ധാരാളമുണ്ടായി. ജനാധിപത്യസംവിധാനത്തെത്തന്നെ വിശ്വാസത്തിലെടുക്കാത്ത രീതിയിൽ ബസ്തറിലൊക്കെ സമരങ്ങളുണ്ടായി. നിലവിലുണ്ടായിരുന്ന പ്രാദേശിക ഭരണ സംവിധാനത്തെ ഇല്ലായ്മ ചെയ്ത് അവർക്ക് അപ്രാപ്യവും അവരെ ഉൾക്കൊളളാത്തതുമായ സംവിധാനങ്ങൾ വന്നപ്പോൾ പഴയ നാടുവാഴി സംവിധാനങ്ങൾ ഇതിലും മെച്ചമെന്നുള്ള തോന്നൽപോലുമുണ്ടായി. ബസ്തറിൽ 1962 ൽ മഹാരാജപ്രവിൺ ചന്ദ്രബാബദേവിനെ കൊണ്ടുവരാനുള്ള ശ്രമം അങ്ങനെയാണ് ഉണ്ടായത്.

കേന്ദ്ര ഗവൺമെന്റ് 1966 ൽ സംസ്ഥാനങ്ങളിലെ ആദിവാസി വികസന പദ്ധതികളെ വിലയിരുത്താൻ ഫിലുആവോയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചു. കേന്ദ്ര വിഹിതം മാത്രമാണ് ഏറ്റവും ആദിവാസി വികസനത്തിനായി ചെലവഴിക്കുന്നതെന്നു കണ്ടു. മാത്രമല്ല ആദിവാസി വികസന ബ്ലോക്കുകൾ മൂന്നിലൊന്നേ ഉള്ളൂവെന്നും. (കേരളത്തിൽ അട്ടപ്പാടി മാത്രമാണ് ആദിവാസി വികസന ബ്ലോക്ക്.)

എഴുപതുകളിൽ ആദിവാസി വികസന പദ്ധതിക്ക് രൂപം കൊടുക്കുന്നുണ്ട്. ചൂഷണമുക്തമായ ആദിവാസി പ്രദേശമാണ് ലക്ഷ്യമിടുന്നത്. അതേസമയം ആദിവാസി താല്പര്യങ്ങൾ ഉൾച്ചേർന്ന വികസനവും. ഇതെല്ലാം ലക്ഷ്യമിട്ട് കുറെയേറെ മാർഗനിർദ്ദേശങ്ങൾ ഉണ്ടായിയെങ്കിലും ആദിവാസി പ്രദേശങ്ങളുടെ വികസനത്തിലും താല്പര്യങ്ങൾ പരിഗണിക്കുന്നതിനും ചൂഷണമുക്തമാക്കുന്നതിനും വലിയ മുന്നേറ്റമുണ്ടാക്കിയില്ല.

ആദിവാസി പ്രദേശങ്ങളിലെ ചൂഷണത്തിന്റെ കഥകളും അവരെ ഉൾച്ചേർക്കാത്ത വികസനത്തിന്റെ കഥകളും ധാരാളമായി പുറത്തുവന്നുവെങ്കിലും വലിയ മാറ്റങ്ങൾ 1980 കളിലും ഉണ്ടായില്ല.

ശ്രീ. ദിലീപ്സിംഗ് ബൂരിയയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി പട്ടികവർഗ പ്രദേശങ്ങളിൽ പഞ്ചായത്തീരാജ് നിയമത്തിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ കണ്ടെത്താൻ നിയമിക്കപ്പെട്ടു. അതാണ് പ്രൊവിഷൻസ് ഓഫ് പഞ്ചായത്ത് എക്സ്റ്റഷൻസ് ടു ഷെഡ്യൂൾ ഏരിയ (PESA) - ആയി വരുന്നത്. ഈ നിയമമാണ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സമൂഹം എന്ന നിലക്ക് - അതിന്റെ പാരമ്പര്യങ്ങൾക്കും ആചാരങ്ങൾക്കും ഭരണഘടനാപരമായിത്തന്നെ പ്രാമുഖ്യം നൽകുന്നത്. നഷ്ടപ്പെട്ടുപോയ ആദിവാസി ഭൂപ്രദേശങ്ങളെ തിരിച്ചു പിടിക്കുന്നതിനുവരെ ഈ നിയമപ്രകാരം ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. പ്രാദേശികമായ പ്രസ്തുത സമൂഹങ്ങൾക്ക് വിഭവങ്ങളുടെ നിയന്ത്രണവും കൈവരുന്നുണ്ട്. പക്ഷേ ഈ നിയമം നേരത്തെ പട്ടികയിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്കായി ചുരുക്കി കേരളം, ഉത്തർപ്രദേശ്, വെസ്റ്റ് ബംഗാൾ, കർണ്ണാടക, തമിഴ്നാട്, ഗോവ എന്നീ സംസ്ഥാനങ്ങളിൽ പട്ടികവർഗപ്രദേശങ്ങളായി ആദിവാസി പ്രദേശങ്ങളെ പ്രഖ്യാപിച്ചില്ല. മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, ഹിമാചൽപ്രദേശ് എല്ലാം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ പ്രദേശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽത്തന്നെ ആദിവാസി സമൂഹങ്ങളുടെ നിയന്ത്രണമോ അറിവോപോലുമില്ലാതെ ഖനനവും മറ്റും നടക്കുന്നുണ്ട്. അതിലൊന്നും യാതൊരു നിയന്ത്രണവും ഉണ്ടായിട്ടില്ല. ഇതിന്നായി അഞ്ചാം പട്ടികയിലെ ഭൂമി അവകാശം സംബന്ധിച്ച നിയമ ഭേദഗതിക്ക് വരെ ശ്രമമുണ്ടായിട്ടുണ്ട്. കുപ്രസിദ്ധമായ ബാൽക്കോ കേസിൽ (ഛത്തീസ്ഗഢ്) ഭൂമിയുടെ അവകാശം സംബന്ധിച്ച സമത കേസ്സിലെ സംപ്രീംകോടതി വിധി പുന:പരിശോധിക്കാൻ ശ്രമിക്കുന്നതിനുവരെ നീക്കങ്ങളുണ്ടായി. (സമത കേസ് - ആന്ധ്ര ഗവൺമെന്റിനെതിരായി 'സമത' എന്ന സംഘടന ആദിവാസി ഭൂമി അന്യാധീനപ്പെടുത്തുന്നതിനെതിരെ നേടിയ വിധി). അഞ്ചാം പട്ടിക പ്രദേശങ്ങളെ സംബന്ധിച്ച് ഇന്ത്യയുടെ രാഷ്ട്രപതി തന്നെ അവകാശങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്.

കേരളത്തിലെ ആദിവാസികൾ കേരള ജനതയുടെ ഒന്നര ശതമാനത്തോളമേ വരുന്നുള്ളൂ. അതുകൊണ്ടുതന്നെ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾക്കപ്പുറം വികസനക്കുതിപ്പുകൾക്കായ് അവരോടൊപ്പം നിൽക്കുന്ന ഒരു നിലപാട് ഉണ്ടായിട്ടില്ല. ആദിവാസി വികസനത്തിൽ നില നിൽക്കൽ എന്നതിലപ്പുറത്തേക്കുള്ള കാൽവെപ്പുണ്ടായിട്ടില്ല. മാത്രമല്ല, അവരുടെ ഭൂമി, ഭാഷ, സംസ്ക്കാരം എന്നിവ സംരക്ഷിക്കുന്നതിൽ കാര്യമായ ശ്രമമുണ്ടായിട്ടില്ല. പുരോഗന സമൂഹം എന്ന നിലയ്ക്ക് കേരള സമൂഹത്തിന്റെ ഇടപെടലും ഇക്കാര്യത്തിൽ കാര്യമായുണ്ടായില്ല. എപ്പോഴും അവർ ദരിദ്ര സമൂഹം, ചൂഷിത സമൂഹം എന്ന നിലയ്ക്ക് മാത്രം ഉയർത്തിക്കാട്ടപ്പെടുന്നു. പരിസ്ഥിതിയോട് ഇണങ്ങി ഏറെ തുല്യതയിൽ അധിഷ്ഠിതമായി ജീവിക്കുന്ന ആദിവാസി സമൂഹങ്ങളുടെ പ്രത്യേകതകളോ അറിവോ ഒന്നും പൊതു സമൂഹം അറിയുകയോ ഉൾക്കൊള്ളുകയോ ഉണ്ടായിട്ടില്ല. ആദിവാസി ഭൂനിയമം തന്നെയാണ് ആദിവാസികളെ എങ്ങനെ കാണുന്നുവെന്നതിന്റെ

*(ശേഷം 24-ാം പേജിൽ)*

കേരളത്തിലെ രണ്ടു പ്രമുഖ ആദിവാസി പ്രദേശങ്ങളായ അട്ടപ്പാടിയിലെയും വയനാട്ടിലെയും സ്ത്രീപുരുഷന്മാരുടെ എണ്ണമാണ് ടേബിളിൽ. ലിംഗാനുപാതം കേരളത്തിലെ പൊതുലിംഗാനുപാതത്തേക്കാൾ കുറവാണ് എന്നു കാണാം. അതു തന്നെ പാലക്കാട് തീരെ കുറവാണ്:

| ഇനം | വയനാട് | അട്ടപ്പാടി |
|---|---|---|
| ജനസംഖ്യ | 153181 | 46948 |
| പുരുഷൻ | 75342 | 23160 |
| സ്ത്രീ | 77466 | 23494 |
| ലിംഗാനുപാതം | 1028 | 1014 |

# ഇതിഹാസമായ സി.കെ. ജാനുവിനൊപ്പം



ചാരുലത

*__നമ്മുടെ__ വികസനസങ്കല്പം എപ്പോഴും പ്രകൃതിയിൽനിന്ന് വേറിട്ടുനിൽക്കുന്നു. കാൽച്ചുവട്ടിൽനിന്ന് മണ്ണൊലിച്ചുപോകുന്നത് നാമറിയുന്നില്ല. ഒരിക്കൽ ആട്ടിപ്പായിച്ച വിദേശിയെ പഞ്ചവാദ്യവും താലപ്പൊലിയുമായി ആനയിച്ച് നമ്മുടെ നാടുമുഴുവൻ തീറെഴുതിക്കൊടുത്തുകൊണ്ടിരിക്കുന്നു. പേരുകൾ ജിമ്മെന്നോ എമർജിങ്ങ് കേരള എന്നോ എന്തുമാകട്ടെ. ജനിച്ചമണ്ണിൽ മരിക്കാൻ ആദിവാസിക്കല്ല, നഗരവാസിക്കുപോലും ഇനി കഴിയില്ല. കേരളചരിത്രത്തിലെ ഏറ്റവും ദരിദ്രരായ ജനത, ഒരധികാരവുമില്ലാത്ത ജനത മണ്ണിനും വെള്ളത്തിനുംവേണ്ടി നടത്തുന്ന സമരങ്ങൾ, ആദിവാസിക്കുവേണ്ടി മാത്രമല്ല, മുഴുവൻ മാനവരാശിക്കും വേണ്ടിയുമാണെന്ന് നാം തിരിച്ചറിയണം. ആദിവാസി സംരക്ഷിക്കപ്പെടുമ്പോൾ കേരളജനത സുരക്ഷിതരാവുകയാണ്. ആദിവാസി സമരം ചെയ്യുന്നത് പ്രകൃതിക്കും ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും വേണ്ടിയാണെന്ന് ജാനു ഓർമ്മപ്പെടുത്തുന്നു. മനുഷ്യരുടെ ദുരന്തത്തോട് മുഖംതിരിച്ചുനിൽക്കാനും അവർക്കൊപ്പം നിൽക്കുന്നവരെ തീവ്രവാദികളെന്നോ വിദേശഫണ്ടിന്റെ പിൻബലത്തിൽ നിൽക്കുന്നവരെന്നോ മുദ്രകുത്തി തളർത്താൻ ശ്രമിക്കുന്നവർ ഓർക്കുക, മാപ്പർഹിക്കാത്ത പാതകമാണ് നിങ്ങൾ ചെയ്യുന്നത്.*

*വയനാട്ടിലെ മുത്തങ്ങയിൽ ഭൂമികയ്യേറി കേരളചരിത്രത്തിൽ ധീരമായ ഒരു ഏട് കുറിച്ചിട്ട, ഭൂമിക്കുവേണ്ടിയുള്ള മനുഷ്യരാശിയുടെ സമരത്തിൽ പുത്തൻ അദ്ധ്യായം എഴുതിച്ചേർത്ത ആദിവാസി ഗോത്രമഹാസഭയുടെ നേതാവ് സി.കെ. ജാനുവുമായി ചാരുലതയും കെ. അജിതയും നടത്തിയ മുഖാമുഖത്തിന്റെ പ്രസക്തഭാഗങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. തയ്യാറാക്കിയത് ചാരുലത.*



*? ധീരമായ സമരങ്ങളും ചെറുത്തുനില്പുകളുമെല്ലാമുണ്ടായിട്ടും ഇന്നും ആദിവാസിസമൂഹം സ്വന്തം മണ്ണിൽ ചേരികളിൽ താമസിക്കേണ്ടിവരുന്ന ഗതികേടാണല്ലോ. എന്താണ് പൊതു അവസ്ഥ?*

● ആദിവാസിയുടെ അവസ്ഥ വല്ലാത്ത ഒരവസ്ഥയാണ് എല്ലാ തലത്തിലും. ആദിവാസിപ്രശ്നത്തോടുള്ള നിലപാട് ഏതു ഗവണ്മെന്റ് വന്നാലും ഒന്നുതന്നെയാണ്. എല്ലാ പ്രദേശത്തും ആദിവാസിയുടെ ജീവിതം വല്ലാത്തൊരു അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. തൊഴിലില്ലായ്മ മാത്രമല്ല ആദിവാസിയുടെ പ്രശ്നം. ഏറ്റവും വലിയ പ്രശ്നം നിലനിൽപ്പിന്റെയാണ്. നാല് സെന്റ് അഞ്ച്സെന്റ് സ്ഥലത്താണ് ആദിവാസികൾ ജീവിക്കുന്നത്. ഈ നാല് സെന്റിൽ ഒരു വീടും അച്ഛൻ, അമ്മ, അവരുടെ മൂന്നാലു മക്കൾ; ഈ മക്കളുടെ കല്യാണം കഴിഞ്ഞാൽ അവരും അവരുടെ മക്കളും ഇതിനകത്തുതന്നെയാണ്. വേറെ വീടുവെച്ചു താമസിക്കാൻ അവർക്കു സ്ഥലമില്ല. ഒരു കോളനിജീവിതമാണ്. പട്ടണത്തിലെ ചേരികളേക്കാൾ കഷ്ടമാണ്. സ്വന്തമായി ഒരു നിലനിൽപ്പും ഈ കോളനിയിൽ ആദിവാസിക്കില്ല. എപ്പോഴും ഇവർക്ക് ആരെയെങ്കിലും ആശ്രയിച്ച് നിൽക്കേണ്ടിവരുന്നു. ഇതിന്റെ ഫലമായിട്ടുതന്നെയാകാം ഇവിടെ അവിവാഹിതരായ ധാരാളം അമ്മമാർ ഉണ്ടാകുന്നത്. ഇതിനൊരു പരിഹാരമുണ്ടാകേണ്ടതാണ്. ആദിവാസിക്ക് വിദ്യാഭ്യാസം വേണം, അല്ലെ

ങ്കിൽ സൗജന്യ റേഷൻ കൊടുക്കണം, അതുമല്ലെങ്കിൽ ഭരണഘടനയിൽ എന്തെല്ലാമോ വിഭാവനം ചെയ്ത് അതെല്ലാം കൊടുക്കണം എന്നെല്ലാം പറയുമ്പോൾ, ഈ പറയുന്ന സംഗതികൾ ഏറ്റുവാങ്ങാൻ ആദിവാസി ഈ ഭൂമിയിലുണ്ടാകണ്ടേ? അവർ ഭൂമിയിൽ നിലനിൽക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. അതുകൊണ്ടാണ് നമ്മൾ (ഗോത്രമഹാസഭ) ശക്തമായി ഈ രംഗത്തുനിൽക്കുന്നത്.

ആദിവാസി ഭൂമിയുടെ അവകാശിയാണ്. പാരമ്പര്യമായി അവർക്കു ഭൂമിയുണ്ടായിരുന്നു. ഇന്നാ ഭൂമി ജന്മികളുടെ കയ്യിലാണ്; തോട്ടമുടമകളുടെ കയ്യിലാണ്. ആദിവാസികൾ താമസിച്ചിരുന്ന സ്ഥലത്തുനിന്നും അവരെ കൂട്ടമായി ഒഴിവാക്കി തോട്ടങ്ങളാക്കിമാറ്റിയ പ്രദേശങ്ങളുമുണ്ട്. ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാതെ വേറെ ഒന്നിലേക്കും പോകാൻ കഴിയില്ല. അത് ആദിവാസിക്കു പ്രയോജനപ്പെടില്ല. ഏറ്റവും ഭീകരമായ അവസ്ഥയെന്നുപറഞ്ഞാൽ പലസ്ഥലത്തും ആൾക്കാർ മരിച്ചുകഴിഞ്ഞാൽ കുഴിച്ചിടാൻ സ്ഥലമില്ല. ആദിവാസികൾ പൊതുസമൂഹത്തിൽ നിന്നും വ്യത്യസ്തരീതിയിൽ ജീവിക്കുന്ന ആൾക്കാരായതുകൊണ്ട് പഞ്ചായത്തിന്റെയോമറ്റോ പൊതുശ്മശാനത്തിൽ അവരുടെ ശരീരം അടക്കില്ല. ഇവർക്ക് പണ്ട് ഓരോ ഗോത്രത്തിനും പ്രത്യേക സ്ഥലങ്ങളുണ്ടായിരുന്നു. അതെല്ലാം കയ്യേറ്റത്തിലൂടെയും വനവത്ക്കരണത്തിന്റെ ഭാഗമായും നഷ്ടപ്പെട്ടുപോയി.

*എന്താണ് വനവത്ക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്?*

സർക്കാർ ഭൂമി ഏറ്റെടുത്ത്, ജണ്ടയിട്ട് തിരിച്ച് അതിനകത്തേക്ക് ആളെ കയറ്റാതിരിക്കുക. മുമ്പെല്ലാം വനവാസികളായ ആദിവാസിഗോത്രങ്ങൾ വനത്തിലിറങ്ങി കായ്കനികളും തേനുംമറ്റും ശേഖരിച്ച് ഉപജീവനം കഴിച്ചിരുന്നു. ഇപ്പോൾ സർക്കാർ വനത്തിൽ ആദിവാസികൾക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ കയ്യേറ്റഫലമായും ഭൂമി പോയിട്ടുണ്ട്. ജന്മിത്തം നശിച്ചുപോയി. എന്നാൽ ജന്മികൾ നശിച്ചിട്ടില്ല. അതൊരു പുതിയ സംവിധാനമായി പരിവർത്തനം ചെയ്യപ്പെട്ടു, അടിമത്തം. ജന്മിത്തം നശിച്ചപ്പോൾ അവരെല്ലാം പാർട്ടിസഖാക്കളായി രൂപാന്തരപ്പെട്ടു. അന്ന് ഞങ്ങളുടെ ആളുകൾ ജന്മിക്ക് അടിമ. ഇന്ന് പാർട്ടിക്ക് അടിമ. ഈ അടിമത്തത്തിൽനിന്ന് ആദിവാസി ഒരിക്കലും രക്ഷപെടുന്നില്ല.

*പാർട്ടിക്കാരെന്നു പറയുമ്പോൾ...... ഇന്ന് കൂടുതലും കോൺഗ്രസ്സുകാരല്ലേ വയനാട്ടിൽ?*



അതെ. പക്ഷേ, പഴയതുപോലെയല്ല. ഇന്ന് ആദിവാസിക്ക് പലതും തിരിച്ചറിയാനുള്ള കഴിവും പ്രതികരിക്കാനുള്ള ഊർജ്ജവുമുണ്ട്. അവർക്ക് ബുദ്ധിയുണ്ട്. പക്ഷേ, പല കാര്യങ്ങളും ഏറ്റെടുക്കാൻ അവരുടെ ഭൗതികസാഹചര്യം അനുവദിക്കുന്നില്ല. ഉദാഹരണത്തിന് ഞാൻ നിങ്ങളുടെ വീട്ടിൽ ജോലിചെയ്യുന്ന ആൾ, നിങ്ങൾ ഏതെല്ലാം രീതിയിലെന്നെ വിഷമിപ്പിച്ചാലും അതിനെതിരെ പ്രതികരിക്കാനെനിക്ക് ആവില്ല. എന്താണെന്നുവെച്ചാൽ ഞാൻ പ്രതികരിച്ചാൽ നാളെമുതൽ എനിക്ക് പണിയില്ലാതാവും, എന്റെ വീട് പട്ടിണിയാവും. അതുകൊണ്ട് എന്തുപ്രശ്നം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായാലും അതേതെല്ലാം രീതിയിലെന്നെ വേദനിപ്പിച്ചാലും സഹിച്ചേ മതിയാവൂ. ഈയൊരവസ്ഥ ചൂഷണത്തിലേക്കാണ് കൊണ്ടുപോകുന്നത്. ഇന്ന് ആദിവാസിക്ക് ഉള്ളിന്റെയുള്ളിൽ ഈ തിരിച്ചറിവുണ്ട്. സാഹചര്യമുണ്ടെങ്കിൽ അവർ പ്രതികരിക്കും.

*ആദിവാസി ഗോത്രമഹാസഭയല്ലാതെ വേറെയും സംഘടനകൾ ആദിവാസികൾക്കിടയിൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടല്ലോ. അവരുടെ സ്ഥിതി എന്താണ്?*

1987 മുതൽ ഞാൻ ആദിവാസിരംഗത്തുമാത്രം പ്രവർത്തിക്കുന്ന ആളാണ്. ഒരു രാഷ്ട്രീയപ്പാർട്ടിയിലുമില്ലാതെ ഈ രംഗത്തുമാത്രം പ്രവർത്തിക്കുന്നു. ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകൾ അവരെ ചൂഷണം ചെയ്യുകയാണ്. ആദ്യമെല്ലാം പരസ്യമായിത്തന്നെ ചൂഷണം ചെയ്യുമായിരുന്നു. ഇപ്പോൾ രഹസ്യമായിട്ടാണ്. എന്തായാലും ഈ ചൂഷണം ചെയ്യുന്ന പദ്ധതി നിന്നിട്ടില്ല. ഇത്ര വ്യത്യാസമേ ഉള്ളു. ആദിവാസിരംഗത്തു പ്രവർത്തിക്കുന്ന എല്ലാവരും എൻ.ജി.ഒ. പോലുള്ള സന്നദ്ധസംഘടനകൾപോലും അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലാവരേയും സംശയത്തോടുകൂടിമാത്രമേ എനിക്കുപോലും കാണാൻ പറ്റുന്നുള്ളു. പുറമെ ലോഹ്യം പറയുമെങ്കിലും ഉള്ളിന്റെയുള്ളിൽ സൂക്ഷിച്ചാണ് സംസാരിക്കുന്നത്.

*ഇക്കഴിഞ്ഞ മെയ്മാസത്തിൽ ഗോത്രയജ്ഞം എന്നൊരു മേള സർക്കാർ നടത്തിയിരുന്നല്ലോ. ജാനു അതിനെതിരെ പ്രതിഷേധിച്ചത് ചാനലുകളിൽ കണ്ടിരുന്നു.*

ഞാനതിനെ ശക്തമായെതിർത്തിരുന്നു.

*മന്ത്രി ജയലക്ഷ്മിയുടെ മുൻകയ്യിലാണല്ലോ അതു നടന്നിരുന്നത്.*

ഗവണ്മെന്റിന്റെ പദ്ധതിയായിരുന്നു. ജയലക്ഷ്മി അതിന്റെ മന്ത്രിയായതുകൊണ്ട് അതേറ്റെടുത്തു നടത്തി.

*അതെന്തെങ്കിലും ഫലം ചെയ്തിട്ടുണ്ടോ?*

ജാനു: ഫലം ചെയ്തിട്ടില്ല എന്നുമാത്രമല്ല, ദോഷമാണ് ഉണ്ടാക്കിയത്. നാലുദിവസത്തെ പരിപാടിയായിരുന്നു അത്, വള്ളിയൂർകാവിൽ വെച്ചിട്ട്. അന്നവർ പറഞ്ഞത് ആദിവാസിയുടെ ഐഡന്റിറ്റി, കൾച്ചർ ഇത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന മേളയാണെന്നാണ്. പക്ഷേ, ആദിവാസിയെ തൂക്കിവിൽക്കുന്ന ത്രാസായിരുന്നു ആ മേള. അതുകൊണ്ട് ആ മേള ശരിക്കും വേണ്ടെന്നാണ് നമ്മൾ പറഞ്ഞത്. ഒന്നരക്കോടി രൂപയാണ് ആ മേളയ്ക്കായി ചെലവാക്കിയത്. ആ ഒന്നരക്കോടി ആദിവാസിക്കുവേണ്ടി, ആദിവാസിയുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുന്നതിനു പകരം ഒരു മേളയാണു നടത്തിയത്. ആ മേളകൊണ്ട് ആർക്കാണു ഗുണമുണ്ടായത്? ഉദ്യോഗസ്ഥരായി വന്ന ആൾക്കാർക്ക്. അവരവിടുത്തെ റിസോർട്ടിൽ താമസിച്ച് അത്രദിവസം ഓടിനടന്നെന്നുപറഞ്ഞ് വൗച്ചറെഴുതി പൈസ വാങ്ങുകയായിരുന്നു. ഈ മേളയുടെ ഡെക്കറേഷൻ മുഴുവൻ ഒരു ഇവന്റ് മാനേജ്മെന്റ് കമ്പനിക്കായിരുന്നു കൊടുത്തിരുന്നത്. 60 ലക്ഷം രൂപയാണ് പന്തലിനും ഡക്കറേഷനുംമറ്റും ചെലവാക്കിയത്. അതിന്റെ ഒരു വിഹിതം കൈക്കൂലിയായി ഉദ്യോഗസ്ഥരിലേക്കു തിരിച്ചുവരും. ആദിവാസിയുടെ ഫണ്ട് അടിച്ചുമാറ്റാനുള്ള പദ്ധതിക്കപ്പുറത്തേക്ക് ഒരാദിവാസിക്കും ആ മേള ഉപകാരപ്പെട്ടില്ല. ഈ പദ്ധതിയെക്കുറിച്ചു പറഞ്ഞപ്പോൾ ആദിവാസിയുടെ കൾച്ചറാണ് ലക്ഷ്യം വെക്കുന്നതെങ്കിൽ അതിനിത്തരം മേളകളല്ല നടത്തേണ്ടതെന്ന് ഞാനാദ്യംതന്നെ പറഞ്ഞിരുന്നു. പകരം വയനാട് ജില്ലയിൽ ഒന്നരക്കോടിയുടെ പകുതിപ്പൈസയെങ്കിലും മുടക്കിയിട്ട് ഒരു ട്രെയിനിങ്ങ് സെന്റർ തുടങ്ങി ആ സെന്ററിലേക്ക് ഇവിടെയുള്ള എല്ലാ ആദിവാസി മൂപ്പൻമാരെയും വിളിച്ചുവരുത്തി ആദിവാസിക്കുട്ടികൾക്ക് ഒരു ട്രെയിനിങ്ങ് കൊടുത്താൽ അതവർക്ക് ഉപകാരപ്പെടും.



*എന്തുതരം ട്രെയിനിങ്ങാണ് ഉദ്ദേശിച്ചത്?*

ആദിവാസിയുടെ കൾച്ചർ, ഡാൻസ്, പാട്ട്..... ഇത് കുട്ടികൾക്ക് ഉപകാരപ്പെടും. വരുംതലമുറയ്ക്ക് ഗുണംചെയ്യുകയും ചെയ്യും. അതാണു ചെയ്യേണ്ടിയിരുന്നത്. അല്ലാതെ വള്ളിയൂർകാവിൽ ഒരു മേള നടത്തിയതുകൊണ്ട് ഒരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. കുറേ ഫണ്ട് ഉദ്യോഗസ്ഥന്മാർക്ക് അടിച്ചുമാറ്റാം. അവരെ നന്നാക്കാൻ ആദിവാസിയുടെ ഫണ്ട് ഉപയോഗിക്കേണ്ട എന്നാണ് ഗോത്രമഹാസഭ പറഞ്ഞത്. എന്നെ അറിയിച്ചിരുന്നു, ആദിവാസിയെ വിറ്റുതിന്നുന്ന കമ്പോളത്തിലേക്ക് ഞാനില്ല എന്നു പറഞ്ഞു. സംഘടനയുടെ ആൾക്കാരാരും ഈ പരിപാടിക്ക് പങ്കെടുക്കാൻ പോയില്ല. എതിർത്തു.

*ടൂറിസം വികസനമെന്ന പേരിൽ വയനാട്ടിൽ മാറ്റങ്ങളുണ്ടായല്ലോ. ടൂറിസ്റ്റ് റിസോർട്ടുകൾ, വൻഹോട്ടലുകൾ മാത്രമല്ല, ഹോം സ്റ്റേകളും വയനാട്ടിൽ ഇപ്പോൾ ഏറെയുണ്ട്. ഈ മാറ്റം എങ്ങനെയാണ് ആദിവാസിസമൂഹത്തെ ബാധിക്കുന്നത്?*

ആദിവാസി മേഖലയാണ് ടൂറിസംവികസനത്തിനുവേണ്ടി അധികവും എടുത്തിട്ടുള്ളത്. റിസോട്ടിന്റെ കാര്യത്തിൽ പുറത്തുള്ള ആൾക്കാർ, ഇവിടെവന്നു താമസിച്ച് മദ്യവും മറ്റുസാധനങ്ങളും കഴിച്ച് അവർക്കുതന്നെ അവരെ കൺട്രോൾചെയ്യാൻ വയ്യാത്ത അവസ്ഥയിലേക്കെത്തുന്നു. അതിന്റെ ഭാഗമായുണ്ടാകുന്ന അവസ്ഥ ആദിവാസികളെയാണ് ബാധിക്കുക. ആദിവാസിപെൺകുട്ടികളെ ഇത് ഭീകരമായി ബാധിക്കുന്നു. ആദിവാസി പെൺകുട്ടിക്ക് ഏറ്റവുമധികം ദോഷംചെയ്യുന്ന ഒരു കാര്യമായിട്ടാണ് ഈ ടൂറിസംവികസനം മാറിയിരിക്കുന്നത്.

*കാർഷികമേഖല വളരെ പരിതാപകരമായ ഒരവസ്ഥയിലാണല്ലോ അവിടെ?*

അതെ. കാർഷികമേഖല പൂർണ്ണമായും തകർന്നടിഞ്ഞുപോയി. നെൽപ്പാടങ്ങളെല്ലാം ഇഞ്ചിപ്പാടങ്ങളായിമാറി. ഇഞ്ചി

ഒരുവർഷം നട്ടുകഴിഞ്ഞാൽ പിന്നെ അവിടെ കവുങ്ങ്, കുരുമുളകിന്റെ വള്ളി.... തുടങ്ങിയ വാണിജ്യവിള കളാണു കൃഷിചെയ്യുന്നത്. വയനാട്ടിൽ ഇപ്പോൾ ചുരുക്കം ചില നെൽപാടങ്ങൾ മാത്രമേ ഉള്ളു.

*മുമ്പത്തെപ്പോലെ ഇപ്പോൾ വയനാട്ടിൽ ഓറഞ്ചുതോട്ടങ്ങൾ ഉണ്ടോ?*

ഇപ്പോഴില്ല. നെല്ല് കൃഷിചെയ്യാനും പറ്റുന്നില്ല. എന്താണെന്നു വെച്ചാൽ വെള്ളമില്ല. പണ്ടുകാലങ്ങളിൽ വയനാട്ടിൽ ഇഷ്ടംപോലെ മഴ പെയ്തിരുന്നു, വെള്ളവും ഉണ്ടായിരുന്നു. പണ്ടൊക്കെ ഞങ്ങളാരും പൈപ്പുവെള്ളം കുടിച്ചിട്ടില്ല. ഇന്നിപ്പോൾ ഞങ്ങളുടെ കോളനിയിൽ ആൾക്കാർ പൈപ്പുവെള്ളത്തെയാണ് ആശ്രയിക്കുന്നത്. രാത്രി ഉറങ്ങാതെ പൈപ്പുവെള്ളത്തിനായി കാത്തിരിക്കുന്നു. നഗരങ്ങളിൽ വെള്ളം പിടിക്കുന്ന അതേ അവസ്ഥതന്നെ. ആദിവാസി സ്വന്തമായി എടുത്തുകൊണ്ടിരുന്ന നീരുറവച്ചാല്, ചെറിയ കൊളങ്ങള് ഇതെല്ലാം വറ്റിപ്പോയി.

*ഇതെല്ലാം എങ്ങനെയാണ് നശിച്ചുപോയത്?*

ജാനു: ഇതെല്ലാം നമ്മുടെ അവിടുത്തെ കൃഷിഭൂമികൾ നശിച്ചതോടുകൂടി നശിച്ചുപോയി. മോണോകൾച്ചർ രീതി വന്നതോടുകൂടി പാരമ്പര്യമായി ഉണ്ടായിരുന്ന നീരുറവകൾ നഷ്ടമായിപ്പോയി. ഇന്നിപ്പോൾ ഓരോദിവസവും കോടിക്കണക്കിന് രൂപയുടെ മരങ്ങളാണ് ചുരമിറങ്ങുന്നത്. അവിടെയിപ്പം യൂക്കാലി, അക്കേഷ്യ മുതലായ മരങ്ങൾ വെച്ചുപിടിപ്പിക്കുകയാണ്. യൂക്കാലിമരം ഏഴു കി.മീ. അടിയിൽനിന്നുവരെ വെള്ളം വലിച്ചെടുക്കും. അക്കേഷ്യ പൂത്തു കാറ്റടിച്ചാൽ നമുക്ക് കാൻസർവരെ ഉണ്ടാകുമെന്നാണ് പറയുന്നത്. ഇതെല്ലാം വന്നതോടുകൂടി അവിടുത്തെ പാരമ്പര്യമായ എല്ലാ സംഗതികളും ഇല്ലാതായിപ്പോയി. തോടുകൾ വറ്റിവരണ്ടു. മണ്ണ് മലിനമായി. പാരമ്പര്യമായ ചെടികൾ നശിച്ചുപോയി. നമ്മളൊക്കെ ഭക്ഷണത്തിനെടുത്തിരുന്ന ചെടികളൊന്നും ഇന്നില്ല. എന്തിനധികം പറയുന്നു, ഞണ്ടുകൾപോലുമില്ല. ഞങ്ങളുടെ

> ആദിവാസി മണ്ണിൽ
> അദ്ധ്വാനിക്കുന്നവരാണ്.
> അവർക്ക് സ്വന്തമായി
> ഭൂമിവേണം.
> ഇന്നിപ്പോൾ സ്വന്തമായി
> ഭൂമിയില്ലാത്തതുകൊണ്ട്
> ബാക്കിയുള്ളവരുടെ
> ഭൂമിയിൽ
> ജോലിയെടുത്തുകഴിയുന്നു

കുട്ടിക്കാലത്ത്, രാവിലെ ഒരു മൊന്തയുമായി ഇറങ്ങും. വൈകുന്നേരമാകുമ്പോൾ അതുനിറയെ ഞണ്ടുമായി കുടിയിലെത്തും. ഇപ്പോളതെല്ലാം നശിച്ചുപോയി. കണ്ടമെല്ലാം ചാലുകീറിയിട്ടാണ്, ഇഞ്ചിയും കപ്പയുമൊക്കെ വെക്കുന്നത്. കണ്ടത്തിൽ ചാല് കീറിയാല് നീരുറവ അടിയിലേക്കു പൊയ്പ്പോകും. പിന്നെ മുകളിലേക്കു വരില്ല. മുകളിലുള്ള മണ്ണ് പിന്നെ പശിമയുള്ള മണ്ണാണ്. ഇത് ഒരിക്കലും ഒരുമിച്ചുകലർന്ന് ഒരു മണ്ണായിക്കിട്ടില്ല. അങ്ങനെ വയനാടിന്റെ മുഴുവൻ തനിമയും നശിച്ചുപോയി. ആദിവാസികൾ ഇതെല്ലാം ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കാട്ടുകിഴങ്ങുകൾ, ഞണ്ട്, തോട്ടിലുള്ള മീൻ, ചപ്പ് (ഇല) ഇതെല്ലാം ആദിവാസി ധാരാളമായി ഭക്ഷണത്തിനുപയോഗിച്ചിരുന്നു. അന്ന് ഒരാദിവാസിയും പ്രസവത്തിനൊന്നും ആശുപത്രികളിൽ പോയിരുന്നില്ല. ആറും ഏഴും എട്ടും പ്രസവിച്ചു. ഒരു കുഴപ്പവുമില്ല. ഇന്ന് ഒന്ന്, രണ്ട്. അത്രേയുള്ളു കുട്ടികൾ. അവരെപ്പോലും ഏഴുമാസംമുതൽ ആശുപത്രി ചികിത്സയിലാണ്. എല്ലാത്തിനും ആദിവാസിക്ക് മാർക്കറ്റിനെ ആശ്രയിക്കേണ്ടിവരുന്നു. അതുകൊണ്ട് ആദിവാസിയുടെ ഭക്ഷണരീതിതന്നെ മാറിപ്പോയി. ഭക്ഷണരീതിയിലെ ഈ മാറ്റം ആദിവാസിയെ കമ്പോളത്തിലെ ഭക്ഷണം വാങ്ങിക്കഴിക്കാൻ നിർബന്ധിതരാക്കി. ഇതു വാങ്ങാൻ കയ്യിൽ പൈസയില്ല. മൂന്നുനേരം ഭക്ഷണം കഴിക്കുന്നവർ ആദിവാസികൾക്കിടയിൽ ഉണ്ടാവില്ല. ഏതെങ്കിലും ഒന്നോരണ്ടോ നേരം ഭക്ഷണം കഴിക്കും. അതുകൊണ്ടാണ് ആദിവാസി എത്രദിവസം നിരാഹാരം കിടന്നാലും കുഴപ്പമൊന്നുമുണ്ടാകാത്തത്.

*പഴയ അനുഷ്ഠാനങ്ങൾ അതുപോലെ നിലനിർത്തിപ്പോകാൻ ആദിവാസിക്ക് കഴിയുന്നുണ്ടോ?*

ആദിവാസിയുടെ കൾച്ചറും ഐഡന്റിറ്റിയും എല്ലാം മാറിപ്പോയി. എന്റെ അറിവിൽ ഞങ്ങളുടെയെല്ലാം വീടിന്റെ മുന്നിൽ വലിയ മിറ്റങ്ങളുണ്ടായിരുന്നു. ഇന്നിപ്പോൾ മൂന്നുസെന്റ് നാല്സെന്റ് ഭൂമിയിൽ കഴിയുന്ന ആദിവാസിക്ക് മിറ്റമില്ല. ആചാരം നടത്താൻ കഴിയുന്നില്ല. ഓരോ വീടിനും ഓരോ മിറ്റമുണ്ടായിരുന്നു. പിന്നെ ഒരു പൊതുമിറ്റവും. ആദിവാസി മരിച്ചുകഴിഞ്ഞാൽ ഒരുപാട് ആചാരമുണ്ട്. ചടങ്ങുകളുണ്ട്. അതെല്ലാം മിറ്റത്തുവെച്ചാണ് ചെയ്തിരുന്നത്. ഇന്ന് വീതിയുള്ള മിറ്റമില്ലാത്തതുകൊണ്ട് ആചാരങ്ങൾ നടത്താൻ പറ്റുന്നില്ല. ആദിവാസിയുടെ ചടങ്ങുകളൊന്നും പുസ്തകങ്ങളിലില്ല. ഇത് പാരമ്പര്യമായി പകർന്നുകൊടുക്കുന്നതാണ്. ഇത് ചെയ്യാൻ കഴിയാത്തതുകൊണ്ട് അടുത്ത തലമുറയ്ക്കിത് പഠിക്കാൻ പറ്റുന്നില്ല. ഈ കാരണവന്മാർ മരിച്ചുപോകുമ്പോൾ അതും തീരുകയാ. ഇങ്ങനെ ആദിവാസിയുടെ അസ്തിത്വം വ്യക്തിത്വം എല്ലാം ഇല്ലാതായിപ്പോകുന്നു.

*വയനാട്ടിൽ മദ്യപാനം വളരെയധികം ഉള്ളതായിട്ടു കേട്ടിട്ടുണ്ട്. എന്താണ് യഥാർത്ഥ അവസ്ഥ?*

വളരെ അധികമാണ്. കോളനിയിലാണ് ഇത് അധികമായിട്ടുള്ളത്. ഞാനിപ്പോൾ താമസിക്കുന്നത് 95ൽ ആദിവാസി വികസന സമിതിയുടെ ഭൂസമരത്തിന്റെ ഭാഗമായി തിരുനെല്ലി പഞ്ചായത്തിലെ പനവല്ലിയിൽ പിടിച്ചെടുത്ത 28 ഏക്കർ സ്ഥലത്ത് എനിക്കുകിട്ടിയ ഭൂമിയിലാണ്. 52 കുടുംബങ്ങൾക്കാണ് ആ ഭൂമി വീതിച്ചുകിട്ടിയത്. ഇവിടെ മദ്യപാനം പൊതുവെ കുറവാണ്. എന്താണെന്നുവെച്ചാൽ പണികഴിഞ്ഞ് വൈകീട്ട് വീട്ടിൽ വന്നാൽ ഇവർക്ക് കുറച്ചു സ്ഥലമുള്ളതുകൊണ്ട് കിട്ടുന്ന സമയം അവിടെ പണിയെടുക്കുന്നു. രാവിലെ എഴുന്നേറ്റ് പണിക്കുപോകുന്ന സമയം

വരെ ഇവിടെ പണിയെടുക്കും. അപ്പോൾ മദ്യപാനത്തിനുംമറ്റും പോകാൻ സമയമില്ല. നാല്സെന്റ് ഭൂമിയുള്ളവന് പണികഴിഞ്ഞ് വീട്ടിൽവന്നാൽ വേറെ പണിയില്ല. അപ്പോൾ അങ്ങാടിയിൽപോയി വെറുതെ നിൽക്കും. പിന്നെ തൊട്ടടുത്ത മദ്യഷാപ്പിൽപോയി മദ്യം കഴിക്കും. തിരിച്ച് വീട്ടിൽവന്ന് ചെലര് വഴക്കുണ്ടാക്കും. ചെലര് ചുമ്മാ കെടന്നൊറങ്ങും. രാവിലെ എഴുന്നേറ്റ് പിന്നെയും പണിക്കു പോകും. ഇത് വല്ലാത്തൊരവസ്ഥയാണ്. അതുകൊണ്ടാണ് നമ്മൾ പറയുന്നത്, ആദിവാസി മണ്ണിൽ അദ്ധ്വാനിക്കുന്നവരാണ്. അവർക്ക് സ്വന്തമായി ഭൂമിവേണം. ഇന്നിപ്പോൾ സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ട് ബാക്കിയുള്ളവരുടെ ഭൂമിയിൽ ജോലിയെടുത്തുകഴിയുന്നു. ഇവർക്കു ഭൂമിയുണ്ടായാൽ മറ്റുള്ളവരുടെ പറമ്പിൽ അദ്ധ്വാനിക്കുന്നത് ഇവരുടെ പറമ്പിൽ അദ്ധ്വാനിക്കും. അങ്ങനെയായാൽ അവരുടെ ജീവിതത്തിനുതന്നെ മാറ്റമുണ്ടാകും.

*ഇങ്ങനെ മാറ്റംവരുന്നതിന് തടസ്സമെന്താണ്, ആരാണ് തടസ്സം നിൽക്കുന്നത്?*

രാഷ്ട്രീയ പാർട്ടികളും ഭരണാധികാരികളുമാണ്. ഇവർക്കൊക്കെ എപ്പോഴും ചൂഷണം ചെയ്യുന്ന ഒരു വിഭാഗമായി ആദിവാസി നിൽക്കണം. ഭൂമിയെന്നു പറയുന്നത് അധികാരത്തിന്റെ ആദ്യത്തെ ചവിട്ടുപടിയാണ്. ഒന്നാലോചിച്ചാൽമതി; ആരുടെയൊക്കെ കയ്യിൽ ഭൂമിയുണ്ട്, അവനിവിടുത്തെ രാഷ്ട്രീയക്കാരനാണ്, ഭരണാധികാരിയാണ്. ആരൊക്കെ ചേരികളിലായിപ്പോയിട്ടുണ്ട്, അവൻ രാഷ്ട്രീയക്കാരനുമല്ല, ഭരണത്തിൽ പങ്കുമില്ല. അവന്റെ കയ്യിൽ ഭൂമി വന്നാൽ നാളത്തെ അധികാരി ഇവനാകാം. പല നിർണ്ണയ അവകാശങ്ങളും ഇവനുണ്ടാകാം. ഇതൊന്നുമില്ലെങ്കിൽ നാലും നാലുവഴിയിൽക്കൂടി പൊയ്ക്കൊള്ളും. സ്വപ്നങ്ങളുമില്ല, ഒന്നും സംരക്ഷിക്കേണ്ടതുമില്ല.

*എമർജിങ് കേരളയെന്ന ഒരു വൻ പരിപാടി ഇയ്യിടെ സർക്കാർ സംഘടിപ്പിച്ചല്ലോ. അതേക്കുറിച്ച് എന്താണഭിപ്രായം?*

---

അവര് പറയുന്നത് ആ പ്രദേശത്തുള്ള മണ്ണ് മലിനീകരിക്കരുത്, അവിടെയുള്ള നീരുറവകൾ കൊള്ളയടിച്ചുകൊണ്ടുപോകരുത്, ഞങ്ങളുടെ കാടും തോടുമെല്ലാം ഞങ്ങൾക്ക് തിരിച്ചുവേണം. അതിനുവേണ്ടിയാണ് പ്ലാച്ചിമടയിൽ ആദിവാസി സമരം ചെയ്യുന്നത്

---

അതിനെക്കുറിച്ച് കൂടുതലായി പഠിച്ചിട്ടില്ല. പക്ഷേ, നമുക്ക് നമ്മുടെ കാടുവേണം, തോടുവേണം, മലിനീകരിക്കാത്ത മണ്ണുവേണം. അതിനാ നമ്മള് പറയുന്നത്. വർഷങ്ങളായി ആദിവാസി പ്ലാച്ചിമടയിൽ സമരം നടത്തുന്നു. നമ്മളെല്ലാം അറിയുന്നത് 'ആദിവാസി പ്ലാച്ചിമടയിൽ സമരം നടത്തുന്നു' ഇങ്ങനെയാ നമ്മളാ സമരത്തെ കാണുന്നത്. പക്ഷേ, അവിടെയുള്ള ആദിവാസി പറയുന്ന മുദ്രാവാക്യം എന്താണ്? അവര് പറയുന്നത് ആ പ്രദേശത്തുള്ള മണ്ണ് മലിനീകരിക്കരുത്, അവിടെയുള്ള നീരുറവകൾ കൊള്ളയടിച്ചുകൊണ്ടുപോകരുത്, ഞങ്ങളുടെ കാടും തോടുമെല്ലാം ഞങ്ങൾക്ക് തിരിച്ചുവേണം. അതിനുവേണ്ടിയാണ് പ്ലാച്ചിമടയിൽ ആദിവാസി സമരം ചെയ്യുന്നത്. എന്നാൽ പൊതുസമൂഹം എങ്ങനെയാ ഈ സമരത്തെ കാണുന്നത്, "പ്ലാച്ചിമടയിൽ കൊക്കൊക്കോളയ്ക്കെതിരെ ആദിവാസി നടത്തുന്ന സമരം" എന്നാൽ നമ്മുടെ സമരമായി അതിനെക്കാണാൻ നമുക്കാവുന്നില്ല. ഇനി അവിടെ കൊക്കക്കോള ഉത്പാദനം പരിപൂർണ്ണമായി നിർത്തലാക്കി അവിടുത്തെ നീരുറവകൾ തിരിച്ചുവന്ന് മണ്ണ് ഫലഭൂയിഷ്ടമായാൽ, ആദിവാസിക്കുണ്ടാകുന്ന ഗുണമെന്താണ്? ആ നീരുറവയിൽപോയി വെള്ളംകോരി കുടിച്ചെന്നിരിക്കും. ഭക്ഷണമുണ്ടാക്കിയെന്നിരിക്കും. ചിലപ്പോഴൊന്നു കുളിച്ചെന്നുമിരിക്കും. വീണ്ടും കൂലിപ്പണിയെടുത്തവർ ജീവിക്കും. പക്ഷേ, ആദിവാസിസമരമെന്നുപറഞ്ഞ് നോക്കിനിന്നവർ ചെയ്യുന്നതെന്താ, ഹൈ പവറുള്ള പമ്പ്സെറ്റ് വെച്ച് വെള്ളം അടിച്ചുകയറ്റി വ്യാപകമായരീതിയിൽ കൃഷിയിറക്കി കോടിക്കണക്കിനുരൂപയുടെ സമ്പത്തവരുണ്ടാക്കും. അപ്പോളീ സമരം നടത്തിയതിന്റെ പ്രയോജനം കിട്ടിയതാർക്കാണ് ശരിക്കും? ഈ പ്രവണത മാറണം. ആദിവാസിയുടെ സമരം പ്രകൃതിക്കുവേണ്ടി നടത്തുന്ന സമരമാണ്. ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി നടത്തുന്ന സമരമാണ്.

*അവിവാഹിതരായ ആദിവാസി അമ്മമാരുടെ കാര്യങ്ങൾക്കായി വയനാട്ടിൽ കുറേ സമരങ്ങൾ നടന്നിരുന്നു. ജയചന്ദ്രൻ എന്നൊരു പത്രപ്രവർത്തകൻ ഇങ്ങനെയുള്ള കാര്യങ്ങൾ പുറത്തുകൊണ്ടുവന്നതിന്റെപേരിൽ ഒരുപാട് പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. 'നാട്ഗദ്ദിക' എന്ന ബേബിയുടെ നാടകം. ഇതെല്ലാം ഇതിനെതിരെയുള്ളസമരങ്ങൾതന്നെയായിരുന്നു. ഇന്നിപ്പോൾ ഈ സ്ത്രീകളുടെ അവസ്ഥ എന്താണ്?*

ഈ സ്ത്രീകളെല്ലാം നമ്മുടെ കൂടെ, നമ്മുടെ സഹോദരിമാർ എന്ന രീതിയിൽ നിർത്തിക്കൊണ്ടുതന്നെയാണുള്ളത്. ഇവർക്കുവേണ്ടി വനിതാകമ്മീഷനുംമറ്റും സിറ്റിങ്ങ് നടത്തുന്നുണ്ട്. ഇങ്ങനെ ഓരോ സിറ്റിങ്ങ് നടത്തുമ്പോഴും അവിടെ ഒരു നൂറ് അവിവാഹിതരായ അമ്മമാർ വന്നിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള ആളുകൾ ഉണ്ടെന്ന് പൊതുസമൂഹത്തിനു മനസ്സിലാക്കിക്കൊടുത്ത് വീണ്ടും ഇവരെ ശല്യം ചെയ്യുന്നതിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അല്ലാതെ പ്രായോഗികമായി ഇവർക്ക് ഒരുഗുണവും കിട്ടുന്നില്ല.

*ഇപ്പോൾ ജയലക്ഷ്മി മന്ത്രിയാണ്. കഴിഞ്ഞ ഭരണകാലത്ത് രുഗ്മിണിഭാസ്കർ വനിതാകമ്മീഷൻ മെമ്പറായിരുന്നു. ഇവരൊക്കെ ഏതുരീതിയിലാണ് ഈ പ്രശ്നങ്ങളിൽ ഇടപെട്ടത്?*

പലപ്പോഴും സ്വന്തമായി ഒരു തീരുമാനമെടുത്ത് പ്രവർത്തിക്കാൻ ഇവർക്കു കഴിയുന്നില്ല. നമ്മളൊരു സ്ഥാനത്തിരിക്കുമ്പോൾ നമ്മൾക്കുത്തരവദിത്തങ്ങൾ നിറവേറ്റാൻ കഴിയണം.

*? ആദിവാസികളുടെ ഇടയിൽനിന്നും ഡോക്ടർമാർ, എഞ്ചിനീയർമാർ എന്നിവരുണ്ടായി എന്നു പറഞ്ഞുകേൾക്കുന്നുണ്ട്. അവരുടെ കാര്യത്തിലെങ്കിലും പഴയ അവസ്ഥയിൽനിന്നു മാറ്റമുണ്ടായിട്ടുണ്ടോ?*

എന്തെല്ലാം മാറ്റമുണ്ടായാലും അവനവന് ചവുട്ടാൻ സ്വന്തമായി ഭൂമിയില്ലാത്തേടത്തോളംകാലം നിലനിൽപ്പിന്റെ കാര്യം കഷ്ടമാണ്. സ്വന്തമായി കുറച്ചുഭൂമിയുണ്ടെങ്കിൽ അച്ഛനുപേക്ഷിച്ചുപോയാലും അമ്മ ആടുവളർത്തിയും കോഴിവളർത്തിയും കൃഷിചെയ്തും അവരുടെ മക്കളെ വളർത്തും. ഈ ഭൂമിയില്ലാതെ വേറെ എന്തുണ്ടായിട്ടും ഒരു കാര്യവുമില്ല. സ്വന്തമായി ഭൂമിയുണ്ടെങ്കിൽ പെൺകുട്ടികളോട് മോശമായി പെരുമാറുന്ന ആൾക്കാരോട് പ്രതികരിക്കാൻ അമ്മമാർക്കു പറ്റും. അല്ലെങ്കിൽ സഹിച്ചേപറ്റൂ. അല്ലെങ്കിൽ അമ്മയും മക്കളും നാളെമുതൽ പട്ടിണിയാണ്. അവർക്ക് തൊഴിലും ഉപജീവനവും നഷ്ടപ്പെടുമെന്ന അവസ്ഥ.

*? ഭൂമി വീതംവെച്ചുകൊടുക്കുമ്പോൾ ആരുടെ പേരിലാണ് എഴുതിക്കൊടുക്കുന്നത്?*

ഗോത്രമഹാസഭ ആണിന്റേയും പെണ്ണിന്റേയും പേരിൽ ജോയിന്റ് പട്ടയം കൊടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 2011ൽ അങ്ങനെതന്നെയാണ് ഗവണ്മെന്റ് ചെയ്തിരിക്കുന്നത്. അച്ഛൻ മരിച്ചുപോയ കേസിൽ അമ്മയുടേയും മക്കളുടേയും പേരിലാണ് കൊടുത്തിരിക്കുന്നത്. തനിയെ ആർക്കും കൊടുത്തിട്ടില്ല. സ്വന്തം ഇഷ്ടപ്രകാരം ഒരാൾക്ക് വിൽക്കാനോ കൈമാറ്റം ചെയ്യാനോ പറ്റില്ല. ഭാര്യയുടേയും ഭർത്താവിന്റേയും ഫോട്ടോ ഒട്ടിച്ച പട്ടയമാണ് കൊടുത്തിരിക്കുന്നത്.

*? ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ ഗവണ്മെന്റ് ഓർഡറുണ്ടോ?*

ഭൂരഹിതർക്ക് ഒരേക്കർ ഭൂമി കൊടുക്കാനുള്ള ഒരോർഡറുണ്ട്.

*? മൂന്നുസെന്റും നാലുസെന്റും ഉള്ളവർക്ക് ഇതു കിട്ടാതെ പോവില്ലേ?*




ഉമ്മൻചാണ്ടി സർക്കാർ വന്നപ്പോൾ ഞങ്ങളത് (ഗോത്രമഹാസഭ) ചൂണ്ടിക്കാട്ടി. 15 സെന്റ് വരെയുള്ളവർ ഭൂരഹിതരിൽ പെടും. അതുകൊണ്ട് ആറളത്ത് ഭൂമി വിതരണം ചെയ്യുമ്പോൾ 95 സെന്റ് വരെ ഭൂമിയുള്ളവർക്ക് 5 സെന്റുംകൂടി ചേർത്ത് ഒരേക്കറാക്കിക്കൊടുക്കാൻ ഗവണ്മെന്റ് ഓർഡറുണ്ട്.

*? മുത്തങ്ങസമരത്തിൽനിന്നും ചെങ്ങറസമരം വ്യത്യാസപ്പെട്ടിരിക്കുന്നുണ്ടല്ലോ. ചെങ്ങറസമരത്തെക്കുറിച്ച് ജാനു എന്തുപറയുന്നു?*

അവിടെയും ദളിതരുടെ ഭൂമിപ്രശ്നമാണ് ഉന്നയിച്ചത്. നമ്മള് മുത്തങ്ങയിൽ കുടിൽകെട്ടി സമരത്തിനുപോയത് വയനാട്ടിൽ 35ഓളം ആദിവാസികൾ പട്ടിണികൊണ്ട് മരിച്ചപ്പോഴാണ്. അന്ന് ആന്റണി പറഞ്ഞത് ആറുമാസത്തേക്ക് സൗജന്യറേഷൻ തരാമെന്നാണ്. അപ്പോൾ ഞങ്ങൾ പറഞ്ഞത് ലോകത്തെവിടെയും ഒരു സംസ്ഥാനത്തെ ജനതയെ ഭരണസംവിധാനം പോറ്റിയിട്ടുള്ള ചരിത്രമില്ല. അതുകൊണ്ട് കേരളത്തിലും അതുപറ്റില്ല. ആറുമാസംകൊണ്ട് ആദിവാസിയുടെ ജീവിതം അവസാനിക്കില്ല. പ്രശ്നം എക്കാലത്തേക്കും പരിഹരിക്കുകയാണു വേണ്ടത്. ഭൂമി കൊടുക്കാതെ സൗജന്യറേഷൻ കൊടുത്താലൊന്നും പ്രശ്നം പരിഹരിക്കില്ല. വയനാട്ടിലുള്ള കുറച്ചുപേരാണ് അന്ന് സെക്രട്ടറിയേറ്റിനുമുന്നിൽ കുടിലുകെട്ടി സമരം തുടങ്ങിയത്. അന്ന് സമരംചെയ്തവർക്കു മാത്രം ഭൂമികൊടുത്താൽമതി എന്നല്ല സഭ പറഞ്ഞത്. കേരളത്തിൽ മുപ്പത്തഞ്ചുതരം ആദിവാസികളുണ്ട്. അവർക്കെല്ലാം ഭൂമി കൊടുക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. അവർ ഈ സമരത്തിൽ പങ്കാളികളായിരുന്നോ എതിർത്തോ അതെല്ലാം വേറെ വിഷയം. ഭൂരഹിതരായ കേരളത്തിലെ എല്ലാ ആദിവാസിക്കും ഭൂമി കൊടുക്കണം. ചെങ്ങറയിൽ പറ്റിയത് സമരത്തിൽ പങ്കെടുത്തവർക്കു മാത്രം ഭൂമി കൊടുക്കണം എന്നാണവർ ഡിമാന്റ് ചെയ്തതെന്നതാണ്. അത് ഒരു വലിയ പരാജയമായാണ് വന്നത്. അവരുടെ നിലപാട് ഓരോ ചർച്ചയിലും മാറിമാറി വന്നു. അതു പാടില്ല. ഒരു കാര്യത്തിൽനിന്നാൽ അതിൽ ഉറച്ചു നിൽക്കണം. ഒരു നല്ലകാര്യത്തിനു വേണ്ടി മരിച്ചുപോകുന്നെങ്കിൽ പോകട്ടെ. അങ്ങനെ ആരെങ്കിലുമൊക്കെ മരിച്ചാലേ കുറച്ചുകാര്യങ്ങൾ കിട്ടൂ. ചരിത്രം അങ്ങനെയാണ്. എന്റെ നിലനിൽപ്പിനുവേണ്ടിയോ സുഖസൗകര്യത്തിനുവേണ്ടിയോ ഞാനൊന്നും ചെയ്തിട്ടില്ല. അങ്ങനെ ചെയ്യേണ്ടിവരുമ്പോൾ എനിക്ക് വിട്ടുവീഴ്ചയ്ക്കു തയ്യാറാകേണ്ടിവരും. അല്ലെങ്കിൽ നിന്നിടത്തുതന്നെ ഉറച്ചുനിൽക്കാൻ കഴിയും. സമരമുഖത്തുനിൽക്കുമ്പോൾ നമുക്ക് വ്യക്തിജീവിതം കാണാൻ കഴിയില്ല. ജനിച്ച മണ്ണിൽ ജീവിച്ചു മരിക്കുമ്പോൾ കുഴിച്ചിടാൻ ആറടി മണ്ണില്ലാത്ത നമ്മളെന്തിനാ ഈ ഭൂമിയിൽ ഇങ്ങനെ ജീവിക്കുന്നത്? രാഷ്ട്രീയക്കാർക്ക് ജാഥയ്ക്ക് നീളം കൂട്ടാൻവേണ്ടി അവർക്ക് വോട്ടുചെ

യ്യാൻവേണ്ടി നമ്മൾ ജീവിക്കണോ? ഗവണ്മെന്റിന് കോടിക്കണക്കിന് ഫണ്ടുണ്ടാക്കി കുറേ ആൾക്കാർക്കതു കട്ടുതിന്നാൻവേണ്ടി നമ്മൾ ജീവിക്കണോ? അതോ നമ്മൾക്കുവേണ്ടി നമ്മൾ ജീവിക്കണോ? നമുക്കുവേണ്ടി നമ്മൾ ജീവിക്കുമ്പോൾ അതിന്റെ ഇടയിൽ അടിയുണ്ടാകും കുത്തുണ്ടാകും വെടിവെപ്പും ഉണ്ടാകും. അല്ലെങ്കിലിതൊന്നും വേണ്ട. ഇതിലേതുവേണമെന്ന് നമ്മൾ തീരുമാനിക്കണം. ജനിച്ചാൽ ഒരിക്കൽ മരിക്കണം. പത്താൾക്ക് ഗുണം കിട്ടുന്ന ഒരു കാര്യത്തിനുവേണ്ടി മരിക്കണമെങ്കിൽ നാളെ മരിക്കാൻ ഞാൻ തയ്യാറാ. പക്ഷ, പത്താൾക്ക് ഗുണമുണ്ടാവണം. നമ്മളെന്തുകൊണ്ടാ വിധേയരായിപ്പോകുന്നത്? നമുക്ക് സുഖമായി ജീവിക്കണം. അതില്ലെങ്കിൽ, സ്വന്തമായൊരു വ്യക്തിത്വമുണ്ടെങ്കിൽ, "പോട്ടെ പുല്ല്" എന്നു പറയാൻ സാധിക്കും. ഇല്ലെങ്കിൽ പറയാൻ പറ്റില്ല. അതുകൊണ്ടാണ് ഭരണം കിട്ടിക്കഴിയുമ്പോൾ ആൾക്കാർ മാറിപ്പോകുന്നതായി നമ്മൾ കാണുന്നത്.

*ജയലക്ഷ്മി മന്ത്രിയായതുകൊണ്ട് വല്ലഗുണവും ആദിവാസിക്ക് ഉണ്ടായിട്ടുണ്ടോ? ഗുണം ചെയ്തിട്ടുണ്ടോ?*

ഗുണം ചെയ്യണം. അല്ലെങ്കിൽ ആദിവാസിയിൽനിന്ന് ഒരു മന്ത്രിയുണ്ടായിട്ടും അവർക്ക് ഒരു ഗുണമുണ്ടായില്ല എന്നുവരും. ജയലക്ഷ്മി ഇതു മനസ്സിലാക്കണം. മനസ്സിലാക്കിയാൽ ചിലതൊക്കെ ചെയ്യാൻ പറ്റും. അഴിമതി ഇല്ലാതെ, കൈക്കൂലിയില്ലാതെ, ഭരണഘടനയിലുള്ള വ്യവസ്ഥപ്രകാരം മാത്രം കാര്യങ്ങൾ ചെയ്താൽ മതി. അങ്ങനെയാണെങ്കിൽ കേരളത്തിലെ നമ്പർ വൺ മന്ത്രിയായി ജയലക്ഷ്മിക്ക് ഇറങ്ങിവരാം. വ്യക്തിതാത്പര്യമില്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം. രാഷ്ട്രീയപാർട്ടിക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ പലപ്പോഴും അവരുടെ ചട്ടുകങ്ങളായി മാറേണ്ടിവരും.

*ഇന്നത്തെ അവസ്ഥയിൽ എത്രത്തോളം ആ രീതിയിൽ പ്രവർത്തിക്കാൻ കഴിയും?*

അതെ. എല്ലാവരേയും ബോദ്ധ്യപ്പെടുത്തി എല്ലാം ചെയ്യാൻ പറ്റില്ല. പക്ഷേ, നമ്മുടെ മനസ്സാക്ഷിയെ ബോദ്ധ്യപ്പെടുത്താൻ കഴിയണം. അല്ലാതെ എന്തുചെയ്തിട്ടും ഒരു കാര്യവുമില്ല, പ്രയോജനവുമില്ല. സ്വാർത്ഥതാത്പര്യങ്ങൾക്കപ്പുറത്തേക്ക് കാര്യങ്ങൾ വരണം. അല്ലാതെ മൈക്കിൽ എന്തെല്ലാം പ്രസംഗിച്ചാലും എന്റെ വീട്, എന്റെ കുട്ടി എന്നതിനപ്പുറത്തേക്ക് ഒന്നും ചെയ്യാൻ കഴിയില്ല. വീടും കുട്ടികളും ഒന്നും വേണ്ട എന്നല്ല ഞാൻ പറയുന്നത്. അതെല്ലാം ജീവിതത്തിന്റെ ഒരു ഭാഗമായിക്കാണണം. അതുമാത്രമാണ് ജീവിതമെന്നു കരുതരുത്. ഭർത്താവ്, കുട്ടി, ഭാര്യ ഇതെല്ലാം ജീവിതത്തിന്റെ ഭാഗമായി നിലനിൽക്കേതന്നെ ബാക്കി ഒരുപാടുകാര്യങ്ങളുണ്ടെന്നു കാണണം. മേപ്പാടി സംഭവം കണ്ടില്ലേ. അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ മദ്യം കുടിപ്പിച്ച് ബലാത്സംഗം ചെയ്തു. ഇതിനെതിരെ പൊതുസമൂഹത്തിലെ സ്ത്രീകൾ എന്തുചെയ്യുന്നു. ഒന്നും മിണ്ടുന്നില്ല.

*വേറൊരുപ്രശ്നം ഇവിടെയുണ്ടാകുന്നു. ഇത്തരം സംഭവങ്ങൾ പലരും അറിയുന്നുപോലുമില്ല. പത്രങ്ങളിൽ പല വാർത്തകളും പ്രാദേശികമായി ഒതുങ്ങിപ്പോകുന്നു. ഇപ്പോൾതന്നെ കാസർഗോഡ് എൻഡോസൾഫാൻ സമരം നടക്കുന്നു, കോഴിക്കോട് അതിനെക്കുറിച്ചുള്ള വാർത്തകൾ വളരെ കുറവാണ്. നമ്മൾ കാര്യങ്ങൾ അറിയുന്നുപോലുമില്ല. ഇങ്ങനെയൊരു സംഭവം നടന്നിട്ട് ആദിവാസി സംഘടനകൾ പ്രതികരിച്ചില്ലേ?*

കുറച്ച്.

*ഇത് ആദിവാസിയുടെ മാത്രം പ്രശ്നമല്ല....*

അതെ. നമ്മളെല്ലാം നിറങ്ങളില്ലാത്ത സ്ത്രീകളാവണം. ഞാൻ പറയുന്നത് കുറച്ചു സ്ത്രീകൾ ചുവന്ന കൊടിയുടെ താഴെ, കുറച്ചുപേർ ത്രിവർണ്ണപതാകയ്ക്കുതാഴെ, വേറെ ചിലർക്ക് വേറെ ചില നിറങ്ങൾ.... ഇത് സ്ത്രീയെ ചൂഷണം ചെയ്യുന്ന ഒരു മാനദണ്ഡം മാത്രമാണ്. നമ്മളറിഞ്ഞോ അറിയാതെയോ ഇതിന്റെ ഭാഗമായി മാറുന്നു എന്നതാണു വസ്തുത. ഇതെല്ലാം മാറ്റിവെച്ച് കേരളത്തിലെ സ്ത്രീകൾ, ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ മുസ്ലീമെന്നോ ആദിവാസിയെന്നോ ഇല്ലാതെ ഒന്നിച്ചുനിന്നിരുന്നെങ്കിൽ, എത്രവലിയ മാറ്റം ഉണ്ടാകും. ഇങ്ങനെയൊരു ലോകമുണ്ടാകുമോ?



*ഉണ്ടാകണം.*

എനിക്കൊക്കെ ഇങ്ങനെ നിൽക്കാൻ കഴിയുന്നത് ഒറ്റയ്ക്കു നിൽക്കാൻ കഴിയുന്നതുകൊണ്ടാണ്. സ്ത്രീകൾ സ്വന്തം കാലിൽ നിൽക്കണം. ഞാനുദ്ദേശിക്കുന്നത് ഭർത്താവും കുട്ടിയും സഹോദരനും ഒന്നുമില്ലാതെ നിൽക്കണമെന്നല്ല.

## ആദിവാസിസമരം ഒത്തുതീർക്കുന്നതിനായി ബഹു. കേരളമുഖ്യമന്ത്രി 2001 ഒക്ടോബർ മാസം 16–ാം തിയ്യതി വിളിച്ചുകൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. വിശദമായ ചർച്ചയ്ക്കുശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ആദിവാസി നേതാക്കൾ മുന്നോട്ടുവെച്ച, ഓരോ കുടുംബത്തിനും 5 ഏക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇതു സാദ്ധ്യമാകുന്ന സുഗന്ധഗിരി, പൂക്കോട് തുടങ്ങിയ പ്രൊജക്ട് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗകുടുംബങ്ങൾക്ക് 5 ഏക്കർ ഭൂമിവീതം നൽകുവാൻ തീരുമാനിച്ചു. മറ്റുസ്ഥലങ്ങളിൽ ഭൂരഹിതരോ ഒരേക്കറിൽകുറഞ്ഞ ഭൂമിയോ ഉള്ള ആദിവാസികുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ 5 ഏക്കർവരെയും വിതരണം ചെയ്യുന്നതാണ്. ഭൂവിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.
2. ഇപ്രകാരം നൽകുന്ന ഭൂമിയിൽനിന്ന് ജീവിക്കുവാൻ ആവശ്യമായ വരുമാനം ഉണ്ടാക്കുവാൻ കാലതാമസം ഉണ്ടാകും എന്നുള്ളതുകൊണ്ട് ആദിവാസികുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനം ഉണ്ടാകുന്നതിന് സഹായകമായ തൊഴിൽസൗകര്യങ്ങളും മറ്റു സംരംഭങ്ങളും അഞ്ചുവർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.
3. 1999–ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണം അന്യാധീനഭൂമി വീണ്ടെടുക്കൽ നിയമം നടപ്പിലാക്കുന്നത് നിലവിലുള്ള കേസുകളിൽ സുപ്രീംകോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതുതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും ഷെഡ്യൂൾ ഏരിയാ ആയി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാറിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാനസർക്കാർ നിയമനിർമ്മാണം നടത്തും.
5. ആദിവാസികളുടെ സർവതോന്മുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണബോർഡ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതും ഒരു മിഷൻ മാതൃകയിൽ സമയബന്ധിതമായി പത്താം പഞ്ചവത്സരപദ്ധതിയുടെ തുടക്കംമുതൽതന്നെ നടപ്പിലാക്കുന്നതുമാണ്.
6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.
7. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികുടുംബങ്ങളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായ ഭൂമി, പ്രത്യേകിച്ചും നിക്ഷിപ്തവനഭൂമി, പരമാവധി (കേന്ദ്രസർക്കാരിന്റെ അനുമതിയോടെ) കണ്ടുപിടിച്ച് സമയബന്ധിതമായി വിതരണം ചെയ്ത് അധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.
8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസി സമരം ഉടൻ പിൻവലിക്കുന്നതാണ്.

ഒപ്പ്
പി.കെ. ശിവാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്

ഒപ്പ്
വി. കൃഷ്ണമൂർത്തി
ചീഫ് സെക്രട്ടറി

ഒപ്പ്
ഡോ. എം.എ. കുട്ടപ്പൻ
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്.

### സർക്കാർ ഭാഗത്തുനിന്ന് പങ്കെടുത്തവർ:

ഏ.കെ.ആന്റണി (മുഖ്യമന്ത്രി), മന്ത്രിമാരായ കെ.എം.മാണി (റവന്യൂ), കെ.ശങ്കരനാരായണൻ (ധനകാര്യം), കെ.ആർ.ഗൗരി(കൃഷി & കയർ), പി.കെ.കുഞ്ഞാലിക്കുട്ടി(വ്യവസായം), ഡോ.എം.എ.കുട്ടപ്പൻ(പിന്നോക്കപട്ടികജാതി-വർഗം), സി.എഫ്.തോമസ്(ഗ്രാമീണ വികസനം), വി.കൃഷ്ണമൂർത്തി(ചീഫ് സെക്രട്ടറി), ഗോപാലകൃഷ്ണപിള്ള(മുഖ്യമന്ത്രിയുടെ പി.എസ്), വി.കെ.ശിവാനന്ദൻ(പട്ടികജാതി-പട്ടികവർഗം പി.എസ്), പാലാട്ട് മോഹൻദാസ്(കാർഷികോത്പാദന കമ്മീഷണർ), വി.എസ്.സെന്തിൽ(ധനകാര്യം), സാജൻ പീറ്റർ (റവന്യൂ സെക്രട്ടറി), പി.കമാൽകുട്ടി (സെക്രട്ടറി, തദ്ദേശസ്വയംഭരണം), റാംകുമാർ (നിയമ സെക്രട്ടറി), ഇ.കെ. ഭരത്ഭൂഷൺ (സെക്രട്ടറി, വനം), എൽ. നടരാജൻ (സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്), വി.എസ്.വർഗ്ഗീസ് (ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ), എസ്. സുകുമാരൻ (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ)

### ആദിവാസി ദലിത് സമിതിയെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ:

സി.കെ.ജാനു (ചെയർപേഴ്സൺ), എം.ഗീതാനന്ദൻ, സണ്ണി എം.കപിക്കാട്, ആർ. പ്രസാദ്, സി.ആർ.ബിജോയ്, എം.കെ.നാരായണൻ

> ജനിച്ച മണ്ണിൽ ജീവിച്ചു മരിക്കുമ്പോൾ കുഴിച്ചിടാൻ ആറടിമണ്ണില്ലാത്ത നമ്മളെന്തിനാ ഈ ഭൂമിയിൽ ഇങ്ങനെ ജീവിക്കുന്നത്? രാഷ്ട്രീയക്കാർക്ക് ജാഥയ്ക്ക് നീളംകൂട്ടാൻ വേണ്ടി അവർക്ക് വോട്ടുചെയ്യാൻവേണ്ടി നമ്മൾ ജീവിക്കണോ?

നമുക്ക് ഭക്ഷണം കഴിക്കണമെങ്കിൽ, വസ്ത്രമുടുക്കണമെങ്കിൽ, രോഗം വന്നാൽ ആശുപത്രിയിൽ പോകണമെങ്കിൽ നമ്മുടെ കയ്യിൽ അതിനുള്ള അവസ്ഥയുണ്ടാവണം. ഞങ്ങൾ വളഞ്ഞുപിടിച്ച സ്ഥലത്താ ഞാനിന്നു വീടുവെച്ചിരിക്കുന്നത്. അവിടെ ഇപ്പോൾ ഇഞ്ചി പറിച്ചുകൊണ്ടിരിക്കയാ. ഇതുപോലെതന്നെ കഴിഞ്ഞവർഷം കുരുമുളകും കാപ്പിയും എല്ലാം നല്ല പൈസയ്ക്കുതന്നെയാണ് വിറ്റത്. അങ്ങനെയെല്ലാമാണ് ഞാൻ ജീവിക്കുന്നത്.

*കുറേ ആരോപണങ്ങളുണ്ടായിരുന്നുവല്ലോ?*

നിങ്ങളവിടേക്കൊന്നു വരണമെന്നാ ഞാമ്പറയ. ഭൂമി കയ്യേറിയ സമരത്തിന്റെ ഭാഗമായി 52 കുടുംബങ്ങളോടൊപ്പം എനിക്കും ഭൂമികിട്ടി. മൊട്ടക്കുന്നായിരുന്നു അവിടം. ഞാനിപ്പോൾ സ്വന്തമായി കൃഷിചെയ്ത് ആദായമുണ്ടാക്കുന്നു. ഇന്നിപ്പോൾ അവിടെ കാണുന്നതെല്ലാം ഞാനുണ്ടാക്കിയതാണ്. അതുകൊണ്ടാണ് സ്വന്തമായി നിൽക്കാൻ കഴിയുന്നത്. അല്ലാതെ എന്റെ കുടുംബക്കാർ തന്നിരുന്നെങ്കിൽ അവരുപറയും "ഇത്ര പാതിരാത്രിക്ക് വരണ്ട", എന്റെ കൂടെ എപ്പോഴും കുറേ സഹപ്രവർത്തകരുണ്ടാവും.... "ഇവരെ എന്തിനാ ഇങ്ങോട്ട് കൂട്ടിക്കൊണ്ടുവന്നത്." എന്റെ വീട്ടിൽ ഇന്ന് ഒരു നൂറുപേര് വന്നാലും കുഴപ്പമില്ല. കഞ്ഞിവെച്ചു കുടിച്ച് അവിടെ കിടക്കും. ഞാനാരെയും ആശ്രയിച്ച് ഒരുനിമിഷം പോലും ജീവിക്കുന്നില്ല. അതുകൊണ്ടുതന്നെ ഞാനുദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്തു ജീവിക്കാൻ കഴിയുന്നു. ഒരാളെ ആശ്രയിച്ചുനിൽക്കുമ്പോൾ അവരു പറയുന്നതുപോലെ നിൽക്കേണ്ടിവരും. ഞാനിപ്പോൾ സ്വന്തമായി കൃഷിചെയ്ത് ആദായമുണ്ടാക്കുന്നു, ചെലവാക്കുന്നു, പ്രവർത്തനം നടത്തുന്നു. ബന്ധങ്ങളും സ്വന്തങ്ങളുമെല്ലാം വളരെ ആഴത്തിൽതന്നെയുള്ളപ്പോൾ നിയന്ത്രണങ്ങളില്ലാതെതന്നെ ജീവിക്കാൻ കഴിയുന്നു. ഒരുപാടുപേർക്ക് അങ്ങനെ ചെയ്യാൻ കഴിയുമെന്നാണു തോന്നുന്നത്. നെല്ല് ഞാൻ വാങ്ങാറില്ല, പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നു, പുഴുങ്ങുന്നു, ഉണക്കുന്നു, കുത്തുന്നു, കഞ്ഞിവെച്ചു കുടിക്കുന്നു.

അതു ചെയ്യാതിരിക്കുമ്പോൾ, അറിഞ്ഞുകൊണ്ടു ചെയ്യാതിരിക്കുമ്പോൾ ഞാനീ ആളുകളെ ചൂഷണം ചെയ്യുകയാണ്. ഇപ്പോൾ ഒരു ഭൂസമരം ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിലഞ്ഞൂറു കുടുംബങ്ങളുണ്ട്. ആ ഭൂമി അവരെ ഏൽപ്പിക്കുമെന്ന പൂർണ്ണ ഉത്തരവാദിത്തത്തോടുകൂടിയാണ് ഞാനതു ചെയ്യുന്നത്. പ്രതിഫലം പ്രതീക്ഷിക്കാതെ ചെയ്യുന്നതാണ് നമ്മുടെ കടമ.

*കേരളത്തിൽ ഇങ്ങനെയുള്ള സ്ത്രീകൾ ഒരുമിച്ചുനിന്നാൽ ഒരുപാടുകാര്യങ്ങൾ ചെയ്യാൻ പറ്റും. പക്ഷേ, അങ്ങനെയൊരു ഒരുമിപ്പ് ഉണ്ടാകുന്നില്ലല്ലോ.*

ഉണ്ടാകുന്നില്ല. എനിക്ക് ആശ്രയത്വ അവസ്ഥയിൽനിന്ന് സ്വയംപര്യാപ്ത അവസ്ഥയിലേക്കു വന്നുകൊണ്ടിരിക്കുകയാണ്. പാർട്ടിക്കാർക്ക് നമ്മളെപ്പോഴും അവരുടെ ആശ്രയത്തിൽ നിൽക്കണം. ഗോത്രമഹാസഭയുടെ ഉദ്ദേശ്യം, ഞാനൊക്കെ സ്വപ്നം കാണുന്നത്, ജനങ്ങൾ സ്വാശ്രയരും സ്വതന്ത്രരുമാകണമെന്നാണ്. ഗോത്രമഹാസഭയിൽ ഉള്ളവർ എല്ലാ കാലവും സംഘടനയിൽതന്നെ നിന്നോളണമെന്നില്ല. സ്വാശ്രയത്തിൽ ജീവിക്കാൻ കഴിയണം. സി.കെ. ജാനുവിന് "കീജെയ്" വിളിക്കാൻ പത്താളുവേണ്ട. അങ്ങനെ വിളിക്കേണ്ടിവരുമ്പോൾ എനിക്കവരെ തീറ്റിപ്പോറ്റേണ്ടിവരും. അതെനിക്കു കഴിയില്ല. എനിക്കീ സമൂഹത്തോട് ചില ഉത്തരവാദിത്തമുണ്ട്. എനിക്കതു ചെയ്യണം. എല്ലാവർക്കും അങ്ങനെ ഒരുത്തരവാദിത്തമുണ്ട്. ഈ ഉത്തരവാദിത്തം തിരിച്ചറിയുന്നവരെങ്കിലും അതു ചെയ്യണം. ഏതു പാതിരാത്രി ആളു വന്നു വിളിച്ചാലും ഞാൻ പോകും. അതെന്റെ ഉത്തരവാദിത്തമാണ്.



പൊതുസമൂഹത്തിൽനിന്ന് സാധാരണരീതിയിൽ ഒരു സ്ത്രീക്കുണ്ടാകുന്ന പീഡനം ഉണ്ടായിയെന്നു തോന്നുന്നില്ല. അത് നമ്മൾ അൻപതാളുകളൊരുമിച്ചു നിൽക്കുമ്പോൾ 25 ആളുകൾ എനിക്കെതിരായി തിരിയുമെന്നും പത്താളുകളെങ്കിലും എന്നെ ചീത്തവിളിക്കുമെന്നും ഞാൻ മുന്നേ കാണുന്നു. അതുകൊണ്ടങ്ങനെ ചീത്തവിളി കേൾക്കുമ്പോൾ എനിക്കൊന്നും തോന്നുന്നില്ല. എന്താണെന്നുവെച്ചാൽ നമ്മളതു മുന്നേ കാണുന്നതുകൊണ്ട്. പക്ഷേ, ഞങ്ങളാദിവാസികളുടെ ഇടയിൽ സാധാരണ ആളുകളുടെ ഇടയിൽ ഉള്ളതിനെക്കാൾ യോജിപ്പ് കാണുന്നുണ്ട്.■

# തായ്കുല സംഘം



മായ.ടി.വി

**പ്രകൃതി......** ദൈവം ഭൂമിയിൽ ജീവജാലങ്ങൾക്ക് കനിഞ്ഞു നൽകിയ വരദാനം. സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി ദൈവത്തിന്റെ സ്വന്തം നാട്ടിൽ ആ പ്രകൃതിയെ വലിച്ചുകീറിയപ്പോൾ നഷ്ടമായത് ഒരു പ്രദേശത്തിന്റെ മുഖമായിരുന്നു. അവിടുത്തെ മനുഷ്യരുടെ ജീവിതവും അവിടുത്തെ പ്രകൃതിയുമായിരുന്നു. നഷ്ടമായ പ്രകൃതിയുടെ തേങ്ങലായി അവിടെ അവശേഷിച്ചത് വിശന്ന വയറുകളുടെ രോദനങ്ങളും അമ്മമാരുടേയും കുട്ടികളുടേയും തേങ്ങലുകളും മാത്രം. ആ നാടിനെ വീണ്ടുംവീണ്ടും പിച്ചിച്ചീന്താൻ മദ്യവും മയക്കുമരുന്നുംകൂടി എത്തിയപ്പോൾ പച്ചയായ കുറേ മനുഷ്യരും ജീവിതവും കഥാവശേഷരായി. ആ നാടാണ് അട്ടപ്പാടി. പക്ഷേ, അതിജീവനത്തിനായുള്ള ആ കുടുംബങ്ങളുടെ പ്രയത്നവും അവർക്കു താങ്ങായി ഒരു പ്രസ്ഥാനവും ഉണ്ടായപ്പോൾ ആ നാടും ഉണർന്നു. അങ്ങനെ അഹാഡ്സും അവരുടെ താങ്ങായി തായ്കുലസംഘങ്ങളും ഉണ്ടായി. ഇന്ന് അവർ സ്വപ്നം കാണുന്നത് പുതിയ പുലരിയും ജീവിതവുമാണ്.

നശീകരിക്കപ്പെട്ട ഭൂമിയിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ നേടിയെടുത്ത വിജയം മദ്യത്തിന്റെ ചൂരേറ്റ് വാടിത്തളരുമ്പോൾ തളരാൻ ആ അമ്മമാർ തയ്യാറായിരുന്നില്ല. വീറും വാശിയും അവരുടെ സിരകൾ ഉത്തേജിപ്പിച്ചു. അവർക്ക് നഷ്ടമായത് അവരുടെ ജീവിതങ്ങളാണെന്ന് അവർ തിരിച്ചറിഞ്ഞു. അതിൽനിന്ന് ഉടലെടുത്ത പ്രജ്ഞ അവരെ സമരാവേശരാക്കി. അവർ അവരുടെ ജീവിതംകൊണ്ട് വിരീച്ചെടുത്ത വിപ്ലവമാണ് തായ്കുല സംഘം. മദ്യപിച്ചെത്തുന്നവരെ തങ്ങളുടെ ഊരുകളിൽ കയറ്റില്ലെന്ന് അവർ പ്രഖ്യാപിച്ചു. മദ്യലോബികളെ നാട്ടിൽനിന്ന് കെട്ടുകെട്ടിക്കുമെന്ന് അവർ പ്രതിജ്ഞയെടുത്തു. ഭരണകേന്ദ്രങ്ങളും അവർക്ക് താങ്ങായി നിന്നതോടെ അവരുടെ മനസ്സുകളിൽ ജീവന്റെ പുതുജലം വീണുകൊണ്ടിരുന്നു.

അട്ടപ്പാടിയും തിരുവനന്തപുരവും തമ്മിലുള്ള ദൂരം പകുതിയായിക്കുറഞ്ഞു. മന്ത്രിമാരുടെ ഓഫീസുകളും ഭരണനിർവഹണ ഓഫീസുകളും ഈ അമ്മമാരുടെ നിത്യസന്ദർശനസ്ഥലമായി മാറി. തത്ഫലമായി ഭരണസിരാകേന്ദ്രങ്ങളിൽ ചൂടേറിയ ചർച്ചകൾക്ക് വഴിയൊരുക്കുകയും ഒട്ടേറെ പരിഷ്കരണങ്ങൾ അട്ടപ്പാടിക്കുവേണ്ടി നടപ്പിലാക്കുകയും ചെയ്തു.

1. അഗളി ആസ്ഥാനമായി ഡി.വൈ.എസ്.പി. ഓഫീസ് നിലവിൽ വന്നു.

2. അഹാഡ്സ് ചെയർമാനും അഡീഷണൽ ഡി.ജി.പി.യും എക്സൈസ് കമ്മീഷണറും മെമ്പർമാരായി ഒരു ഉന്നത അധികാരസമിതി നിലവിൽവന്നു. ജില്ലാ അടിസ്ഥാനത്തിൽ അഹാഡ്സ് പ്രൊജക്ട് ഡയറക്ടർ ചെയർമാനായും കലക്ടറും സൂപ്രണ്ട് ഓഫ് പോലീസും അഡീഷണൽ എക്സൈസ് ഓഫീസറും അംഗങ്ങളായും കമ്മിറ്റി നിലവിൽ വന്നു.



2002-ൽ നട്ടക്കൽ ചുണ്ടപെട്ടിയിൽ രൂപീകൃതമായ തായ്കുല സംഘം അട്ടപ്പാടിയിലെ വ്യാപകമായ മദ്യത്തിനും മയക്കുമരുന്നിനും എതിരായി പ്രവർത്തിക്കുന്നതിനുവേണ്ടി അഹാഡ്സിന്റെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട ആദിവാസി സ്ത്രീ സംഘടനയാണ്. ഇന്ന് അത് കേവലം മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള സമരമല്ല. തങ്ങളുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ കണ്ടെത്തുകയും അവയ്ക്ക്

ഉചിതമായ പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരുനാടിനെ മുഴുവൻ ഇളക്കിമറിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അവർ കണ്ടെത്തിയ വിജയം കേവലം അട്ടപ്പാടിക്കു മാത്രമല്ല. കേരളത്തിനാകെ അഭിമാനമാണ്. സ്ത്രീകൾ ഒന്നിച്ചുനിന്നാലുണ്ടാകുന്ന ശക്തി അവർ സമൂഹത്തിനു ബോദ്ധ്യപ്പെടുത്തി.

സമൂഹം നന്നാകണമെങ്കിൽ ആദ്യം കുടുംബം നന്നാകണം എന്നതിൽ ഊന്നി ഇന്ന് ആദിവാസി സ്ത്രീകൾ തങ്ങളുടെ കുടുംബത്തേയും നല്ലരീതിയിൽ കൊണ്ടുപോകുന്നതിനുള്ള കഠിന പ്രയത്നത്തിലാണ്. അവർക്കുമുന്നിലെ തടസ്സങ്ങൾ മറികടക്കാൻ അവർ കാണിക്കുന്ന ഉത്സാഹംതന്നെയാണ് അവരുടെ വിജയം.

നട്ടക്കൽ ചുണ്ടപെട്ടിയൂരിലെ ആദിവാസിസ്ത്രീകൾ അവിടുത്തെ ജെ.എഫ്.എം.സി.യുടെ സഹായത്തോടെ സംഘടിച്ച് ഒന്നാമത്തെ തായ്കുലസംഘം രൂപീകരിച്ചു. തുടർന്ന് 1-03-2002-ൽ നട്ടക്കൽ ചുണ്ടപെട്ടിയിൽ നടന്ന യോഗത്തിൽ പരിസരത്തുള്ള 4 ഊരുകളിൽനിന്നുള്ള സ്ത്രീകളെക്കൂടി പങ്കെടുപ്പിച്ച് ചുണ്ടപെട്ടിയിലെ രേശിയെ തലൈവിയായി തെരഞ്ഞെടുത്തു. 2007-ൽ സി.എ-180/2007 ചാരിറ്റബിൾ സൊസൈറ്റി രജി. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തായ്കുലസംഘത്തിനുകീഴിൽ 111-ഊരുകളിലായി ഊരുതല തായ്കുലസംഘങ്ങളും പ്രവർത്തിക്കുന്നു. 16-02-2012-ൽ അഹാഡ്സിന്റെ ധനസഹായത്തോടെ തായ്കുലസംഘത്തിന് ഒരു ഓഫീസ് കെട്ടിടവും ലഭിച്ചിട്ടുണ്ട്.

രൂപീകൃതമായതിനുശേഷം ആദ്യ രണ്ടുവർഷങ്ങളിൽതന്നെ എക്സൈസിന്റേയും പോലീസിന്റേയും അഹാഡ്സിന്റെ മറ്റു ജനകീയ സമിതികളുടേയും പിന്തുണയോടുകൂടി ഊരിനുള്ളിലെ മദ്യ ഉത്പാദനവും വിപണനവും ഉപഭോഗവും കുറയ്ക്കാൻ ഈ സംഘത്തിന് കഴിഞ്ഞു എന്നുള്ളത് ആർക്കും നിഷേധിക്കാനാവാത്ത ഒന്നാണ്.

നയരൂപീകരണത്തിനു സഹായിക്കുന്ന രീതിയിൽ മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ പ്രശ്നങ്ങളുടെ രൂക്ഷാവസ്ഥ ധരിപ്പിക്കുവാനുള്ള ശ്രമങ്ങളും നടത്തിപ്പോരുന്നു. അതോടൊപ്പംതന്നെ വിദ്യാലയസംബന്ധമായ പ്രശ്നങ്ങൾ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ, പാരിസ്ഥിതികപ്രശ്നങ്ങൾ എന്നിവയിലെല്ലാം തങ്ങളുടെ ക്രിയാത്മകമായ പ്രതികരണം ബന്ധപ്പെട്ടവരെ അറിയിക്കാൻ തായ്കുലസംഘത്തിനു കഴിഞ്ഞിട്ടുണ്ട്.

> വികസനപ്രവർത്തനങ്ങൾ വഴി ഊരുകളിൽ എത്തുന്ന പണത്തിന്റെ ഏറിയപങ്കും മദ്യത്തിനായി ചെലവഴിക്കപ്പെടുമ്പോൾ ഇത് ഏറെ ബാധിക്കുന്നത് കുടുംബത്തിലെ സ്ത്രീകളേയും കുട്ടികളേയുമാണ്

അട്ടപ്പാടിയിലെ വ്യാപകമായ മരംമുറിയും പാടവയൽ ഊരിലെ കൊലപാതകവും അടക്കം അട്ടപ്പാടിയിലെ സമഗ്രമായ പ്രശ്നങ്ങളിൽ ഇടപെടുകയും ഇത് ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്യാൻ ഈ സംഘം കാണിച്ച ശ്രമം ശ്രദ്ധേയമാണ്.

മദ്യ ഉപയോഗം കേവലം ഒരു കുടുംബത്തിനോ സമൂഹത്തിനു പോലുമോ മാത്രമല്ല മാനവരാശിയെത്തന്നെ വിഴുങ്ങിക്കളയാൻ കഴിയുന്ന വിഷസർപ്പമാണെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. അഹാഡ്സിന്റെ സർവ്വേകളിൽനിന്നു വ്യക്തമായത് കുടുംബങ്ങളിൽ ഉണ്ടാകുന്ന പ്രധാന കലഹങ്ങൾക്കും ഗാർഹിക അതിക്രമങ്ങൾക്കും കുടുംബബന്ധങ്ങൾ ശിഥിലമാകുന്നതിനും ആത്മഹത്യ, ദുരൂഹമരണങ്ങൾ... എന്തിനേറെ... കുട്ടികളുടെ സ്കൂളിൽനിന്നുമുള്ള കൊഴിഞ്ഞുപോക്കിനുവരെ ഒരു പ്രധാന കാരണം ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും കുടുംബത്തിൽ ഇതുമൂലമുണ്ടാകുന്ന സാമ്പത്തികപ്രശ്നങ്ങളുമാണ്. വികസന പ്രവർത്തനങ്ങൾ വഴി ഊരുകളിൽ എത്തുന്ന പണത്തിന്റെ ഏറിയ പങ്കും മദ്യത്തിനായി ചെലവഴിക്കപ്പെടുമ്പോൾ ഇത് ഏറെ ബാധിക്കുന്നത് കുടുംബത്തിലെ സ്ത്രീകളേയും കുട്ടികളേയുമാണ്. ഈ കാരണത്താൽതന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ പ്രശ്നത്തെ വലിച്ചിഴയ്ക്കാൻ അവർക്കു കഴിയാറുമില്ല. മദ്യത്തിനെതിരെ പ്രവർത്തിക്കാൻ മറ്റു സാമൂഹ്യസംഘടനകളുടെ ഫലപ്രദമായ സഹകരണവും ഉണ്ടായിരുന്നില്ല. മാത്രമല്ല നിലനിൽപ്പ് അത്യന്താപേക്ഷിതമായ ഒരു പ്രവർത്തനത്തിൽ ഏർപ്പെടുന്നതുകാരണം സാമൂഹ്യമായ സ്വീകാര്യത തായ്കുലസംഘത്തിന് പലപ്പോഴും ലഭിക്കാറുമില്ല. തങ്ങളുടെ കുടുംബത്തിന്റെ ഏക വരുമാനമാർഗ്ഗമായവർക്ക് സാമൂഹ്യപ്രവർത്തനത്തിനിടയ്ക്ക് നഷ്ടമാവുന്ന വരുമാനം പലപ്പോഴും കുടുംബത്തിനെ പട്ടിണിയിലേക്കു തള്ളിവിടും എന്ന തിരിച്ചറിവ് തായ്കുലസംഘപ്രവർത്തനത്തിന് തടസ്സമാവാറുണ്ട്. വിശപ്പിനു മുന്നിൽ മറ്റെല്ലാം നിസ്സാരമാണല്ലോ.

മദ്യപാനികളായ പുരുഷന്മാരോട് മല്ലടിക്കുമ്പോൾ പലപ്പോഴും സ്ത്രീകളും കുട്ടികളും കഠിനമർദ്ദനങ്ങൾക്ക് ഇരയാവാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു സൗകര്യം പോലും അട്ടപ്പാടിയിലില്ലാത്തത് പലപ്പോഴും വിനയാകാറുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ തായ്കുലസംഘത്തിന്റെ ഓഫീസ്കെട്ടിടം ഒരു ഷോർട്ട് സ്റ്റേ ഹോം കൂടിയാക്കാൻ കഴിയുമോ എന്ന ശ്രമത്തിലാണ് എന്ന് തായ്കുലസംഘം പ്രസിഡന്റ് ശ്രീമതി. ഭഗവതി രങ്കൻ പറയുന്നു. അവരുടെ അഭിപ്രായത്തിൽ ഏറ്റവും വലിയ പ്രശ്നം ഫണ്ടില്ല എന്നതുതന്നെ. പല പദ്ധതികളും നടപ്പിലാക്കാനുണ്ട്. എന്നാൽ അതെല്ലാം നടപ്പിലാക്കണമെങ്കിൽ വേണ്ടപണം എവിടെ നിന്നു കണ്ടെത്തും? ഒരു ഫണ്ടിങ് ഏജൻസിയും ഇന്നുവരേയും ഇവരെ സഹായിക്കാൻ മുന്നോട്ടുവന്നിട്ടില്ല എന്നത് വളരെ ദുസ്സഹമാ

*(ശേഷം 46-ാം പേജിൽ)*



അഭിമുഖം

# ഈശ്വരി രേശൻ



## തനിമയാർന്ന ഒരു ആദിവാസി സ്ത്രീ നേതൃത്വം

പ്രകൃതി യു. എം

**സ്ത്രീയ്ക്കും** പുരുഷനും ഉള്ള ഇടങ്ങൾ വ്യക്തമായി നിർവഹിക്കപ്പെട്ടിട്ടുള്ള നമ്മുടെ സമൂഹത്തിൽ തീർത്തും സ്ത്രീ ഇടമല്ലാത്ത രാഷ്ട്രീയത്തിൽ പ്രവർത്തിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ ഒന്നാണ്. അതിനാൽതന്നെ ആ അതിർവരമ്പുകളെ മറികടക്കുക എന്നത് ഒരു ആദിവാസി സ്ത്രീയെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിതന്നെയാണ്. രാഷ്ട്രീയത്തിൽ തന്റെ സാന്നിദ്ധ്യമുറപ്പിക്കുന്ന സ്ത്രീകൾ ഉണ്ടെങ്കിലും കാഴ്ചപ്പാടുകളിലും പ്രവർത്തനശൈലികളിലും പുരുഷന്മാരെ അനുകരിക്കുന്നതിനപ്പുറത്ത് സ്വന്തമായ മേൽവിലാസം ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുള്ള ചുരുക്കം ചില സ്ത്രീകളിൽ ഒരാളാണ് ഈശ്വരി രേശൻ എന്ന അട്ടപ്പാടിയിലെ ഇരുള വിഭാഗത്തിലെ ഈ ആദിവാസി സ്ത്രീനേതാവ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയിലൂടെ രാഷ്ട്രീയത്തിലേക്ക് കടന്നുവരികയും സംവരണത്തിന്റെ ഭാഗമായിട്ടാണെങ്കിൽകൂടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആവുകയും ഇന്നും സജീവരാഷ്ട്രീയത്തിൽ തുടരുകയും ചെയ്യുന്നു ഇവർ.

സ്ത്രീശാക്തീകരണത്തിന്റെ പ്രത്യേകിച്ചും രാഷ്ട്രീയ ശാക്തീകരണരംഗത്തെ ഒരു പ്രധാന നേട്ടമായി കണക്കാക്കപ്പെടുന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമായി വന്ന 33% സീറ്റ് സംവരണത്തിലൂടെയാണ് ഈശ്വരിരേശന്റെയും രാഷ്ട്രീയപ്രവേശം. 1995ൽ അട്ടപ്പാടിയിലെ സംവരണമണ്ഡലത്തിൽ സി.പി.ഐ. സ്ഥാനാർത്ഥിയായി മത്സരിക്കാൻ തിരഞ്ഞെടുത്തത് കൂക്കംപാളയം ഊരിലെ ഈശ്വരിരേശനെ ആയിരുന്നു. തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിക്കുകയും അട്ടപ്പാടി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റായി തുടർന്നുള്ള 5 കൊല്ലം ഭരണം നടത്തുകയും ചെയ്തു. അതിനുശേഷം സംവരണമില്ലാതെതന്നെ മത്സരിച്ചു. വിജയം നേടാനായില്ലെങ്കിലും സംവരണത്തിന്റെ ഫലമായി രാഷ്ട്രീയത്തിലിറങ്ങി ആ കാലഘട്ടം പൂർത്തിയാക്കി അപ്രത്യക്ഷരാകുന്ന മറ്റു പല സ്ത്രീകളിൽ നിന്നും വിഭിന്നയായി പാർട്ടിയിലും പൊതുപ്രവർത്തനത്തിലും ഇപ്പോഴും സജീവമായി തുടരുന്നു ഈശ്വരി രേശൻ.




സിപിഐയുടെ സംസ്ഥാന കമ്മിറ്റി അംഗം, കർഷകത്തൊഴിലാളി സംഘം - ദേശീയ കൗൺസിൽ അംഗം, പാർട്ടിയുടെ വനിതാസംഘം, സംസ്ഥാന കമ്മിറ്റി അംഗം, അഖിലേന്ത്യ ആദിവാസി മഹാസഭയുടെ സംസ്ഥാന ജനറൽ സെക്രട്ടറി, നാഷണൽ എക്സിക്യൂട്ടീവ് അംഗം, പട്ടികവർഗ്ഗ സ്റ്റേറ്റ് അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

ഈ സ്ഥാനമാനങ്ങൾ കരസ്ഥമാക്കുന്നതിനും പാർട്ടിക്കതീതമായി അട്ടപ്പാടിയിലെ ജനങ്ങൾക്കിടയിൽ സ്വീകാര്യത നേടുന്നതിനും അവരുടെ ആദിവാസിസൗഹൃദപരമായ കാഴ്ചപ്പാടുകളും പ്രവർത്തനശൈലിയും കാരണമായിത്തീർന്നിട്ടുണ്ട്. അട്ടപ്പാടിയെപ്പോലെ താരതമ്യേന അവികസിതമായ ഒരു ആദിവാസി പ്രദേശത്ത് അത്തരം പ്രവർത്തനങ്ങൾ വളരെ പ്രാധാന്യമേറിയതാണ്താനും. അട്ടപ്പാടിയിലെതന്നെ മറ്റുപല നേതാക്കന്മാരിൽനിന്നും വ്യത്യസ്തമായി ആദിവാസികളുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതുകൊണ്ട്തന്നെയാവണം ആദിവാസി ഭൂപ്രശ്നങ്ങളും പല ആദിവാസി ഊരുകളിലും വീടുവെക്കാൻ സ്വന്തം ഇടമില്ലാത്തതും അടിസ്ഥാനസൗകര്യങ്ങൾപോലും ഇല്ലാത്തതും ആദിവാസി ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥയും അതിനുത്തരവാദികളായ ഏജൻസികളുടെ പലപ്പോഴുമുള്ള നിസ്സഹകരണവും ഇവരെ വേദനിപ്പിക്കുന്നത്.

രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയില്ലായിരുന്നെങ്കിൽ സാമ്പത്തികമായി കുറച്ചുകൂടി മെച്ചപ്പെട്ടരീതിയിൽ ജീവിക്കാമായിരുന്നെങ്കിലും തന്റെ സമൂഹത്തിനുവേണ്ടി ഒന്നും ചെയ്യാനാകുമായിരുന്നില്ലല്ലോ എന്നവർ പറയുമ്പോൾ അതു വെറും വാക്കല്ല എന്ന് അവരുടെ ജീവിതരീതിതന്നെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. കൂടെ അധികാരങ്ങൾ കയ്യാളിയവർ ഏറെയും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലേക്ക് മാറിയപ്പോഴും അതിലേക്കു മാറിയില്ല എന്നുമാത്രമല്ല അഴിമതിക്ക് എതിരെയാണ് എന്ന് ജീവിതംകൊണ്ടവർ നമ്മെ ബോദ്ധ്യപ്പെടുത്തുന്നുമുണ്ട്. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുമ്പോൾ, എസ്.സി/എസ്.ടി. ഡവലപ്മെന്റ് കോർപ്പറേഷനിൽനിന്നും ലോൺ എടുത്താണ് അവർ വീട് പണിതത്.

മാത്രമല്ല, അഴിമതി ഇല്ലാതാക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ വലുതാണെന്ന അഭിപ്രായമാണവർക്ക്. അതിനുദാഹരണമായി അവർ ചൂണ്ടിക്കാണിക്കുന്നത് അവരുടെതന്നെ അനുഭവമാണ്. അവർ വിവരിക്കുന്നതിങ്ങനെ– "95ൽ ത്രിതലപഞ്ചായത്ത് സംവിധാനം വന്നപ്പോഴാണ് ഞാൻ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റാവുന്നത്. അന്ന് 33% സ്ത്രീസംവരണമുണ്ടായിരുന്നു. അതുവരെയുള്ള പല രേഖകളും പരിശോധിച്ചപ്പോൾ ഞങ്ങൾക്ക് ബോദ്ധ്യമായി പല പ്രവർത്തനങ്ങളും കടലാസുകളിൽമാത്രമാണെന്ന്. പിന്നീടുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ നേരിട്ടിടപെടുമായിരുന്നു. പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുമായിരുന്നു. സ്ത്രീകളായതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർക്ക് ഞങ്ങളെ ഭയമായിരുന്നു. മാത്രമല്ല പ്രവർത്തനങ്ങളിൽ കൂടുതൽ ആത്മാർത്ഥത കാണിച്ചതും അവയെക്കുറിച്ച് പഠിച്ചതും സ്ത്രീകളാണ്."



പഞ്ചായത്തുകൾ സ്ത്രീകൾക്കായുള്ള ഫണ്ട് വിനിയോഗിക്കുന്നത് ശരിയായ രീതിയിലല്ല, അവർ ഉണ്ടാക്കുന്ന പ്രോജക്ടുകൾ പലപ്പോഴും എളുപ്പത്തിൽ നിശ്ചിത തുക ചെലവഴിക്കാൻവേണ്ടി മാത്രമുള്ളതാണെന്നും അത് സ്ത്രീകളുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെ ഉള്ളവയുമാണെന്ന് അഭിപ്രായം തുറന്നു വ്യക്തമാക്കുന്നു, ഈശ്വരി രേശൻ. അവർ പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ സ്ത്രീകളുടെ സ്വയംസഹായസംഘങ്ങളുടെ രൂപീകരണത്തിനായി 20 – 25% ഫണ്ടുവരെ വിനിയോഗിച്ചിരുന്നു. സ്വയംസഹായസംഘങ്ങൾ സ്ത്രീകളുടെ സാമ്പത്തികശാക്തീകരണം ലക്ഷ്യംവെച്ചുകൊണ്ടുള്ളതാണെങ്കിലും പേരിൽമാത്രം സ്ത്രീകളുടേയും അതിന്റെ നിയന്ത്രണം പുരുഷന്മാരുടെയും കൈകളിൽ ആവുന്ന അവസ്ഥയിലേക്ക് നീങ്ങാറുണ്ട്. മാത്രമല്ല, വീട്ടുചെലവുകൾ നോക്കുകയും ഭർത്താവിന് മദ്യപിക്കുന്നതിനുൾപ്പെടെയുള്ള പണം കണ്ടെത്തുകയും ചെയ്യുക എന്ന അധികഭാരവും ചില സ്ത്രീകളിലേക്ക് ചുമത്തപ്പെടുന്നു. ഇതൊക്കെ ആണെങ്കിലും സ്വയംസഹായസംഘങ്ങളിൽ ചിലതെങ്കിലും വളരെ നന്നായി പ്രവർത്തിക്കുകയും സ്ത്രീശാക്തീകരണത്തിന് ഏതെങ്കിലുമൊരുവിധത്തിൽ സഹായമാവുകയും ചെയ്യുന്നു. അതിലുമുപരി സ്ത്രീകൾക്കായി നിർദ്ദേശിച്ചിട്ടുള്ള ഫണ്ട് മുഴുവനും ഉപയോഗിക്കുകമാത്രമല്ല, പൊതുഫണ്ടിൽനിന്നും കുറച്ചുശതമാനം കൂടി ഉപയോഗപ്പെടുത്താനായി എന്നതിന് അവരെ പ്രശംസിച്ചേ മതിയാവൂ.

ഒരു സ്ത്രീരാഷ്ട്രീയപ്രവർത്തക എന്ന നിലയിൽ കുടുംബവും രാഷ്ട്രീയവും എന്ന വേർതിരിവ് തന്റെപ്രവർത്തനങ്ങളിലില്ലെന്നും സ്ത്രീ എന്നത് തന്റെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താറില്ലെന്നും പറയുന്ന ഈശ്വരി രേശൻ സ്ത്രീ എന്ന പേരിലോ ആദിവാസി എന്ന പേരിലോ സംഘടനയ്ക്കത്തോ പുറത്തോ ഉള്ള വേദികളിൽ തഴയപ്പെട്ടിട്ടുമില്ല എന്നു വിശ്വസിക്കുന്നു.

സംവരണത്തിന്റെ പേരിൽ മാത്രം രാഷ്ട്രീയത്തിൽ പ്രത്യക്ഷപ്പെട്ട് 5 വർഷത്തെ ഭരണം പൂർത്തിയാക്കി മറഞ്ഞുപോകുന്ന മറ്റു സഹയാത്രികരെക്കുറിച്ച് ചോദിച്ചപ്പോൾ അവരെ രാഷ്ട്രീയത്തിൽ നിലനിർത്തേണ്ടത് കൊണ്ടുവന്ന പാർട്ടികളുടെ കടമയാണ്. അത് സാമ്പത്തികമായും സ്ഥാനങ്ങളും പ്രവർത്തനമേഖലയും നൽകിക്കൊണ്ടുതന്നെ. താൻ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടപ്പോഴും ഒരു പാർട്ടി ജനപ്രതിനിധി എന്നതിലുമുപരി തന്റെ പാർട്ടി പുതിയ പ്രവർത്തനമേഖലകൾ നൽകിയതും സ്വന്തം താത്പര്യവുമാണ് തന്നെ നിലനിർത്തിയത് എന്ന നിലപാടാണ് ഈശ്വരി രേശന്.

അട്ടപ്പാടിയിലും പുറംലോകത്തിന്റെ കടന്നുകയറ്റത്തിന്റെ ഫലമായി ചൂഷണത്തിനിരകളായിത്തീരുന്ന പെൺകുട്ടികൾ നിരവധിയാണ്. ഇത്തരം 'അവിവാഹിതരായ അമ്മമാരാ'ക്കപ്പെട്ട 37 കേസുകൾ ഈശ്വരി രേശൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ ശേഖരിച്ചിരുന്നു. എന്നാൽ അവരിൽ മിക്കവരും തന്റെ കുട്ടികളെ നഷ്ടപ്പെടും എന്ന ഭയത്താൽ പോലീസിൽ പരാതിപ്പെടാൻ മടിച്ചിരുന്നു. പക്ഷേ, ചിലകേസുകളിലെങ്കിലും ഇടപെടാനും അതിനുത്തരവാദികളായവർക്ക് ശിക്ഷ വാങ്ങിനൽകാനും ഈശ്വരി രേശൻ ശ്രമിച്ചു. എങ്കിലും ഇത്തരം കേസുകളിലും ആളുകളെ കണ്ടെത്താൻ മതിയായ തെളിവുകൾ ലഭ്യമല്ലായിരുന്നത് ഒരു കേസ് വിവരിച്ചുകൊണ്ട് ഈശ്വരി രേശൻ പങ്കുവെച്ചു.

"പാലൂർ എന്ന ഒരു ഊരിൽ കെട്ടിടം പണിക്ക് വന്ന ഒരു ചെറുപ്പക്കാരനുമായി ആ ഊരിലെ ഒരു പെൺകുട്ടി അടുക്കുകയും അവൾക്ക് ഒരു കുട്ടിയുണ്ടാകുകയും ചെയ്തു. പക്ഷേ, പണികഴിഞ്ഞ് അയാൾ തിരിച്ചുപോയി. കുമാർ എന്ന പേരും ഒരു അവ്യക്തമായ നമ്പറും മാത്രമാണ് ആ പെൺകുട്ടിയുടെ കയ്യിൽ അവശേഷിച്ചത്. പിന്നീട് അയാളെക്കുറിച്ച് ഒരു വിവരവും ഉണ്ടായതുമില്ല." ഒരുപക്ഷേ, അട്ടപ്പാടിയിലെ മറ്റുനേതാക്കൾ മനസ്സിലാക്കുന്നതിലുമപ്പുറം ഈ പ്രശ്നങ്ങളെ ഉൾക്കൊള്ളാൻ ആദിവാസിസ്ത്രീ എന്നുള്ള അവരുടെ അസ്തിത്വം അവരെ സഹായിക്കുന്നുണ്ടാകണം.

*(ശേഷം 56-ാം പേജിൽ)*

# ആദിവാസി സ്ത്രീ ജീവിതം

(തൃശ്ശൂർ വിമലാ കോളേജിൽ 2012 സെപ്റ്റംബർ 21 ന് സോഷ്യൽ വർക്ക് വിദ്യാർത്ഥികളുടെ സംഗമത്തിൽ നടത്തിയ പ്രസംഗം)



കെ. കാളി

**ഞാൻ** ഇന്ന് നിങ്ങളുടെ മുമ്പിൽ നിൽക്കുന്നതിൽ വളരെ സന്തോഷവും അഭിമാനവും തോന്നുന്നു. നാളത്തെ വരുന്ന തലമുറകൾ മുതൽ സമൂഹത്തിലേക്കു പോകുന്ന നിങ്ങളുടെ മുമ്പിൽ നിൽക്കുന്നതുകൊണ്ടാണ് ആ സന്തോഷം.

നിങ്ങളുടെ മുമ്പിൽ ഒരു പ്രസംഗം നടത്താനല്ല എനിക്കാഗ്രഹം. കാരണം ഇന്നത്തെ വിഷയം എന്നത് "സുസ്ഥിരവികസനവും ആഗോളതല താപനിലയും" ഈ വിഷയത്തെക്കുറിച്ചാണ് ഇന്ന് ഇവിടെ സെമിനാർ നടക്കുന്നത്. അതുകൊണ്ടു തന്നെ എന്റെ ജീവിത കഥയായിരിക്കും ഈ തലക്കെട്ടിനുചിതം എന്നു തോന്നുന്നു. ഞാൻ വരുന്നത് അട്ടപ്പാടിയിൽ നിന്നാണ്.

നിങ്ങൾ കേട്ടിട്ടുള്ള അട്ടപ്പാടി എങ്ങനെയായിരിക്കും എന്ന് ഞാൻ പറയാം.

1. കാടിന്റെ ഉള്ളിൽ താമസിക്കുന്നവർ.
2. ഇപ്പോഴും മരത്തിനു മുകളിലാണ് താമസം.
3. വസ്ത്രങ്ങൾക്കു പകരം ഇലകളും മരത്തൊലികളും. അവർ ജാക്കറ്റ് ധരിക്കാതെ മാർക്കച്ചയാണ് ഉപയോഗിക്കുന്നത്.

ഇവരുടെ വികസനത്തിനായി ഗവൺമെന്റ് ധാരാളം ഫണ്ടുകൾ ചെലവഴിക്കുന്നു. പഠിക്കുന്ന കാര്യത്തിൽ ആദിവാസികൾക്ക് സ്വയം ഒന്നും നോക്കണ്ട. എല്ലാം ഗവൺമെന്റ് നോക്കിക്കോളും, എന്നിങ്ങനെ. ഇങ്ങനെയൊക്കെയാണ് നിങ്ങൾ കേട്ടിട്ടുള്ളത്. മാത്രവുമല്ല, വലിയ സ്റ്റേജുകളിലും പൊതുവേദികളിലും മറ്റും സർക്കാരും രാഷ്ട്രീയ നേതാക്കളും സംസാരിക്കുന്ന ഒരു വാക്കാണ് "പാവപ്പെട്ട ആദിവാസികൾ". അങ്ങനെയാണ് അഭിസംബോധന ചെയ്യുന്നത്.



ഇന്ന് ടി.വി. തുറന്നുനോക്കുമ്പോൾ എത്രയോ വസ്ത്രങ്ങളില്ലാത്ത വേഷങ്ങൾ കാണുന്നില്ലേ ? അവരെ ആരും പരിഹസിക്കുന്നില്ലല്ലോ. പക്ഷേ, ആദിവാസിയുടെ വസ്ത്രധാരണത്തെക്കുറിച്ച് എങ്ങനെയാണ് പ്രതിപാദിക്കുന്നത്.

എന്നാൽ അങ്ങനെയുള്ള അട്ടപ്പാടിയല്ല ഞാൻ വളർന്നുവന്ന അട്ടപ്പാടി. അട്ടപ്പാടി എന്ന പേരു കേൾക്കുമ്പോൾ പേരിൽത്തന്നെ പ്രത്യേകത അട്ടപ്പാടിക്കുണ്ട്. അട്ടകൾ നിറഞ്ഞ സ്ഥലം. അട്ടകൾ എന്നു കേൾക്കുമ്പോൾ നമുക്കെല്ലാവർക്കും അറപ്പാണല്ലേ ? അതിനും ഒരു പ്രത്യേകതയുണ്ട്. അട്ട സമൃദ്ധിയുള്ള സ്ഥലത്തേ താമസിക്കൂ .......... !

അതുപോലെ സമൃദ്ധമായ അട്ടപ്പാടി, ധാന്യങ്ങൾ നിറഞ്ഞ് കിടക്കുമായിരുന്നു. കൃഷിസ്ഥലത്തും വീടുകളിലും അത് മണ്ണിനടിയിലാണ് സൂക്ഷിക്കുന്നത്.

നിറഞ്ഞ കാടുകളും പുഴകളും കാട്ടുപ്പൂക്കളും പൂമ്പാറ്റകളും കുറെ പക്ഷികളും എവിടെ നോക്കിയാലും നിറഞ്ഞ കൃഷി. ഇതൊക്കെ കണ്ടിട്ടുള്ള എനിക്ക് ഞങ്ങൾ എങ്ങനെയാണ് പാവപ്പെട്ടവരാകുന്നത് ? ഞങ്ങളുടെ എല്ലാ സമൂഹത്തിനും തനതായ ഭാഷ, വേഷം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഉണ്ട്. എന്നാൽ ഇന്നത്തെ ലോകത്ത് ഇത് എത്ര സമൂഹത്തിനുണ്ട് എന്ന് ചോദിച്ചാൽ ഇല്ല എന്നേ പറയാനാകൂ. എന്നാൽ ആദിവാസികളായ ഞങ്ങൾക്ക് തനതായ ആചാരാനുഷ്ഠാനങ്ങൾ ഉണ്ട്.

ഇന്നത്തെ പൊതു സമൂഹത്തെ വെച്ചുനോക്കുമ്പോൾ അന്ന് ഞങ്ങൾക്കും വിദ്യാഭ്യാസം ഇല്ല. അതായത് ഇന്നത്തെപോലെ ഗർഭത്തി

ലുള്ള കുട്ടികൾക്കുപോലും സ്കൂളിൽ പൈസ അടച്ച് വിദ്യ അഭ്യസിപ്പിക്കുന്നുണ്ടായിരുന്നില്ല. എന്നാൽ ഞങ്ങൾക്ക് ജീവിത വിദ്യാഭ്യാസം ഉണ്ടായിരുന്നു, എങ്ങനെയാണ് പ്രകൃതിയോടും മണ്ണിനോടും ഇണങ്ങി ജീവിച്ചിരുന്നത് ഇന്നെനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഇന്നത്തെ പൊതു വിദ്യാഭ്യാസത്തിൽ പ്രൊഫഷണൽ അടക്കം കുറെ ഉന്നതവിദ്യാഭ്യാസങ്ങൾ, കുറെ പൈസ, വലിയ വലിയ കെട്ടിടങ്ങൾ, നമുക്കാവശ്യമായ ഏതു തരം വാഹനം വേണമെങ്കിലും വാങ്ങിക്കാം എങ്ങനെയുമുള്ള ആധുനിക സംവിധാനവുമുണ്ടാക്കാം. എന്നാൽ ഭക്ഷണത്തിനുവേണ്ടി മറ്റു ചിലരെ ആശ്രയിച്ചേ പറ്റൂ.



എന്നാൽ ആദിവാസികളായ ഞങ്ങൾ അങ്ങനെയല്ല. ഞങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം ഇല്ലായിരിക്കാം. എന്നാൽ ഭക്ഷണത്തിന് ഞങ്ങൾ ഒരാളെയും ആശ്രയിച്ചിരുന്നില്ല. ആർക്കാണോ അവരവർക്കുവേണ്ട ഭക്ഷണം ഉണ്ടാക്കാൻ കഴിയുന്നത് അവരാണ് യഥാർത്ഥ സമ്പന്നൻ എന്ന് എന്റെ അച്ഛൻ, അമ്മയുടെ ജീവിതത്തിൽ നിന്ന് എനിക്ക് മനസ്സിലായി. അതുകൊണ്ടുതന്നെ ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ആദിവാസികളായ ഞങ്ങൾ തന്നെയാണ് സമ്പന്നർ.

ഞങ്ങളുടെ കൃഷി സ്ഥലത്ത് ഒരേ സ്ഥലത്തുതന്നെ (1 ഏക്കർ മുതൽ 3 ഏക്കർ വരെ) കുറഞ്ഞത് 12 ഇനം കൃഷികളാണിറക്കിയിരുന്നത്. അതായത് പയർ, ചീര, റാഗി, ചാമ, പലതരം അമര, പച്ചമുളക്, പലതരം ഇലകൾ, മത്തങ്ങ, മുതലായവ.

ഒരു ദിവസം എന്റെ അച്ഛനോടു ചോദിച്ചു. ഇത്രയധിയകം കൃഷികളുടെ ഇടയിലും ഇത്രയധികം ഗൊണ്ടെപൂക്കർ (ചെണ്ടുമല്ലി), കോഴിച്ചൂട്ട് പൂവ് ഇങ്ങിനെയുള്ള പൂക്കൾ എന്തിനാണ് അച്ഛാ എന്ന് പോദിച്ചു. മറ്റ് കൃഷികളിൽ ചാഴി എന്ന കീടം ഇരിക്കില്ല. ആ കീടങ്ങളൊക്കെ പൂക്കളെ ആകർഷിക്കും. അന്നെന്റെ അച്ഛൻ പറഞ്ഞ ഈ വാക്ക് ! ഇന്ന് എന്റെ അച്ഛൻ ഉണ്ടായിരുന്നെങ്കിലെന്ന് ഞാൻ കൊതിച്ചുപോകുന്നു. കീടനാശിനികളുപയോഗിക്കാതെ എങ്ങനെയാണ് പലതരം കൃഷികൾ ചെയ്യുന്നതെന്ന് ഞങ്ങൾ പഠിച്ചിരുന്നു. ഒരു ദിവസം എന്റെ അച്ഛൻ കൈയിൽ തേൻ ഒഴിച്ചു തരുന്ന സമയത്ത് അച്ഛൻ പറഞ്ഞു, ഈ വർഷം മഴ കുറവായിരിക്കും എന്ന്. ഞാൻ അച്ഛനോടു ചോദിച്ചു. എനിക്ക് തേൻ തരുന്നതുകൊണ്ടാണോ അച്ഛാ മഴ കുറഞ്ഞുപോകുന്നത്. നല്ലൊരു ചിരിയോടെ അച്ഛൻ പറഞ്ഞു. ഈ തേനിന് കട്ടി കൂടുതലാണ് മോളെ. തേനിന് കട്ടി കുറയുമ്പോൾ ആ വർഷം മഴ കൂടുതലായിരിക്കും. പ്രകൃതിയിലൂടെ കാലവർഷത്തെ പ്രവചിക്കാൻ കഴിഞ്ഞിരുന്ന എന്റെ അച്ഛനെ ആദരവുപൂർവ്വം ഞാൻ സ്മരിക്കുന്നു.

ഇന്നെനിക്ക് മനസ്സിലാകുന്നു ഇന്നത്തെ ആഗോള താപനിലയ്ക്കും സുസ്ഥിര വികസനത്തിനും ആദിവാസികളുടെ ജീവിതരീതിതന്നെയാണ് അത്യാവശ്യം. പ്രകൃതി ഞങ്ങൾക്കുവേണ്ടതെല്ലാം തന്നു. ഞങ്ങൾ കൂടുതലായൊന്നും തന്നെ എടുത്തില്ല. കേവലം സാമ്പത്തികമൂല്യത്തിന് മാത്രമായിരുന്നില്ല കാട്. പകരം എല്ലാ ജീവജാലങ്ങളുടെയും എല്ലാ മനുഷ്യരുടെയും പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങളുടെയും നിലനിൽപിന് ഒഴിച്ചുകൂടാനാവാത്ത അടിസ്ഥാന ആവാസവ്യവസ്ഥയാണ് കാട്. ഈ കാടിനോട് എങ്ങനെയാണ് ഇണങ്ങി ജീവിക്കുന്നത് എന്നത് ഞങ്ങളുടെ ഊരുകളുടെ പേരുകേട്ടാൽ തന്നെ മനസ്സിലാകും.

1. പാലൂർ - പാലൊഴുകിയിരുന്ന ഊര്.
2. തേക്കുപ്പന - തേക്കുമരങ്ങളിലൂടെ വെള്ളം ഒഴുകിവന്നിരുന്ന ഊര്.
3. ഷോളയൂർ - നിറയെ കാടുള്ള ഊര്.

എന്റെ അറിവിൽ തന്നെ കുറ്റിച്ചെടികൾ മുതൽ വലിയ മരങ്ങളിലുള്ള 12 ഇനം പഴങ്ങളാണ് എനിക്ക് കഴിക്കാൻ സാധിച്ചിരുന്നത്. പുളിപ്പ് ഇനിപ്പ്, തുവർപ്പ് രുചിയുള്ള പഴങ്ങൾ. പലതരം പൂമ്പാറ്റകളെ കാണാൻ സാധിച്ചിരുന്നു. പ്രത്യേക തരം തുമ്പി വന്നാൽ (കൊണ്ടാതുമ്പി) റാഗിയുടെയും ചാമയുടെയും കാലമായി എന്ന് ഞങ്ങൾക്കറിയാം. വിത്ത് ഇടുന്നതു മുതൽ വിത്തു കൊയ്യുന്നതുവരെ ഞങ്ങളുടെ ആഘോഷം തന്നെയായിരിക്കും. ഇതിന് കമ്പളം എന്ന പേരും പറയും. ഇതിനും പ്രതിഫലങ്ങളില്ല. ഞങ്ങളുടേത് സഹകരണ രീതിയായിരിക്കും.

ഞങ്ങൾക്ക് നല്ലൊരു ഭരണസംവിധാനം ഉണ്ടായിരുന്നു. മൂപ്പൻ, കുറുതലവണ്ടാരി, മണ്ണൂക്കാരൻ., ഗുരുവൻ, ജാതിക്കാരൻ, മുതലായവർ. ഇതിൽ സ്ത്രീ സമത്വം ഉണ്ടായിരുന്നു. മുപ്പത്തിക്കും മണ്ണൂക്കാരിക്കും ജാതിക്കാരത്തിക്കും തുല്യമായ പങ്കുണ്ടായിരുന്നു. ഈ ഭരണസംവിധാനത്തിൽ ലോകസഭയിലും രാജ്യസഭയിലുമുള്ള കയ്യാങ്കളിയുണ്ടായിരുന്നില്ല. ആദിവാസികളുടെ ഭരണസംവിധാനത്തിൽ വലിയവരെന്നോ, ചെറിയവരെന്നോ സ്ത്രീകളെന്നോ കുട്ടികളെന്നോ വേർതിരിവ് ഉണ്ടായിരുന്നില്ല. സത്യസന്ധമായ രീതിയിലാണ് നടപ്പിലാക്കിയിരുന്നത്. എല്ലാവരും പങ്കിട്ട് തിന്നുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. വേട്ടയാടി കിട്ടിയിരുന്നവയിൽ എല്ലാവർക്കും പങ്കു

വെച്ചുകൊടുക്കുന്ന രീതിയാണു ണ്ടായിരുന്നത്.

അതുപോലെത്തന്നെ ചിട്ടയായ ഒരു വർഷത്തെ കലണ്ടർ ആദിവാ സിക്കുണ്ടായിരുന്നു. ഇന്നത്തെ പ്പോലെ എഴുതിവച്ച കലണ്ടറല്ല. അതാണ് ജീവിത കലണ്ടർ. 12 മാസത്തിൽ മാർച്ച് മുതൽ ഏപ്രിൽ വരെ വീട് നന്നാക്കും. മെയ് മുതൽ കൃഷിപ്പണികൾ തുടങ്ങും. ഈ കൃഷിപ്പണി ഫെബ്രുവരിവരെയും ഉണ്ടാകും. ഇതിൽ 3 മാസത്തെ എടുക്കുന്ന വിളവു മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്നതുവരെ യുണ്ട്. ഇതിനിടയിൽ 2 മാസം റെ സ്റ്റ് സമയം. ഉത്തമെ പോകൽ എന്ന് ഇതിനെ പറയും. ഇതിൽ ഉണ്ടായിട്ടുള്ള വിളവുകളിൽ ഉള്ള ഒരു പങ്ക് പരിസരത്തുള്ളവർക്കും മറ്റും കൊടുക്കും. ഈ സമയ ത്തേക്ക് ഞങ്ങളുടെ ശിവരാത്രി ആഘോഷമെത്തുകയും ചെയ്യും.

ഇന്നുണ്ടായിട്ടുള്ള കാലാ വസ്ഥാ മാറ്റത്തിനും സുസ്ഥിര വിക സനത്തിനും ആദിവാസികളുടെ ജീവിത രീതി തിരിച്ചുവരണമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കാരണം 12 ഇനം കാട്ടുപഴം കഴിച്ച എനിക്ക് എന്റെ മകന് ഒരു കാട്ടു പഴം പോലും നൽകാൻ സാധിച്ചില്ല എന്നുവെച്ചാൽ അമ്മമാരും വരും തലമുറയ്ക്ക് അനുഭവിയ്ക്കാൻ ഒന്നും ബാക്കിവെയ്ക്കുന്നില്ല എന്നല്ലേ ? നമുക്ക് നാളത്തെ തല മുറയ്ക്ക് കൊടുക്കാൻ എന്താണു ള്ളത്? ആ തലമുറയെ കൊല്ലുന്ന തിനു തുല്ല്യമല്ലേ നാം ഇന്ന് ചെയ്യു ന്നത്.

പൊതുസമൂഹത്തിനോട് ഞാ നൊരു ചോദ്യം ചോദിക്കുകയാണ്. ആദിവാസികൾ ഒരിക്കലും വിക സനം വേണമെന്ന് ആവശ്യപ്പെട്ടിട്ടി ല്ല. ഉണ്ട് എങ്കിൽ തെളിയിക്കുക. കാരണം ഇന്ന് കോടിക്കണക്കിന് രൂപയാണ് അട്ടപ്പാടിയിൽ ആദിവാ സിക്കൾക്കായൊഴുകുന്നത്. ഇതി നൊരു കണക്കു വേണ്ടേ? ഇതി നൊരവസാനം വേണ്ടേ ? പൊതു സമൂഹത്തിനു മുമ്പിൽ യഥാർത്ഥ കണക്കുകൾ ബോധിപ്പിക്കാൻ ആവശ്യപ്പെടുക, ആദ്യമായി വിക സനം വന്നപ്പോൾ റോഡുവന്നു, അതിലൂടെ കാട് നഷ്ടമായി. കാട് നഷ്ടമായതോടെ ഞങ്ങളുടെ സമ്പത്തെല്ലാം നഷ്ടമായി. വിക സനത്തിന്റെ വഴികൾ ഇങ്ങനെ തുട രുന്നു. . . ! ഇതാണ് അട്ടപ്പാടി യിലെ ആദിവാസി സ്ത്രീ ജീവിതം. നിങ്ങൾ കുറെയേറെ പഠനങ്ങൾ വികസനത്തിന്റെ ഭാഗമായി നട ത്തിയിട്ടുണ്ടാവാം. ഇല്ലായ്മയുടെ അട്ടപ്പാടിയെ കണ്ടിട്ടുമുണ്ടാകാം. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാനിപ്പോൾ പറഞ്ഞ സമൃദ്ധി യുടെ അട്ടപ്പാടിയെ നിങ്ങൾ എന്താണ് കണ്ടെടുക്കാത്തത് ? ■

---

*(8-ാം പേജിൽനിന്നും തുടർച്ച)*

ഏറ്റവും വലിയ ഉദാഹരണം. 1975 ൽ ധേബർ കമ്മീഷൻ നിർദ്ദേശപ്രകാരം ഉണ്ടായ ആദിവാസി ഭൂസംരക്ഷണ നിയമപ്രകാരം ആദിവാസികളുടെ ഭൂമിയൊന്നും കാര്യമായി സംരക്ഷിക്കപ്പെട്ടില്ലെന്നു മാത്രമല്ല, അത് നടപ്പി ലാക്കേണ്ട ഗവൺമെന്റുതന്നെ അത് മാറ്റിയെടുക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമിച്ചു. 1996ൽ അതു മാറ്റിയെടു ക്കാൻ വേണ്ടി കേരള നിയമസഭയിൽ വന്നപ്പോൾ എതിർത്തു വോട്ടു ചെയ്തത് ശ്രീമതി. കെ.ആർ. ഗൗരിയമ്മ മാത്രമായിരുന്നു. അത് നടക്കാതെ പോയത് 9-ാം പട്ടികയിൽപ്പെട്ട നിയമമായതിനാൽ പ്രസിഡണ്ടിന്റെ അനു മതി ലഭിക്കേണ്ടതുണ്ടായിരുന്നു. പ്രസിഡണ്ട് കെ.ആർ. നാരായണൻ ആ ഭേദഗതിക്ക് അനുമതി നിഷേധിച്ചു. എങ്കിലും മറ്റൊരു രൂപത്തിൽ ഇത് 1999 ൽ കേരള നിയമസഭ പാസ്സാക്കുകയും അത് 2009 ൽ സുപ്രീംകോടതി ശരിവെയ്ക്കുകയും ചെയ്തു. ഈ നിയമമനുസരിച്ച് 5 ഏക്കറിൽ താഴെയുള്ള ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമിയാണ് ലഭിക്കുക. അതുപോലെ ആദിവാസിക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള വിവിധ പരിപാടികളുമു ണ്ട്. പക്ഷേ, പലതും 1975 ലെ നിയമംപോലെത്തന്നെ നടപ്പാക്കാതെ നിൽക്കുന്നു. ഭൂമി സംബന്ധിച്ച കൃത്യ മായ ഒരു നയമോ സമീപനമോപോലും ഇപ്പോഴുമില്ല. ആദിവാസി ഭൂമി സംബന്ധിച്ച് കേരളത്തിലുണ്ടായ ശ്രദ്ധേയമായ സമരം മുത്തങ്ങയിലാണ്. ആദിവാസികൾ ഭൂമിയ്ക്കായ് സർക്കാർ ഭൂമിയിൽ കുടിൽ കെട്ടി മാസങ്ങളോളം സമരം ചെയ്തു. ഒടുവിൽ പോലീസ് വെടിവെയ്പ്പും മർദ്ദനവുമെല്ലാമുണ്ടായി. കേരള മുഖ്യമ ന്ത്രിയായിരുന്ന എ.കെ. ആന്റണി സെക്രട്ടേറിയറ്റിൽ ഭൂമിക്കായ് സമരം ചെയ്ത സമയത്ത് ഉണ്ടാക്കിയ കരാർ നടപ്പാക്കാത്ത സാഹചര്യത്തിലാണ് മുത്തങ്ങയിൽ സമരമുണ്ടായത്. അവിടെ സമാന്തരമായ ആദിവാസി ഗ്രാമ ങ്ങൾ സൃഷ്ടിച്ചുകൊണ്ടായിരുന്നു സമരം. ഒടുവിൽ സമരം തകർക്കപ്പെട്ടുവെങ്കിലും പൊതുസമൂഹത്തിനു മുന്നിൽ ആദിവസി ഭൂമി പ്രശ്നം, ആദിവാസി പ്രശ്നങ്ങൾ എന്നിവ സമഗ്രമായി അതരിപ്പിക്കപ്പെട്ടു. ആദിവാ സിപുനരധിവാസമിഷൻ രൂപീകരിക്കപ്പെട്ടു. ആദിവാസി സ്ത്രീകളെ ചൂഷണം ചെയ്യപ്പെടുന്ന കാര്യത്തിലും ചില സെൻസേഷണൽ നടപടിയെയാണ് ദൃശ്യവൽക്കരിക്കുന്നത്.

ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ അതിക്രമനിരോധനനിയമവും സമാനമാണ്. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ ആദിവാസിസൗഹൃദപരമല്ല. അത് ചാർജ്ജുചെയ്യലും ശിക്ഷിക്കപ്പെടലും വളരെ വിരളമാണുതാനും.

സമൃദ്ധമായ അവരുടെ വായ്ത്താരി സാഹിത്യത്തിൽ അവരുടെ സമൂഹത്തിന്റെ ചരിത്രമുണ്ട്, അവരുടെ ജീവിത വീക്ഷണമുണ്ട്. എന്നാൽ അവരുടെ വികസനത്തിന്റെ ചരിത്രം വാഗ്ദാനലംഘനങ്ങളുടെയും നടപ്പി ലാക്കാത്ത നിയമങ്ങളുടെയും അവകാശലംഘനങ്ങളുടെയും ആവർത്തനങ്ങൾതന്നെയാണ്. വാഗ്ദാ നലംഘനങ്ങളുടെയും നടപ്പിലാക്കാത്ത നിയമങ്ങളുടെയും അവകാശലംഘനങ്ങളുടെയും ആവർത്തനങ്ങൾ തന്നെയാണ് ആദിവാസികളുടെ ചരിത്രമായി സമാഹരിക്കാനാവുക. ■

*(അവലംബം: ബി.ഡി.ശർമ്മയുടെ 'ദി അൺബ്രോക്കൺ ഹിസ്റ്ററി ഓഫ് ബ്രോക്കൺ പ്രോമിസസ്' എന്ന പുസ്തകം)*

പെൺപക്ഷം

# ആൺകോയ്മയെ പിടിച്ചുലച്ച രണ്ട് ബില്ലുകൾ

**കെ. അജിത**

**ഇക്കഴിഞ്ഞ** മാസങ്ങളിൽ നാടിന്റെ പല കോണുകളിൽ നിന്നും പതുങ്ങിയ മട്ടിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു കേന്ദ്രസർക്കാർ ബില്ലുണ്ട്. വീട്ടമ്മമാർക്ക് ഭർത്താവിന്റെ ശമ്പളത്തിൽ നിന്നും എല്ലാ മാസവും ഇരുപതുശതമാനം വേതനമായി കൊടുക്കണമെന്നാണ് ആ ബിൽ ആവശ്യപ്പെടുന്നത്. ഇങ്ങനെയൊരു ബില്ല് മുന്നോട്ട് വെച്ചത് കേന്ദ്ര സർക്കാറിന്റെ സ്ത്രീക്ഷേമവകുപ്പാണ്. ഇതേ കുറിച്ച് സ്ത്രീ സംഘടനകളുടെ അഭിപ്രായമാരായാൻ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ടെന്നും കേൾക്കുന്നു. ഇതിന്നിടയ്ക്ക് മറ്റൊരു ബില്ലും ചർച്ച ചെയ്യപ്പെടുന്നുണ്ട് - വിവാഹാനന്തര സ്വത്തവകാശത്തെ സംബന്ധിക്കുന്ന ബിൽ. പലവിധ സമ്മിശ്ര പ്രതികരണങ്ങൾക്കും ഈ ബില്ലുകൾ കാരണമായിട്ടുണ്ട്.

ഈ രണ്ട് ബില്ലുകളും സ്ത്രീ പുരുഷ ബന്ധങ്ങളിലെ ഏറ്റവും സ്വകാര്യമെന്ന് കരുതപ്പെടുന്ന രണ്ട് വശങ്ങളെയാണ് കൈകാര്യം ചെയ്യുന്നത്. ഇതിന് ആദ്യം തന്നെ ധൈര്യം കാണിച്ചത് 2005 ൽ പാർലമെന്റ് പാസാക്കിയ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കാനുള്ള നിയമം (Protection of Women from Domestic Violence Act, 2006) ആണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ നിയമനിർമ്മാണ സഭകളായ പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകണമെന്ന ബിൽ പതിറ്റാണ്ടുകളായി ഗതികിട്ടാ പ്രേതം പോലെ പാർലമെന്റിന്റെ നാലതിരുകൾക്കുള്ളിൽ കിടന്നലയുകയാണ്. ആ ബിൽ പാസാക്കുന്നതിന് പകരമായി ഇന്ത്യയിലെ സ്ത്രീ സമൂഹത്തെ ഒന്ന് സമാധാനിപ്പിക്കാൻ ഇടക്കാലാശ്വാസം പോലെ കിട്ടിയ ഒരു നിയമമാണ് PWDV ACT. പക്ഷെ അത് പാസാക്കപ്പെട്ടതിനു ശേഷം തങ്ങൾ എത്ര അപകടകരമായ ഒരു നിയമമാണ് പാസാക്കിയതെന്ന് പുരുഷന്മാരായ ലോകസഭാസാമാജികർ മനസ്സിലാക്കിയെന്ന് പല ടി.വി ചർച്ചകളിൽ നിന്നും പത്രവാർത്തകളിൽ നിന്നുമൊക്കെ അറിഞ്ഞിരുന്നു. വീട്ടിനുള്ളിൽ സ്ത്രീകളെ പീഡിപ്പിക്കുന്നത് പാരമ്പര്യമായി പകർന്നുകിട്ടിയ ഒരവകാശമെന്നോണം കൊണ്ടു നടന്ന ആൺകോയ്മയുടെ അധികാര ഘടനയ്ക്ക് ആകെ ഇളക്കം തട്ടുന്ന രീതിയിൽ ഈ നിയമത്തെ സ്ത്രീ സമൂഹം നെഞ്ചിലേറ്റുകയും ആവും വിധം ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. അതുകൊണ്ടു തന്നെ ഈ നിയമം മാറ്റണമെന്നും പരിഷ്കരിക്കണമെന്നുമൊക്കെയുള്ള ചില പ്രതിഷേധ സ്വരങ്ങൾ കേൾക്കുന്നുണ്ടെങ്കിലും ഇനിയും വിജയം കണ്ടിട്ടില്ല. അത്രത്തോളം നമുക്ക് സമാധാനിക്കാം. എന്നാൽ മുമ്പേ സൂചിപ്പിച്ച രണ്ട് ബില്ലുകളുടെ കഥ ഇതല്ല.

സ്ത്രീകൾ പരമ്പരാഗതമായി ചെയ്യണമെന്ന് സമൂഹം കല്പിക്കുന്ന ജോലിയാണ് വീട്ടമ്മയുടേത്. ഒരു സ്ത്രീയെ ഭാര്യയായി വീട്ടിലേക്ക് കൊണ്ടു വരുമ്പോൾ ഭർത്താവായ പുരുഷനും മറ്റ് കുടുംബാംഗങ്ങളും പൊതുവെ കണക്കുകൂട്ടുന്നത് ഒരു ജീവിത പങ്കാളിയെ കിട്ടിയെന്നതിലുപരി, ആ വീട്ടിലെ ഭക്ഷണം പാകം ചെയ്യൽ, വീടു വൃത്തിയാക്കൽ, തുണികൾ അലക്കൽ, പ്രായമായവരേയും കുഞ്ഞുങ്ങളേയും ശുശ്രൂഷിക്കൽ തുടങ്ങിയ ജോലികളെല്ലാം ഏല്പിക്കാൻ പറ്റുന്ന ഒരു 'വണ്ടിക്കാള' യെ കിട്ടിയെന്നാണ്. ഇതെല്ലാം ചെയ്യുന്നതോടൊപ്പം പുരുഷന്റെ ലൈംഗിക ആവശ്യങ്ങളും അവൾ ശമിപ്പിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. കാലക്രമേണ ഭാവിതലമുറയെ പ്രസവിക്കുക, വളർത്തുകയെന്നതും അവളുടെ 'ഉത്തരവാദിത്വ' മാണ്. ചുരുക്കിപ്പറഞ്ഞാൽ പെണ്ണായി ജനിച്ചു പോയതുകൊണ്ട് മേൽക്കൊടുത്ത ജോലികളെല്ലാം സ്വാഭാവികമായും അവളുടെ ചുമലിൽ വീഴുന്നു. ഈ കഠിനാദ്ധ്വാനത്തിന്, ഈ ആത്മസമർപ്പണത്തിന് പക്ഷെ, സമൂഹം ഒരു മൂല്യവും കല്പിക്കുന്നില്ല. പണമുണ്ടാക്കുന്ന മറ്റു തൊഴിലുകളിലൊന്നും ഏർപ്പെടാത്ത സ്വന്തം ഭാര്യയെക്കുറിച്ച് 'എന്റെ ഭാര്യ വീട്ടിൽ വെറുതെയിരിക്കുകയാണെ'ന്ന പല്ലവി സാധാരണയായി കേൾക്കാറുള്ളതാണ്. ഈ ഒരു സംസ്ക്കാരത്തിലേക്കാണ് ഭർത്താവിന്റെ ശമ്പളത്തിൽ നിന്ന് ഇരുപതുശതമാനം പ്രതിമാസം ഭാര്യയ്ക്ക് നൽകണമെന്ന ബിൽ ഒരു ഇടിത്തീ പോലെ വന്നു വീഴുന്നത്. 'പാവന' മായ, 'ദൈവീക'മായ ഭാര്യഭർത്തൃ ബന്ധത്തെ തൊഴിലാളി മുതലാളി ബന്ധമാക്കി മാറ്റുകയാണെന്ന് ഇടതുപക്ഷ സ്ത്രീ സംഘടനകൾ പോലും പരിതപിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നു.

ഇതുപോലെ മറ്റൊരു ഇടിത്തീയാണ് വിവാഹാനന്തര സ്വത്തവകാശ ബിൽ. വിവാഹത്തിനു ശേഷം ഭാര്യക്കോ ഭർത്താവിനോ അവകാശപ്പെട്ട സ്വത്തിൽ രണ്ടുപേർക്കും പകുതി അവകാശം നൽകുന്ന ഈ ബിൽ അങ്ങേയറ്റം ഞെട്ടലോടെ മാത്രമേ പുരുഷാധിപത്യ സമൂഹം സ്വീകരിക്കുകയുള്ളൂ എന്നതുറപ്പാണ്. ഇത്രയും നാൾ മതവ്യക്തി നിയമങ്ങളുടെ പിൻബലത്തിൽ സ്വത്തുക്കളെല്ലാം കുത്തകയായി അനുഭവിച്ചുകൊണ്ടിരുന്ന ഭർത്താക്കന്മാർ ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ വഴിയാധാരം തന്നെ! സ്ത്രീ പുരുഷ സമത്വം , തുല്യത എന്നൊക്കെ കേൾക്കാൻ സുഖമുണ്ട്. ഭരണഘടനയിലെഴുതിച്ചേർത്തിട്ടുണ്ടെന്നും കേൾക്കുന്നു. പക്ഷെ ഇത്രയും നാൾ തങ്ങളനുഭവിച്ച, ധൂർത്തടിച്ച, കയ്യേറി നശിപ്പിച്ച സ്വത്തുക്കളിൽ പകുതി അവകാശം ഭാര്യയ്ക്കുണ്ടെന്നു വന്നാൽ...? ജനാധിപത്യത്തിന്റെ പേരിൽ ഇത്രയും വേണോ എന്ന ചോദ്യമുയർന്നേക്കാം. സ്ത്രീ പ്രാതിനിധ്യം നാമമാത്രമായ നമ്മുടെ പാർലമെന്റ് ഈ ബിൽ പാസാക്കുമെന്ന വ്യാമോഹമൊന്നും നമുക്ക് വേണ്ട സഹോദരിമാരേ....■

# എൻഡോസൾഫാൻ

## ബൽക്കീസ്ബാനു പൊന്നാത്ത്



കാറ്റിൽ, മഞ്ഞിൽ, മണ്ണിൽ, മഴയിൽ
ജലാശയത്തിലുമലിയുമതായ്-
പറങ്കിമാവിൻകായ് വളരാനായ്-
ഹെലിപാഡിലതെത്തിയൊരുകൂട്ടർ.
കാസർകോടിൻ ജീവനുമേലെ-
തളിച്ചുകാളകൂടവിഷം,
മരിച്ചുവീണവരനേകപേരായ്
ഭൂമിയിലോർമ്മകളേകിയവർ.
ഭ്രൂണംപോലും ജനിതകരൂപം-
മാറ്റിമറിക്കാൻ കഴിവുതരും,
ഈ കൊടുവിഷമതുകാരണമാക്കി
അകാലചരമം പ്രാപിക്കാൻ.
ശ്വസിക്കുകിൽ നാം രോഗികളാകും
കഴിക്കുകിൽ ഗതിയെന്താകും...?
ചിന്തിക്കുകിലൊരു കുഞ്ഞിനുപോലും
ഈ വിഷമതിനുടെ നിറമറിയാം.
സാക്ഷ്യംതന്നൊരു ജീവിതമെല്ലാം
മഴയിൽ കുരുത്തൊരു പുല്ലാക്കി-
മാറ്റിയതെന്താണീ കൊല്ലാക്കൊല-
ന്യായവകുപ്പിലെ വിധിയെന്താ?
എറിഞ്ഞിടട്ടെ ഇന്നൊരുചോദ്യം
ഉത്തരമൊന്നു കുറിക്കാമോ...?
നരനോ നരബലിയാണോ വലുത്....?
കശുവണ്ട്യോ മൂത്തത് മാവാണോ?
കാസർകോടിലെ കാഴ്ചദ്രവ്യം-
പൈതങ്ങളുടെ ശവമഞ്ചം
അർപ്പിച്ചിട്ടും ശീവേലിയതായ്
ഭരണവ്യവസ്ഥയ്ക്കെന്നെന്നും
എൻഡോസൾഫാനെന്നൊരുപാഠം
ചരിത്രത്താളിലൊതുങ്ങുമ്പോൾ,
പരിദേവനമാം കുഞ്ഞിൻ മുറവിളി
നമ്മുടെ കാതിലലയ്ക്കുന്നു.

“ഒരുനിമിഷം നോക്കൂ എന്നുടെ ജീവൻ
ശ്വാസഗതിക്കായലയുന്നു
നോക്കൂ, എന്നുടെ ജീവിതമിന്നൊരു
പാഴ്മരമായിത്തീരുന്നു.
ആശ്രയമില്ലാതേതുപ്രവൃത്തി
നിറവേറ്റീടും ജീവിതമതിൽ?
ആരുതരുന്നിനിയെന്നുടെ ഭാവി
ആരോഗ്യത്തിൽ വർത്തിക്കാൻ....?
വർഷങ്ങൾ കഴിഞ്ഞിട്ടും
ദുരന്തം.... വിതയ്ക്കുമീ
കൊടിയവിഷത്തെ നിരോധിക്കാൻ
ആരുണ്ടിവിടെ ധീരതയോടെ
മുന്നേറീടാൻ ഭരണമതിൽ?”



# കരിയിലകൾ

## വരദേശ്വരി. കെ.

‘എന്തറിയാം കരിയിലയ്ക്ക്?
കത്തിക്കയറുവാനാകും
പിന്നെ കരയുവാനും.’
ചൊടിച്ചു ചോണനെറുമ്പ്.

‘അവൻ രക്ഷകൻ’
വൈദ്യൻ പറഞ്ഞുതീർത്തു
‘ഉൾക്കരുത്തുള്ളവൻ,
മരുന്നിന്റെ ഘടകം,
എന്റെ ചോറും ചപ്പാത്തിയുമായ്
പിറന്നവൻ, ദൈവദൂതൻ’

മുത്തശ്ശി മുരടനക്കി.
‘അരിയെ കഞ്ഞിയാക്കും
മിടുക്കനാം തന്ത്രജ്ഞൻ.’
അപ്പോഴും പാടി തിത്തിരിപ്പക്ഷി
‘കൂടുചമയ്ക്കാൻ
കരിയിലകൾ വേണം.’

# വീട്ടമ്മയുടെ ഡയറി

## വി.കെ. ദീപ




രണ്ടായിപ്പിളർന്ന തലയോട്ടി
ശകലം വിക്സ് പെരട്ടിയൊട്ടിച്ച്
നടുപ്പുറത്തെ വേദനക്കൊളുത്ത്
അയോഡെക്സാൽ അഴിച്ചെടുത്ത്
വീടിനു കരുത്തുറ്റ നട്ടെല്ലായിട്ടും
എനിക്കും എനിക്കുമിടയിൽ
അനന്തമായ ദൂരം.

ഒരൊറ്റനാണ്യംപോലും
ഇതുവരെ വീണുകിലുങ്ങിയില്ലെങ്കിലും
കളയുവാൻ വയ്യ സമ്പാദ്യപ്പെട്ടി
എന്നേലും ആരേലും
നല്ലൊരുവാക്ക് തന്നൂടെന്നില്ലല്ലോ!

അരിശംമുഴുവൻ നട്ടപ്പാതിരായ്ക്ക്
ജാലകപ്പുറമേനിന്ന് ആർത്തലച്ചു
കരയുന്ന രാത്രിമഴയോട്!
"കരയ്, പുലരുവോളം കരയ്!
കരയുവാനുമില്ലെനിക്കെന്തേതായൊരു
നേരമെന്നറിഞ്ഞല്ലേ നിന്റെയീ
കൊതിപ്പിക്കല്!"

# മുള്ള്

## ബിജി ബാലകൃഷ്ണൻ



എത്രശ്രമിച്ചിട്ടും പോകുന്നതേയില്ല
എന്റെ ചങ്കിലെ മുള്ള്.
പലതവണ ഡോക്ടറെ കണ്ടതാണ്
പലമരുന്നുകൾ ഇതിനകം കഴിച്ചുതീർത്തു.
വൈകുന്നേരങ്ങളിൽ അത്
വേദനയുടെ പടവുകൾ കയറിയിറങ്ങും.
എന്തിനുപറയുന്നു; ആർക്കും
എന്റെ ചങ്കിലെ മുള്ളിനെ കണ്ടെത്താനാവുന്നില്ല
ഒരുമെഴുകുതിരിവെട്ടത്തിലിരുന്ന്
ഞാൻ മന്ത്രിച്ചു.
ചങ്കില് മുള്ള് പോയിട്ട്
ശബ്ദംപോയവന്റെ കഥ ഞാൻ
വായിച്ചിട്ടുള്ളതാണ്....
ശബ്ദത്തെ പ്രേമിച്ച്
മനസ്സുവായിച്ചവരോട്
ഞാനിനി എന്തുപറയും.
ഒരുചെറുപുഞ്ചിരിയുടെ
മിഴിനീർമുനകൊണ്ട്
നെഞ്ചുകീറിയവന്
നേർരേഖവരയ്ക്കാൻ
ഈ മുള്ള് ധാരാളം മതിയല്ലോ....

# ആറ് തോഴിമാർ കൂടംകുളം അണുനിലയ വിരുദ്ധ പോരാട്ടനായികമാർ



എസ്. അനിത

**ഇടിന്തകര** ഗ്രാമത്തിന്റെ നടുവിൽ 100 വർഷത്തിലേറെ പഴക്കംചെന്ന ലൂർദ് മാതാ പള്ളി. അതിനുമുന്നിലെ വീതിയേറിയ മണൽവിരിച്ച പാതയിലൂടെ, ഉയരം കൂടിയ നീലനിറത്തിലുള്ള നങ്കൂരത്തിന്റെ മാതൃക കടന്നാൽ പിള്ളയാർ കോവിൽ. അതും കടന്നാൽ ബംഗാൾ ഉൾക്കടലിന്റെ നീലനിറം.

കഴിഞ്ഞ 400ലേറെ ദിവസങ്ങളായി നിരാഹാരമിരുന്നും ദൃഢപ്രതിജ്ഞകളെടുത്തും ഗ്രാമങ്ങൾതോറും നടന്നു സംസാരിച്ചും കൂടംകുളം അണുനിലയത്തിന്റെ വിപത്തുകൾക്കെതിരെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഇടിന്തകര ഗ്രാമവാസികൾ നടത്തുന്ന സഹനസമരത്തിന്റെ വേദിയാണിത്. സെപ്തംബർ 9-ാം തീയതിവരെ ശാന്തമായ ഈ സമരപ്പന്തലിൽ രാവിലെ 10-11 മണിയോടെ എത്തിക്കഴിഞ്ഞാൽ, ചിലദിവസങ്ങളിൽ പിന്തുണ പ്രഖ്യാപിച്ചുകൊണ്ടെത്തുന്നവർക്കായുള്ള ചർച്ചകളൊഴിച്ചാൽ സ്ത്രീകൾ ബൈബിൾ വായിക്കുകയും ബീഡി തെറുക്കുകയും ആഹാരം പങ്കുവെക്കുകയും ചെയ്യുകയാണ് പതിവ്. ചിലർ രാവിലെ മുതൽ വൈകുന്നേരംവരെ ഇവിടെ ഇരിക്കുന്നവരെങ്കിൽ, മറ്റുചിലർ രാത്രി ഈ സമരപ്പന്തലിൽ തങ്ങി പകൽ ജോലിക്ക് പോകുന്നവരാണ്.

ആഗസ്ത്മാസം അവസാനം മദ്രാസ് ഹൈകോടതി കൂടംകുളം ആണവനിലയത്തിൽ ഇന്ധനം നിറയ്ക്കുന്നതിന് അനുമതി നല്കിയതോടെ ഇടിന്തകരയിലെ സമരപ്പന്തലിൽ ആശങ്കയും ആകാംക്ഷയുമുയർന്നു. സെപ്റ്റം. 9-ാം തീയതി ആണവനിലയം ലക്ഷ്യമാക്കി നീങ്ങുവാൻ സമരസമിതി തീരുമാനിച്ചതോടെ, കന്യാകുമാരി, തിരുനെൽവേലി, തൂത്തുക്കുടി എന്നീ ജില്ലകളിലൂടെ ഗ്രാമങ്ങൾതോറും സഞ്ചരിച്ച് കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ ഇടിന്തകരയിലെ സമരസമിതി ഒരുങ്ങി. ഇതിൽ മുൻപന്തിയിൽ 6 സ്ത്രീകളുടെ പ്രവർത്തനമായിരുന്നു.

"എനിക്കെന്റെ മൂന്നു തോഴിമാരെയാണു നഷ്ടപ്പെട്ടത്. അവരെവിടെ, ഏതു ജയിലിലാവും? അവർ ഒരുമിച്ചാകുമോ?" സെപ്തംബർ 10-ാം തീയതി പോലീസ് ജനങ്ങൾക്കുനേരെ നടത്തിയ കണ്ണീർവാതക പ്രയോഗത്തിൽ മുഖം പൊള്ളിയ മെൽറിറ്റ് പറഞ്ഞു. "കഴിഞ്ഞ ഒരു കൊല്ലമായി ഞങ്ങൾ 6 പേർ ഒരുമിച്ചാണ് പ്രവർത്തിച്ചിരുന്നത്. സേവിയറമ്മ, സുന്ദരി, സെൽവി, ഇനിത, സഹായം എന്നിവർക്കൊപ്പം സമരമുഖത്ത് നിൽക്കുവാൻ നല്ല ഉഷാറാണ്. പരസ്പരം തിരുത്തിയും പ്രശംസിച്ചും പ്രശ്നങ്ങൾ പങ്കുവെച്ചും അസാധാരണമായ ഒരു കൂട്ടുകെട്ട് ഞങ്ങൾ തമ്മിലുണ്ടായി. ഇന്ന് സേവിയറമ്മയും സുന്ദരിയും സെൽവിയും ഇല്ലാതെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ നല്ല പ്രയാസം!" കണ്ണുകൾ കലങ്ങി മെൽറിറ്റ് വിതുമ്പി.



ഉദാരമതിയായ സേവിയറമ്മയുമായി കൽക്കട്ടയിലെ ഹിരോഷിമദിനാചരണത്തിനും ഡൽഹിയിലെ ജനകീയ തെളിവെടുപ്പിലും ചെന്നൈയിലെ കുട്ടികളുടെ പത്രസമ്മേളനത്തിനും പോകുവാൻ മെൽറിറ്റുമുണ്ടായിരുന്നു. സെപ്തം. 3-6 വരെ മൂന്നുജില്ലകളിലായി അനവധി ഗ്രാമങ്ങളിലെ ജനങ്ങളെ സംഘടിപ്പിക്കുവാൻ പോയി തിരിച്ചെത്തിയ സേവിയറമ്മ രാത്രി വള

രെനേരം സമരപ്പന്തലിൽ ബീഡി തെറുത്തുകൊണ്ടിരുന്നു. പള്ളിയുടെ വരാന്തയിൽ പായ വിരിച്ച് കിടക്കുന്നതിനുമുമ്പ് സേവിയറമ്മ പറഞ്ഞു. ''9-ാം തീയതിമുതൽ പോരാട്ടം വേറൊരു ഘട്ടത്തിലേക്കു കടക്കുകയാണ്. എന്താണ് സംഭവിക്കുകയെന്ന് പറയുവാൻ കഴിയില്ല." പുലർച്ചയ്ക്ക് കുളിക്കുവാനും അന്നത്തെ ദിവസത്തെ ചെന്നൈ യാത്രയ്ക്ക് തയ്യാറാകുവാൻ പോകുന്നതിനുംമുമ്പ് സേവിയറമ്മ പറഞ്ഞതിതാണ്. പിന്നെ കണ്ടത് ചിത്രങ്ങളിലൂടെ. ജനസമുദ്രത്തിനിടയിൽ നിവർന്നുനിൽക്കുന്ന സേവിയറമ്മ, കടലിനും പോലീസിനുമിടയിൽ പെട്ട് വലിച്ചിഴയ്ക്കപ്പെടുന്ന അവരുടെ ദയനീയരൂപം, ഒടുവിൽ മണലിൽ കിടക്കുന്ന സേവിയറമ്മ. "വീണ്ടെടുക്കും, വീണ്ടെടുക്കും, ഇന്ത്യയുടെ ജനനായകത്തെ" എന്നുറക്കെ മുദ്രാവാക്യം വിളിച്ച സേവിയറമ്മയുടെ മേൽ രാജ്യദ്രോഹം, ഭരണകൂടത്തിനെതിരെ കലാപം സംഘടിപ്പിക്കൽ എന്നീ കുറ്റങ്ങളാണ് ഇന്ന് ചുമത്തിയിരിക്കുന്നത്.



വി.എസ്. അച്യുതാനന്ദനെ കൂടംകുളത്തേക്ക് ക്ഷണിക്കുവാൻ തിരുവനന്തപുരത്തെത്തിയ 6 അംഗസംഘത്തിന്റെ മുൻനിരയിൽ സുന്ദരിയും ഇനിതയും സഹായവുമുണ്ടായിരുന്നു. വളരെ 'ആദരവോടെ, അൻപോടെ' തങ്ങളുടെ സമരത്തെ അഭിവാദ്യം ചെയ്യുവാൻ എത്രയും വേഗം എത്തണമെന്ന് സുന്ദരിയാണ് അദ്ദേഹത്തോട് അഭ്യർത്ഥിച്ചത്. അതിനുശേഷം, തിരുവനന്തപുരം കോഫി ഹൗസിൽ വാഴയ്ക്കാപ്പവും കാപ്പിയും കഴിക്കവേ, സമരത്തിന്റെ പുതിയ ഘട്ടത്തെക്കുറിച്ച് വിശദീകരിക്കുന്നതിനൊപ്പം, പഴംപൊരിയുടെ ചേരുവകളെപ്പറ്റിയും സുന്ദരി തിരക്കി. 6-ാം തീയതി രാവിലെ ഇടിന്തകരയിലെ അവരുടെ വീട്ടിൽ പ്രാതൽ കഴിക്കവേ, അണുനിലയം എങ്ങനെ സ്ത്രീകളുടെ ശരീരത്തെ ബാധിക്കുമെന്നതിന്റെ ആശങ്കകൾ പങ്കുവെച്ചു. അതോടൊപ്പം തന്റെ ശരീരത്തിൽ നടത്തിയ അനേകം ചികിത്സകളുടെ ഭാഗമായി വൈകി ജനിച്ച രണ്ടുകുഞ്ഞുങ്ങളെ തനിച്ചാക്കി സമരമുഖത്ത് നിൽക്കേണ്ടിവരുന്നതിന്റെ വേദനയും. "പോരാട്ടത്തിൽ 10 വർഷത്തിനുമുമ്പ് ചേർന്നിരുന്നുവെങ്കിൽ, ഞാൻ കല്യാണംപോലും കഴിക്കില്ലായിരുന്നു'' പൊട്ടിച്ചിരിച്ചുകൊണ്ട് സുന്ദരി പറഞ്ഞു. അണുനിലയത്തിന്റെ വ്യത്യസ്തവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ഇത്രയും ലളിതമായി, സ്ഫുടമായി സംസാരിക്കുവാൻ കഴിയുന്ന മറ്റൊരാൾ ഇടിന്തകരയിൽ ഉണ്ടാവില്ല!

തിരുവനന്തപുരത്ത് വന്ന സംഘത്തിൽ ഏറ്റവും ഊർജ്ജസ്വലയായി കണ്ടത് ഇനിതയെയാണ്. അസാധാരണമായ സംഘടനാപാടവവും ധൈര്യവും ഇനിതയിലുണ്ടെന്ന് തിരിച്ചറിയുവാൻ കഴിഞ്ഞു. സുനാമി പുനരധിവാസ കോളനിയിലെ വീട്ടിൽ ചായയുണ്ടാക്കുന്നതിനിടയിൽ അണുനിലയത്തിൽ നിന്നും 900 മീറ്റർ മാത്രം അകലത്തിൽ സ്ഥിതിചെയ്യുന്ന 450 വീടുകളുടെ ദുരവസ്ഥ വിവരിച്ചു. ഏതാനും മാസങ്ങൾക്കുമുമ്പ് അണുനിലയത്തിൽ നടത്തിയ ട്രയൽ റണ്ണിന്റെ കാതടപ്പിക്കുന്ന ശബ്ദം തങ്ങളെ ഭയത്തിന്റെ പിടിയിലാക്കിയത് വിവരിച്ചു. "എങ്ങനെയാണ് ഞങ്ങൾ സ്വസ്ഥമായി കിടന്നുറങ്ങുക? ഒരു വലിയ ദുരന്തം മാത്രമല്ലല്ലോ നമ്മൾ പേടിക്കേണ്ടത്. ഓരോദിവസവും ഇതിൽനിന്നും വമിക്കുവാൻ പോകുന്ന അദൃശ്യമായ "കതിർവീചി" എങ്ങനെയാണ് ഞങ്ങൾ താങ്ങുക? കുഴപ്പമില്ല, സുരക്ഷിതമാണ് എന്നൊക്കെ വ്യക്തതയില്ലാതെ പുലമ്പുന്ന ഡോ. കലാമും ശ്രീ. നാരായണസ്വാമിയും ഇവിടെവന്ന് താമസിക്കട്ടെ." പ്രമേഹം ബാധിച്ച ഭർത്താവിന് ഇഞ്ചക്ഷൻ എടുത്ത്, ഭക്ഷണം ഒരുക്കി വീട് വെടുപ്പാക്കി ഇനിത യാത്രയ്ക്കൊരുങ്ങി. 10-ാം തീയതി പോലീസിന്റെ അടിയേറ്റ് കൈകാലുകൾ തളർന്ന ഇനിത കൂട്ടുകാരികളെയോർത്ത് വിഷമിച്ചു.

സ്വതവേ ശാന്തയും നിശ്ശബ്ദയുമായ സഹായത്തെ സെപ്തംബർ 13-ാം തീയതി കാണുമ്പോൾ, അവരിൽ വലിയ മാറ്റം സംഭവിച്ചിരുന്നു. നിർത്താതെ സംസാരിച്ചുകൊണ്ടിരുന്ന അവർക്ക് പറയുവാനുണ്ടായിരുന്നത് തങ്ങൾ എത്ര സമാധാനപരമായിട്ടാണ് പെരുമാറിയതെന്നാണ്. "കടലോര വാസികളായ ഞങ്ങൾ വിചാരിച്ചാൽ, പോലീസിനെ അടിച്ച് തുരത്താമായിരുന്നു. പക്ഷേ, ഞങ്ങളുടെതന്നെ ചോരയും കൈകാലുകളുമല്ലേ ഇവിടെ ചിതറുക? കൂടുതൽപേരെ കള്ളക്കേസുകളിൽ കുടുക്കി നിഷ്ക്രിയരാക്കില്ലേ? അതുകൊണ്ടാണ് ഒരിക്കൽപോലും ഒരു കല്ലുപോലും ഞങ്ങൾ എറിയാതിരുന്നത്." മണൽകൂനകളിലൂടെ ഓടിയപ്പോൾ മുള്ളുകൾ നിറഞ്ഞ തീരസസ്യങ്ങൾക്കിടയിൽപെട്ട് കൈകാലുകളുടെ തൊലി നഷ്ടപ്പെട്ട സഹായം ദുഃഖത്തോടെ സെൽവിയെ ഓർത്തു.

ആരോഗ്യവതിയായ സെൽവി അന്നത്തെ ജാഥയുടെ മുൻപന്തിയിലുണ്ടായിരുന്നു. കറുത്ത ടീഷർട്ടിട്ട് പോരാട്ടത്തിനു തയ്യാറായ ഇനിതയെ കളിയാക്കി, ജനങ്ങളെ നിയന്ത്രിച്ച് മുദ്രാവാക്യങ്ങൾ മുഴക്കിയ സെൽവിയുടെ മുഖത്ത് നിശ്ചയദാർഢ്യം നിഴലിച്ചിരുന്നു. ''ഈ അണുനിലയം മൂടിയേ തീരൂ. ഇത് ഞങ്ങളുടെ ജീവിതങ്ങളെ തകർ

ക്കും. ഭയപ്പെടുത്തി, ഞങ്ങളെ ഇവിടെനിന്നും പുറത്താക്കി ഭൂമി കൈക്കലാക്കാമെന്നാണവരുടെ ഭാവം. എത്രകുറച്ച് നഷ്ടപരിഹാരമാണ് ഞങ്ങൾക്കുതന്നതെന്നറിയാമോ? എത്രയോ പേർക്ക് ഒന്നും ലഭിച്ചില്ല. ഒരിക്കലും ഞങ്ങളെ ഇവിടെനിന്നും കുടിയൊഴിപ്പിക്കുവാൻ കഴിയില്ല. ഞങ്ങളെ കൊന്നുകളയട്ടെ." അപസ്മാരം ബാധിച്ച തന്റെ 17 വയസ്സായ മകനുവേണ്ടി നേർച്ചകൾ നേർന്നും പ്രാർത്ഥിച്ചും കഴിയുന്ന ഈ അമ്മയുടെ സമരവീര്യം നോക്കിവെച്ചാണ് പോലീസ് അവരെ പിടിച്ചതെന്ന് കൂട്ടുകാരികൾ ഉറപ്പിച്ചുപറയുന്നു.

3 തോഴിമാർ ഇല്ലാതെ സമരത്തേയും സ്ത്രീകളുടെ വലിയ സംഘത്തേയും മുന്നോട്ടു കൊണ്ടുപോകാൻ തളരാതെ നിൽക്കുന്ന മെൽറ്റിനും സഹായത്തിനും ഇനിതയ്ക്കും കഴിയുന്നുണ്ട്. അസാധാരണമായ ഉൾക്കാഴ്ചയുള്ള ചെല്ലമ്മ, 13-ാം തീയതി നടന്ന ജലസമർപ്പണത്തിനിടയിൽ താഴ്ന്നുപറന്ന കോസ്റ്റ്ഗാർഡ് വിമാനമുണ്ടാക്കിയ ആഘാതത്തിൽ കൊല്ലപ്പെട്ട പ്രിയ സഹോദരൻ സഹായം ഫ്രാൻസിന്റെ വേർപാടിൽ തളർന്നുപോയിരിക്കുന്നു. തന്റെ 2 വയസ്സുകാരിയേയുംകൊണ്ട് മുടങ്ങാതെ സമരപ്പന്തലിലെത്തുന്ന അന്നമ്മാളിന്റെ പൊള്ളിവീർത്ത മുഖം കണ്ണീർവാതകപ്രയോഗത്തിന്റെ വേദനിപ്പിക്കുന്ന തെളിവായി നിൽക്കുന്നു. തന്റെ 6 കുഞ്ഞുങ്ങളേയുംകൊണ്ട് സുനാമി കോളനിയിലെ ഒറ്റപ്പെട്ട താമസം മതിയാക്കി, പള്ളിയുടെ അങ്കണത്തിൽ താവളം തേടിയ തമിഴരശും 'കരുവാട്ടുകുഴമ്പും ചോറും' ഉണ്ടാക്കിത്തരട്ടേയെന്നു സ്നേഹത്തോടെ ചോദിക്കുന്ന മേരിയും വരുംതലമുറകൾക്കും ലോകത്തിനുംവേണ്ടിയുള്ളതാണ് തങ്ങളുടെ പോരാട്ടമെന്ന് അഭിമാനിക്കുന്ന ഇസബെല്ലയും ജനാധിപത്യത്തിന്റെ പുനഃസ്ഥാപനം ഈ സമരത്തിലൂടെ കാണുന്നുവെന്നതാണിവിടുത്തെ പ്രത്യേകത.

സുനാമികോളനിയിലും ഇടിന്തകരഗ്രാമത്തിലും വണ്ടികളിൽ വരുന്ന ശുദ്ധജലത്തിനുവേണ്ടി നിറമേറിയ പ്ലാസ്റ്റിക് കുടങ്ങൾ നിരത്തി, കഷ്ടപ്പെട്ട് സമ്പാദിച്ച നോട്ടുകൾ കൈകളിൽ ചുരുട്ടിപ്പിടിച്ച് കാത്തു



## കൂടംകുളം ആണവനിലയത്തെക്കുറിച്ച് അരുന്ധതിറോയിയുടെ പ്രസ്താവന



കൂടംകുളം ആണവനിലയത്തിലേക്കുള്ള ഇന്ധനം നിറയ്ക്കുന്നതിന് തടസ്സം നിൽക്കുന്ന ഗ്രാമീണരോട് ഞാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. 2011 മാർച്ചിൽ ജപ്പാനിലുണ്ടായ ഭൂകമ്പം ഫുക്കുഷിമാ ആണവ നിലയം നശിപ്പിച്ച സമയത്ത് ഞാനവിടെ ഉണ്ടായിരുന്നു. ആ ദുരന്തത്തിനുശേഷം ആണവോർജ്ജം ഉപയോഗിക്കുന്ന എല്ലാ രാജ്യങ്ങളും തങ്ങളുടെ നയം മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇന്ത്യയൊഴികെ എല്ലാ ആണവശക്തികളും.

വ്യവസായ മാലിന്യം തൊട്ട് നഗരങ്ങളിലെ ഓടകളിലൊഴുകുന്ന മലിന വസ്തുക്കൾ വരെ, എന്തിനധികം പറയണം, ദിവസം തോറും നമുക്കു ചുറ്റും കുമിഞ്ഞുകൂടുന്ന മാലിന്യം സംസ്ക്കരിക്കാൻ പോലും പ്രാപ്തരല്ലെന്ന് നമ്മുടെ സർക്കാർ കാണിച്ചു തന്നു കഴിഞ്ഞു. ആണവനിലയങ്ങളിലെ മാലിന്യ പ്രശ്നം തങ്ങൾ തരണം ചെയ്യുമെന്ന് അവർ പിന്നെയെങ്ങിനെ പറയും?

ഇന്ത്യയിലെ ആണവനിലയങ്ങൾ സുരക്ഷിതമെന്ന് അവർ എങ്ങിനെ വാദിക്കും? യൂണിയൻ കാർബൈഡുമായി (ഇപ്പോൾ ഡോ കെമിക്കൽസ്) ഒത്തുകളിച്ച് ഭോപ്പാൽ ഗ്യാസ് ദുരന്തത്തിലകപ്പെട്ട ആളുകൾക്ക് നീതി ലഭിക്കാതിരിക്കുവാൻ സർക്കാർ കളിച്ച കളിയെല്ലാം നമുക്കറിയാം. പക്ഷെ എത്ര വൻതുക നഷ്ടപരിഹാരമായി കൊടുത്താലും ശരിയാക്കുവാൻ പറ്റാത്ത തെറ്റായിരിക്കും ഒരാണവ ദുരന്തം. വികസനത്തിന്റെ പേരിൽ കൂടംകുളത്ത് നടത്തുന്ന പ്രവർത്തനങ്ങളെല്ലാം തന്നെ കുറ്റകൃത്യങ്ങളാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

നിൽക്കുമ്പോൾ, തൊട്ടടുത്ത് 1100കോടി രൂപ ചെലവാക്കി അണുനിലയത്തിന് ശുദ്ധജലമെത്തിക്കുന്ന കടൽജലശുദ്ധീകരണശാലയെക്കുറിച്ചിവർ രോഷാകുലരാവുന്നു. ഒരുകുടം ജലത്തിനിവിടെ 2.50 രൂപ കൊടുക്കണം! ആണവനിലയത്തിന്റെ പ്രവർത്തനത്തിനുവേണ്ടി അതിനുള്ളിൽ സ്ഥാപിച്ചിരിക്കുന്ന കാറ്റാടിയന്ത്രങ്ങളെ നോക്കി "ഇതെന്തൊരു അസംബന്ധമാണെന്ന്" പരിതപിച്ചു. തിരുനെൽവേലി ജില്ല തമിഴ്നാട്ടിൽ ഇന്ന് ഉത്പാദിപ്പിക്കുന്ന കാറ്റിൽനിന്നുള്ള വൈദ്യുതിയുടെ പകുതിയോളം ലഭ്യമാക്കുന്ന പ്രദേശമാണെന്നത് ഇവരിൽ വേദനയും വെറുപ്പും ഉണ്ടാക്കുന്നു.

ഇടിന്തകരയിലെ ഉയർന്നുവരുന്ന പെൺകുട്ടികളുടേയും യുവതികളുടേയും ശബ്ദവും ചിന്തകളും നിഷേധിക്കുവാനിനി കഴിയില്ല.

"മിൻസാരത്തിന് എത്തന
എത്തന വഴികളുണ്ട്
കാറ്റലയുണ്ട്, കടലലയുണ്ട്
ആണ്ടുമുഴുവൻ സൂര്യയ ഒളി
നമുക്ക് ഏന് ഇന്ത അണു ഉലൈ?"
(മിൻസാരം=വൈദ്യുതി)

മെൽറിറ്റ് പതുക്കെ പറഞ്ഞു: "ആയിരം ഉദയകുമാരന്മാരും കുമാരിമാരും ഇവിടെ ജനിച്ചുകഴിഞ്ഞു. ആയിരം തോഴരും തോഴിമാരും"

2012 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ കൂടംകുളം ആണവവിരുദ്ധ സമരത്തിൽ സ്ത്രീകളാൽ നയിക്കപ്പെട്ട പരിപാടികൾ.

ആഗസ്ത് 6, 2012:

ഹിരോഷിമദിനത്തോടനുബന്ധിച്ച് കൽക്കട്ടയിൽ നടന്ന ആണവവിരുദ്ധ പരിപാടിയിൽ മെൽറിറ്റും സേവിയറമ്മയും പങ്കെടുത്തു.

ആഗ്സ്ത് 15, 2012:

ഇടിന്തകരയിൽ കരിങ്കൊടി ഉയർത്തി ആരംഭിച്ച ഇന്ത്യൻ സ്വാതന്ത്ര്യദിനാചരണം വൈകുന്നേരം ജനാധിപത്യത്തിന്റെ മരണാനന്തരചടങ്ങുകളിൽ അവസാനിച്ചു. പ്രിയപ്പെട്ട ഒരാളെ നഷ്ടപ്പെട്ടതിൽ നെഞ്ചത്തടിച്ചും ഒപ്പാരിയിട്ടും കരഞ്ഞത് സ്ത്രീകളായിരുന്നു.

ആഗസ്ത് 22, 2012:

ശ്രീമതി അരുണറോയ് ഡെൽഹിയിൽ സംഘടിപ്പിച്ച ജനകീയ തെളിവെടുപ്പിൽ ഇന്ത്യയിലെ 9 ആണവവിരുദ്ധ സമരങ്ങൾക്കൊപ്പം കൂടംകുളം വിഷയം അവതരിപ്പിച്ചത് മെൽറിറ്റ്-സേവിയറമ്മ സഖികളായിരുന്നു.

സെപ്റ്റം. 3-6, 2012

തിരുനെൽവേലി, കന്യാകുമാരി, തൂത്തുക്കുടി എന്നീ ജില്ലകളിലെ ഗ്രാമങ്ങളിൽ സഞ്ചരിച്ച് അണുനിലയം പ്രവർത്തിക്കുവാൻ പാടില്ല എന്ന സന്ദേശം എത്തിച്ച 6 തോഴിമാരുടെ പ്രവർത്തനമാണ് സെപ്റ്റം. 9-ാം തീയതി ഇടിന്തകരയിൽ 20,000 പേർ അണിനിരക്കുവാൻ കാരണം.

സെപ്തം. 7- 2012

ചെന്നൈയിലേക്ക് മുഖ്യമന്ത്രി ജയലളിതയെ കാണുവാൻപോയ 25 അംഗ കുട്ടികളുടെ സംഘത്തെ ഇടിന്തകരയിൽനിന്നും നയിച്ചത് മെൽറിറ്റം സേവിയറമ്മയും ആയിരുന്നു. ■

## സോണിയഗാന്ധിക്ക് മഹാശ്വേതാ ദേവിയുടെ തുറന്ന കത്ത്



പ്രിയപ്പെട്ട സോണിയ,

ഞാൻ കൊൽക്കത്തയിൽ നിന്നാണ് ഈ കത്തെഴുതുന്നത്. ഇവിടെയിപ്പോൾ ശരത്ക്കാലമാണ്. ദുർഗാ പൂജവരുകയാണ് നിങ്ങൾക്കും മക്കൾക്കും എന്റെ പൂജ ആശംസകൾ.

കൂടങ്കുളത്തെ ഒരു സംഘം സ്ത്രീകൾ എനിക്കൊരു കത്തയച്ചിട്ടുണ്ട്. അത് ഞാൻ താങ്കൾക്ക് അയക്കുന്നു. ഈ കത്തിലെ ഉള്ളടക്കം പൊതുതാൽപര്യത്തിന് ഏറെ പ്രാധാന്യവും അങ്ങേയറ്റത്തെ ആശങ്കയുണ്ടാക്കുന്നതുമാണ്.

നിങ്ങൾ എന്തുകൊണ്ട് കൂടങ്കുളം സന്ദർശിച്ച് അവിടത്തെ ജനങ്ങൾ പറയുന്നത് കേൾക്കാൻ തയ്യാറാവുന്നില്ല?

ഈ 87-ാം വയസ്സിലും എനിക്ക് കൂടങ്കുളത്തേക്ക് പോകണമെന്ന് തോന്നുന്നു. ആരെങ്കിലും എന്നെ അങ്ങോട്ട് കൊണ്ടുപോയെങ്കിലോ എന്നു ഞാനാശിക്കുന്നു. എന്റെ ജീവിതത്തിലുടനീളം ഏതു പുസ്തകത്തിൽ നിന്നും പഠിച്ചതിനേക്കാൾ എത്രയോ കൂടുതൽ കാര്യങ്ങൾ ഞാൻ ജനങ്ങളിൽ നിന്നാണ് പഠിച്ചിട്ടുള്ളതെന്ന് ഞാൻ വീണ്ടും വീണ്ടും പറയുന്നു.

സോണിയാ, സ്ത്രീകൾ നമുക്കെഴുതിയ ഈ കത്ത് ദയമായി വായിക്കൂ. എന്നിട്ട് ഒരമ്മയുടെ സ്നേഹത്തോടെ ഈ കാര്യത്തിൽ ഇടപെടൂ. രവീന്ദ്രനാഥ ടാഗോർ ഒരിക്കൽ എഴുതി, "നമുക്കൊപ്പമുള്ള മനുഷ്യരോട് നമ്മളെല്ലായ്പ്പോഴും സഹാനുഭൂതിയോടെയാണ് പെരുമാറേണ്ടത്" എന്ന്.

സ്നേഹത്തോടെ

**മഹാശ്വേതാദേവി, കൽക്കത്ത**

# ഇങ്ങനെയൊരു സ്ത്രീ...!



സുനീത ടി.വി

**കുട്ടിക്കാലത്ത്** കേട്ട ഒരു പുരാണ കഥയുണ്ട്... പാർവ്വതീപരമേശ്വരന്മാരുടെ വിവാഹത്തിൽ പങ്കെടുക്കാൻ ഭൂമിയിലെ സകല ജീവജാലങ്ങളും ഒത്തുകൂടിയപ്പോൾ ഭൂമി ഒരു വശത്തേക്ക് ചരിഞ്ഞുപോയത്രേ. അപ്പോൾ ഭാരം തുലനം ചെയ്യാനായി കുള്ളനായ അഗസ്ത്യമുനിയോട് മറുവശത്ത് പോയി നിൽക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അങ്ങിനെ ചെയ്തപ്പോൾ ഭൂമി പൂർവ്വസ്ഥിതിയിലായി. ഈ കഥയിൽ പറഞ്ഞതുപോലെ ഭൂഗോളത്തെ നേരെ നിർത്തുന്ന ചില മനുഷ്യരുണ്ട്. ചതിയും വഞ്ചനയും സ്വാർത്ഥതയും അത്യാർത്തിയും ഒക്കെ കൊണ്ട് അസന്തുലിതയായി പോകുന്ന ഭൂമിയെ നേരെ നിർത്തുന്ന ചില കുള്ളന്മാർ.... ഒന്നും പ്രതീക്ഷിക്കാതെ, ആരെയും വിളിച്ചറിയിക്കാതെ, നിശബ്ദമായി നന്മകൾ ചെയ്തുകൊണ്ടിരിക്കുന്നവരാണ് അവർ.. ജീൻഗിയാനോയുടെ മരങ്ങൾ നട്ട മനുഷ്യനിലെ എത്സിയാദ് ഫോബിയറെ പോലെ, മദർ തെരേസയെ പോലെ, രാജസ്ഥാനിലെ ബാബു രാജേന്ദ്രസിംഗിനെ പോലെ, ബാബാആംതെയെപ്പോലെ ഇറോം ശർമ്മിളയെപ്പോലെ ചിലർ... കേരളത്തിൽ അങ്ങനെ പരിചയപ്പെടുത്താൻ കഴിഞ്ഞൊരു മഹാത്ഭുതമാണ് അട്ടപ്പാടിയിലെ അയ്യരമ്മ. ആദിവാസി സ്ത്രീകൾക്കും മറ്റു പാവപ്പെട്ട സ്ത്രീകൾക്കും വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ച ഒരു സന്യാസിനി. കീറിത്തുറങ്ങിയ ചേലയുമായി, ആരും കൂട്ടിനില്ലാതെ ഊരുകളിൽ നിന്നും ഊരുകളിലേക്ക് ഭയരഹിതയായി നടന്നുനീങ്ങുന്ന ഈ അമ്മയുടെ ക്ഷീണിച്ചു മെലിഞ്ഞ കൈകളാണ് ഒരുപാടു സ്ത്രീകൾക്ക് അഭയമായി മാറിയത്.

പാവപ്പെട്ടവർക്കും ആദിവാസികൾക്കും പ്രകൃതിക്കും അറ്റമില്ലാത്ത ചൂഷണത്തിന്റെ കഥകൾ മാത്രം പറയാനുള്ള അട്ടപ്പാടിയിലേക്കാണ് ഏതാണ്ട് നാല്പത് വർഷം മുമ്പ് കൃഷി ചെയ്ത് ജീവിക്കാനായി തമിഴ്നാട്ടിലെ തിരുനെൽവേലിക്കാരിയായ അയ്യരമ്മ വന്നെത്തുന്നത്. പക്ഷേ വന്നെത്തി അധികം കഴിയുന്നതിനു മുമ്പേ ഈ സ്ഥലം കള്ളക്കടത്തുകാരുടേയും കുറ്റവാളികളുടേയും ഒക്കെ താവളമായതിനാൽ കൃഷി നടത്തുക ദുഷ്കരമാണെന്നവർ മനസ്സിലാക്കി. ഒപ്പം അവരുടെ കൂടെ ജോലിക്കു വന്നിരുന്ന ആദിവാസി സ്ത്രീകൾ അവരുടെ പ്രശ്നങ്ങളും സങ്കടങ്ങളും അയ്യരമ്മയോട് പറഞ്ഞ് സഹായം അഭ്യർത്ഥിച്ചു. ആനക്കട്ടി ഊരിലെ നഞ്ചി എന്ന ആദിവാസി സ്ത്രീയുടെ വീട് ഒരു കുടിയേറ്റക്കാരൻ കയ്യേറുകയും ഭർത്താവുപേക്ഷിച്ച നഞ്ചിയെ കൈക്കുഞ്ഞിനൊപ്പം വീട്ടിൽ നിന്ന് ഇറക്കി വിടുകയും ചെയ്ത കേസിലാണ് അമ്മ ആദ്യമായി ഇടപെട്ടത്. കേസു കൊടുത്ത് അവർ നഞ്ചിക്ക് നീതി ലഭ്യമാക്കി. എന്നാൽ പ്രതിയും സംഘവും അയ്യരമ്മയുടെ വീടു കത്തിക്കുകയും അവരെ പലതരത്തിൽ ഉപദ്രവിക്കുകയും ചെയ്തു. അതോടെ അയ്യരമ്മയുടെ ജീവിതവും മാറിമറിഞ്ഞു. പിന്നീട് ഇത്തരം നിരവധി പ്രശ്നങ്ങൾ അവരെ തേടി വന്നു. അക്രമികളും കള്ളന്മാരുടെ വ്യാജ ചാരായ ലോബിയും ഒക്കെ ഉൾപ്പെട്ട വനസംഘവും അയ്യരമ്മയും തമ്മിലുള്ള യുദ്ധപരമ്പര ഇവിടെ തുടങ്ങുകയാണ്. സാമൂഹ്യ വിരുദ്ധർ അവരെ പല വിധത്തിലും ഉപദ്രവിച്ചു. ഒന്നിലധികം തവണ വീടുകത്തിച്ചു. വീട്ടു സാധനങ്ങൾ നശിപ്പിച്ചു. ജോലിക്കാരെ ഭീഷണിപ്പെടുത്തി ജോലിമുടക്കി, നേരിട്ടുപദ്രവിച്ചു... ഒന്നിലും പ്രതികളെ പിടിച്ചില്ല...



അയ്യരമ്മ ഇതുകൊണ്ടൊന്നും പിന്മാറിയില്ലെന്ന് മാത്രമല്ല, കൂടുതൽ സജീവമായി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണുണ്ടായത്. ഇത്തരം ഇരുന്നൂറിലധികം കേസുകളിൽ അവർ ഇടപെട്ട് നീതി ലഭ്യമാക്കുകയുണ്ടായി. മാത്രവുമല്ല കേസുകളുടെ ആധിക്യം മൂലം അവയുടെ നടത്തിപ്പിനായി അട്ടപ്പാടിക്കു മാത്രമായി ഒരു സൗജന്യ നിയമ സഹായ സമിതി രൂപീകരിക്കാൻ അവർ പരിശ്രമിച്ചു. അങ്ങനെ ജില്ലാ നിയമ സഹായ സമിതിയും താലൂക്ക് നിയമ സഹായ സമിതിയും നിലവിൽ വന്നു. കൂടാതെ ജസ്റ്റിസ് വി.ആർ




**ഈയിടയായി** കേരളത്തിലങ്ങോളമിങ്ങോളം പുലിയിറങ്ങി വാർത്തകൾ സൃഷ്ടിക്കുന്നത് പതിവായിരിക്കുന്നു. കാട്ടിൽ നിന്ന് പുലിയിറങ്ങുന്നതുകൊണ്ട് നാട്ടിലെ പുലികളൊക്കെ ഒതുങ്ങാൻ സാധ്യതയേറെയാണ്. കാട്ടിൽ മനുഷ്യന്റെ ശല്യം സഹിക്കാതെ വന്നപ്പോൾ നാട്ടിലിറങ്ങുന്ന പുലികൾക്ക് ഒരാശ്വാസമുള്ളത് തന്റെ വർഗ്ഗം കേരളത്തിൽ നിറഞ്ഞിരിക്കുകയാണ് എന്നതുമാത്രം. ആഴ്ചയിലൊരിക്കൽ വിലകൂട്ടുന്ന പെട്രോൾ ഉപയോഗിക്കുന്ന വണ്ടി വേണ്ടാ എന്നതും സവാരിക്ക് ആക്കം കൂട്ടുന്നുണ്ട്. 16,000 കോടിയെങ്കിലും ലാഭമുണ്ട് എന്നത് എണ്ണക്കമ്പനികളൊഴിച്ച് ബാക്കി എല്ലാവരും പറഞ്ഞു നടക്കുന്ന കാര്യമാണ്. വർഗ്ഗസ്നേഹമുണ്ടെങ്കിലും ജാതിയും മതവും ദേശവുമൊന്നും വേർതിരിച്ചു കാണാൻ പുലികൾക്കറിയില്ല. അല്ലെങ്കിൽ പതിനാലുകാരി റിംഷയ്ക്കു പാക്കിസ്ഥാനിൽ സംഭവിച്ചതു പോലെ ദൈവനിന്ദയുടെ പേരിൽ തടവിൽ കഴിയേണ്ടിവരുമായിരുന്നു. ദൈവനിന്ദയ്ക്ക് ദൈവം പോലും അറിയാതെ മരണശിക്ഷ വരെ ലഭിക്കാവുന്ന നാടാണ് അത്. കള്ളക്കേസുണ്ടാക്കാൻ മുസ്ലിം പുരോഹിതനായ ഖലീദ് ചിസ്തി, ഖുറാന്റെ പേജുകൾ റിംഷ കത്തിച്ച കടലാസു കൂമ്പാരത്തിന്റെ കൂടെ കൊണ്ടു വന്നിടുകയായിരുന്നു എന്ന വാർത്ത കണ്ടപ്പോൾ പുലി ഇടയ്ക്കിടെ നാട്ടിൽ വരുന്നതാണ് സമാധാനം നൽകുന്നത് എന്നു തോന്നി. മതത്തിന്റെ കൂട്ടുപിടിച്ച് സ്ത്രീകളോട് വൈരാഗ്യം തീർക്കുകയോ, പ്രധാന കാര്യങ്ങളിൽ നിന്ന് സ്ത്രീകളെ അകറ്റിനിർത്തുകയോ ചെയ്തിട്ടുണ്ട് ഏതു കാലത്തും അധികാരവർഗ്ഗം. ഭരണ കാര്യങ്ങളിൽ മാത്രമല്ല, പണമിടപാടുകളിലും സ്ത്രീകളെ അടുപ്പിക്കാറില്ല ഇന്നും. സ്ത്രീകളാരും പണവും സ്വർണ്ണവും സൂക്ഷിക്കുന്നിടത്ത് കയറാൻ പാടില്ല എന്ന ആചാരം സൂക്ഷിക്കാൻ ഈ നൂറ്റാണ്ടിലും തത്രപ്പെടുന്നുണ്ട് നാം. സ്ത്രീയായി പിറന്നവരാരും അതുപറയാൻ കൊള്ളില്ലെന്നിരിക്കെ വാസ്തവത്തിൽ ദൈവത്തിന്റെ സ്വന്തം നാട്ടിൽ നടന്നതും ഇതാണ്. ഇതൊന്നും ദൈവം അറിയുന്നില്ലെന്ന് കരുതാനേ നമുക്ക് കഴിയൂ.

മതത്തിന്റെ കൂട്ടുപിടിച്ച്
സ്ത്രീകളോട് വൈരാഗ്യം
തീർക്കുകയോ, പ്രധാന
കാര്യങ്ങളിൽ നിന്ന്
സ്ത്രീകളെ
അകറ്റിനിർത്തുകയോ
ചെയ്തിട്ടുണ്ട്
ഏതു കാലത്തും
അധികാരവർഗ്ഗം

---

കൃഷ്ണയ്യർ, ജസ്റ്റിസ് ജാനകി അമ്മ തുടങ്ങിയവർ നേതൃത്വം കൊടുക്കുന്ന പീപ്പിൾസ് കൗൺസിൽ ഫോർ ജസ്റ്റിസ് (PCSJ)) ന്റെ ലൈഫ് മെമ്പറും കൂടിയാണ് അയ്യരമ്മ. അവരുടെ സഹായവും അമ്മയ്ക്ക് ലഭ്യമാകുന്നുണ്ട്. പ്രായമായ അമ്മ മരിച്ചതോടെ അവിവാഹിതയായ അയ്യരമ്മ ഒറ്റയ്ക്കാണ് താമസം. രണ്ടു നായ്ക്കളും ഒരു പൂച്ചയും ഏതാനും മാടുകളുമാണ് ഇന്നവർക്ക് കൂട്ട്. ആനക്കട്ടിയിലെ കാടിനുള്ളിലെ ചെറിയ ചെത്തിതേയ്ക്കാത്ത വീട്ടിൽ വൈദ്യുതിയില്ലാതെ, വെള്ളമില്ലാതെ, കിടക്കാനൊരു കട്ടിലില്ലാതെ ജീവിക്കുന്ന ഈ അറുപത് പിന്നിട്ട സ്ത്രീയാണ് ഞാൻ ജീവിതത്തിൽ കണ്ട ഏറ്റവും ധീരയായ വ്യക്തി. ധൈര്യത്തിന്റെയും സാമൂഹ്യ പ്രതിബദ്ധതയുടെയും ഈ ഉജ്ജ്വല മാതൃകയ്ക്കു മുന്നിൽ നിൽക്കുമ്പോൾ ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ച് നമുക്ക് ബോധ്യം വരും. ദാരിദ്ര്യത്തിന്റെയും ഒറ്റപ്പെടലിന്റെയും ഇടയിൽ യാതൊരു വിധ അവകാശവാദങ്ങളുമില്ലാതെ അവർ തന്റെ നിയോഗം തുടരുന്നു. (ഇപ്പോൾ ചില ആരോഗ്യ പ്രശ്നങ്ങൾ അലട്ടുന്നുണ്ടെന്ന് കേൾക്കുന്നു). ജീവിതം ജീവിതയോഗ്യമാകുന്നത് ഇങ്ങനെ ചിലരുടെ നന്മകളുടെയും ത്യാഗത്തിന്റെയും നിറവിലാണെന്ന് നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ട്....■

# സദാചാരപൊലീസിങ്ങും സ്ത്രീപക്ഷ രാഷ്ട്രീയവും



രഞ്ജിനി കൃഷ്ണൻ

**സദാചാരപോലീസിങ്ങും** സ്ത്രീപക്ഷ രാഷ്ട്രീയവും എന്ന വിഷയം തന്നെ ഒരർത്ഥത്തിൽ വല്ലാത്ത ആധിയുണ്ടാക്കുന്നുണ്ട്. സദാചാരപോലീസിങ്ങ് എന്ന പ്രയോഗം വിശദീകരണം ആവശ്യമില്ലാത്തവിധം നമ്മുടെയൊക്കെ സംസാരങ്ങളിൽ സ്ഥാനംപിടിക്കുന്നതെങ്ങനെയാണ്? ശങ്കകൾക്കിടയില്ലാത്തവിധം നൊടിയിടയിൽ അത് അർത്ഥോത്പാദനം നടത്തുന്നത് എങ്ങനെയാണ്? അതെങ്ങനെയാണ് നമുക്കിടയിൽ പൊതുവായ ചില സംഗതികളെക്കുറിച്ചുള്ള ഓർമ്മകളെ ഉണർത്തുന്നത്? ആശങ്കകൾ ഉണ്ടാക്കുന്നത്? നമ്മുടെ ബോധത്തിൽ ചിന്തയിൽ അനുഭവങ്ങളിൽ എങ്ങനെയാണ് ഈ വാക്കുകടന്നു വരുന്നത് എന്നൊക്കെ ആലോചിക്കുമ്പൊ ഈ ആധി ഇരട്ടിക്കുന്നു. കരിമ്പടം പുതച്ച സദാചാര മുത്തശ്ശിയെക്കുറിച്ചു കമലാസുരയ്യ പറയുന്നുണ്ട്. ഇന്നു കേരളത്തിൽ സദാചാരം വെറും പുതപ്പല്ല. അതെന്റെ ചർമ്മംതന്നെയായി മാറുന്ന അവസ്ഥയുണ്ട്. കരിമ്പടം എനിക്കു വേണ്ടെന്നു തോന്നിയാൽ ഊരിമാറ്റാം. ചർമ്മം ഊരിമാറ്റുക എളുപ്പമല്ല. ഉടുപ്പിനും ഉടലിനും ഇടയിലുള്ള ആ നിമിഷത്തിൽനിന്നേ ഇന്നു കേരളത്തിൽ സദാചാരപോലീസിങ്ങിനെപ്പറ്റി സംസാരിക്കാൻ പറ്റൂ. ഒന്നോർത്താൽ ഉടുപ്പും ഉടലും അവയ്ക്കിടയിൽ സാദ്ധ്യമായ വിനിമയങ്ങളും ആണ് സദാചാരസേനയ്ക്കു പ്രിയപ്പെട്ട ഒരിടം. രണ്ടു മനുഷ്യർ പരസ്പരധാരണയോടെ, സ്നേഹത്തോടെ ഉടുപ്പൂരുന്ന ഇടങ്ങളിൽ അതു മുടക്കാൻ ഈ സേനകൾ മുടങ്ങാതെ ഹാജരുണ്ടാകും. ബലാൽകാരമായി ഒരുവളുടെ ഉടുപ്പു വലിച്ചൂരപ്പെടുന്ന ഇടങ്ങളിൽ അതു തടയാൻ ഈ സേനകളുടെ പൊടിപോലും കാണില്ലതാനും. രാത്രി, സ്ത്രീ, ശരീരം എന്നെല്ലാം കേട്ടാൽ ഈ സേനകൾക്കു കലിയിളകും. ഈയിടെയായി രാപകൽ ഭേദമില്ലാതെ അവർ കൃത്യനിർവഹണം നടത്തുന്നുണ്ട് എന്നതു മറക്കുന്നില്ല. എന്നാലും രാത്രിയാണു സദാചാരം സംരക്ഷിക്കേണ്ട അധികബാദ്ധ്യത ഉള്ളത്.

രാത്രിയെപ്പറ്റിപ്പറഞ്ഞപ്പോഴാണോർത്തത് 2002–ൽ തിരുവനന്തപുരത്ത് ഒരു രാത്രി സ്വന്തമാക്കൽ സമരം നടന്നു. ഞാൻ ജീവിതത്തിൽ പങ്കെടുത്ത ആദ്യഫെമിനിസ്റ്റ് പരിപാടി എന്ന നിലയിൽ എന്റെ മനസ്സിൽ ഇന്നും അതെക്കുറിച്ചു തെളിഞ്ഞ ഓർമകളുണ്ട്. മാത്രമല്ല, അന്നവിടവെച്ചു പരിചയപ്പെട്ട പലരേയും ഇന്നീ വേദിയിലും സദസ്സിലും കാണാം. അന്ന് ആ പരിപാടിയുടെ പ്രചരണാർത്ഥം എഴുതി തയ്യാറാക്കിയ ചില പോസ്റ്ററുകൾ തമ്പാനൂർ ബസ് സ്റ്റാന്റിൽ ഒട്ടിക്കാൻപോയ ഒരനുഭവം ഉണ്ട്. ഈ രാത്രി ഞങ്ങൾക്കു സ്വന്തം. ഇനി എല്ലാ രാത്രിയും ഞങ്ങൾക്കു സ്വന്തം ഇതായിരുന്നു ആ പോസ്റ്ററിലെ മുദ്രാവാക്യം. ഞങ്ങൾ ആറോ ഏഴോ പേരുള്ള ഒരു സംഘം ആണ് തമ്പാനൂർഭാഗത്തേക്കു പോയത്. ബസ്സ്റ്റാന്റിൽ ഞങ്ങൾ ഇത് ഒട്ടിക്കാൻ ശ്രമിക്കുമ്പോൾ ഒരു ചെറുപുരുഷസംഘം കൗതുകത്തോടെ ചുറ്റുംകൂടി. ചിരിച്ചും കമന്റടിച്ചും ഒക്കെ പ്രോത്സാഹിപ്പിച്ച ആ കൂട്ടത്തിനെ കണ്ട് അവസാനം അവിടെയെത്തിയ ഒരാൾക്ക് എന്താണവിടെ നടക്കുന്നതെന്നോ എന്താണ് ആ പോസ്റ്ററിൽ എഴുതിയിരിക്കുന്നതെന്നോ കൃത്യമായി മനസ്സിലായില്ല. അയാൾ അടുത്തു നിന്ന ആളോട് എന്താണു സംഭവം എന്നു തിരക്കി. മറുപടി ഇങ്ങനെയായിരുന്നു "ഇന്നീ പെണ്ണുങ്ങളുടെ ആദ്യരാത്രിയാണ്. അതു നമ്മളോടു പറയാൻ വന്നതാണ് ഈ പെണ്ണുങ്ങൾ, പാവങ്ങൾ." കേട്ടവരെല്ലാം ചിരിച്ചു. കൂട്ടത്തിൽ ഞങ്ങളും ചിരിച്ചു. ഇപ്പോൾ ആലോചിക്കുമ്പോൾ തോന്നുന്നു സദാചാര പോലീസിങ്ങിനേയും സ്ത്രീപക്ഷ രാഷ്ട്രീയത്തേയും കുറിച്ചുള്ള ഒരു സംസാരം ആയിരുന്നു അതെന്ന്. രാത്രിയെകുറിച്ചു സംസാരിക്കാൻ പകൽ തമ്പാനൂരെത്തിയ പെണ്ണുങ്ങളെ ഞൊടിയിടകൊണ്ട് ഒരു മലയാളി പുരുഷൻ കിടപ്പറയിലെത്തിച്ചു. കട്ടിലിലെത്തിച്ചു. അതിനേക്കാൾ അർത്ഥവിവക്ഷകൾ ഉണ്ട് അതു നമ്മളോടു പറയാൻ വന്നതാണ് ഈ പെണ്ണുങ്ങൾ എന്ന വാചകത്തിന്. വെയിലത്തു വിയർത്തൊലിച്ച് ആണുങ്ങ



ളോടും പുരുഷാധിപത്യ മനോനില കളോടും കാര്യം പറയാൻ പെണ്ണു ങ്ങൾ നടക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. പാവങ്ങൾ എന്നു തോളിൽ തട്ടുന്നതിനുപകരം നമ്മുടെ ഒച്ച ഇവർ വേറിട്ടുകേട്ടോ ആവോ. അതോ പാവങ്ങൾക്കും ഭീകരർക്കും ഇടയിൽ ഊഞ്ഞാലാ ടുന്ന നമ്മളെ കണ്ടതല്ലാതെ അവർ കേട്ടതേയില്ലേ? നമ്മൾ സ്വകാര്യ ത്തെക്കുറിച്ച് പറഞ്ഞത് ഇവർ പൊതുവായി തള്ളിക്കളഞ്ഞോ? നമ്മൾ പൊതുവിൽ പറഞ്ഞ ചില കാര്യങ്ങൾ സ്വകാര്യം ആയോ? സ്വകാര്യം ആകെ മോശം കാര്യ മായോ? ആയെന്നാണ് എൽ.ഡി.എ ഫ്. കൺവീനർ വൈക്കം വിശ്വൻ പറയുന്നത്. ചെങ്ങറ ഭൂസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് 2008 മാർച്ച് 7-ന് സെക്ര ട്ടേറിയറ്റിനു മുൻപിൽ നടന്ന രാത്രി ജാഗ്രതാസമരത്തെക്കുറിച്ച് പറയു മ്പോഴാണ് പൊതുവിൽ സ്വകാര്യം മോശമാണെന്ന് അദ്ദേഹം പറയുന്ന ത്. രാത്രിയെ ആദ്യരാത്രിയാക്കുന്ന പരിപാടി അവിടെയും നമ്മൾ കണ്ടു. രാത്രി സമരം മസാലമയം എന്ന ദേശാഭിമാനി ദിനപ്പത്രത്തിലെ വാർത്ത സമരത്തെക്കുറിച്ചുണ്ടാ ക്കിയ ആഖ്യാനമാണ് ഇത്തരം വില യിരുത്തലിനു സാധുത നൽകിയത്. സമരലഹരി, രതിലീല, കാമകേളി തുടങ്ങിയ വാക്കുകളാൽ പണിത ആ ആഖ്യാനവും കൈരളി-പീപ്പിൾ ചാനലുകൾ സംപ്രേഷണം ചെയ്ത ബ്ലൂ ഫിലിം എന്ന ഗണത്തോടു സാമ്യംതോന്നുംവിധം മാനിപ്പുലേ റ്റുചെയ്ത സമരത്തിന്റെ വീഡിയോ ഫൂട്ടേജും വൈക്കം വിശ്വന്റെ പത്ര സമ്മേളനവും ജനാധിപത്യമഹിളാ അസോസിയേഷന്റെ അടിച്ചുത ളിയും ചേർന്ന് കേരളത്തിൽ സദാ ചാരപോലീസിങ്ങിന്റെ ഔപചാരിക ഉത്ഘാടനം ആണ് നടത്തിയത്. ആ സമരത്തിനെതിരെ ശിക്ഷാനട പടികൾ സ്വീകരിച്ചത് കേരളത്തിലെ പോലീസല്ല, കോടതിയല്ല, മറ്റു ഭര ണകൂട ഉപകരണങ്ങൾ ഒന്നുമല്ല. മറിച്ച് പൊതുസമൂഹമായിരുന്നു അന്നു ശിക്ഷ വിധിച്ചതും നടപ്പിലാ ക്കിയതും. ഇടതുപക്ഷ നിയന്ത്രണ ത്തിലുള്ള മാദ്ധ്യമങ്ങളും പുരോഗ മനശക്തികൾ എന്നു സ്വയം വിളി ക്കുന്നവരും ആണന്ന് ഈ ശിക്ഷാ നടപടികൾക്കു നേതൃത്വം കൊടു ത്തത്. രാത്രി ജാഗ്രതാസമരവുമായി ബന്ധപ്പെട്ടു നടന്നത് ഇന്നു കാണുന്ന രൂപത്തിലുള്ള സദാചാ രപോലീസിങ്ങിന്റെ ഉത്ഘാടനം ആണെങ്കിൽ അതിന്റെ തറക്കല്ലി ടൽ നടന്നത് പി.ഇ. ഉഷ സംഭവത്തി ലാണെന്നുതോന്നുന്നു. അന്ന് ആ സമരം പി.ഇ. ഉഷയ്ക്കെതിരെ ആക്കിമാറ്റാൻ യത്നിച്ചത് ഇടതു പക്ഷ തൊഴിലാളി സംഘടനകൾ ആയിരുന്നു. പി.ഇ. ഉഷയ്ക്കെതി രായ ലൈംഗികാതിക്രമത്തിൽ



നിന്നും നീതിനിഷേധത്തിൽനിന്നും മാറി ആരാണ് ഉഷ, അവർ എന്തിനു രാത്രി യാത്രചെയ്തു, അതും ഒറ്റയ്ക്കു യാത്രചെയ്തു, അവർ എവിടെ പോയി, എന്തിനുപോയി തുടങ്ങിയ കാര്യങ്ങളിൽ ഊന്നിയ ഒരു ആഖ്യാനം ആയിരുന്നു മുഖ്യ ധാരാ ഇടതുപക്ഷം നിർമ്മിച്ചത്. ലൈംഗികാതിക്രമം നടത്തിയ ആളിനെ രക്ഷിക്കാൻ അവർ ഉയർത്തിക്കൊണ്ടുവന്നത് കുടുംബ ത്തിന്റെ പരിപാവനത്വം ആയിരു ന്നു. അടങ്ങിയൊതുങ്ങി കുടുംബ ത്തിരിക്കുന്ന ആണുങ്ങളെ അധിക മാന്യത നൽകി അരങ്ങിലെത്തിക്കു കകൂടിയാണ് ഇത്തരം ആഖ്യാന ങ്ങൾ ചെയ്തത്. ചെളി കണ്ടാൽ ചവിട്ടി വെള്ളം കണ്ടാൽ കഴുകി പ്പോകുന്ന ആണുങ്ങളിൽനിന്നു വ്യത്യസ്തമായിരുന്നു ഈ പുതിയ ആണത്തം. ഈ ആണുങ്ങളുടെ സ്വീകാര്യത ചെളിയിൽ ചവിട്ടുന്ന ആണുങ്ങളെ തല്ലിക്കൊല്ലുന്ന അവ സ്ഥയിലേക്കു കേരളത്തെ എത്തി ച്ചു. ഇന്നു കേരളം കാണുന്ന പല സദാചാരവിചാരണകളിലും പുരോ ഗമനശക്തികൾ എന്നു സ്വയം വിളി ക്കുന്നവരും മതമൗലികവാദികൾ എന്നു വിളിക്കപ്പെടുന്നവരും ഒരേ ആവേശത്തോടെ തല്ലിക്കൊല്ലാൻ നിൽക്കുന്നതു കാണാം. അതുകൊ ണ്ടുതന്നെ വർഗീയതയുടേയും വല തുതീവ്രവാദത്തിന്റേയും തലയിൽ സദാചാരപോലീസിങ്ങിന്റെ ഭാരം കെട്ടിവെച്ച് നമ്മൾക്കത്ര എളുപ്പം രക്ഷപ്പെടാനാവില്ല. മതമൗലികവാ ദശക്തികൾ സദാചാരപോലീസി ങ്ങിൽ ഇല്ലെന്നല്ല. എപ്പോഴാണ് ഒരു വാദം മൗലികവാദം ആകുന്നതെ ന്നാണു നമ്മൾ തുറന്ന മനസ്സോടെ ആത്മപരിശോധന നടത്തേണ്ടത്. ചില പതിവുകേന്ദ്രങ്ങളിൽനിന്നു വരുന്ന പതിവുപ്രതികരണങ്ങൾ മൗലികവാദം എന്നൊതുക്കാതെ പുരോഗമനാത്മകം എന്നു സ്വയം വിളിക്കുന്ന ഇടങ്ങൾ എന്താണുചെ യ്യുന്നത് എന്നുകൂടി ആലോചിക്കേ ണ്ടതുണ്ട്. ഈ ആലോചന സത്യ ത്തിൽ സദാചാരസേനകൾ എ ന്താണ് എന്ന ചോദ്യത്തിൽ എത്തി ക്കും. ഈ ചോദ്യം മൂല്യങ്ങൾ എന്ന വഴുക്കുന്ന ഒരിടത്തേക്ക് ഈ സംസ്കാരത്തെ എത്തിക്കും.

ഒരു ജീവിവർഗ്ഗം എന്ന നില യിൽ മനുഷ്യനു മൂല്യവിചിന്തനങ്ങ ളിൽനിന്നു മാറിനിൽക്കുക സാദ്ധ്യ മല്ല. ബോധത്തിന്റെ കാര്യമെടു ത്താൽ സ്ഥലം സമയം, ദിശ തുട ങ്ങിയവ എല്ലാ ജീവിവർഗ്ഗങ്ങളും പങ്കുവെക്കുന്നുണ്ട്. ആദ്യം നമ്മൾ കരുതിയിരുന്നത് ഇതു മനുഷ്യനു മാത്രം ഉള്ള ഒരു കഴിവാണെന്നാണ്. പുതിയ പഠനങ്ങൾ കാണിക്കുന്നത് ഷഡ്പദങ്ങൾ, പ്രാണികൾ തുടങ്ങി പല ജീവിവർഗ്ഗങ്ങൾക്കും ഇതിനെ പ്പറ്റിയൊക്കെ ധാരണയുണ്ടെന്നാ

ണ്. അങ്ങനെ നോക്കുമ്പോൾ മനുഷ്യന്റെ ബോധത്തെ വ്യത്യസ്തമാക്കുന്ന ഒരു പ്രധാനഘടകം തെറ്റ്. ശരി എന്നിവയെക്കുറിച്ചു ചിന്തിക്കാൻ ഉള്ള കഴിവാണ്. ഈ ചിന്തയിൽനിന്നു മനുഷ്യകുലത്തിനു രക്ഷയില്ല. പലദേശങ്ങളിൽ പല കാലങ്ങളിൽ പല രീതിയിലാണ് ഈ ചിന്ത നടന്നിട്ടുള്ളത്. സോക്രട്ടീസിന്റെ ചിന്തയിൽ അത് ഞാൻ ആരാണ്, ഞാൻ എങ്ങനെ ജീവിക്കണം എന്നീ ചോദ്യങ്ങൾ ആയി വരുമ്പോൾ പൗരസ്ത്യചിന്തയിൽ അത് ധർമ്മത്തേയും കർമ്മത്തേയും കുറിച്ചുള്ള ചിന്തകളിൽ ആണുള്ളത്. ഈ ധർമ്മാധർമ്മ വിചിന്തനങ്ങളുടെ ഒരു സ്വഭാവം അവയ്ക്ക് തെറ്റും ശരിയും ഏതാണ് എന്ന ചിന്തയോടല്ലാതെ മറ്റൊന്നിനോടും കൂറില്ല എന്നതാണ്. അതിന് ആ ചിന്ത പെട്ടെന്നവസാനിപ്പിച്ച് മറ്റെവിടെയെങ്കിലും എത്തേണ്ട ബദ്ധപ്പാടില്ല. മുടി ചീകിയതു ശരിയായോ എന്നു കണ്ണാടിയിൽ നോക്കുന്ന നോട്ടമല്ല അത്. കാറ്റിൽ ഇളകുന്ന തീനാളത്തിൽ കണ്ണുനട്ടിരിക്കും പോലെ ശ്രമകരമാണത്. ശ്രമകരമായ ഈ ഉദ്യമത്തിന്റെ അവസാനം കുറ്റവും ശിക്ഷയും അല്ല. എളുപ്പം സ്വീകരിക്കാവുന്നതോ തള്ളിക്കളയാവുന്നതോ അല്ലാത്ത ചില ഇടങ്ങളിൽ ആണത് എത്തുക. ഞാൻ എങ്ങനെ ജീവിക്കണം എന്ന ചോദ്യത്തിൽനിന്നും ഞാൻ ആരാണ് എന്ന ചോദ്യത്തിലേക്കും തിരിച്ചും ഊഞ്ഞാലാടുന്ന ഈ ചിന്ത തിരഞ്ഞെടുപ്പിനേയും സ്വാതന്ത്ര്യത്തേയുംകുറിച്ച് എപ്പോഴും വേവലാതിപ്പെട്ടുകൊണ്ടിരിക്കും. ഏകത്വത്തിലും അനേകത്വത്തിലും വ്യക്തിയിലും സമൂഹത്തിലും പോയിവന്നുകൊണ്ടിരിക്കും. സദാചാരസേനകളുടെ കാര്യം അങ്ങനെയല്ല. അതിനു മൂല്യവിചിന്തനത്തിനോ തെറ്റിനും ശരിക്കും ഇടയിലുള്ള ഒരുനിമിഷത്തിന്റെ സന്നിഗ്ദ്ധതയ്ക്കോ ഒന്നും ചെവികൊടുക്കാൻ സമയമില്ല. അതു പ്രവർത്തിക്കുന്നതു കുറ്റങ്ങളുടെ ഒരു പട്ടികയുമായാണ്. അതനുസരിച്ചു പാർക്കിലിരിക്കുന്ന യുവാക്കളെ വിരട്ടിയശേഷം അതിനു ബീവറേജസിനു മുൻപിൽ നിൽക്കുന്ന സ്ത്രീയെ മർദ്ദിക്കാൻ ഓടിയെത്തേണ്ടതുണ്ട്. രാത്രിയിൽ വൈകിയെത്തുന്ന സ്ത്രീകളെ നിരീക്ഷിക്കേണ്ടതുണ്ട്. സ്ത്രീകളെ കാണാൻ വൈകിയെത്തുന്ന പുരുഷന്മാരെ നിരീക്ഷിക്കേണ്ടതുണ്ട്. അവരുടെ മൊബൈൽ ഫോണിന്റെ വിളികളുടെ ചരിത്രം പരിശോധിക്കേണ്ടതുണ്ട്. വേണ്ടിവന്നാൽ തല്ലിയൊതുക്കേണ്ടതുണ്ട്. ഇവിടെയുള്ള കാതലായ പ്രശ്നം, പ്രശ്നം എന്താണെന്നു ചോദിക്കാനോ പറയാനോ ചിന്തിക്കാനോ ഉള്ള കഴിവ് ഒരു സമൂഹം എന്ന നിലയിൽ നമുക്കു നഷ്ടപ്പെടുന്നു എന്നതാണെന്നു തോന്നുന്നു. സദാചാരസേനകൾ ധർമാധർമ വിചിന്തനങ്ങൾക്കുള്ള ഒരു സമൂഹത്തിന്റെ ശേഷിയേയും ഭാവനയേയും നശിപ്പിക്കുന്നു. തുറന്ന മനസ്സോടെ ജീവിക്കാൻ ഉള്ള സാദ്ധ്യതകൾ അത് അടച്ചുകളയുന്നു. ഞാൻ എങ്ങനെ ജീവിക്കണം എന്ന ചോദ്യം എനിക്കു ചോദിക്കേണ്ടിയേ വരുന്നില്ല. അഥവാ ആ ചോദ്യം ഞാൻ ചോദിക്കാൻ ഇടയുള്ള നിമിഷങ്ങളിൽ അതെന്നെ ഭയപ്പെടുത്തി പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. സ്വാതന്ത്ര്യത്തിന്റെയോ തിരഞ്ഞെടുപ്പുകളുടെയോ സാദ്ധ്യതകളിലേക്കു തുറന്നിരിക്കുന്ന നിമിഷങ്ങൾ അതിനു ബാദ്ധ്യതയാണ്. ഇങ്ങനെ സാദ്ധ്യതയെ ബാദ്ധ്യതയാക്കുന്ന ഒരു ഇടപാടായതുകൊണ്ടുതന്നെ സദാചാരസേനകൾ ഇരട്ടി പ്രശ്നമാണുണ്ടാക്കുന്നത്. കേരളത്തിലിന്നുള്ള സദാചാരസേനകൾ സ്വാതന്ത്ര്യത്തെ ഭയപ്പെടുന്നവയാണ് എന്ന ഒറ്റക്കാര്യം കൊണ്ടുതന്നെ അവ എതിർക്കപ്പെടേണ്ടതാണ്. കാരണം സ്വാതന്ത്ര്യം അല്ലാതെ മറ്റൊന്നും ആത്യന്തികമായി നമുക്കു നഷ്ടപ്പെടാനില്ല തന്നെ. അങ്ങനെ നോക്കുമ്പോൾ സ്വാതന്ത്ര്യംതന്നെ ശരിയായതും അല്ലാത്തതും എന്നിങ്ങനെ രണ്ടുണ്ട് എന്നു കരുതുന്ന രാഷ്ട്രീയസംഹിതകളും ഒരുതരത്തിൽ ഒരു സദാചാരസംഹിതതന്നെയാണ് ഉയർത്തിക്കൊണ്ടുവരുന്നത്. സത്യത്തിൽ ഈ പരിപാടിയുടെ നോട്ടീസിൽ കണ്ട മിഥ്യാസ്വാതന്ത്ര്യബോധം എന്ന പ്രയോഗംപോലെ ഒന്നു സാദ്ധ്യമാണോ എന്നുതന്നെ എനിക്കു സംശയമുണ്ട്. സ്വാതന്ത്ര്യബോധം അത് എത്രനേർത്തതായാലും അതിന്റെ നിർവചനത്തിൽതന്നെ അതിനു മിഥ്യയാകാൻ കഴിയില്ല. എന്നുമാത്രവുമല്ല അടിമയ്ക്കേ സ്വാതന്ത്ര്യത്തെപ്പറ്റി ചിന്തിക്കാൻ കഴിയൂ എന്ന നീത്ഷെ വഴിയിലൂടെ പോയാൽ 'മിഥ്യാസ്വാതന്ത്ര്യബോധം' എന്ന പ്രയോഗത്തിന്റെ യുക്തി ആകെ അപകടത്തിൽ ആകുകയും ചെയ്യും. സ്വാതന്ത്ര്യത്തിന്റെ സമസ്യകളെ സദാചാരംകൊണ്ടു നേരിടാൻ ശ്രമിക്കുന്ന ഒരു സമൂഹം ചരിത്രത്തിലെ അപഹാസ്യമായ ഒരു അദ്ധ്യായമാണ് എഴുതിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സ്വാതന്ത്ര്യത്തെ ജീവന്മരണപ്രശ്നമായി കണ്ട ഒരു രാഷ്ട്രീയത്തിന്റെ ആളുകൾ എന്ന നിലയിൽ സദാചാരസേനകളെ എതിർക്കേണ്ടതു സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ ധാർമിക ഉത്തരവാദിത്തം ആകുന്നു. അല്ലാതെ സാമൂഹ്യവികാസത്തിനു തടസ്സം നിൽക്കുന്നു എന്നതുമാത്രമാവരുത് ഇവയെ എതിർക്കാനുള്ള കാരണം.

> സ്വാതന്ത്ര്യത്തെ ജീവന്മരണപ്രശ്നമായി കണ്ട ഒരു രാഷ്ട്രീയത്തിന്റെ ആളുകൾ എന്ന നിലയിൽ സദാചാരസേനകളെ എതിർക്കേണ്ടതു സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ ധാർമിക ഉത്തരവാദിത്തം ആകുന്നു

സാമൂഹ്യവികാസം എന്ന പ്രയോഗംതന്നെ ഒന്നു ശ്രദ്ധിച്ചില്ലെങ്കിൽ രേഖീയമായ സമയത്തെ ഒളിച്ചുകടത്തും എന്നു കാണാം. ഈ സമയത്തെ അംഗീകരിച്ചുകൊടുത്താലോ സദാചാരസേനകളുടെ പല വാദങ്ങളും ഫലത്തിൽ അംഗീകരിച്ചുകൊടുത്തപോലെ ആകും അത്. സദാചാരസേനകൾ എല്ലാം തന്നെ നാമെന്തായിരുന്നു, ഇപ്പോൾ എന്താണ്, ഇനി എന്തായിരിക്കണം എന്നതിനെക്കുറിച്ച് ചില പൊതുധാരണകൾ പിൻപറ്റുന്നുണ്ട്. ഭൂതകാലം വർത്തമാനം, ഭാവി എന്നിവയെക്കുറിച്ചുള്ള ചില അടഞ്ഞ ആഖ്യാനങ്ങളിൽനിന്നാണ് ഇവ



തീർപ്പുകളിൽ എത്തുന്നതും വിധി പ്രസ്താവിക്കുന്നതും കുറ്റം ചുമ ത്തുന്നതും ശിക്ഷ നടപ്പാക്കുന്ന തും. രണ്ടുരീതിയിലാണ് ഇത്തരം ആഖ്യാനങ്ങൾപ്രവർത്തിക്കുക. പണ്ടുനമ്മൾ വലിയ സംഭവങ്ങൾ ആയിരുന്നു, ഇപ്പോൾ ആകെനശി ച്ചുപോയി, ഇനി ഇവിടുന്നങ്ങോട്ട് എല്ലാ ദുർനടപടികളും അടിച്ചൊതു ക്കിയാൽ ഭാവി ഭൂതകാലംപോലെ സുരഭിലമാക്കാം എന്നൊരു ആഖ്യാ നം. രണ്ടാമത്തേത്, പ്രാക്രൃതവും വന്യവുമായ ഒരിടത്തുനിന്നും കഷ്ടപ്പെട്ടു കൈ പിടിച്ചു കയറ്റി ക്കൊണ്ടു വരികയായിരുന്നു ഈ സമൂഹത്തെ, അപ്പോഴാണ് കുറേ ആളുകൾ കാടത്തം പരിഷ്കാരമാ ക്കുന്നത്. അവരെ തല്ലിയൊതുക്കി യാൽ പ്രശ്നം തീർന്നു. രണ്ടിലും ചെയ്ത കുറ്റങ്ങൾക്കു പരസ്യമായ ശിക്ഷ നടപ്പാക്കി ഒരു സമൂഹം ഒന്ന ടങ്കം പശ്ചാത്തപിക്കുന്നതോടെ പുരോഗതിയിലെത്താം എന്നാണു വരുന്നത്. രണ്ടും ഫലത്തിൽ രേഖീ യമായ സമയസങ്കല്പത്തെയാണു പിൻപറ്റുന്നത്. ഒന്നാമത്തേതു സമ യത്തെ പിന്നോട്ടും രണ്ടാമത്തേത് സമയത്തെ മുന്നോട്ടും നടത്താൻ ആഗ്രഹിക്കുന്നു എന്നതു മാത്ര മാണ് ഒരു വ്യത്യാസം. ഇവിടെ സദാചാരസേനകൾ കാടത്തമാണ് എന്ന പ്രതികരണത്തിന് അതുകൊ ണ്ടുതന്നെ ഈ യുക്തിയെ നേരി ടാൻ കഴിയുകയില്ല. അതു പ്രശ്ന ത്തിന്റെ അതേ യുക്തിയെ പുനർ നിർമ്മിക്കുക മാത്രമാണു ചെയ്യുന്ന ത്. ഒരുപക്ഷേ, രേഖീയവും ഋജു വും ആയ ആഖ്യാനങ്ങളിൽനിന്നു പുറത്തു കടക്കുന്ന, അതിനു സഹാ യിക്കുന്ന ആഖ്യാനങ്ങൾ ഉണ്ടാക്കി ക്കൊണ്ടേ ഈ യുക്തിയെ നേരി ടാൻ കഴിയൂ എന്നുതോന്നുന്നു.

അടഞ്ഞ അറ്റങ്ങളുള്ള കഥകളിൽ പറയുന്നയാളും കേൾക്കുന്നയാളും പെട്ടുപോവാനും അതിൽതന്നെ പെട്ടു കുരുങ്ങി കറങ്ങാനും ഉള്ള സാദ്ധ്യതകൾ ഏറെയാണ്.

സമകാലിക ചിന്തയിൽ ഭൂതകാ ലത്തെക്കുറിച്ചും സംഭവങ്ങളെക്കു റിച്ചും ഉള്ള അടഞ്ഞ ആഖ്യാന ങ്ങൾ എന്താണു ചെയ്യുന്നത് എന്ന് അന്തംവിട്ട് ആലോചിച്ചതായിക്കാ ണുന്ന ഒരിടം പാശ്ചാത്യചിന്തയാ ണ്. കിഴക്കൻ യൂറോപ്പിൽ നടന്ന ജൂതകൂട്ടക്കൊലയുടെ പശ്ചാത്തല ത്തിലാണ് യൂറോപ്യൻ ചിന്ത ഇങ്ങനെ പൊതുതീരുമാനങ്ങളുടെ കൂട്ടായ രൂപീകരണം എങ്ങനെ യാണ് നടക്കുന്നത് എന്നു പിടിവിട്ട് ആലോചിക്കുന്നത്. അവർ പറയു ന്നത് ചരിത്രത്തിൽനിന്നും പഠിക്കേ ണ്ടതു ചരിത്രത്തെ അടച്ചുപൂട്ടിവെ ക്കരുതെന്നാണ്. ചരിത്രത്തിൽ നിന്നും നമ്മൾ എന്തെങ്കിലും പഠി ക്കുന്നുണ്ടോ എന്നു വേവലാതി യോടെ അന്വേഷിച്ച് പല ചിന്ത കരും ഭൂതകാലത്തെക്കുറിച്ചു തുറന്ന ആഖ്യാനങ്ങൾ നിർമ്മിക്കേ ണ്ടതിന്റെ ആവശ്യകത ഊന്നിപ്പറ യുന്നുണ്ട്. ഇത്തരം തുറന്ന ആഖ്യാ നങ്ങൾ വിധി കല്പിക്കുന്ന നിമിഷ ങ്ങളുമായി ചലനാത്മകമായ ബന്ധ മുണ്ടാക്കാൻ സഹായകമാകും. ഈ വിധികളുടെ സ്വീകാര്യതയെക്കു റിച്ചു വീണ്ടും ഒരു സമൂഹത്തിൽ സംസാരങ്ങൾ സാധ്യവുമായിരി ക്കും. എല്ലായിടത്തും എപ്പോഴും ബാധകമായ അല്ലെങ്കിൽ നില നിൽക്കുന്ന ചില പ്രമാണങ്ങളു മായി വിധിക്കാൻ നടക്കുന്ന സദാ ചാരസേനകൾക്കെതിരെ ഒരുപ ക്ഷേ, നമുക്കു മുന്നോട്ടുവെക്കാനു ള്ളത് ഇത്തരം സജീവമായ നിമിഷ ങ്ങൾ ആകും. ഈ നിമിഷങ്ങൾ

ശരീരം, ആഗ്രഹം, സ്പർശം എന്നീ ഇടങ്ങളെ ഭീതിയോടെയല്ലാതെ സമീപിക്കാൻ ഒരു സമൂഹം എന്ന നിലയിൽ നമ്മെ സഹായിച്ചേക്കും. ആളുകൾ കെട്ടിപ്പിടിച്ചു സമരം ചെയ്ത ഇടങ്ങളിൽ ചൂലും തേപ്പു മായി വന്ന് അടിച്ചുതെളിച്ചുപോ കുന്ന സദാചാരസേനകൾ ചിന്ത യിലും ഭാവനയിലും ജീവിത ത്തിലും അടിച്ചേൽപ്പിക്കുന്ന വരൾച്ചയെ നനവിന്റേയും അലിവി ന്റേയും സ്നേഹത്തിന്റേയും രാഷ്ട്രീയംകൊണ്ടേ നമുക്കു മറിക ടക്കാനാവൂ. പ്രണയിക്കുന്ന പുരു ഷനെ കാണാനും അയാളുടെ കൈ പിടിച്ചു സമരം ചെയ്യാനും മൈതാ നത്തിലെത്തി അയാളെ അന്വേഷി ച്ചുനടക്കുന്ന സ്ത്രീയെക്കുറിച്ച് പ്രസിദ്ധ ബംഗാളി ഗായികയായ മൗഷ്മി ഭൊവ്മിക് പാടിയിട്ടുണ്ട്. ഈ സ്ത്രീയിൽനിന്നും അവളുടെ അന്വേഷണങ്ങളിൽനിന്നും അനുഭ വങ്ങളുടെ ചോദ്യംചോദിക്കാനാ കുമോ എന്നും നിലപാടുകൾ ഉള്ള രാഷ്ട്രീയത്തെ പുനർനിർമ്മിക്കാ നാകുമോ എന്നും സ്ത്രീപക്ഷ തത്ത്വചിന്തകയായ ആശ അച്യു തൻ ചോദിച്ചിട്ടുണ്ട്. ഈ ചോദ്യം സദാചാരസേനകൾക്കെതിരായ രാഷ്ട്രീയത്തിന് ഒഴിവാക്കാൻ കഴി യാത്ത ചോദ്യമാണ് സദാചാര സേനകൾ രാഷ്ട്രീയത്തേയും ധാർമ്മികതയേയും ഭാവനാശൂന്യത കൊണ്ടും കാർക്കശ്യംകൊണ്ടും വരട്ടുവാദമാക്കുമ്പോൾ ചോരയും നീരും ആഗ്രഹങ്ങളുമുള്ള ഉടലുക ളാലും ഈ ഉടലിൽ ഉടലെടുക്കുന്ന ചിന്തകളാലും ഇതേയിടങ്ങളെ സ്നിഗ്ദ്ധമാക്കാൻ സ്ത്രീപക്ഷ രാഷ്ട്രീയത്തിനു കഴിയേണ്ടതുണ്ട്. യുക്തിയുടെ അതിപ്രസരംകൊണ്ട് വരണ്ടുപോയ പൊതുഇടങ്ങളെ സ്നിഗ്ധതയാൽ വീണ്ടെടുത്തു കൊണ്ടേ സ്ത്രീപക്ഷ രാഷ്ട്രീയ ത്തിനു സദാചാരസേനകളെ ഏതെ ങ്കിലും വിധത്തിൽ സ്പർശിക്കാനും മാറ്റിയെടുക്കാനും കഴിയൂ. ■

(2012 സെപ്തംബർ 8ന് എറണാകു ളത്തു നടന്ന സദാചാരപോലീസിങ്ങ് വിരുദ്ധ കൺവെൻഷനിൽ നടത്തിയ സം സാരത്തിന്റെ സംക്ഷിപ്തരൂപം. ഈ സംസാരത്തിലെ ആശയങ്ങൾക്കും ആശ ങ്കകൾക്കും ദിലീപ്‌രാജ്, രേഷ്മ ഭരദ്വാജ്, അനൂപ് ധർ എന്നവരോടുള്ള തുടർസം സാരങ്ങളോടു കടപ്പാട്)

# സദാചാരപോലീസിങ്ങ് - റിപ്പോർട്ട്

തയ്യാറാക്കിയത്: ജോളി ചിറയത്ത് & ജെന്നി.വി.സി.

**കേരളത്തിൽ** ആശങ്കപ്പെടുത്തുംവിധം വർദ്ധിച്ചുവരുന്ന സദാചാര പോലീസിംഗിനെതിരെ 'സദാചാരപോലീസിംഗ് വിരുദ്ധസമിതി'യുടെ ആഭിമുഖ്യത്തിൽ സെപ്തംബർ 8ന്, എറണാകുളം ഹൈകോർട്ട് ജങ്ഷനിൽ പ്രതിഷേധസമ്മേളനം സംഘടിപ്പിച്ചു. സാമൂഹികവികാസത്തിന്റേയും ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന്റേയും ഭാഗമായി മുമ്പെന്നത്തെക്കാളധികം സ്ത്രീകൾ ഇന്ന് പൊതുരംഗത്തേക്കു കടന്നുവരുന്നുണ്ടെങ്കിലും സമൂഹത്തിൽ ഇപ്പോഴും ആശയപരമായി മേൽക്കയ്യുള്ള പുരുഷാധിപത്യബോധം ഈ മാറ്റങ്ങളെ പലവിധത്തിൽ പലരീതിയിൽ നിയന്ത്രിക്കുന്നതിന് ശ്രമിച്ചുവരുന്നു. അതേസമയം ആഗോളമൂലധനം തങ്ങൾ സ്വതന്ത്രരാണെന്ന മിഥ്യാബോധമുണ്ടാക്കി സ്ത്രീയെ വിപണിസംസ്കാരത്തിന്റെ ഇരയായി നിലനിർത്തുകയും ചെയ്യുന്നു. ഈ പൊതുപശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് സദാചാരവിചാരണകളെ നാം കാണേണ്ടത്. ഒരുവശത്ത് ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീ ലൈംഗികാതിക്രമണങ്ങൾക്ക് വിധേയയാവുമ്പോൾ മറുവശത്ത് ഒരുമിച്ചു യാത്രചെയ്യുകയോ ഒരുമിച്ച് ഭക്ഷണംകഴിക്കുകയോ ചെയ്യുന്ന സ്ത്രീ-പുരുഷന്മാർ 'സദാചാരപാലകരാൽ' ആക്രമിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇത്തരം പ്രവണതകളെ ചെറുത്തുതോൽപ്പിക്കേണ്ടത് ആരോഗ്യകരമായ സ്ത്രീ-പുരുഷബന്ധങ്ങളുടെ വികാസത്തിനും സ്ത്രീയുടെ എല്ലാവിധത്തിലുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ടാണ് 'സദാചാരപോലീസിംഗ് വിരുദ്ധസമിതി' ഇത്തരമൊരു പ്രതിഷേധസമ്മേളനം നടത്താൻ തീരുമാനിച്ചത്.

'സദാചാര പോലീസിംഗ് സാമൂഹ്യ വികാസത്തിന് തടസ്സം, ചെറുക്കുക', 'സ്ത്രീവിരുദ്ധവ്യവസ്ഥകളോട് നിരന്തരം കലഹിക്കുക' എന്നീ മുദ്രാവാക്യങ്ങൾ മുന്നോട്ടുവെച്ചുകൊണ്ട് സംഘടിപ്പിച്ച സമ്മേളനം അന്വേഷി പ്രസിഡന്റ് കെ. അജിത ഉദ്ഘാടനം ചെയ്തു. സ്ത്രീകൂട്ടായ്മ സംസ്ഥാന കമ്മിറ്റി അംഗം വി.സി. ജെന്നി സ്വാഗതം പറഞ്ഞ സമ്മേളനത്തിൽ സ്ത്രീകൂട്ടായ്മ കൺവീനർ ജോളിചിറയത്ത് അദ്ധ്യക്ഷത വഹിച്ചു. സദാചാരവിചാരണകൾ കേരളത്തിൽ വർദ്ധിച്ചുവരികയാണെന്നും അതിൽ അധികവും സ്ത്രീകൾ മാത്രം ഇരകളാക്കപ്പെടുകയും ചെയ്യുന്നു എന്ന് തനിക്കു മുൻപിലുള്ള അനുഭവങ്ങളെ മുൻനിർത്തി അജിത വിശദീകരിച്ചു. തുടർന്ന് 'സദാചാരവിചാരണകളും സ്ത്രീപക്ഷ രാഷ്ട്രീയവും' എന്ന വിഷയത്തെ ആസ്പദമാക്കി രഞ്ജിനികൃഷ്ണൻ സംസാരിച്ചു. മറ്റുജീവികളിൽനിന്ന് വ്യത്യസ്തമായി തെറ്റും ശരിയും വിവേചിക്കാനുള്ള മനുഷ്യന്റെ സവിശേഷകഴിവ് എന്നതിലുപരി സദാചാരപോലീസിംഗ് എപ്പോഴും തെറ്റുകൾ/കുറ്റങ്ങൾ മാത്രം മുന്നോട്ടുവെക്കുന്നു എന്ന് രഞ്ജിനി ചൂണ്ടിക്കാട്ടി. ഇതുമായി ബന്ധപ്പെട്ട സമൂഹമനഃശാസ്ത്രത്തെക്കുറിച്ച് അവർ ആഴത്തിൽ വിലയിരുത്തി. തുടർന്നു സംസാരിച്ച പത്രപ്രവർത്തകയും സ്ത്രീപക്ഷപ്രവർത്തകയുമായ കെ. കെ. ഷാഹിന, അഭിഭാഷകയും ഇടതുപക്ഷപ്രവർത്തകയുമായ അഡ്വ. പി.എം. ആതിര എന്നിവർ മതസാമുദായിക സംഘങ്ങൾ കൂടാതെ പുരോഗമന ഇടതുപക്ഷമെന്നു നടിക്കുന്ന സംഘടനകൾക്കിടയിൽപോലും നിലനിൽക്കുന്ന സദാചാരപോലീസിംഗിനെപ്പറ്റി പരാമർശിച്ചു. തുടർന്നു സംസാരിച്ച, സി.പി.ഐ.എം.എൽ. ലിബറേഷൻ പ്രവർത്തകനും സ്ത്രീപക്ഷപ്ര






ഒരുവശത്ത് ഒറ്റയ്ക്ക് യാത്രചെയ്യുന്ന സ്ത്രീ ലൈംഗികാതിക്രമണങ്ങൾക്ക് വിധേയയാവുമ്പോൾ മറുവശത്ത് ഒരുമിച്ചു യാത്രചെയ്യുകയോ ഒരുമിച്ച് ഭക്ഷണംകഴിക്കുകയോ ചെയ്യുന്ന സ്ത്രീ- പുരുഷന്മാർ 'സദാചാരപാലകരാൽ' ആക്രമിക്കപ്പെടുന്നു

വർത്തകനുമായ കെ.എം. വേണുഗോപാലും പുരുഷാധിപത്യത്തിലൂന്നിയ സദാചാരബോധം സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിന് വലിയ തടസ്സമാണെന്നു വിലയിരുത്തി. എഴുത്തുകാരിയും സ്ത്രീപക്ഷപ്രവർത്തകയുമായ രേഖാരാജ്, നളിനിജമീല, മനുഷ്യാവകാശപ്രവർത്തകൻ അഡ്വ. തുഷാർനിർമ്മൽ സാരഥി, ഞാറ്റുവേല സാംസ്കാരികപ്രവർത്തകൻ വിജയൻ, എലിസബത്ത്, സ്ത്രീകൂട്ടായ്മ അംഗം ദിവ്യ, ഷാജൻ വല്ലാർപാടം, സി. സിനോബി, ഉണ്ണികൃഷ്ണൻ, പ്രശാന്ത് എ.ബി. തുടങ്ങിയവർ തുടർന്നു നടന്ന ചർച്ചയിൽ പങ്കെടുത്തു. സദാചാര വിചാരണകളെ കേവലം ഒരു മദ്ധ്യവർഗ്ഗ പ്രശ്നമെന്നതിലുപരി അടിസ്ഥാന വർഗ്ഗ, ഉപരിവർഗ്ഗ, മദ്ധ്യവർഗ്ഗ സ്ത്രീപുരുഷബന്ധങ്ങളുടെ മേൽ പുരുഷാധിപത്യവും മത-സാമുദായിക ബോധവും അടിച്ചേൽപ്പിക്കുന്ന ഒരു വിലങ്ങായിക്കാണുന്നു എന്നും അതിനെ ഒരു പുരോഗമന സമൂഹം ബോധപൂർവ്വം നേരിടേണ്ടത് സാമൂഹ്യവികാസത്തിന് അത്യന്താപേക്ഷിതമാണെന്നും ചർച്ച ഉപസംഹരിച്ചുകൊണ്ട് അദ്ധ്യക്ഷ ജോളിചിറയത്ത് വിശദീകരിച്ചു.

ഇതിനെത്തുടർന്ന് 'സാമൂഹ്യവികാസത്തിന് തടസ്സംനിൽക്കുന്ന സദാചാരപോലീസിംഗിനെ ചെറുത്തുതോൽപ്പിക്കുക', 'സ്ത്രീവിരുദ്ധ വ്യവസ്ഥകളോട് നിരന്തരം കലഹിക്കുക', 'സ്റ്റോപ് മോറൽ പോലീസിംഗ്' തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് 50ഓളം സ്ത്രീപുരുഷന്മാർ ചേർന്നു നടത്തിയ പ്രകടനം ഹൈകോർട്ട് ജംങ്ഷനിൽനിന്ന് ആരംഭിച്ച് ജെട്ടിവഴി തിരിച്ച് ഹൈകോർട്ട് ജംങ്ഷനിൽ സമാപിച്ചു. നഗരത്തിലെ തിരക്കിലും ഉച്ചത്തിലുള്ള മുദ്രാവാക്യങ്ങളുയർത്തിയ പ്രകടനം ഏറെ ശ്രദ്ധിക്കപ്പെട്ടു.

തുടർന്നുനടന്ന സമ്മേളനത്തിൽ വിവിധ അവസരങ്ങളിലായി സദാചാരപോലീസിംഗിന് ഇരയായവർ അവരുടെ അനുഭവം പങ്കുവെച്ചു. ശ്രീക്കുട്ടി, നളിനിജമീല, റെനി അയ്ലിൻ തുടങ്ങിയവർ സംസാരിച്ചു. ജൂലൈ മാസം 21-ാം തിയ്യതി മോറൽപോലീസിംഗിനെതിരെ സ്ത്രീകൂട്ടായ്മപ്രവർത്തകർ നടത്തിയ പ്രതിഷേധമാർച്ചിനിടയിൽ സ്ത്രീകൂട്ടായ്മപ്രവർത്തകർക്കെതിരെ അസഭ്യമായി സംസാരിച്ച പോലീസുകാർക്കെതിരെ പരാതി നൽകിയ സ്ത്രീകൂട്ടായ്മപ്രവർത്തകർക്കെതിരെ കള്ളക്കേസ് ചാർജ്ജുചെയ്ത പോലീസിനെതിരെ സുജഭാരതി അവതരിപ്പിച്ച പ്രമേയം സമ്മേളനം പാസ്സാക്കി.

'സദാചാരപോലീസിംഗി'നെതിരെ സംഘടിപ്പിച്ച ഇത്തരമൊരു സമ്മേളനത്തിനു തുടർച്ച വേണമെന്ന നിർദ്ദേശത്തിന്റെ ഭാഗമായി നടന്ന ആലോചനയിലും ചർച്ചയിലും സദസ്സ് വളരെ സജീവമായി പങ്കുകൊണ്ടു. ഇത്തരം വിചാരണകൾക്കിരയാവുന്നവർക്ക് സഹായംനൽകുന്ന നിയമവിദഗ്ദ്ധരുൾപ്പെടുന്ന ഒരു ഹോട്ടലൈൻ രൂപംകൊടുക്കണമെന്ന് എലിസബത്ത് നിർദ്ദേശിച്ചു. വേണുഗോപാൽ ഇതിനെ പിൻതാങ്ങി. ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തുനിന്നും കാസർഗോഡുനിന്നും എറണാകുളംവരെ ഒരു ട്രെയിൻ കാമ്പയ്ൻ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നു ഗീഥ നിർദ്ദേശിച്ചു. ഇത്തരത്തിലുള്ളതും പൊതുവിൽ സ്ത്രീവിരുദ്ധമായതുമായ ഏതുവിഷയമുണ്ടായാലും അതിൽ പ്രതിഷേധിച്ച് കേരളത്തിലെ വിവിധയിടങ്ങളിൽ ഒരേസമയം ശബ്ദമുയർത്താവുന്ന ഒരു ശൃംഖല/കൂട്ടായ്മ രൂപപ്പെടുത്തുന്നത് ഇത്തരം പ്രതിഷേധങ്ങളെ ശക്തിപ്പെടുത്താൻ സഹായിക്കുമെന്ന് ജോളി ചിറയത്ത് അഭിപ്രായപ്പെട്ടു. തുടർന്നു സംസാരിച്ച തുഷാർനിർമ്മൽസാരഥിയും ഇതിനോടു യോജിച്ചു.

ചർച്ചയെ തുടർന്ന് അമർ കൻവാർ സംവിധാനംചെയ്ത 'ദ ലൈറ്റ്നിംഗ് ടെസ്റ്റിമണി' എന്ന സിനിമ പ്രദർശിപ്പിച്ചു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പലപ്പോഴായി നടന്ന ലൈംഗികാതിക്രമങ്ങളുടെ അനുഭവങ്ങളിലൂടെ കടന്നുപോയ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ചരിത്രത്തിലെ വൈരുദ്ധ്യത്തെ ഈ ചിത്രം തുറന്നുകാണിക്കുന്നു. ലൈംഗികാക്രമണങ്ങൾക്ക് വിധേയരായ പല പ്രദേശത്തേയും പല കാലങ്ങളിലേയും സ്ത്രീകൾ നമുക്ക് മുൻപിൽ വരുകയും അവർ ഒറ്റയ്ക്കും കൂട്ടായും എങ്ങനെ ഇത്തരം അക്ര

*(ശേഷം 49-ാം പേജിൽ)*

STOP DISCRIMINATION NOW!

ലേഖനം

# ലിംഗപദവി:
# പദവി പഠനം, വികസനം

ശ്രീസൂര്യ തിരുവോത്ത്

**"The emotional,** sexual and psychological stereotyping of females begins when the doctor says, 'It's a girl'." -Shirley Chisholm

സിമോൺ ഡി ബുവയേയും മാർഗരറ്റ് മീഡിനേയും വായിക്കുന്നതിനുമുമ്പ്, പാശ്ചാത്യസാഹിത്യം പഠിക്കാൻ പോകുന്നതിനും എത്രയോ മുമ്പ്, വീടും സ്കൂളും ചുറ്റുപാടും എല്ലാം എന്നെ ഞാനിഷ്ടപ്പെടാത്ത, ഒരിക്കലും ആഗ്രഹിക്കാത്ത എങ്ങനെയൊക്കെയോ ആകാൻ നിർബന്ധിക്കുകയാണ് എന്ന് എനിക്കു തോന്നിയിരുന്നു. മറ്റുള്ളവരുടെ എച്ചിൽപാത്രങ്ങളും മുഷിഞ്ഞ വസ്ത്രങ്ങളും എനിക്കു നേരെ നീട്ടുന്നത് എനിക്കിഷ്ടപ്പെട്ടില്ല. തറ തുടയ്ക്കാനും കക്കൂസ് കഴുകാനും എന്നോടുമാത്രം ആവശ്യപ്പെടുമ്പോൾ ഞാൻ അപമാനിതയായി. എല്ലാം സ്നേഹത്തിന്റെ പേരിലേക്കുകൂടി ആക്കുമ്പോൾ ഞാൻ കൂടുതൽ അങ്കലാപ്പിലായി. എനിക്കു ദേഷ്യം വന്നു. ഞാൻ കലഹിച്ചു. അച്ഛനും ചേട്ടനും വീട്ടിലില്ലെങ്കിൽ അമ്മ അന്ന് വെറും ചോറും ചമ്മന്തിയും മതിയെന്നാക്കും. അമ്മയ്ക്കു പനിവന്നാൽ അച്ഛൻ ഞങ്ങൾക്ക് ഭക്ഷണം ഹോട്ടലിൽനിന്നു വാങ്ങിക്കൊണ്ടുവന്നുതരും. എനിക്കു വല്ലായ്മതോന്നി. വരുമെന്നുപറഞ്ഞ് വരാതിരിക്കുന്ന 'കാന്ത'നുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന എന്റെ നൃത്തവും 'വീട്' എന്ന പാഠത്തിൽ കണ്ട പത്രം വായിക്കുന്ന അച്ഛന്റേയും അപ്പം ചുടുന്ന അമ്മയുടേയും ചിത്രവും എന്നെ മടുപ്പിച്ചു.

വ്യക്തിവികാസത്തിന്റെ ആദ്യഘട്ടത്തിലൊക്കെ എല്ലാ പെൺകുട്ടികൾക്കും അങ്ങനെയൊക്കെ തോന്നുകയും അനുസരണക്കേടു കാട്ടി പ്രതികരിക്കുകയും ചെയ്യുമായിരിക്കാം. പിന്നീട് സ്വാഭാവികമെന്നോണം മെരുങ്ങിവരുകയും ഈ പ്രക്രിയയുടെതന്നെ വക്താക്കളാവുകയും അത് പുതിയ തലമുറയിലേക്കു പകരുന്ന ഉത്തരവാദിത്തം ഏറ്റെടുക്കുന്നവർവരെ ആകുകയും ചെയ്യുന്നു. ഇപ്പൊഴും ഒന്നുറച്ച് സംസാരിക്കേണ്ടിവന്നാലോ വായിച്ചിരുന്ന് കറിയുണ്ടാക്കാൻ മറന്നുപോയാലോ എന്തോ തെറ്റുചെയ്തുന്നപോലെ എനിക്കു തോന്നുന്നുവെങ്കിൽ, ഞാനോർക്കാറുണ്ട്, എന്തൊരു സ്വാധീനമാണ് ആ ഒരു പ്രക്രിയയുടേത് എന്ന്. തിയറിയും പ്രാക്ടിക്കലും ഇത്രമേൽ കാര്യക്ഷമമായി സമന്വയിപ്പിച്ച ഒരു വിദ്യാഭ്യാസം മറ്റൊരുവിഷയത്തിലും എനിക്കു കിട്ടിയിട്ടില്ല. ഇംഗ്ലീഷും കണക്കും പഠിക്കാൻ പോയിടത്തുനിന്ന് ഞാൻ അവ പഠിച്ചില്ല. സാഹിത്യവും സൗഹൃദവും പ്രണയവും പഠിക്കാൻ പോയിടത്തുനിന്നൊന്നും അതൊന്നും പഠിച്ചില്ല. നൃത്തം പഠിക്കാൻ പോയിടത്തുനിന്നും അദ്ധ്യാപികയാവാൻ പോയിടത്തുനിന്നും എല്ലാം എന്നെ ഒരൊന്നാന്തരം അടിമയാവാൻ പഠിപ്പിച്ചു. അനുകരണത്തിന്റെ കാലത്ത് തെണ്ടിനടക്കാനും മരംകേറാനുമുള്ള എന്റെ ആഗ്രഹത്തെ പതുക്കെ പെട്ടിയിലടച്ച്, എന്റെ രൂപമുള്ള അമ്മയെ അനുകരിക്കാൻ തുടങ്ങി. (അമ്മിക്കല്ലിലും അലക്കുകല്ലിലും പകുതിയും തേഞ്ഞുപോയ, ഏതുകല്ലിനോടും മോചനം യാചിക്കുന്ന, പേടിപ്പെടുത്തുന്ന ഒരു വലിയ നിശ്ശബ്ദതയായിരുന്നു ആ രൂപം)

ലിംഗബോധം പദവിയിലേക്കു കൂട്ടിക്കെട്ടുകയായിരുന്നോ, അല്ല നേരെ തിരിച്ചായിരുന്നോ എന്നതു തർക്കവിഷയമാണെങ്കിലും സംഭവിച്ചത് ഇതാണ്: പത്തൊൻപതാം വയസ്സിൽ അമ്മ കടിഞ്ഞൂല് പ്രസവിക്കുന്നു, കുട്ടിയുടെ ലിംഗം നോക്കി "ആൺകുട്ടിയാണ്" എന്ന ഡോക്ടറുടെ മൊഴി കേട്ട അമ്മയിലും ബന്ധുക്കളിലും സൈക്കിളും മരക്കുതിരയും കുട്ടിത്തോക്കും ലൈബ്രറിയും റേഷൻകടയും പണവും സ്വത്തും ഒക്കെയുള്ള ഒരു ലോകമുണ്ടാവുന്നു, ആ കുട്ടിയെ ആ ലോകത്തു വളർത്തുകയും ചെയ്യുന്നു. അവിടെ അവൻ തിന്ന പാത്രം കഴുകാതെപോവുമ്പോൾ ലജ്ജിക്കാൻ പഠിച്ചില്ല, കരയാൻ പഠിച്ചില്ല, ആക്രമിക്കുമ്പൊഴും കീഴടക്കുമ്പൊഴും പത്രം വായിക്കുമ്പൊഴും അവിടെയവൻ പ്രോത്സാഹിക്കപ്പെട്ടു. അങ്ങനെ അവനൊരു 'ഭയങ്കര' ആണായി.

അവിടുന്ന് രണ്ടുവർഷം കഴിഞ്ഞ് ഉണ്ടായ 'പെൺകുട്ടി' കൂടുതലും അമ്മയുടെ കൂടെ അടുക്കളയിൽനിന്നു പിൻവശത്തെ മുറ്റത്തേക്കും അവിടെനിന്നു മറ്റ് അടുക്കളക്കാരിലേക്കും മാത്രം സഞ്ചരിച്ചു. അലക്കുകല്ലിനടുത്തും ആലയിലും അമ്മയ്ക്കു കൂട്ടുനിന്നു. അവൾക്കു കുഞ്ഞുപാവക്കുട്ടികൾ സമ്മാനംകിട്ടി, അവൾ വെള്ളമെടുത്തുവെച്ച് തുണി കഴുകിക്കളിച്ചു, മണ്ണും ചിരട്ടയും അരിയും കലവുമാക്കി. അവൾക്ക് ഓടാനും ചാടാനും പാടില്ലായിരുന്നു; മരംകേറാനും ഉച്ചത്തിൽ സംസാരിക്കാനും പാടില്ലായിരുന്നു. ഒരു ബൾബ് മാറ്റിയിടാൻ പാടില്ലായിരുന്നു. ലൈബ്രറിയിലേക്കും കടയിലേക്കും പോകണമെന്ന അവളുടെ വാശി ക്രമേണ അടങ്ങി. അസ്വാഭാവികമായ സ്വാഭാവികതയോടെ തന്റെ രൂപമുള്ള അമ്മയെ അവൾ പഠിച്ചെടുത്തു. സ്കൂളിൽ അവൾ അവളുടെ രൂപക്കാരുടെ ഇടയിലിരുന്നു. സ്കൂളിലെത്തുന്നതിനുമുമ്പ് മറ്റേ രൂപക്കാരെ അവൾ മറുവശത്തിരുത്തിയിരുന്നു. ആൺകുട്ടികളുടെ കൂടെ

> ഇംഗ്ലീഷും കണക്കും പഠിക്കാൻ പോയിടത്തുനിന്ന് ഞാൻ അവ പഠിച്ചില്ല. സാഹിത്വവും സൗഹൃദവും പ്രണയവും പഠിക്കാൻ പോയിടത്തുനിന്നൊന്നും അതൊന്നും പഠിച്ചില്ല. നൃത്തം പഠിക്കാൻ പോയിടത്തുനിന്നും അദ്ധ്യാപികയാവാൻ പോയിടത്തുനിന്നും എല്ലാം എന്നെ ഒരൊന്നാന്തരം അടിമയാവാൻ പഠിപ്പിച്ചു.

കളിച്ചവരെ, സ്കൂൾവിട്ട് അവരുടെ കൂടെ നടന്നുപോയവരെ എല്ലാം ടീച്ചർമാർ കണക്കിനു കൈകാര്യം ചെയ്തു. അവർ സ്കൂളിന്റെ പുറകുവശത്തെ ഗ്രൗണ്ടിൽ കളംവരച്ച് കക്കുകളിച്ചു. ദാഹിച്ചപ്പോൾ മുൻവശത്തെ ഗ്രൗണ്ടിന്റെ ഓരത്തുകൂടി വലിയ ബോളുകൾ മേൽപ്പറ്റാതെ കിണറ്റുകരയിൽചെന്ന് മാൻപേടകൾ വെള്ളം കുടിച്ചു. ഭയക്കുന്ന കണ്ണുകൾക്ക് ഭംഗിയേറെയാണെന്ന് മലയാളംമാഷും പഠിപ്പിച്ചു....

ഒരു ഓണപ്പൂട്ടു കഴിഞ്ഞ് രാവിലെ സ്കൂളിലേക്കു പുറപ്പെടുമ്പോഴായിരുന്നു, വെളുത്ത കമ്മീസ് ആകെ ചുവന്നുപോയത്! പിന്നെ അവളുടെ ശരീരവും അതിന്റെ വളർച്ചയും വലിയ അപകടം ക്ഷണിച്ചുവരുത്തുന്ന ഒരു വസ്തുവാണെന്നായി. സ്വന്തം ശരീരത്തെ അവളും ഭയന്നു. അവളിൽനിന്നുപോലും അവളതു മറച്ചുവെച്ചു. ചില ബന്ധുക്കളും അയൽവാസികളുമൊക്കെ അറിയാതെയെന്നോണവും വാത്സല്യമെന്ന വ്യാജേനയും അതിന്റെ നിമ്നോന്നതങ്ങളിൽ സ്പർശിച്ചപ്പോൾ അവളുടെ നാക്കിറങ്ങി വയറ്റിലെത്തി. ഒന്നും മിണ്ടാനാവാതെ അവൾ വല്ലാതായി.

പക്ഷേ, പിന്നീടും പലപ്പോഴും ആരും കേൾക്കാതെ ചില പ്രസംഗങ്ങളൊക്കെ കാച്ചുമായിരുന്നു. "എല്ലാവരും കഴിക്കുന്ന ഭക്ഷണമല്ലേ അത് എല്ലാവരും ചേർന്ന് ഉണ്ടാക്കേണ്ടതല്ലേ, എല്ലാവർക്കും ആരോഗ്യകരമായി ജീവിക്കേണ്ട വീടല്ലേ, എല്ലാവരും അതു വൃത്തിയാക്കേണ്ടതല്ലേ. അവരവരുടെ വസ്ത്രങ്ങൾ അവരവർ കഴുകേണ്ടതല്ലേ, പെണ്ണുങ്ങളെന്താ യന്ത്രങ്ങളാണോ'' എന്നൊക്കെ ഘോരഘോരം ചോദിച്ച് നിവർന്നുനിന്നു. ഹൊ! ആരെങ്കിലും കേട്ടിരുന്നെങ്കിൽ! ഒടുവിൽ ആ 'ജനാധിപത്യചിന്തകളും' അവളുടെ വ്യക്തിപരമായ മറ്റുപല അഭിരുചികളും അനിവാര്യമെന്നോണം അടങ്ങിപ്പോയി. അത്രമേൽ ആഴത്തിലും നിരന്തരവും ആയിരുന്നു ട്രെയിനിംഗ്. അങ്ങനെ അവൾ, അതായത് ഈ ഞാൻ വിനീതവിധേയ വീട്ടുജോലിക്കാരിയും സമ്പൂർണ്ണ അടിമയും പരമദരിദ്രയും 'വിവരമില്ലാത്തവളും' 'വെറും പെണ്ണും' ഒക്കെയായി. ഇതാണ് ലിംഗപദവിയുടെ കഥ. അതായത് സെക്സ് എന്നത് ഒരു വ്യക്തിയുടെ ജീവശാസ്ത്രപരമായ ഐഡന്റിറ്റിയാണെങ്കിൽ ജെന്റർ എന്നത് സെക്സിന്റെ അടിസ്ഥാനത്തിൽ നാം നിർമ്മിച്ചെടുത്ത്, നിർണ്ണയിച്ചുനൽകിയ സാമൂഹിക പദവിയാണ്.

അതിനിടെ വർഷങ്ങൾ കഴിഞ്ഞുവന്നപ്പോൾ പെൺകുട്ടികൾ പഠിക്കണം, ജോലിക്കുപോവണം എന്നൊക്കെ ഉറക്കെ പറയുന്നതു കേട്ടു. ഞാനും പോയി ജോലിക്ക്. ആത്മവിശ്വാസത്തോടെ സംസാരിക്കാൻ പഠിക്കാത്ത എനിക്ക്, ഓടിച്ചാടി കായികബലം സമ്പാദിക്കാത്ത, കാര്യങ്ങളിലിടപെട്ട് മനോബലം നേടാത്ത എനിക്ക് പലയിടത്തും അശ്ലീലനോട്ടങ്ങൾ, തോണ്ടൽ, പിടിച്ചുഞെക്കി വേദനിപ്പിക്കൽ എന്നിവയോടുപോലും നേരാംവണ്ണം പ്രതികരിക്കാൻ കഴിയാതെവന്നു. അപ്പോഴേക്കും മറ്റൊരു വാദം ശക്തമായിരുന്നു. വീട്ടുജോലി, കുട്ടികളുടെ കാര്യം, വീട്ടിലെ പ്രായമായവരുടെ കാര്യം എല്ലാം കഴിഞ്ഞു മതിയത്രേ ജോലിയും കൂലിയുമെല്ലാം! പുറമെ എത്ര വലിയവളായാലും കുടുംബത്തിനകത്ത് പെണ്ണ് എപ്പോഴും പുരുഷന്റെ കീഴിലായിരിക്കണം. പലപല എൻ.ജി.ഒ. കളും സർക്കാർസംഘടനകളും ഈ മുദ്രാവാക്യമേറ്റെടുത്തു. ഐ.സി.ഡി.എസ്. പറഞ്ഞത് 'കുടുംബത്തിന്റേയും കുട്ടികളുടേയും നല്ലതിന് സ്ത്രീകൾ കൂടുതൽ ആരോഗ്യമുള്ളവരായിരിക്കണം' എന്നാണ്. എങ്ങനെ നല്ല അമ്മയാകാം, നല്ല 'കുടുംബിനി'യാകാം എന്നതാണ് അവർക്കു പ്രധാനം. 'കുടുംബശ്രീ' എന്നെ കുടുംബത്തിന്റെ ഐശ്വര്യമെന്നു വിളിച്ചു.

അങ്ങനെ വരുമ്പോൾ എനിക്കു പറയാൻ മടിയില്ല: 'കുടുംബം' എന്നും എനിക്കെതിരായിരുന്നു. അത് സ്ത്രീകളിൽനിന്ന് എന്നും ഒരുതരം രണ്ടാംതരം പൗരത്വവും അടിമത്തവും മാത്രമാണ് പ്രതീക്ഷിക്കുന്നത്. എന്റെ വീട്, ഞാൻ വിശ്വസിച്ച മതം, സമൂഹം എല്ലാം എന്റെയീ കീഴാളത ആഘോഷിക്കുന്നു, പാട്ടും നൃത്തവും മാദ്ധ്യമങ്ങളും അതിനെ ആദർശവത്ക്കരിക്കുന്നു. എന്നോടു നിരന്തരം വിട്ടുവീഴ്ചകൾ ആവശ്യപ്പെടുകയും അത് സ്നേഹത്തിന്റെ പേരിൽ വായിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു. അവിടെ ഞാൻ ഒറ്റയ്ക്ക് അതുവരെയും കൂട്ടുകാരോടൊത്ത് ലോഡ്ജ്മുറികളിൽ താമസിച്ചുകൊണ്ടിരുന്ന ഒരാളുടെ കുടുംബം ഉണ്ടാക്കിയെടുക്കേണ്ടിവരുന്നു, അതു തെറിച്ചുപോവാതിരിക്കാൻ എന്റെ സകല 'തുമ്മലും' പിടിച്ചുവെക്കേണ്ടിവരുന്നു. അവിടെ വിവാഹം, മതം തുടങ്ങിയ സ്ഥാപനങ്ങളെ സംരക്ഷിക്കുക (താലി, സിന്ദൂരക്കുറി, വിളക്ക് കൊളുത്തൽ, പർദ്ദയണിയൽ അങ്ങനെ അങ്ങനെ....) എന്ന ഉത്തരവാദിത്തവും എന്റേതുമാത്രമാണ്. വീട്ടുജോലിയും കുട്ടികളെ നോക്കലും അവരെ സദാചാരം പഠിപ്പിക്കലും എല്ലാം 'കല'യാണ് എന്നൊക്കെ പറഞ്ഞ് എന്നെ ചുമ്മാ അങ്ങ് കലാകാരിയാക്കുന്നു. 'പ്രസവിക്കുന്ന അമ്മയ്ക്കേ കുട്ടികളുടെ മനസ്സറിയൂ'ന്ന്.... രോഗികളേയും വൃദ്ധരേയും പ്രസവിക്കുന്നത് സ്ത്രീകളാണോ?

ശരിയാണ്, ആധുനികതയും വ്യാവസായികവത്ക്കരണവുമെല്ലാം 'കുടുംബം' എന്ന സങ്കല്പത്തിലും സ്ത്രീകളുടെ അവസ്ഥയിലും ഒരുപാട് മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അവരുടെ ആരോഗ്യ-വിദ്യാഭ്യാസ നിലയിൽ വൻതോതിൽ മുന്നേറ്റവു

മുണ്ടായിട്ടുണ്ട്. അത്രയുംതന്നെ 'വില്പനച്ചരക്ക്' എന്ന നിലയിലും അവളുടെ പുരോഗതി കാണാം. ആഗോള മുതലാളിത്ത സംസ്കാരത്തിനോ അതിനെ പിന്താങ്ങുന്ന മദ്ധ്യവർഗ്ഗ സ്ത്രീമാഗസിനുകൾക്കോ ഒന്നുംതന്നെ അഭികാമ്യമായൊരു മാറ്റം കൊണ്ടുവരാൻ സാധിക്കുന്നില്ല എന്നു കാണാം. അത്തരമൊരു മാറ്റംകൊണ്ട് 'കുടുംബം' എന്ന സ്ഥാപനത്തിന് ചിലപ്പോൾ തകർച്ച വന്നേക്കാം. അതു പക്ഷേ, സ്ത്രീകൾക്ക് ആരോഗ്യകരമായ രീതിയിലാണ് എന്നു തോന്നുന്നുമില്ല. ഒരിടെ പലരും പറഞ്ഞു കേരളത്തിലെ 'വീട്ടമ്മമാർ'ക്കിടയിൽ ഒരു തീപ്പൊരി (വിദ്യാഭ്യാസത്തിന്റെ) വീണാൽമതി അടിച്ചമർത്തപ്പെട്ട തീപ്പൊരി ആളിക്കത്തും എന്നൊക്കെ. ഒന്നുമുണ്ടായില്ല. സംഘടിക്കാനുള്ള സാഹചര്യം ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണം. അല്പമെങ്കിലും ചെറുത്തുനിന്നവരെ നമ്മൾ 'ഫെമിനിസ്റ്റ്' എന്നുവിളിച്ചു കളിയാക്കി. അപ്പോൾ കേവലം വിദ്യാഭ്യാസം മാത്രം പോര സ്ത്രീകളുടെ ശാക്തീകരണത്തിന്. സ്ത്രീകളും പുരുഷന്മാരും ഒന്നായി സ്ത്രീകളുടെ സാമൂഹിക ശോച്യാവസ്ഥയെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള അനീതിയിലൂന്നിയ ഒരു സാമൂഹികവത്കരണപ്രക്രിയയിൽ മാറ്റംവരേണ്ടതുണ്ട്. ഇതിന്റെ ചരിത്രവും ഭൂമിശാസ്ത്രവും പുനർചിന്തനം ചെയ്യേണ്ടതുണ്ട്. പ്രശസ്ത അമേരിക്കൻ നരവംശശാസ്ത്രജ്ഞ മാർഗരറ്റ് മീഡ് തന്റെ Sex and Temperament in Three Primitive Societies എന്ന പുസ്തകത്തിൽ നിരീക്ഷിക്കുന്നത് ആളുകളെ നമ്മൾ എന്തെങ്കിലുമൊരു തരത്തിൽ കാലക്രമത്തിൽ വ്യവസ്ഥചെയ്തുവരികയാണ് അല്ലെങ്കിൽ അവരെ അങ്ങനെ സാമൂഹികവത്കരിച്ചെടുക്കുകയാണ് എന്നാണ്. ഇത് സമഗ്രവും ബോധപൂർവ്വവുമായ ഒരു പ്രക്രിയയാണ്. ഫ്രഞ്ച് ഫിലോസഫർ സിമോൺ ഡി ബൂവെ അവരുടെ 'ദി സെക്കൻഡ് സെക്സ്' എന്ന പുസ്തകത്തിൽ സമർത്ഥിക്കുന്നതും മറ്റൊന്നല്ല. സ്ത്രീകളുടെ ഇന്നത്തെ അവസ്ഥയും അങ്ങനെ വളരെക്കാലത്തെ ബോധപൂർവ്വമായ ഒരു അദ്ധ്വാനത്തിന്റെ ഫലമാണത്രേ. സ്ത്രീകൾപോലും പരക്കെ അംഗീകരിക്കുന്ന തരത്തിൽ അവരെ വ്യവസ്ഥചെയ്യുകയായിരുന്നു. ഇതിനായി മതത്തിന്റേയും ദൈവത്തിന്റേയും കടമയുടേയും പേരുപറഞ്ഞ് അവരെ ഭയപ്പെടുത്തി. അങ്ങനെ പെൺകുട്ടികൾക്ക് അല്ലെങ്കിൽ സ്ത്രീകൾക്ക് സംതൃപ്തവീട്ടമ്മ ഭാവവും പുരുഷന് ഭരണാധികാരിയുടെ ഭാവവും ഒരാനന്ദം, ഒരാവശ്യം പിന്നീട് ഒരു രോഗം ഒക്കെയായി. സ്ത്രീയുടെ ജീവിതം അങ്ങനെ സന്തോഷപൂർണമായ ഒരാത്മവഞ്ചനയായി. ചതിയെ സ്നേഹിക്കുക എന്നത് വളരെ സ്വാഭാവികവും ആയി.

തീർച്ചയായും ഈ ഏർപ്പാട് പുരുഷന്മാരോടും നീതി പുലർത്തിയിട്ടില്ല എന്നുവേണം പറയാൻ. ആണത്തത്തിന്റെ പേരിൽ എന്തൊക്കെയോ അതിക്രമങ്ങൾ കാട്ടിക്കൂട്ടാൻ അവരും നിർബന്ധിതരായി. സ്ത്രീകൾക്കും പെൺകുട്ടികൾക്കും മേലുള്ള അതിക്രമങ്ങളുമായി മാത്രമല്ല, ദിനംതോറും കുടുംബക്കോടതിയിലും കൗൺസിലിംഗ് സെന്ററുകളിലും എത്തുന്നതും എത്താത്തതുമായ സ്ത്രീ–പുരുഷ സംഘർഷവുമായും ഈ തെറ്റായ സാമൂഹികവത്ക്കരണത്തിന് ബന്ധമുണ്ട്. പുതിയ കാലഘട്ടത്തിൽ വിദ്യാഭ്യാസവും ജോലിയുമുള്ള സ്ത്രീകൾക്ക് ശിശുസംരക്ഷണം, രോഗിസംരക്ഷണം, വീട്ടുജോലി എല്ലാംകൂടി ഒറ്റയ്ക്ക് സംയോജിപ്പിക്കാൻ സമയമില്ലാതെ ചെയ്യുമ്പോൾ, അവൾ ചോദ്യം ചെയ്യാൻ തുടങ്ങുമ്പോൾ 'കുടുംബം' താളം തെറ്റാൻ തുടങ്ങുന്നു. സ്ത്രീക്ക് കുറ്റബോധമുണ്ടാകുന്നു. പുരുഷന് താൻ താഴ്ന്നുപോവുന്നോ എന്ന ഭയമുണ്ടാകുന്നു. കുടുംബത്തിന്റേത് തുറന്ന മനോഭാവത്തോടെ രണ്ടുകൂട്ടരും ചേർന്ന് മുന്നോട്ടു നയിക്കേണ്ട താളമാണെന്ന പാഠം നമ്മൾ പഠിക്കാത്തതാണ് ഇതിനു കാരണം.

തുറന്ന സമീപനങ്ങളെ എന്നും ഭയക്കുന്നവരാണ് കേരളീയർ. നമ്മൾ പെണ്ണിനെക്കുറിച്ച് ഒരുപാട് നുണക്കഥകൾ പറഞ്ഞ് ആണിനെ പറ്റിച്ചു. തുറന്ന് ഇടപെടുന്നതിലെ ആനന്ദം മൂടിവെച്ചു. സ്ത്രീജീവിതം, സ്ത്രീലൈംഗികത എന്നൊക്കെ പറഞ്ഞാൽ വെറും വിധേയത്വം മാത്രമാണെന്ന് ആളുകൾ ധരിച്ചുവശായി. ആണിനും കുട്ടികൾക്കും ചുറ്റും തിരിയുന്ന സ്വയം പ്രകാശിക്കാത്ത ഒരു നീചഗ്രഹമാണു താൻ, അങ്ങനെയാവാൻ പരമാവധി പാടുപെടുകയാണ് തന്റെ കടമ എന്നൊക്കെ പറഞ്ഞ് നമ്മൾ പെണ്ണിനേയും പറ്റിച്ചു. സ്വാതന്ത്ര്യത്തെപ്പറ്റി വികലമായ കാഴ്ചപ്പാടുകളാണ് നമ്മളവർക്കു നൽകിയത്. സ്ത്രീകളുടെ സ്വാതന്ത്ര്യം പുരുഷന്മാർ നൽകേണ്ട ഒന്നാണെന്നും സ്വാതന്ത്ര്യം എന്നാൽ ലൈംഗിക അരാജകത്വമാണെന്നും അങ്ങനെയെങ്കിൽ സ്വാതന്ത്ര്യമില്ലാത്ത സ്ത്രീകളാണ് ശ്രേഷ്ഠകളെന്നും ഭൂരിഭാഗം സ്ത്രീകളും മനസ്സിലാക്കി. ഇന്ത്യൻ സിനിമകൾ ഇത്തരം കപടസദാചാരപാഠങ്ങൾ വലിയ ഉത്തരവാദിത്തമായി ഏറ്റെടുത്തതായി കാണാം. 'ഭർത്താവ് ദൈവമാണ്', 'പെണ്ണിന്റെ ജീവിതം എന്നും പുരുഷന്റെ കാൽക്കീഴിലാണ്' എന്നൊക്കെ കുളിച്ച് തലയിൽ വെള്ളത്തോർത്ത് കെട്ടിവെച്ച് സുന്ദരിയും നന്മയുടെ പ്രതിരൂപവുമായി നടി പറയുമ്പോൾ നമ്മുടെ പെൺകുട്ടികളുടെ വിവാഹസങ്കല്പവും അതാകുന്നു. ഇതുതന്നെയാകുന്നു പുരുഷന്റെ ഭാര്യാസങ്കല്പവും.

ഇന്നും കേരളത്തിലെ സ്ത്രീകൾക്ക് സ്വതന്ത്രമായ വ്യക്തിത്വവികസനത്തിനും ഒരു സ്വതന്ത്രവ്യക്തിയായി പെരുമാറാനും സാഹചര്യമില്ല എന്നതു യാഥാർത്ഥ്യമാണ്. പുറത്തിറങ്ങുന്ന ഒരു സ്ത്രീക്ക് തന്റെ ശരീരത്തിൽ അമിതശ്രദ്ധ കൊടുക്കേണ്ടിവരുന്നതും തന്റെ വസ്ത്രം ആർക്ക് എന്തുവികാരം ഉണ്ടാക്കുന്നു, ഉണ്ടാക്കുന്നില്ല എന്നുമൊക്കെ നോക്കേണ്ടിവരുന്നതും കഷ്ടംതന്നെ. എന്നും അടിമയായിരിക്കേണ്ടവളല്ല താൻ എന്നു പെൺകുട്ടിയും താൻ വെറുമൊരു ഭരണകർത്താവല്ല ആകേണ്ടത് എന്ന് ആൺകുട്ടിയും പഠിക്കേണ്ടിയിരിക്കുന്നു.

വികസനം എന്നത് രാജ്യത്തിന്റെ വാർഷികവരുമാനത്തിലോ ആളോഹരിവരുമാനത്തിലോ തിട്ടപ്പെടുത്താൻ കഴിയില്ല. അതവി

ടുത്തെ ജനങ്ങളുടെ സാമൂഹികസാഹചര്യവുമായിക്കൂടി ബന്ധപ്പെട്ടിരിക്കുന്നു എന്നുവരുമ്പോൾ, ഇത് കേവലം സ്ത്രീയുടേയോ പുരുഷന്റേയോ കാര്യമല്ല. മറിച്ച് രാജ്യത്തിന്റെതന്നെ പുരോഗതിയുടെ കാര്യമാണ്. പകുതിയിലേറെവരുന്ന ഒരു ജനവിഭാഗത്തിന്റെ ശിശുസംരക്ഷണം, രോഗിസംരക്ഷണം, വൃദ്ധസംരക്ഷണം, വീടിന്റേയും വീട്ടുകാരുടേയും സംരക്ഷണം തുടങ്ങിയ ഉത്തരവാദിത്തങ്ങൾ പങ്കുവെക്കപ്പെടാതെ അടിച്ചേൽപ്പിക്കപ്പെടുന്ന സ്ഥിതി, അടിമത്തത്തിലൂന്നിയ സ്ത്രീ-പുരുഷബന്ധങ്ങളും വിനിമയങ്ങളും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും ഗാർഹികവുമായ ആശ്രിതത്വം - ഇതെല്ലാം ഇന്നും നിലനിൽക്കുന്നു, ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും ഉണ്ടായ ഉന്നമനം ഇവയെ കൂടുതൽ ഉറപ്പിക്കാനും ആദർശവത്ക്കരിക്കാനും മാത്രമേ ഉതകുന്നുള്ളു. അതുകൊണ്ടുതന്നെ ഇന്ത്യ വികസനത്തിന്റെ പാതയിലാണെന്നു വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. നിശ്ശബ്ദമാക്കപ്പെട്ട സ്ത്രീസമൂഹത്തെ ഈ അടിച്ചമർത്തലുകളിൽനിന്നു മോചിപ്പിച്ചാൽമാത്രമേ സമൂഹത്തിന്റെ വികസനം അതിന്റേതായ അർത്ഥത്തിൽ സാദ്ധ്യമാവൂ എന്ന് അമർത്യസെൻ നിരീക്ഷിക്കുന്നുണ്ട്. ഇതിന് ബോധപൂർവ്വമായ ഒരു ശ്രമം ആവശ്യമാണ്.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലുമില്ല ലിംഗവ്യത്യാസമില്ലാത്ത ഒരു വിദ്യാഭ്യാസരീതി. പരസ്പരം ബഹുമാനിക്കാൻ കുട്ടികളെ നമ്മൾ ചെറിയ ക്ലാസുകളിൽ പഠിപ്പിക്കുന്നില്ല. 'സ്ത്രീകളുടെ വസ്ത്രങ്ങൾ ശരീരത്തിന്റെ നിമ്നോന്നതങ്ങളെ നികത്തുന്നതായിരിക്കണം. അല്ലെങ്കിൽ ഞങ്ങൾ ആക്രമിക്കും' എന്നൊക്കെ പറയുന്നത് നമ്മുടെ കുട്ടികൾക്ക് വേണ്ട സംസ്കാരം കൊടുക്കാത്തതുകൊണ്ടാവാം. ഇതിന് ഇടമാണ് ജെന്റർ എഡുക്കേഷൻ മുന്നോട്ടുവെക്കുന്നത്. ഇവിടെ സ്ത്രീകളും പുരുഷന്മാരും ആൺകുട്ടികളും പെൺകുട്ടികളും അവരവരുടെ ജനനംമുതൽക്കുള്ള ജീവിതരീതി വിശകലനം ചെയ്യുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവിയിലെ പ്രശ്നങ്ങളും അപകടങ്ങളും കണ്ടെത്തുന്നു. അവർ മാറ്റത്തിനു തയ്യാറാവുന്നു. നമ്മുടെ വികസനം, മുഖ്യധാരാ രാഷ്ട്രീയം, ഭരണതന്ത്രങ്ങൾ, വീട്, വിദ്യാലയം, തൊഴിലിടങ്ങൾ, പൊതുഇടങ്ങൾ എല്ലാം എത്ര മാത്രം സ്ത്രീകളെ പരിഗണിക്കുന്നു എന്ന് ഇവിടെ അവലോകനം ചെയ്യുന്നു. അവർക്കു കിട്ടിയ അബദ്ധ ധാരണകളും തന്മൂലമുണ്ടാകുന്ന പ്രശ്നങ്ങളും പുരുഷന്മാരും മനസ്സിലാക്കുന്നു. നാളിത്രയായിട്ടും 'എന്തുകൊണ്ട് പുരുഷന്റെ ചിന്തയിലും സ്ത്രീയുടെ അവസ്ഥയിലും മാറ്റം വരുന്നില്ല' എന്ന ചോദ്യത്തിന് ഇതു ചില ഉത്തരങ്ങൾ നൽകുന്നുണ്ട്. നിലനിൽക്കുന്ന ലിംഗ അസമത്വത്തിന്റെ വിവിധതലങ്ങളിലേക്ക് കടന്നുചെല്ലാനും അതിന്റെ അപനിർമ്മാണവും പുനർനിർമ്മാണവും സാദ്ധ്യമാക്കുവാനും പദവി പഠനം ഇനിയും വ്യാപകവും ഗൗരവവും ആകേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ ഇതിനായി സമയം കണ്ടെത്തേണ്ടതുണ്ട്. ഇങ്ങനെയല്ലാതെ കേരളത്തിന്റെ അവസ്ഥയിൽ മാറ്റം വരില്ല. ഇതു 'ഫെമിനിസ്റ്റുകൾ' മാത്രം ചെയ്യേണ്ട പണിയല്ല. അദ്ധ്യാപകരും രക്ഷാകർത്താക്കളും സർക്കാരും ചെയ്യേണ്ട പണിയാണ്. പദവി പഠനം ഇന്ന് കേരളത്തിൽ ചിലയിടങ്ങളിലെങ്കിലും ഗൗരവപൂർവ്വം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരത്തെ സഖി സ്ത്രീ പഠനകേന്ദ്രംപോലുള്ള എൻ.ജി.ഒ. കൾ ഇതിനായി പ്രത്യേക സ്ട്രാറ്റെജിയും സിലബസുംപോലും തയ്യാറാക്കിയിരിക്കുന്നു. 'കേരള മഹിളാ സമഖ്യ'യുടേയും പ്രധാന അജണ്ട ജെന്റർ എഡ്യൂക്കേഷൻ ആണ്. സ്കൂളുകൾ പഞ്ചായത്തുകൾ അയൽക്കൂട്ടങ്ങൾ എന്നിവയൊക്കെയായി സഹകരിച്ചാണ് ഇത് നടപ്പിലാക്കിവരുന്നത്.

മാറ്റം അനിവാര്യമാണ്, അത് സാദ്ധ്യവുമാണ് എന്ന വസ്തുതയാണ് ജെന്റർ എഡ്യൂക്കേഷൻ മുന്നോട്ടുവെക്കുന്നത്. ആധിപത്യത്തേയും കാപട്യത്തേയും മാത്രം പ്രണയിക്കാൻ പഠിച്ച സ്ത്രീക്കും അടിമത്തത്തേയും വിധേയത്വത്തേയുംമാത്രം സ്നേഹിക്കാൻ പഠിച്ച പുരുഷനും ഈ മാറ്റം ഒരു പുതിയ അനുഭവമായിരിക്കും. അമ്മ, ഭാര്യ എന്നൊക്കെ പറയുന്നതിനപ്പുറത്ത് അവരെ എല്ലാ വ്യത്യസ്തതകളുമുള്ള ഒരു വ്യക്തിയായി ചിന്തിക്കാനെങ്കിലും നമുക്കു കഴിയുമ്പോഴാണ് വികസനം അതിന്റെ ശരിയായ ദിശയിൽ യാത്ര ആരംഭിക്കുകയുള്ളു. മറിച്ചുള്ള വികസനസങ്കല്പങ്ങൾ കണ്ണടച്ചിരുട്ടാക്കുന്നതുപോലെയാണ്. ■


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽനിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)

## സംഘടിത മാസിക

### വരിസംഖ്യാ നിരക്ക്

ഒറ്റപ്രതി : 15 രൂപ
വാർഷിക വരിസംഖ്യ : 150 രൂപ

വിദേശത്തേക്ക് ഒറ്റപ്രതി : 100 രൂപ

പരിസ്ഥിതി

# ആറന്മുളപ്പുഞ്ച വിമാനത്താവളമാകുമ്പോൾ



പ്രൊഫ. കുസുമം ജോസഫ്

“തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കും വിമാനത്താവളമുണ്ടാക്കും” എന്നത് പഴയ സിനിമാപ്പാട്ടിലെ തമാശയല്ല എന്ന് കേരളത്തിലെ ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വികസനം വിമാനത്തിൽ കയറിവരുന്നു, വിമാനത്താവളങ്ങളിൽ പറന്നിറങ്ങുന്നു. അറുനൂറു കിലോമീറ്ററിൽ താഴെമാത്രം ദൈർഘ്യമുള്ള കേരളത്തിൽ ഇപ്പോൾതന്നെ മൂന്ന് അന്തർദ്ദേശീയ വിമാനത്താവളങ്ങളുണ്ട്-തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ ഇതാ നാലാമത്തേത് കണ്ണൂരിൽ പൂർത്തിയായിവരുന്നു. ഇനി അഞ്ചാമത്തേതിന്റെ ഊഴമാണ്. അത് പത്തനംതിട്ട ജില്ലയിലെ ആറന്മുളപ്പുഞ്ചയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. അടുത്തഘട്ടം ജില്ലകൾതോറും വിമാനത്താവളങ്ങൾ, അതിനടുത്തഘട്ടത്തിൽ പഞ്ചായത്തുതോറും എന്ന നിലയ്ക്ക് വികസനം സംഭവിക്കാം. അപ്പോഴേക്ക് ചൊവ്വയിൽ താമസസൗകര്യം ഒരുങ്ങിയാൽ അവിടെ താമസിച്ചുകൊണ്ട് കേരളം നമുക്ക് വികസനത്തിനായി വിട്ടുകൊടുക്കാമായിരുന്നു.

അതാതുകാലത്ത് ഭരണത്തിലേറുന്നവർ ‘വികസനം കൊണ്ടുവരിക’യല്ലാതെ പിന്നെ എന്താണു ചെയ്യേണ്ടത് എന്ന തീർത്തും ന്യായമായ ചോദ്യം ജനപ്രതിനിധികൾക്ക് ഉന്നയിക്കാം. ആ ചോദ്യത്തിനുള്ള ഉത്തരം ആറന്മുളയിലെ ‘വികസനവിരോധികളായ’ കർഷകരും കർഷകത്തൊഴിലാളികളും പരിസ്ഥിതിപ്രവർത്തകരും പറഞ്ഞുകൊണ്ടേയിരിക്കുന്നു. ഒരു ചാനൽപരിപാടിയിൽ ആറന്മുളയിലെ ഗ്രാമീണസ്ത്രീകൾ വളരെ നിഷ്കളങ്കമായി വീണ്ടും വീണ്ടും പറയുന്നു- “വേണ്ട, വേണ്ട ഞങ്ങൾക്ക് വികസനം വേണ്ട, വേണ്ട.” അവർക്കറിയാം അവരെ ആട്ടിയോടിച്ച് ആരാണു വികസനത്തിന്റെ ആനുകൂല്യം പറ്റാൻ പോകുന്നതെന്ന്. പക്ഷേ, വികസനം തെങ്ങിന്റെ മണ്ടയിൽ പറ്റില്ല എന്നു തിരിച്ചറിഞ്ഞ മുൻമന്ത്രിയും അത് എത്രവലിയ ശരിയാണെന്നു ബോദ്ധ്യപ്പെട്ട പിൻതുടർച്ചക്കാരും വികസനത്തിന്റെ സ്വപ്നവിമാനങ്ങളല്ല, സാക്ഷാൽ വിമാനങ്ങൾ ആറന്മുളപ്പുഞ്ചയിൽ പറന്നിറങ്ങുന്നതു കാണാൻ കാത്തിരിക്കുകയാണ്.

ആറന്മുള ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ വെബ്സൈറ്റിൽ കാണുന്നത്- നിങ്ങൾ ഭാവി കരുപ്പിടിപ്പിക്കാനുദ്ദേശിക്കുന്നെങ്കിൽ ആദ്യം നിർമ്മിക്കേണ്ടത് നിങ്ങൾക്കു പറന്നുയരാൻ ഒരു എയർപോർട്ടാണ് എന്നാണ്. ആറന്മുളയിലെ ആളുകൾ ഇക്കണ്ടകാലം വരെ ഭാവിയില്ലാത്തവരായിരുന്നെന്നും അവർ ഭൂതത്തിലും വർത്തമാനത്തിലും തളയ്ക്കപ്പെട്ടിരിക്കുകയായിരുന്നെന്നും ഇനി അവർക്ക് ഭാവിയിലേക്ക് പറന്നുയരാൻ സാധിക്കുമെന്നും മനസ്സിലാക്കണം.

എന്നിട്ടും എന്തിനാണ് ‘സ്വപ്നസമാനമായ’ ഈ പദ്ധതിയെ എതിർക്കുന്നത്? സമൂഹത്തിലെ ഏറ്റവും ചെറിയ ഒരു ന്യൂനപക്ഷമാണ് വിമാനസഞ്ചാരം നടത്തുന്നത്. അവർക്ക് സഞ്ചരിക്കേണ്ടതുണ്ട്, വിദേശമലയാളികൾക്കും വിദേശസഞ്ചാരികൾക്കും വിമാനവും വിമാനത്താവളവും കൂടിയേതീരൂ. പക്ഷേ, ഓരോ വിദേശമലയാളിയും അവരവരുടെ ഗ്രാമങ്ങളിലെ അന്തർദേശീയ വിമാനത്താവളങ്ങളിൽ വന്നിറങ്ങണം എന്നു സ്വപ്നം കാണരുത്. സാധാരണമനുഷ്യരുടെ അന്നം



മുട്ടിച്ച് സമ്പന്നന് വിമാനയാത്രയും റിയൽ എസ്റ്റേറ്റ് സൗകര്യവും തരപ്പെടുത്തിക്കൊടുക്കുന്ന കളികൾക്കാണ് ജനാധിപത്യസർക്കാർ വികസനം എന്നു പേരിട്ടിരിക്കുന്നത്.

ആറന്മുളയിലെ നിർദ്ദിഷ്ട ഗ്രീൻഫീൽഡ് എയർപോർട്ട് അക്ഷരാർത്ഥത്തിൽ നെല്പാടങ്ങളുടെ ഘാതകനാണ്. എല്ലാ ഹരിതശുദ്ധിയും നന്മയും ഉർവ്വരതയും തകർത്തെറിഞ്ഞുകൊണ്ട് യന്ത്രപ്പറവകൾക്ക് നിലപാടുതറയൊരുക്കുകയാണ്. ആദ്യവസാനം അഴിമതിയും നിയമലംഘനങ്ങളും നിറഞ്ഞ ആറന്മുള എയർപോർട്ട്പദ്ധതിയെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ടി.ഒ. സൂരജ് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, ലാന്റ് റവന്യൂ കമ്മീഷണറുടെ ശുപാർശ അട്ടിമറിക്കാനുള്ള നീക്കങ്ങൾ നടക്കുന്നതായി മാദ്ധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. ഗവണ്മെന്റിനെ സമ്മർദ്ദത്തിലാക്കി വിജിലൻസ് അന്വേഷണത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ഭരണ പ്രതിപക്ഷ നേതാക്കൾ വലിയതോതിലുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടത്രേ.

പള്ളിയോടങ്ങളുടേയും ജലോത്സവങ്ങളുടേയും അനന്യസാധാരണമായ കണ്ണാടിയുടേയും പേരിൽ പെരുമകൊണ്ട പൈതൃകഗ്രാമമാണ് ആറന്മുള. അവിടം നമ്മുടെ ഓർമ്മകളിൽ ആറന്മുള ഉത്രട്ടാതി വള്ളംകളിയായും ആറന്മുള കണ്ണാടിയായും ആറന്മുള പാർത്ഥസാരഥിയായും നിറഞ്ഞുനിന്നെങ്കിൽ ഇനി അതൊക്കെ മാറ്റിയെഴുതേണ്ടിവന്നേക്കാം. പത്തനംതിട്ടജില്ലയിലെ മല്ലപ്പുഴശ്ശേരി, ആറന്മുള, കിടങ്ങന്നൂർ എന്നീ വില്ലേജുകളിലായി രണ്ടായിരത്തി അഞ്ഞൂറ് ഏക്കറിൽ അന്തർദ്ദേശീയ എയർപോർട്ടും അതിനുമറവിൽ റിയൽ എസ്റ്റേറ്റ് ബിസിനസ്സുമാണ് കെജിഎസ് കമ്പനി ലക്ഷ്യമിടുന്നത്. മൗണ്ട് സിയോൺ എഡ്യുക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ എഞ്ചിനീയറിങ്ങ് കോളേജിൽ എയറോനോട്ടിക്കൽ എഞ്ചിനീയറിങ്ങ് കോഴ്സിന്റെ ആവശ്യത്തിന് റൺവേ നിർമ്മിക്കാനായി ട്രസ്റ്റ് ചെയർമാൻ എബ്രഹാം കലമണ്ണിൽ 2003ലാണ് ആദ്യം സ്ഥലം വാങ്ങിത്തുടങ്ങിയത്. വളരെക്കുറച്ച് സ്ഥലംവാങ്ങി പിന്നാലെ നൂറുമേനി വിളയുന്ന പുഞ്ചപ്പാടങ്ങൾ ഏക്കർകണക്കിനു വാങ്ങിക്കൂട്ടി. പരിസരപ്രദേശങ്ങളിലെ കരഭൂമിയും ചെറു കുന്നുകളും പിന്നാലെ കൈക്കലാക്കി. പുഞ്ചപ്പാടങ്ങളും കൈത്തോടുകളും കുളങ്ങളും മണ്ണിട്ടുനികത്തിത്തുടങ്ങിയപ്പോൾതന്നെ പരിസ്ഥിതിപ്രവർത്തകർ എതിർപ്പുമായി രംഗത്തെത്തിയിരുന്നു. ആറന്മുളപ്രദേശത്തെ കിണറുകളും കുളങ്ങളും ജലസമൃദ്ധമായിരിക്കുന്നത് പുഞ്ചപ്പാടത്ത് നിറഞ്ഞുകിടക്കുന്ന ജലസാന്നിദ്ധ്യംകൊണ്ടാണെന്ന് സാധാരണ മനുഷ്യർക്ക് ബോദ്ധ്യമുണ്ട്. പമ്പയിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അധികജലം കയറി നിൽക്കേണ്ട ഇടമാണ് പുഞ്ചയെന്നും അവർക്കറിയാം. പ്രകൃതിയുടെ, കാലാവസ്ഥയുടെ, കുടിനീരിന്റെ സംതുലനത്തിന് വിമാനത്താവളമല്ല, പുഞ്ചയാണു വേണ്ടതെന്ന് അവർക്ക് ഉത്തമബോദ്ധ്യമുണ്ട്. അന്നം മുട്ടിക്കുന്ന വെള്ളം മുട്ടിക്കുന്ന പ്രകൃതിവിരുദ്ധനീക്കമാണിത് എന്നു മനസ്സിലാക്കി ചില രാഷ്ട്രീയപ്രവർത്തകരും എതിർക്കാൻ തയ്യാറായപ്പോൾ 2005വരെ നികത്തൽ നടപടികൾ നിലച്ചുപോയിരുന്നു. 2005ൽ വീണ്ടും ശ്രമം നടന്നെങ്കിലും വേണ്ടത്ര മുന്നോട്ടു പോകാനായില്ല. 2007ൽ ആറന്മുള ഏവിയേഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനിയുണ്ടാക്കി പരിശ്രമങ്ങൾ തുടർന്നെങ്കിലും കെജിഎസ് ഗ്രൂപ്പും അവരോടൊപ്പം റിലയൻസും രംഗത്തെത്തിയതോടെയാണ് പ്രവർത്തനങ്ങൾ വീണ്ടും സജീവമായത്.

ഒട്ടും സുതാര്യമല്ലാത്ത മാർഗ്ഗങ്ങളിലൂടെ 2010ൽ അന്നത്തെ മന്ത്രിസഭ നിലവിലുള്ള നിയമങ്ങളിൽ ഇളവനുവദിക്കില്ല എന്ന വ്യവസ്ഥയിൽ വിമാനത്താവളപദ്ധതിക്ക് അനുമതി നൽകി. നീർത്തട നെൽവയൽ സംരക്ഷണ നിയമത്തിലും ഭൂപരിഷ്കരണ നിയമത്തിലും ഇളവുവരുത്താതെ ആറന്മുളയിൽ എയർപോർട്ട് നിർമ്മാണം സാദ്ധ്യമല്ലെന്നിരിക്കെ അത്തരമൊരു അനുമതി എന്തിനായിരുന്നു എന്ന ചോദ്യം പ്രസക്തമാണ്. 2011 ഫെബ്രുവരി 24ന് മല്ലപ്പുഴശ്ശേരി,



ആറന്മുള, കിടങ്ങന്നൂർ വില്ലേജുകൾ വ്യവസായമേഖലയാക്കിക്കൊണ്ടുള്ള സർക്കാർ പ്രഖ്യാപനം ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഏകജാലക സംവിധാനം വരുന്നതോടെ നീർത്തട-നെൽവയൽ, ഭൂപരിഷ്കരണ നിയമങ്ങൾ അവിടെ തീർത്തും പ്രസക്തമാണ്.

കർഷകരിൽനിന്ന് ആദ്യം ഭൂമി വാങ്ങിയ എബ്രഹാം കലമണ്ണിലിന് മുന്നൂറോളം ഏക്കർ വയൽ വാങ്ങാൻ സാധിച്ചത് റവന്യൂ ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ നിലപാടുകാരണമായിരിക്കണം. വാങ്ങിയ നിലവും പരിസരത്തെ തോടുകളും പുറമ്പോക്കുഭൂമിയും സർക്കാർ ഭൂമിയും എല്ലാം കയ്യേറി നികത്താൻ എല്ലാ സർക്കാർ വകു

കർഷകരിൽനിന്ന് ആദ്യം ഭൂമിവാങ്ങിയ എബ്രഹാം കലമണ്ണിലിന് മുന്നൂറോളം ഏക്കർ വയൽ വാങ്ങാൻ സാധിച്ചത് റവന്യൂ ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ നിലപാടുകാരണമായിരിക്കണം

പ്പുകളുടെയും നിശ്ശബ്ദസഹകരണം ഉണ്ടായിട്ടുണ്ടാകാം. പരാതികളെ തുടർന്ന് അനധികൃത കയ്യേറ്റം ഒഴിപ്പിച്ചപ്പോൾ അറുപത് ഏക്കർ നികത്തിയതിൽ പതിനാല് ഏക്കറും സർക്കാർ ഭൂമിയായിരുന്നത്രേ. നിയമവ്യവസ്ഥയെ പുല്ലുപോലെ തള്ളിക്കളയാനും സർക്കാർ സംവിധാനങ്ങളെ വരുതിക്കുനിർത്താനും ഈ ഗ്രൂപ്പിനുള്ള ശേഷിക്കു വേറെ തെളിവു വേണ്ടല്ലോ.

ആറന്മുള വിമാനപദ്ധതിയുടെ ചരിത്രം അന്വേഷിക്കുന്നതിൽ വലിയ പ്രസക്തിയില്ല. കാർഷികജീവിതം നയിക്കുന്ന ഒരു ജനതതിയുടെ ജീവിതംതന്നെയായ പുഞ്ചപ്പാടത്ത് വിമാനമിറക്കാൻ അവരെക്കൂടി ഒഴിപ്പിക്കാനായി കണ്ടുപിടിച്ച വിദ്യയാണ് വ്യവസായ മേഖല. രണ്ടായിരം കോടിക്കുമേൽ മുതൽമുടക്കുള്ള ഈ പദ്ധതി ഉണ്ടാക്കുന്ന പാരിസ്ഥിതിക സാമൂഹ്യ ആഘാതങ്ങൾ പഠനവിധേയമാക്കിയതും മറ്റൊരു ഫലിതമാണ്. മധുരയിൽ പ്രവർത്തിക്കുന്ന 'എൻവിറോ കെയർ ലിമിറ്റഡ്' എന്ന സ്ഥാപനം കെജിഎസ് ഗ്രൂപ്പിനുവേണ്ടി തയ്യാറാക്കിയ EIA (പരിസ്ഥിതി ആഘാതപഠനം) റിപ്പോർട്ടിലെ കണ്ടെത്തലുകൾ കമ്പനിയുടെ വിലക്കെടുക്കൽ ശേഷി ഒന്നുകൂടി വെളിപ്പെടുത്തുന്ന തരത്തിലുള്ളതാണ്. പഠനറിപ്പോർട്ടനുസരിച്ച് നിർദ്ദിഷ്ട പദ്ധതിപ്രദേശം വയലോ നീർത്തടമോ അല്ല. പദ്ധതിപ്രദേശത്തിനകത്തോ പത്തുകിലോമീറ്റർ ചുറ്റളവിലോ ആരാധനാലയങ്ങൾ ഉള്ളതായി പഠനസംഘം കണ്ടെത്തിയിട്ടില്ല. പാരിസ്ഥിതിക പ്രാധാന്യമുള്ള പലപല കാവുകളും വിശ്വാസതീക്ഷ്ണതയോടെ ഭക്തർ കാത്തുപോകുന്ന ആരാധനാലയങ്ങളും വിമാനത്താവളത്തിനുവേണ്ടി തീരുമാനിക്കപ്പെട്ട സ്ഥലത്തുതന്നെ ഉണ്ടെന്നിരിക്കെയാണ് ഇത്തരം കള്ള പഠനറിപ്പോർട്ടുകൾ പടച്ചുണ്ടാക്കി പൊതുജനത്തെ വിഡ്ഢികളാക്കുന്നത്.

വിശ്വാസപരവും ആചാരപരവും ചരിത്രപരവുമായ പ്രാധാന്യം കണക്കിലെടുത്ത് പൈതൃകഗ്രാമമായി പ്രഖ്യാപിക്കപ്പെട്ട ഇടമാണ് ആറന്മുള. നിയമം കാറ്റിൽ പറത്തി കേന്ദ്ര സർക്കാർ വകുപ്പുകളും പദ്ധതിക്ക് ക്ലിയറൻസ് നൽകുന്നതിൽ ഉത്സാഹിക്കുകയാണ്. ആരെല്ലാം അനുമതി കൊടുത്താലും തങ്ങളുടെ അന്നം വിളയുന്ന നിലം വിട്ടുകൊടുക്കേണ്ടിവരുന്നവരും വീടൊഴിഞ്ഞുപോകേണ്ടിവരുന്നവരും ആരാധനാലയങ്ങൾ നഷ്ടപ്പെടുന്ന വിശ്വാസികളും സമരരംഗത്തുനിന്ന് പിന്മാറാൻ തയ്യാറല്ല. സ്വകാര്യഭൂമാഫിയക്കുവേണ്ടി ഭരണം നടത്തുന്നവർ വികസനം എന്ന പേരിൽ പാവപ്പെട്ടവന്റെ വീടുംകുടിയും കയ്യടക്കുന്ന പ്രക്രിയ തുടരുകയാണ്. വികസനം എമർജിംഗ് കേരളയായി കടന്നുവരുമ്പോഴേക്ക് വീടുനഷ്ടപ്പെടുന്നവരുടെ എണ്ണത്തിൽ കേരളം ലോകത്ത് ഒന്നാംസ്ഥാനത്തെത്തും. 'ഞങ്ങളെങ്ങോട്ടു പോകും' എന്ന നിലവിളി അന്തരീക്ഷത്തിൽ നിറയും. ഉയരുന്ന കെട്ടിടങ്ങൾക്കുവേണ്ടി, പറന്നുയരുന്ന വിമാനങ്ങൾക്കുവേണ്ടി അടിസ്ഥാന ജനവിഭാഗം എല്ലാം നഷ്ടപ്പെടാൻ തയ്യാറാവണം എന്നതാണ് അധികാരിവർഗ്ഗത്തിന്റെ ആവശ്യം. ആ ആവശ്യം അംഗീകരിക്കില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണ് വീടുംവയലും ജീവിക്കാനുള്ള അവകാശവും സംരക്ഷിക്കാൻ പൊരുതുന്ന ആറന്മുളയിലെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ജനത. ■

*(19-ാം പേജിൽനിന്നും തുടർച്ച)*

ണ്. നല്ലവരായ കുറച്ച് ഉദ്യോഗസ്ഥരുടെ സഹായം മാത്രമാണ് ഇപ്പോൾ ഉള്ളത്. ഭരണസിരാകേന്ദ്രങ്ങളിൽനിന്നുപോലും പിന്തുണ ലഭിക്കുന്നില്ല എന്നതിന്റെ പ്രധാന തെളിവാണ് അഹാഡ്സിന്റെ നിലനിൽപിനുനേരെയുള്ള ചോദ്യചിഹ്നം.

അത്രവലിയ സമ്മർദ്ദങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗംമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അത് മറ്റു സംഘാംഗങ്ങളേയും ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ബോധവത്കരണങ്ങൾ നടത്താൻ ത്രിതല പഞ്ചായത്തുകളോട് രേഖാമൂലം ആവശ്യപ്പെടുകയും സാധാരണക്കാർക്ക് എളുപ്പം മനസ്സിലാവുന്നതിനായി 'കുടികാരൻ' എന്ന നാടകം ഉണ്ടാക്കുകയും ചെയ്തു. ഇത് അട്ടപ്പാടിയിലെ ഒട്ടുമിക്ക ഊരുകളിലും അവതരിപ്പിച്ചു. തത്ഫലമായി അട്ടപ്പാടിയിൽ മദ്യ ഉപയോഗം നിയന്ത്രണാധീനമായാൽ മാത്രമേ ഈ പ്രദേശത്ത് വികസനപ്രവർത്തനങ്ങൾ ജനങ്ങൾക്ക് പൂർണ്ണമായി ഉപകാരപ്രദമാകൂ എന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു.

ഇങ്ങനെ അട്ടപ്പാടിയിൽ തായ്കുലസംഘം വെട്ടിപ്പിടിച്ച പാത അട്ടപ്പാടിയിൽ മാത്രം ഒതുങ്ങിപ്പോകാനുള്ളതല്ല. ഇത് കേരളത്തിൽ ആകമാനം വീശിയടിക്കേണ്ടതാണ്. അതിന് ഇവിടത്തെ സ്ത്രീസമൂഹം ഉണരണം. അതിനുവേണ്ടിയാവണം നമ്മുടെ പ്രവർത്തനം. അടുത്ത തലമുറയ്ക്ക് നമ്മൾ മാർഗ്ഗദീപമാകേണ്ടതുണ്ട്. അതിനുവേണ്ടി സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരെ ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്താൻ ഇത്തരം പ്രസ്ഥാനങ്ങൾക്കു കഴിയണം. വർഗ്ഗീയതയ്ക്കും രാഷ്ട്രീയത്തിനും അതീതമായി നാം ഉണ്ടാക്കിയെടുക്കേണ്ട ഈ കൂട്ടായ്മ നാളത്തെ സമൂഹത്തിന് ഒരു തിരിവെളിച്ചമാകും എന്നതിൽ സംശയമില്ല. ■

# ചമഞ്ഞിരിക്കേണ്ടവർ

(അമേരിക്കയിലെ കണക്ടിക്കട്ടിൽ താമസിക്കുന്ന റീനി എന്ന എഴുത്തുകാരിയുടെ അനുഭവക്കുറിപ്പ്)



റീനി മമ്പലം

**പതിവിനു** വിരുദ്ധമായി സഹപ്രവർത്തക രണ്ടുമണിക്കൂർ താമസിച്ച് ഓടിക്കിതച്ച് ഓഫീസിലെത്തി. കയ്യിൽ മേസീസിന്റെ ഒരു വലിയ ബാഗും ഉണ്ടായിരുന്നു. ധൃതിപ്പെട്ട് കസേരയിൽ ഇരുന്ന് കമ്പ്യൂട്ടർ ഓണാക്കുമ്പോഴും അവർ കിതയ്ക്കുന്നുണ്ടായിരുന്നു. മേസിസിന്റെ ബാഗ് ഡെസ്കിനടിയിലേക്ക് കയറ്റിവെച്ച് അവർ പറഞ്ഞു "ഹാവൂ, എനിക്കു സമാധാനമായി, ഒരു കറുത്ത പാവാടയും കറുത്ത ജാക്കറ്റും കിട്ടി. എനിക്ക് പീറ്ററിനെക്കുറിച്ചായിരുന്നു വേവലാതി. അവൻ വളരുന്ന പ്രായമല്ലേ? ആറുമാസംമുമ്പ് വാങ്ങിയ പാന്റ്സ് ഇപ്പോൾ ഫിറ്റ് ചെയ്യുന്നില്ല, പിന്നെ ഒരുവർഷംമുമ്പു വാങ്ങിയ സൂട്ടിന്റെ കാര്യം പറയാനുണ്ടോ" അവർ കൗമാരത്തിലൂടെ കടന്നുപോവുന്ന മകന്റെ വളർച്ചയെക്കുറിച്ചും തന്മൂലം പാകമാകാത്ത വസ്ത്രങ്ങളെക്കുറിച്ചും പരാതിപറഞ്ഞു. അവന്റെ സൂട്ട് തയ്യാറാവുംമുമ്പ് ഫ്യൂണറലിന് പോകേണ്ടിവന്നാൽ ധരിക്കുവാൻ സൂട്ട് കാണില്ല എന്നായിരുന്നു അവരുടെ വേവലാതി.

അവരുടെ അമ്മയ്ക്ക് കാൻസർ ആണ്. ഏതുനിമിഷവും മരണവുമായുള്ള കൂടിക്കാഴ്ച ഉണ്ടാവും എന്ന് അവർക്ക് ഉറപ്പായിരുന്നു. നാൻസിക്ക് അമ്മയുമായി നല്ല അടുപ്പവും സ്നേഹവുമാണ്. അടുത്തയിട ഗ്രാഡുവേറ്റ് ചെയ്ത മകൾ ജോലി എടുക്കുന്നതിനുമുമ്പ് കൂടെനിന്ന് വല്യമ്മയെ ശുശ്രൂഷിക്കയാണ്. കൊച്ചുമക്കളുടെ ശുശ്രൂഷ കിട്ടുകയെന്ന അസുലഭസൗഭാഗ്യം വളരെക്കുറച്ച് ആൾക്കാർക്കേ ലഭിക്കയുള്ളു. സഹപ്രവർത്തക അവധിയെടുത്തും ആത്മാർത്ഥതയോടെ അമ്മയെ പരിപാലിച്ചു. അവർ സുന്ദരിയായ ഒരു സ്ത്രീയാണ്, പ്രസന്നവദന. എപ്പോഴും ഒരു നറുംപുഞ്ചിരി ആ മുഖത്ത് ഉണ്ടാവും.

അവരുടെ അമ്മ മരിച്ചു. സഹപ്രവർത്തകയുടെ അമ്മ എന്ന നിലയിൽ അവരുടെ മൃതദേഹം പ്രദർശനത്തിനു വെക്കുമ്പോൾ കാണുവാൻ പോകണം. വേണ്ടപ്പെട്ടവർക്ക് കാണുന്നതിനായി മൃതദേഹം കോഫിനുള്ളിലാക്കി ഒരുദിവസമോ പലദിവസങ്ങളോ പ്രദർശനത്തിനു വെക്കും. അതിനെ 'വേക്ക്' അല്ലെങ്കിൽ 'വ്യൂവിങ്ങ്' എന്നു വിളിക്കും. ആൾക്കാരുടെ സൗകര്യാർത്ഥം അതു വൈകുന്നേരങ്ങളിലോ അവധിയുള്ള ശനിയാഴ്ചകളിലോ ഞായറാഴ്ചകളിലോ ആവും. ശവപ്പെട്ടിയുടെ അടപ്പ് തുറന്ന് മുഖം കാണത്തക്കവണ്ണം വെക്കുന്നതിനെ ഓപ്പൺ കാസ്കറ്റ് എന്നു പറയും. അപകടങ്ങളിൽപെട്ട് ദേഹത്തും മുഖത്തിനും പരുക്കുപറ്റിയവരുടെ ഒടിവും ചതവും കാണാതിരിക്കുന്നതിനായി ശവപ്പെട്ടിയുടെ അടപ്പ് അടച്ചുവെച്ച് അന്തിമോപചാരം അർപ്പിക്കുന്നതിനെ 'ക്ലോസ്ഡ് കാസ്കറ്റ്' എന്നു പറയും. 'വേക്ക്' കഴിഞ്ഞാൽ ശവസംസ്കാരം.

ഞങ്ങൾ സഹപ്രവർത്തകയുടെ അമ്മയുടെ മൃതദേഹം കാണുന്നതിന് ഒരുമണിക്കൂർ ദൂരെയുള്ള ഫ്യൂണറൽ ഹോമിലേക്കു യാത്രയായി. ഇവിടെ കരഞ്ഞും മൂക്കുപിഴിഞ്ഞും വികാരങ്ങൾ കാട്ടുന്നത് വളരെ കുറവ്. എങ്ങനെയാണെങ്കിലും ശരിയായ വേഷവിധാനത്തോടെ ആൾക്കാരുടെ മുന്നിൽ കാണപ്പെടുക സായിപ്പിനു വളരെ പ്രധാനമാണ്. എല്ലാം 'പ്രിം ആൻഡ് പ്രോപ്പർ' ആയിരിക്കുവാൻ ശ്രദ്ധിക്കും. കേരളത്തിലെ മാതിരി അലമുറയിടുകയോ നെഞ്ചത്തടിച്ച് കര



യുകയോ ഇല്ല, കൂടിവന്നാൽ നേരിയൊരു തേങ്ങൽ. അനുശോചനം അറിയിക്കാൻ വന്ന കറുത്തവസ്ത്രധാരികളുടെ ഇടയിൽ മുൻനിരയിൽ ഞങ്ങളുടെ സുഹൃത്ത് കറുത്ത പാവാടയും കറുത്ത ജാക്കറ്റും അതിനടിയിൽ ഒരു പിങ്ക് ബ്ലൗസും ധരിച്ച് അതീവസുന്ദരിയായി സ്ഥിരമായ മന്ദസ്മിതവുംപേറി കാഴ്ചക്കാരെ സ്വീകരിച്ചുകൊണ്ടു നിൽക്കുന്നു. അരികിൽ കറുത്ത പുതിയ സൂട്ട് ധരിച്ച പീറ്ററും.

ഓഫീസിലെ സഹപ്രവർത്തകരുടെ സുഹൃത്തിന്റെ ഭർത്താവ് ആത്മഹത്യ ചെയ്തു. അവരുടെ പട്ടണത്തിൽ അതൊരു വാർത്തയായി. അയാളുടെ 'വേക്ക്' പ്ലാൻ ചെയ്തു. ഭാര്യയും മക്കളും ഫോർമലായി കറുത്ത വസ്ത്രധാരികളായി ഫ്യൂണറൽ ഹോമിൽ മുൻനിരയിലെ സീറ്റിൽ ഇരുന്ന് കാഴ്ചക്കാരെ സ്വീകരിക്കണം. അതിനുമുമ്പായി 'ബ്യൂട്ടി പാർലറിൽ പോയി തലമുടി ശരിയാക്കണം. നഖങ്ങൾ ഷേപ്പ് ചെയ്ത് നെയിൽ പോളിഷ് ഇടണം, മേക്കപ്പ് ധരിക്കണം. ഒരു പ്രശ്നമുണ്ട്, ഭർത്താവിന്റേത് ആത്മഹത്യ ആയിരുന്നതിനാൽ അവരുടെ പട്ടണത്തിൽ ഉള്ളവരുടെ ഇടയിൽ ന്യൂസ് പരന്നിരിക്കുന്നു. ബ്യൂട്ടി പാർലറിൽ പോയാൽ ആൾക്കാർക്ക് അവരെ മനസ്സിലാവും. സംഭവത്തെക്കുറിച്ച് കുശുകുശുക്കും. പരദൂഷണം എപ്പോഴും മനുഷ്യർക്ക് ആത്മസംതൃപ്തിയും 'ഗ്രാറ്റിഫിക്കേഷനും' നൽകുമല്ലോ! ''നിങ്ങളുടെ പട്ടണത്തിലെ ഒരു ബ്യൂട്ടിപാർലറിന്റെ പേർ പറയുമോ? അവിടെയാവുമ്പോൾ ജോവാനെ തിരിച്ചറിയുന്നവർ കുറവായിരിക്കുമല്ലോ'' സുഹൃത്തുക്കൾ എന്നോടു ചോദിച്ചു. ഞാൻ ഞങ്ങളുടെ ടൗണിലെ ബ്യൂട്ടിപാർലറിന്റെ പേരു പറഞ്ഞുകൊടുത്തു. അവർ ആ ബ്യൂട്ടിപാർലർ ഉപയോഗിച്ചുകാണും. ആത്മഹത്യയല്ലേ, ഫാമിലിക്കു പ്ലാൻ ചെയ്യുവാൻ സമയം കിട്ടില്ലല്ലോ! അനുയോജ്യമായ വേഷവിധാനങ്ങളോടെ, അതിനു ചേർന്ന 'ഹെയർ സ്റ്റൈലും നെയിൽ പോളിഷും മേക്കപ്പുമായി ആ വിധവയും ഫ്യൂണറൽ ഹോമിലെ മുൻനിരയിൽ ഇരുന്ന് അനുശോചനം ഏറ്റുവാങ്ങിക്കാണും. വളരുന്ന പ്രായത്തിലുള്ള അവരുടെ കുട്ടികൾക്ക് പാകമുള്ള പാവാടയും ബ്ലൗസും സൂട്ടും ഉണ്ടായിരുന്നോ, ആവോ.

ഫ്യൂണറലിന്റേയും 'വേക്കി'ന്റേയും സാങ്കേതിക വശങ്ങളെക്കുറിച്ച് വ്യക്തമായ അറിവുണ്ടായത് വളരെ അടുത്ത ഒരു സുഹൃത്ത് മരിച്ചപ്പോഴാണ്. അദ്ദേഹം ഞങ്ങൾക്ക് ഒരു മൂത്ത ജ്യേഷ്ഠൻ ആയിരുന്നുവെന്നു പറയാം. പ്രവാസജീവിതത്തിന്റെ ആദ്യകാലങ്ങളിൽ കുട്ടികളുടെ ഒന്നാം പിറന്നാളും രണ്ടാം പിറന്നാളും ആഘോഷിച്ചു. പിന്നത് സ്വീറ്റ് സിക്സ്റ്റീനും സെവന്റീനുമായി ഉയർന്നു. പിന്നെ അച്ഛനമ്മമാരുടെ ഇരുപത്തിയഞ്ചാം വിവാഹവാർഷികവും അൻപതാം പിറന്നാളും അറുപതാം പിറന്നാളുമായി. ഇതിനിടയിൽ ചില കുട്ടികൾ വിവാഹം കഴിച്ചു. ബാക്കിയുള്ളവർ വിവാഹാഘോഷങ്ങളിൽ പങ്കുചേർന്നു.



ആശുപത്രിയിൽ ആയിരുന്ന സുഹൃത്തിനു മരണം ഉറപ്പായി. രാത്രിയുടെ വൈകിയ വേളയിലാണ് അദ്ദേഹത്തിന്റെ ഭാര്യ വിളിച്ചുപറഞ്ഞത് ''ഒരു സഹായം വേണം, ഒരു ഫ്യൂണറൽ ഹോം കണ്ടുപിടിക്കാമോ നാളെത്തന്നെ'' ചോദ്യം കേട്ടപ്പോൾ മനസ്സ് അസ്വസ്ഥമായി, മരണം പ്രതീക്ഷിച്ചതാണ് എങ്കിലും. അദ്ദേഹം ഒരു ഡോക്ടറാണ്, അതിനാൽ വൈദ്യശാസ്ത്രം കിണഞ്ഞുശ്രമിച്ച് ആയുസ്സ് നീട്ടിയെടുക്കുന്നതിന്റെ വരുംവരായ്കകളെക്കുറിച്ച് അദ്ദേഹത്തിനു നല്ലവണ്ണം അറിയാം. അതുകൊണ്ട് അദ്ദേഹത്തിന്റെ തീരുമാനവും കഷ്ടപ്പെടരുത് എന്നതുതന്നെ. പിറ്റെദിവസം രാവിലെ മൂന്നു ഫ്യൂണറൽ ഹോമിനെ വിളിച്ചു കാണുവാൻ അപ്പോയ്മെന്റ് എടുത്തു. സുഹൃത്തിന്റെ മകളെയും കൂടെ കൂട്ടി. അവസാനതീരുമാനം അവരുടേതായിരിക്കണമല്ലോ!

ആദ്യം കണ്ട ഫ്യൂണറൽ ഹോം ഇഷ്ടപ്പെട്ടില്ല. ആകെക്കൂടി ഇരുണ്ട്, ആൾക്കാർക്ക് കൂട്ടമായി നിൽക്കാൻ ഒരു ലോബി പോലും ഇല്ല. ഡിപ്രസ്ഡ് ആയി വന്നവരെ കൂടുതൽ ഡിപ്രഷനിലേക്കു തള്ളിവിടുന്ന അവസ്ഥ അവിടമാകെ. അവർ ഞങ്ങൾക്ക് പല കാര്യങ്ങളും പറഞ്ഞുതന്നു. മരണം നടന്നാൽ ഉടൻ ഫ്യൂണറൽ ഹോമിനെ വിവരം അറിയിക്കണം. അവർ ആശുപത്രിയിൽ ചെന്ന് ബോഡി കൊണ്ടുവരും. ചില ആശുപത്രികൾ വൈകിട്ട് അഞ്ചുമണികഴിഞ്ഞാൽ ബോഡി കൊടുക്കില്ല. പിന്നെ രാവിലെവരെ കാത്തിരിക്കണം. പത്രങ്ങളിൽ കൊടുക്കുവാൻ തയ്യാറാക്കിയിരിക്കുന്ന മരണവാർത്ത കൊടുക്കുന്നതും ഫ്യൂണറൽ ഹോംസ് തന്നെ. പത്രക്കാർക്ക് ഫ്യൂണറൽ ഹോം പോലെയുള്ള വിശ്വസനീയമായവരിൽനിന്നും വാർത്ത ലഭിക്കണം. ബോഡി ദഹിപ്പിക്കണമെങ്കിൽ മരണം കഴിഞ്ഞ് ഇരുപത്തിനാലു മണിക്കൂർ കഴിഞ്ഞേ അനുവദിക്കൂ. സംശയാ

സ്പദമായ സാഹചര്യങ്ങളിലാണു മരിച്ചതെന്നു തോന്നിയാൽ കൂടുതൽ അന്വേഷിക്കാൻ ഒരവസരത്തിനുവേണ്ടിയാണ്. അബ്ദ്ധത്തിൽ ജീവന്റെ ഒരു ചെറിയ കണികയെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ കണ്ടുപിടിക്കുവാൻ ഇരുപത്തിനാലു മണിക്കൂർ ധാരാളം.

രണ്ടാമതു കണ്ട ഫ്യൂണറൽ ഹോമും അത്ര തൃപ്തി തന്നില്ല. ധാരാളം പാർക്കിങ്ങ് വേണം എന്നുള്ളത് തീരുമാനങ്ങൾ എടുക്കുന്നതിലെ ഒരു ഘടകമായിരുന്നു. ഇന്ത്യക്കാരല്ലേ, പ്രത്യേകിച്ച് കേരളീയർ. എല്ലാവരും ആന്റിമാരും അങ്കിളുമാരും. ഏതൊരു മരണത്തിനും അവർ വെട്ടുകിളികളെപ്പോലെവന്ന് മലവെള്ളപ്പാച്ചിലായി ഫ്യൂണറൽ ഹോമിൽ നിറയും. ഒരിക്കൽ ഫ്യൂണറൽ ഹോം അധികൃതർ തിക്കും തിരക്കും കണ്ടിട്ടു ചോദിച്ചു നിങ്ങളുടെ രാജ്യത്തെ പ്രധാനപ്പെട്ട വല്ലവരുമാണോ മരിച്ചതെന്ന്.

മൂന്നാമതൊരു ഫ്യൂണറൽ ഹോം കണ്ടു. ഹൈവേയോട് വളരെ അടുത്ത്. ധാരാളം പാർക്കിങ്ങ്. വെളിച്ചം കയറുന്ന വിശാലമായ ലോബി, വേക്ക് നടക്കുന്ന മുറിയിൽ ആൾക്കാർ നിറഞ്ഞുകവിഞ്ഞാൽ ആൾക്കാർക്ക് ഇരിക്കുവാൻ ഒരു 'ഓവർഫ്ളോ റൂം. നമ്മുടെ ഇഷ്ടങ്ങൾ എന്തൊക്കെയാണെന്നനുസരിച്ച് അവർ കാര്യങ്ങൾ ചെയ്തുതതരും. ശവപ്പെട്ടികളുടെ സാമ്പിളുകൾ കാട്ടി. കാറ്റലോഗുകൾ മറിച്ചുനോക്കി. ഫ്യൂ ഹൻട്രഡ് ഡോളേർസിൽ തുടങ്ങി ആറായിരം ഡോളേർവരെ വിലയുള്ള പലവിധത്തിലുള്ള ശവപ്പെട്ടികൾ കണ്ടു. "ബോഡി ദഹിപ്പിക്കണം," ഞങ്ങൾ ആവശ്യം ഉന്നയിച്ചു. അവരുടെ 'ഇൻസിനിറേറ്റർ' അവിടെനിന്നും നാൽപ്പതു മിനുറ്റ് അകലെയാണ്, ഒരു ചെറിയ സ്ഥലമാണ്. അവർ ഒരു പാക്കേജ് ഡീൽ തന്നു. അതിൽ എല്ലാം ഉൾപ്പെടും. ദഹിപ്പിച്ചുകഴിഞ്ഞാൽ ചാരം ഇട്ടുവെക്കുന്ന പാത്രം വരെ ഡീലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കുറഞ്ഞതുകയ്ക്ക് അവർ കാർഡ്ബോർഡു കൊണ്ടുള്ള 'ഡിസ്പോസിബിൾ കോഫിൻസ്' തരും. അത്തരം കോഫിൻസ് അവർ ഫാൻസി കോഫിനുള്ളിൽ ഇറക്കിവെക്കുന്നതിനാൽ പുറമെനിന്നു നോക്കിയാൽ കാണുകയുമില്ല. ഇൻസിറേറ്റർ വരെ ഡിസ്പോസിബിൾ കോഫിൻ ഫാൻസി കോഫിനുള്ളിൽ വെക്കും. ഇന്ത്യൻ രീതികളുമായി പരിചയമുള്ള ഫ്യൂണറൽ ഹോം അസിസ്റ്റന്റിനെ അന്നത്തേക്ക് തരികയും ചെയ്യും. അന്ന് ഒന്നിൽകൂടുതൽ 'വേക്ക്' ഉണ്ടെങ്കിൽ ബോഡി വെക്കുവാൻ പാകത്തിനുള്ള ഒന്നിൽകൂടുതൽ മുറികൾ ഉണ്ട്. ഡെത്ത്റ്റ് സേർട്ടിഫിക്കേറ്റ് എല്ലാം അവർ ശരിയാക്കിത്തരും. എല്ലാംകൊണ്ടും തൃപ്തികരം. കോൺട്രാക്ട് എഴുതി കൈകൊടുത്ത് ഞങ്ങൾ പിരിഞ്ഞു.

അന്നുരാത്രി സുഹൃത്തു മരിച്ചു. നാലുദിവസംകഴിഞ്ഞ് ശനിയാഴ്ച 'വേക്ക്' വെച്ചു. അന്ന് 'ഭഗവദ്ഗീത' ഫ്യൂണറൽ ഹോമിന്റെ സി ഡി പ്ലെയറിൽ പാടി. പൂജാരി വന്ന് പൂജ നടത്തി. പൂജ നടക്കുന്ന സമയം ഹിന്ദു ആചാരം അനുസരിച്ച്, ഞങ്ങളുടെ സ്വീകരണമുറിയിലെ കൊച്ചു വാഴയിൽനിന്നും വെട്ടിയ ഇലയിൽ ചുവന്ന പട്ടുപുതപ്പിച്ച് സുഹൃത്തിനെ കിടത്തി., പ്രകൃതിയിലെ പച്ചപ്പിനോട് ചേർന്നുകിടന്ന് പിരിയുംപോലെ. അതിനുശേഷം രാജാക്കന്മാരെ മഞ്ചലിൽ ഇരുത്തി ചുമന്നുകൊണ്ടുപോകുംവിധത്തിൽ കറുത്ത സൂട്ടിട്ട ജോലിക്കാരും ആൺമക്കളും സുഹൃത്തിനെ കോഫിനുള്ളിലാക്കി 'ഹേർസ്' എന്നു വിളിക്കുന്ന ശവവണ്ടിവരെ ചുമന്നു. സാധാരണ 'ഹേർസ്' 'ക്യാഡിലാക്കിന്റെ' കറുത്തനിറവും പ്രത്യേകഷേപ്പും ഉള്ള ഒരു വലിയ വാഹനം ആയിരിക്കും. കുടുംബാംഗങ്ങൾക്ക് ഒന്നിച്ചു യാത്ര ചെയ്യുവാൻ വലിയ ലിമോസിൻ വാടകയ്ക്ക് എടുക്കും. അവർ വികാരാധീനരായി ഡ്രൈവ് ചെയ്യുമ്പോൾ അപകടങ്ങളിൽ ചെന്നുപെടരുതല്ലോ! ഈ വാഹനം റോഡിൽ ഇറങ്ങുമ്പോൾ പുറകെ അനുഗമിക്കുന്ന വീട്ടുകാരുടേയും സുഹൃത്തുക്കളുടേയും കാറുകളുടെ ഹെഡ്‌ലൈറ്റ് ഇട്ടിരിക്കും. അപ്പോൾ ഇവർക്കിടയിൽ മറ്റുകാറുകൾ ഒന്നും കയറുകയില്ല. തിരക്കുള്ള റോഡുകളിൽ പോലീസ് അപ്പോൾ ഗതാഗതം നിയന്ത്രിച്ച് ഹേർസിനും അനുഗമിക്കുന്ന മറ്റുകാറുകൾക്കും ഒന്നിച്ചുപോകുവാൻ വഴിയൊരുക്കും. അത് മനുഷ്യന്റെ അന്ത്യയാത്രയാണ്. ആ യാത്ര സുഗമമാക്കുന്നത് ജീവിച്ചിരിക്കുന്നവരുടെ കർത്തവ്യമോ ഔദാര്യമോ? ■

> ഒരിക്കൽ ഫ്യൂണറൽ ഹോം അധികൃതർ തിക്കും തിരക്കും കണ്ടിട്ടു ചോദിച്ചു നിങ്ങളുടെ രാജ്യത്തെ പ്രധാനപ്പെട്ട വല്ലവരുമാണോ മരിച്ചതെന്ന്

---

*(39-ാം പേജിൽ നിന്നും തുടർച്ച)*

മണങ്ങളെ പ്രതിരോധിച്ചു എന്നു വിശദീകരിക്കുകയും ചെയ്യുന്ന ഈ ചിത്രം വിഷയത്തെ വളരെ ആഴത്തിൽ വിശകലനം ചെയ്യുന്ന ഒന്നാണ്.

സെപ്തംബർ 8ന്, ഉച്ചയ്ക്ക് ഒരുമണിക്ക് ആരംഭിച്ച സമ്മേളനം രാത്രി പത്തുമണിയോടെ സമാപിച്ചു. സ്ത്രീകൂട്ടായ്മ പ്രവർത്തക ശ്രീക്കുട്ടി നന്ദി പ്രകടിപ്പിച്ചു. സദാചാര വിചാരണകളെ നേരിടാൻ നിയമമില്ലെന്നു വേവലാതിപ്പെടുന്ന പോലീസ്മേധാവികളും മന്ത്രിയുമുള്ള ഈ നാട്ടിൽ, കോടതികളിലെ വിചാരണകൾ മറ്റൊരു സദാചാരവിചാരണയാകുമ്പോൾ, നിയമം നോക്കുകുത്തിയും ഭരണകൂടം മൂകസാക്ഷിയുമാകുമ്പോൾ ഇത്തരം പ്രതിരോധ/പ്രതിഷേധ സമ്മേളനങ്ങൾ ആരോഗ്യകരമായ സ്ത്രീപുരുഷബന്ധങ്ങളും സാമൂഹ്യവികാസവും സ്വപ്നം കാണുന്ന ഒരു സമൂഹത്തിന് പ്രത്യാശയും ഊർജ്ജവും പകരുമെന്നതിൽ യാതൊരു സംശയവുമില്ല. ■

# സിനിമയിലെ ആദിവാസി സ്ത്രീ സാന്നിദ്ധ്യം



ലീലാസന്തോഷ്

*കനവിലെ കുട്ടികൾ ചേർന്ന് എടുത്ത സിനിമയാണ് ഗുഡ. ആദ്യമായി ഒരു ആദിവാസി ഭാഷയിൽ രൂപപ്പെടുന്ന സിനിമയും. കാട്ടുനായ്ക്കരുടെ ഭാഷയിലാണ് ഈ സിനിമ. ഗുഡ... ആദിവാസി പെൺകുട്ടികൾക്ക് പ്രായപൂർത്തിയാവുമ്പോൾ അവർക്കായി ഒരുക്കുന്ന പ്രത്യേക സ്ഥലമാണ്.*

*കെ.ജെ. ബേബിയാണ് സിനിമ സംവിധാനം ചെയ്തത്. കനവിന്റെ സംരംഭമാണ് ഈ സിനിമ.*

**മനുഷ്യജീവിതത്തിന്റെ** ഓരോ ഞരക്കങ്ങളും തൊട്ടറിയാൻ കഴിയുന്ന ഒരു കലാരൂപമാണ് സിനിമ. പുതിയ സന്ദേശങ്ങളും പുതിയ ഭാവനയും പുതിയ അറിവും വേഗത്തിൽ പ്രേക്ഷകരിലെത്തിക്കാൻ സിനിമയെന്ന മാദ്ധ്യമത്തിന് മറ്റുള്ള മാദ്ധ്യമങ്ങളെക്കാൾ എളുപ്പത്തിൽ സാധിക്കും. അതുകൊണ്ടുതന്നെ സിനിമാപഠനം കനവിലെ വിദ്യാർത്ഥികളായ ഞങ്ങൾക്ക് വളരെയേറെ വിലപ്പെട്ടൊരു വിഷയമായിരുന്നു.

വിശപ്പിന്റെ വേദനകൾക്കിടയിലും ഇന്നും നമ്മെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ചാർളിചാപ്ലിനും സെവൻസീൽ എന്ന സിനിമയിലൂടെ മരണം എന്നും നമ്മുടെകൂടെ ഉണ്ടെന്ന് ഓർമിപ്പിച്ചുകൊണ്ടിരിക്കുന്ന ബെർഗ്മാനും ഭാവനകൊണ്ട് നമ്മെ കുഴച്ചുമറിക്കുന്ന കുറോസോവയുമൊക്കെ ഒരിക്കലും മരിക്കാത്ത സംവിധായകരാണ്.

ഇന്ത്യൻ സിനിമയുടെ കുലപതിയായ സത്യജിത് റേയുടെ പഥേർപാഞ്ചാലി കണ്ടപ്പോൾ അപ്പുവും ദുർഗ്ഗയുമൊക്കെ ഞങ്ങളുടെ കോളനിയിലും ഓടിനടക്കുന്നതായി തോന്നി. അടുത്ത അയൽക്കാരന്റെ വീട്ടിൽ വെള്ളംകോരാൻ പോണ ഞങ്ങളുടെ അമ്മമാരും അടുത്ത തോട്ടത്തിൽ പേരയ്ക്ക പറിക്കാൻ പോണ കുട്ടികളും വിശപ്പും വേദനയും സഹിച്ച് കുടിലിൽനിന്നും പൊക്കിവിടപ്പെടുന്ന മുത്തശ്ശിമാരും ഞങ്ങളുടെ കോളനികളിലുമുണ്ട്. വർഷങ്ങൾ പഴക്കമുള്ള ഈ സിനിമയിലെ ഓരോ ദൃശ്യങ്ങളും ഇന്നും അതേപോലെ, അതേ ചലനത്തോടെ ഞങ്ങളുടെ ഊരുകളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു, പ്രശ്നങ്ങൾക്ക് പുതിയ ഭാവങ്ങളുണ്ടെന്നുമാത്രം.

ഞങ്ങൾ കനവിലെ വിദ്യാർത്ഥികൾ ഭൂരിഭാഗവും വയനാടൻ ഗോത്രവർഗ്ഗങ്ങളിൽ പെട്ടവരാണ്. സ്വന്തമായ ഭാഷയും വേഷവും സംസ്കാരവുമുള്ള ഞങ്ങൾക്ക് പൊതുസ്കൂളിൽ എത്തിയപ്പോൾ എല്ലാം പുതിയതായിരുന്നു. ഗ്രഹിക്കാനാവാത്ത പാഠ്യവിഷയങ്ങളും മലയാളഭാഷതന്നെയും പ്രയാസമുള്ളതായിരുന്നു. അതുകൊണ്ടുതന്നെ പഠിച്ചുമുന്നേറാൻ ഒരുപാട് പ്രയാസങ്ങൾ നേരിടേണ്ടിവന്നു. ഞങ്ങൾ ക്ലാസ്സിൽ പുറംബെഞ്ചുകളിലേക്കു തള്ളപ്പെട്ടു. സ്കൂളിൽ ഞങ്ങൾ ബോധമില്ലാത്തവരായി മുദ്രകുത്തപ്പെട്ടു. അവസാനം ഞങ്ങൾ സ്കൂളിൽ പോകുന്നതുകൂടി നിർത്തേണ്ടിവന്നു. അങ്ങനെ നിർത്തിപ്പോന്നവരാണ് കനവിലെ വിദ്യാർത്ഥികളായ ഞങ്ങൾ ഭൂരിഭാഗവും.

കനവിലെത്തിയ ഞങ്ങൾക്ക് കനവിന്റെ പാഠ്യവിഷയങ്ങൾ പ്രയാസത്തെക്കാൾ ആസ്വാദ്യകരമായിരുന്നു. പഠിക്കുക പഠിപ്പിക്കുക എന്നതിലുപരി പാഠങ്ങളെ ഞങ്ങളുടെ ചങ്ങാതിമാരാക്കുകയാണ് ബേബിമാമൻ (കെ.ജെ. ബേബി) ചെയ്ത



ത്. യാത്രകളും പുസ്തകവായനയും സിനിമകൾ കാണലും പാട്ടുകൾ പാടലുമെല്ലാം പാഠ്യവിഷയങ്ങളിൽപെട്ടു.

ആദ്യമായി ഞങ്ങൾ ക്യാമറയ്ക്കുമുമ്പിൽ നിന്നത് ശരത്ചന്ദ്രൻ കനവിനെക്കുറിച്ച് എടുത്ത ഡോക്യുമെന്ററിയിലാണ്. അന്ന് ഞങ്ങൾ ചെറിയ കുട്ടികളായിരുന്നു. അതുകൊണ്ടുതന്നെ മനസ്സിൽ വല്ലാത്തൊരു ഭയവും ശങ്കയും കൗതുകവുമായിരുന്നു.

ഓരോവർഷത്തിലും അദ്ദേഹം കനവിൽ എത്തുമായിരുന്നു. കനവിന്റെ ഓരോ വളർച്ചയും ക്യാമറയിലൂടെ പകർത്തുവാനായി. കൂടെ കുറേ ക്ലാസ്സിക്കൽ സിനിമയുടെ കാസ്സെറ്റുകളും കരുതീട്ടുണ്ടാവും. കുറോസോവയുടെ റാഷാമോണും ഡ്രീംസുമെല്ലാം ഞങ്ങൾ മതിവരാതെ കാണുമായിരുന്നു. ഇന്ന് അദ്ദേഹം നമ്മളെയെല്ലാം വിട്ടുപോയി. അത് ഞങ്ങൾക്കു വലിയൊരു നഷ്ടംതന്നെയാണ്. ഇനിയും കാണാത്ത സിനിമകളുമായി വരാമെന്നുപറഞ്ഞാണ് അദ്ദേഹം കനവിൽ അവസാനമായി വന്നു പോയത്.

കെ.പി. ശശി, എം.ജി. ശശി എന്നിവരെപ്പോലുള്ള ഒരുപാടു സംവിധായകന്മാരും കനവിലെത്തി. ഞങ്ങൾക്ക് ക്ലാസ്സുകൾ എടുത്തു. അങ്ങനെ ഞങ്ങൾ സിനിമയുടെ ചരിത്രപഠനം ആരംഭിച്ചു. അതിന്റെ ഭാഗമായി ഞങ്ങൾ ഒരു സിനിമ എടുക്കാൻ തീരുമാനിച്ചു. ബേബിമാമൻതന്നെ എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്ത സിനിമയാണ് ഗുഡ. യൂണിറ്റും ക്യാമറമാനും കുറച്ച് അഭിനേതാക്കളുമൊഴിച്ച് ബാക്കി എല്ലാ വർക്കുകളും ഞങ്ങൾതന്നെയാണ് ചെയ്തിരുന്നത്. അതോടെ സിനിമയുടെ സാങ്കേതികവശങ്ങളെക്കുറിച്ച് ഞങ്ങൾക്കു വലിയൊരു അറിവുണ്ടായി. ഷോട്ടുകളെന്തെന്നും സീനുകളെന്തെന്നും എങ്ങനെ ഒരു ഫ്രെയിം ഉണ്ടാവണമെന്നും ഒരു ഫ്രെയിമിൽ ഏതൊക്കെ തരത്തിലുള്ള സെറ്റുകൾ ഉണ്ടാവണമെന്നുമൊക്കെയുള്ള പലകാര്യങ്ങളും പഠിക്കാനായി.



പലകാരണങ്ങളാലും ഞങ്ങൾ വിചാരിച്ചത്ര ഈ സിനിമ ശക്തമാക്കാനായില്ലെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതു വലിയൊരു പഠനമായിരുന്നു.

ഗുഡയുടെ ഒന്നുരണ്ട് ഷെഡ്യൂകൾക്ക് ശേഷമാണ് എം.ജി. ശശി സംവിധാനം ചെയ്ത കനവുമലയിലേക്ക് എന്ന ഡോക്യുമെന്ററിയുടെ ഷൂട്ടിംഗ് നടന്നത്. അതും വലിയൊരു അനുഭവമായിരുന്നു. സ്ക്രിപ്റ്റിംഗിലും മറ്റും ഞങ്ങൾ പങ്കെടുത്തിട്ടില്ലെങ്കിലും അതിലെ ഓരോ ഷോട്ടുകളിലും ഞങ്ങളുടെ മുഖങ്ങളുണ്ട്. ഞങ്ങൾ പറഞ്ഞ വാക്കുകളും പ്രവൃത്തികളും ഇന്ന് ഞങ്ങൾക്ക് കാത്തു സൂക്ഷിക്കാൻ പറ്റുന്ന കനവിലെ പഠന ജീവിതത്തിലെ വലിയവലിയ അനുഭവങ്ങളാണ്.

പിന്നീട് ഞങ്ങളിൽ പലരും സിനിമയുടെ ഉയർന്ന പഠനങ്ങൾക്കായി പലയിടങ്ങളിലും പോയി. പലവർക്ഷോപ്പുകളിലും പങ്കെടുത്തു. അടൂർ ഗോപാലകൃഷ്ണനെ പോലുള്ള സംവിധായകരുടെ ക്ലാസ്സുകൾ കേട്ടു. ഇന്നു ഞങ്ങൾ പലരും സിനിമ നിർമിക്കാനുള്ള തയ്യാറെടുപ്പിലാണ്. അതിന്റെ ഭാഗമായി ഞാൻ ചെയ്ത ഒരു ഡോക്യുമെന്ററി സിനിമയാണ് ഗോത്രപ്പഴമ. ഇന്ന് ആദിവാസിസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളും സൂചിപ്പിച്ചുകൊണ്ടെടുത്തൊരു സിനിമയാണ് അത്. അതുപക്ഷേ, ഞാൻ വിചാരിച്ചത്ര ശക്തമായി ചെയ്യാൻ എനിക്കായില്ല. എങ്കിലും ഒറ്റയ്ക്ക് ചെയ്യാൻ ഒരു ശ്രമം നടത്തിയതാണ്. പിന്നെ ഞങ്ങളെ പോലെ എത്രയോ കുട്ടികൾ സമൂഹത്തിൽ ഒന്നുമല്ലാത്തവരായി തീരുന്നു. അവർക്കൊക്കെയൊരു പ്രചോദനം....■





പുനർവായന

# രാധയുടെ പുനർജന്മങ്ങൾ



ഡോ. മിനിപ്രസാദ്

**പണ്ട്** വൃന്ദാവനത്തിൽ കണ്ണന്റെ ഓടക്കുഴൽവിളി കേൾക്കുമ്പോൾ ഗൃഹാന്തർഭാഗങ്ങളിൽനിന്ന് അനേകം ഗോപികമാർ അവിടേക്ക് ഓടിയെത്തുമായിരുന്നു. തങ്ങൾ പിന്നിലുപേക്ഷിച്ചുപോന്ന വീടോ അതിന്റെ ആഭ്യന്തരമോ ബാഹ്യമോ ആയ അവസ്ഥകളോ അവരെ ബാധിച്ചിരുന്നതേയില്ല. പൊതുവായി സ്ത്രീകൾക്കായി പറഞ്ഞുറപ്പിച്ച കടമകളോ കടപ്പാടുകളോ അവരെ അലട്ടിയതുമില്ല. അത്തരം കൃത്യനിർവഹണങ്ങളിൽനിന്ന് അവർ ഒഴിഞ്ഞുമാറിയതിന്റെ പേരിൽ ആരും അവരെ പഴിച്ചിട്ടില്ല. കുറ്റം ചാർത്തിയിട്ടുമില്ല.



കണ്ണനു പ്രിയപ്പെട്ടവൾ രാധയായിരുന്നു. അവൾ പ്രായംകൊണ്ട് മൂത്തവൾപോലുമായിരുന്നു. ആ ബന്ധത്തിന് ആരും അനൗചിത്യം ദീക്ഷിച്ചിട്ടില്ല. പക്ഷേ, ഇന്ന് അത്തരം ഒരോടക്കുഴൽവിളിക്കു പിന്നാലെ ഒരു സ്ത്രീക്കും ഓടാനാവില്ല. സ്വന്തം വീടിന്റെ അകത്തളങ്ങളിലും ഇടനാഴികളിലും അദൃശ്യങ്ങളായ അനേകമനേകം ചരടുകൾകൊണ്ട് അവർ ബന്ധിക്കപ്പെട്ടു കിടക്കുകയാണ്. നല്ല വിദ്യാഭ്യാസവും ജോലിയുമൊക്കെ ഉള്ളവരാണെങ്കിലും വീടിന്റെ ബന്ധനങ്ങളിൽനിന്ന് അവരും മുക്തരാവുന്നില്ല. ചില ജീവിതങ്ങളുണ്ട് വീടിന്റെയുള്ളിൽ ഉഴിഞ്ഞിടപ്പെട്ട ഹോമിച്ചു തീർന്നുപോവുന്ന ചില ജീവിതങ്ങൾ.... അവ അങ്ങനെതന്നെ തീരണം എന്ന് ആർക്കോ നിർബന്ധമുണ്ടെന്നു തോന്നുംവിധം ജീവിതം ഉഴിഞ്ഞിടപ്പെടുന്ന ചില ബലിമൃഗങ്ങൾ....

ബലിമൃഗം എന്ന വാക്ക് ബോധപൂർവ്വംതന്നെ പ്രയോഗിച്ചതാണ്. വീടിനും വീട്ടുകാർക്കുംവേണ്ടി സ്വന്തം ജീവിതംകൊണ്ട് ത്യാഗം ചെയ്യുന്നവൾക്ക് വേറെന്തു വിശേഷണം. അത്തരം ഒരു ബലിമൃഗത്തിന്റെ കഥയാണ് 'രാധായനം.... പുതിയ പരിപ്രേക്ഷ്യം' എന്ന കഥയിലൂടെ ശ്രീലത പറയുന്നത്. വൃദ്ധനും ശയ്യാവലംബിയുമായ ഒരു പുരുഷന്റെ ഭാര്യയാവേണ്ടിവന്ന ഒരു ചെറുപ്പക്കാരിയുടെ ജീവിത(?)മാണ് ഈ കഥ. ആരോ പറഞ്ഞുകൊടുത്ത ഒരു ചികിത്സാവിധിയുടെ ഭാഗമാണ് അയാൾക്ക് ഈ വിവാഹം. നനവുമാറാത്ത ശരീരവുമായി ചെറുപ്പക്കാരിയായ ഒരു സ്ത്രീയെ ദിവസവും പുണർന്നുകിടന്നാൽ നഷ്ടപ്പെട്ട ചലനശേഷികൾ വീണ്ടുകിട്ടും എന്ന ഉപദേശത്തിന്റെ പൂർത്തീകരണമായിരുന്നു ആ വിവാഹം. ചലിപ്പിക്കാവുന്ന ഇടതുകൈകൊണ്ട് മുന്നിൽ മുട്ടുകുത്തിയിരുന്ന സ്ത്രീയെ താലികെട്ടി എന്നു വരുത്തിത്തീർക്കുക മാത്രമാണ് അയാൾ ചെയ്തത്. താലിമാല സ്വയം കൊളുത്തി അവൾ ആ പദവി വരിക്കുകയായിരുന്നു. സമൂഹത്തിൽ അവൾ സുമംഗലയും താലിചാർത്തപ്പെട്ടവളും സിന്ദൂരം തൊടാൻ ഭാഗ്യം സിദ്ധിച്ചവളും. പക്ഷേ, അവളോ....?

വീട് ജപ്തിചെയ്യാതെ കിട്ടാനും സഹോദരങ്ങൾക്ക് നല്ല ഭാവി ലഭിക്കാനുമുള്ള ഒരുപാധി മാത്രമാണ് അവൾ. അവളുടെ ജീവിതത്തെ നിതാന്തമായ ദുരന്തത്തിലേക്കു തള്ളിവിട്ടുകൊണ്ട് സഹോദരന് ബാങ്കിൽ ജോലിയും സഹോദരിമാർക്ക് നല്ല ഭർത്താക്കന്മാരേയും നേടാൻ ആ മാതാപിതാക്കളെ പ്രേരിപ്പിച്ച ഘടകം തീർച്ചയായും സാമ്പത്തികപ്രശ്നങ്ങൾ തന്നെയാണ്. ആ വീട്ടിലെ ഏകാന്തത, അറപ്പും മടുപ്പും സമ്മാനിക്കുന്ന രോഗീപരിചരണം, സഭ്യതയുടെ സർവ്വ വരമ്പുകളേയും ഭേദിക്കുന്ന ശകാരങ്ങൾ, അല്പം ചലനശേഷിയുള്ള ഇടതുകൈകൊണ്ട് കിട്ടുന്ന മർദ്ദനം, സംശയത്തിന്റെ നോട്ടങ്ങളും വാക്കുകളും എന്നിവ നൽകുന്ന വേദനകളേക്കാൾ

അവളെ വേദനിപ്പിക്കുന്നത് അവളുടെ സഹോദരങ്ങളുടെ വാക്കുകളാണ്. ചേച്ചിയുടെ ഭാഗ്യത്തിൽ തങ്ങൾക്കുള്ള അസൂയ അവർ നേരെതന്നെ പ്രകടിപ്പിക്കുന്നു. തങ്ങൾ കുട്ടികളെക്കൊണ്ടും അവരുടെ കുസൃതികൾകൊണ്ടും ഭാരപ്പെടുമ്പോൾ ചേച്ചിക്ക് അത്തരം പ്രാരാബ്ധങ്ങളൊന്നും ഇല്ലല്ലോ എന്ന സമാധാനപ്പെടുത്തലിലൂടെ അവളിലെ സ്ത്രീത്വ മാതൃത്വത്തെ ആഴത്തിൽ അപഹസിക്കുകയാണ്.

മരിച്ച മനസ്സും മരവിച്ച ദേഹവും ഉള്ളവൾ എന്നാണ് കഥാകാരി തന്റെ കഥാനായികയെ പരിചയപ്പെടുത്തുന്നത്. യൗവനയുക്തയും സുന്ദരിയുമായ അവൾക്ക് ബാഹ്യലോകത്തുനിന്നും ചില പ്രലോഭനങ്ങൾ വീണുകിട്ടാറുണ്ട്. അഴുകിയ മുറിവുകളുടേയും ചലത്തിന്റേയും ദുർഗന്ധത്തിൽ സ്വയം മടുക്കുമ്പോൾ അത്തരം ചില പ്രലോഭനത്തിന്റെ തോന്നലുകൾ ആകർഷിക്കുക സ്വാഭാവികം. പക്ഷേ, ഒരുനിമിഷമെങ്കിലും സ്വയം നഷ്ടപ്പെടുമ്പോഴേക്കും അല്പം സ്വാധീനമുള്ള ഇടതുകൈകൊണ്ട് അയാൾ പ്രഹരിച്ചുകഴിഞ്ഞിരിക്കും. അയാൾക്ക് ശരീരത്തിനുവന്ന തളർച്ചയ്ക്കു പകരം നാവ് വളരെ വളരെ സജീവമായിരുന്നു. ഭാര്യയുടെ ജാരന്മാരെ പിടികൂടാനായി അയാളുടെ മനസ്സും കാതും വളരെ സജീവമായി ജാഗരൂകമായി പ്രവർത്തിച്ചിരുന്നു. രാത്രി മുഴുവനും ഉണർന്നുകിടന്ന് അയാൾ അവളുടെ ജാരന്മാരുടെ പാദശബ്ദങ്ങൾക്കായി കാതോർത്തു. അങ്ങനെയൊന്നും കാണാതെ വരുമ്പോൾ അവളോടുള്ള കോപം വർദ്ധിക്കുകമാത്രമാണ് ചെയ്തത്. ഈ വികാരങ്ങളത്രയും പതഞ്ഞുയരുന്നത് അയാളുടെ അപകർഷബോദ്ധ്യങ്ങളിൽനിന്നാണ്. തന്റെ പണം ധനം എന്നിവയെക്കുറിച്ചുള്ള അഹങ്കാരങ്ങളിൽനിന്നുംകൂടിയാണ്. അയാളെ സംബന്ധിച്ചിടത്തോളം കൃത്യമായി അവൾ വിലയ്ക്കെടുക്കപ്പെട്ടവൾതന്നെയാണ്. അവരുടെ വീട്ടുകാരെ മുഴുവനും അയാൾ വിലയ്ക്കെടുക്കുകയായിരുന്നു എന്നും വേണമെങ്കിൽ പറയാം.

രാധ എന്ന പേരിൽതന്നെ

---

കുടുംബലാഭത്തിനുവേണ്ടി
പെൺമക്കളുടെ ജീവിതം
നിത്യരോഗിക്കും
വൃദ്ധനുമൊക്കെ
തീറെഴുതുന്ന
മാതാപിതാക്കൾ
മറക്കരുതാത്ത
ഒരുകാര്യം അവൾക്കും
ഒരു മനസ്സുണ്ടെന്നും
മോഹങ്ങളുണ്ടെന്നുമാണ്

---

അയാൾക്ക്, വളരെ സുന്ദരിയായ ഒരു ആദ്യഭാര്യ ഉണ്ടായിരുന്നു. പക്ഷേ, അവരെങ്ങനെ മരിച്ചു എന്ന ചോദ്യത്തിനുമാത്രം വ്യക്തമായ ഒരുത്തരം നൽകാൻ പണിക്കാരിപോലും തയ്യാറാവുന്നില്ല. ആ ചോദ്യംപോലും അവരെ ഭയപ്പെടുത്തുന്നുണ്ട്. ആ ഭയം പണ്ടും അയാളെന്തുമാത്രം ക്രൂരനായിരുന്നു എന്നു വ്യക്തമാക്കുന്നു. അല്ലെങ്കിലും അല്പം മാത്രം ചലനശേഷിയുള്ള ഒരു കൈകൊണ്ട് കാണിക്കുന്ന കാട്ടായങ്ങൾ ആ ക്രൂരത വെളിപ്പെടുത്തുന്നു. എന്തും ശീലംകൊണ്ട് പഴകും എന്നും അങ്ങനെ മടുപ്പുമാറും എന്നുമുള്ള സാമാന്യ പറച്ചിലിനെ സാധൂകരിക്കുംപോലെ അവൾ ദുർഗന്ധങ്ങളോട് സന്ധിചെയ്യുന്നു. ആദ്യം ഭക്ഷണം കഴിക്കാൻപോലും അവൾക്കു മടിയായിരുന്നെങ്കിലും പിന്നെ അതൊക്കെ മാറുന്നു. ആരോ മുറുക്കിവെച്ച യന്ത്രപ്പാവകണക്കേ അവൾ ചലിച്ചുകൊണ്ടിരുന്നു എന്നാണ് കഥാകാരി അവളെ വിശേഷിപ്പിക്കുന്നത്. അയാളുടെ സംശയങ്ങൾ നിലനിൽക്കെതന്നെ അവൾ തന്റെ കടമകൾ കൃത്യമായും ഭംഗിയായും നിർവഹിക്കുന്നുണ്ട്. മനസ്സ് ചിലപ്പോഴെങ്കിലും പിടിവിട്ടുപോവുമ്പോഴും അവൾ തന്നെത്തന്നെ അടക്കിനിർത്തുകയും അതൊന്നും കുലവധുക്കൾക്കു ചേർന്നതല്ല എന്ന നിഗമനത്തിൽ സ്വയം അടക്കിശാസിച്ച് അടങ്ങുകയും ചെയ്യുന്നു. കുലവധുവിന്റെ പാതിവ്രത്യഭാവമാണ് ഇതെന്ന് സമൂഹം പ്രശംസിച്ചേക്കാം. നല്ല അടക്കമൊതുക്കമുള്ളവൾ എന്ന പ്രശംസ അവൾക്ക് ലഭിച്ചേക്കാം. പക്ഷേ, അവൾ എല്ലാ മോഹഭംഗങ്ങളുടേയും കനലിൽച്ചവുട്ടി സ്വയം ചുട്ടുനീറുന്നു. എന്നാൽ അവളെ ആദർശവത്കരിക്കാൻ ഒരു ശ്രമവും കഥാകാരി നടത്തിയിട്ടില്ല. അവളുടെ മോഹങ്ങളെപ്പറ്റി തുറന്നുപറയുന്നുമുണ്ട്. ഭർത്താവിനായി ഭക്ഷണവും മരുന്നും ഉണ്ടാക്കുമ്പോൾ തന്റെ ഓജസ്സും ജീവസ്സും ആ വിറകുകൊള്ളികളായി സ്വയം എരിഞ്ഞുതീരുന്നു എന്ന തിരിച്ചറിവ് അവൾക്കുമുണ്ട്.

കഥയിൽ രാധയുടേയും കൃഷ്ണന്റേയും കഥ ചേർത്തിരിക്കുന്നത് കഥയ്ക്കൊരു ദൃഢത നൽകുന്നുണ്ട്. കൃഷ്ണന്റെ ഉപേക്ഷ രാധയെ എത്രമാത്രം തളർത്തിക്കളഞ്ഞുവെന്ന് ശ്രീലത എഴുതുന്നു. രാധയുടെ ദുരന്തവിധി തലമുറകളിലൂടെ തുടരുന്നു എന്നയിടത്താണ് അതിന്റെ പ്രസക്തി. വൃന്ദാവനത്തിലെ രാധയുടെ അതേ വിധി പേറുന്ന അനേകം രാധമാർ ഇന്നും ജീവിക്കുന്നു എന്നും വീടുകളിലെ കുടുസ്സായ കിടപ്പുമുറികളിൽനിന്ന് അവരുടെ അമർത്തിയ തേങ്ങലുകളും ഞെരിച്ചമർത്തപ്പെട്ട ദാഹമോഹങ്ങളും പ്രതിധ്വനിക്കുന്നു എന്നും എഴുതുമ്പോൾ സ്ത്രൈണമായ നൊമ്പരങ്ങൾക്ക് ഒരു സാർവജനീനഭാവം കൈവരുന്നു. അവളുടെ വേദനകളും നൊമ്പരങ്ങളും നൈരാശ്യങ്ങളുമെല്ലാമെല്ലാം പിതൃആധിപത്യനീതിയുടെ സമൂഹത്തിൽ സമാനമാണ്. സാമ്പത്തിക പദവികളോ സാമൂഹ്യപദവികളോ അതിനെ ബാധിക്കുന്നില്ല.

കുടുംബലാഭത്തിനുവേണ്ടി പെൺമക്കളുടെ ജീവിതം നിത്യരോഗിക്കും വൃദ്ധനുമൊക്കെ തീറെഴുതുന്ന മാതാപിതാക്കൾ മറക്കരുതാത്ത ഒരുകാര്യം അവൾക്കും ഒരു മനസ്സുണ്ടെന്നും മോഹങ്ങളുണ്ടെന്നുമാണ്. അത്തരം ഒരു ബന്ധം സമ്മാനിക്കുന്ന സാമ്പത്തിക സുരക്ഷിതത്വത്തെക്കാളും എത്രയോ വിലപിടിച്ചതാണ് അവളുടെ ജീവിതം. രാധായനം പുതിയ പരിപ്രേക്ഷ്യം എന്ന കഥ എല്ലാ മാതാപിതാക്കളും വായിക്കണം എന്നു ഞാനാഗ്രഹിച്ചുപോവുന്നത് അതുകൊണ്ടാണ്. ■



കഥ

# രാധായനം...
# പുതിയ പരിപ്രേക്ഷ്യം

ശ്രീലത

**ചന്ദ്രികാ** ചർച്ചിതമായ രാത്രിയിൽ,

യമുനയുടെ കരയിൽ നീലക്കടമ്പിന്റെ ചുവട്ടിൽനിന്നും ഓടക്കുഴൽവിളി ഉയർന്നു... ആ ഓടക്കുഴൽവിളി അങ്ങ് ദൂരെ വൃന്ദാവനത്തിലെ ഗോപവാടങ്ങളിൽ പ്രതിധ്വനിച്ചു. ഗോക്കൾ ചെവി വട്ടംപിടിച്ച് ആ മുരളീനാദം കേട്ടു.

ഗോപവാടങ്ങളുടെ അന്തഃപുരങ്ങളിൽ ഭർതൃശുശ്രൂഷയിലും ഗൃഹജോലികളിലും ഏർപ്പെട്ടിരുന്ന ഗോപികമാർ പണികൾ പാതിവഴിക്ക് ഇട്ടുംവെച്ച് കണ്ണന്റെ ചാരത്തേക്ക് ഓടിയെത്തി. കണ്ണനോടുള്ള പ്രണയം... അവ ലോകത്തെയും ലോകരേയും മറന്നു....

ചന്ദ്രികാചർച്ചിതമായ രാത്രിയിൽ,

യമുനയുടെ കരയിൽ നീലക്കടമ്പിന്റെ ചുവട്ടിൽനിന്നും ഓടക്കുഴൽവിളി ഉയർന്നു.

ദൂരെ,

ദൂരെ ദൂരെ....

പഴമയും മാറാരോഗവും പേറുന്ന കോട്ടപോലെയുള്ള ഒരു വീട്ടിൽ;....

എണ്ണയുടേയും കുഴമ്പിന്റേയും അരിഷ്ടങ്ങളുടേയും മനംമടുപ്പിക്കുന്ന നാറ്റം ഉയരുന്ന ഒരു കിടക്കമുറിയിൽ വൃദ്ധനായ ഭർത്താവിന്റെ ജഡതുല്യമായ ദേഹം തന്റെ മാർദ്ദവമേറിയ കൈകളാൽ സ്പഞ്ച് ചെയ്യുകയായിരുന്ന രാധ ആ ഓടക്കുഴൽവിളി കേട്ടു.

മരിച്ച മനസ്സും മരവിപ്പു കയറിയ ശരീരവും ആയി ഒരു രാധ.... ആ മായികനാദം കേൾക്കവേ തന്റെ മരവിച്ച ദേഹത്തിലെ ജീവന്റെ കണികകൾ വീണ്ടും സ്പന്ദിക്കാൻ തുടങ്ങുന്നത് രാധ അറിഞ്ഞു.

ഒരുനിമിഷം അവൾ ആ മായികനാദത്തിൽ സ്വയം നഷ്ടപ്പെട്ടുപോയി. കൈകൾ ഒരുനിമിഷം നിശ്ചലമായി.

വെടി പൊട്ടുംപോലെ ഒരിടംകൈ അവളുടെ കരണക്കുറ്റിനോക്കി വന്നു വീണു.

“മൂധേവി.... ഞാൻ ചത്തുകിട്ടാൻ പ്രാർത്ഥിക്കുകയാണ്, അല്ലേ... നോക്കിക്കോ.... പത്ത് പൈസ തരില്ല ഞാൻ.... ഒക്കെ വല്ല അനാഥാലയത്തിനും എഴ്തി വയ്ക്കും ഞാൻ....”

ഇടതു കൈയും കാലും....



അയാളുടെ ശരീരത്തിൽ ചലനശേഷി നഷ്ടപ്പെടാത്ത രണ്ട് അവയവങ്ങളേ ഉള്ളു. പിന്നെ ചെറുപ്പക്കാരോടുള്ള വെറുപ്പും വിദ്വേഷവും അസൂയയും ആളിക്കത്തുന്ന ഒരു മനസ്സും.

ചെറുപ്പക്കാരിയും സുന്ദരിയും ആയ തന്റെ ഭാര്യയുടെ എണ്ണമറ്റ ജാരന്മാരെ കയ്യോടെ പിടികൂടാൻ ആ മനസ്സ് സദാ തയ്യാറെടുത്തു.

മാർജ്ജാരപാദങ്ങളുള്ള, കരുത്തുറ്റ ശരീരങ്ങളും കത്തുന്ന കാമവും ഉള്ള ജാരന്മാരുടെ പാദപതനശബ്ദത്തിന് ചെവിയോർത്ത് അയാൾ രാത്രിമുഴുവൻ ഉണർന്നു കിടന്നു.

താഴെ വിരിച്ചിട്ട പായയിൽ, പകലത്തെ അധ്വാനത്താൽ തളർന്നുറങ്ങുന്ന ഭാര്യ അയാളിലെ ക്രോധം ആളിക്കത്തിച്ചു.

‘നായിന്റെ മോളെ അങ്ങനെ നീയ് സുഖിക്കണ്ട’

മനസ്സിൽ പറഞ്ഞുകൊണ്ട് അയാൾ തുടരെത്തുടരെ അവളെ വിളിച്ചുണർത്തും. അവളുടെ ഉറക്കം മുറിക്കാൻവേണ്ടി അയാൾ നിർത്താതെ ചുമയ്ക്കുകയും ചൂടുവെള്ളം ആവശ്യപ്പെടുകയും ചെയ്തു. രാത്രി മുഴുവൻ ഉറക്കമൊഴിഞ്ഞിട്ടും ആരെയും പിടികൂടാൻ കഴിയാതാകുമ്പോൾ നിരാശ മറച്ചുവെക്കാൻ അയാൾ ഭാര്യയെ കഠിനമായി ശകാരിക്കുകയും തെറി വിളിക്കുകയും ചെയ്തു....

ദീർഘനിശ്വാസത്തോടെ രാധ സ്പഞ്ചിങ്ങ് തുടർന്നു. ചലവും ചോരയും അറപ്പില്ലാതെ തുടച്ചെടുത്തു...

ബെഡ് സോറുകൾ ഡെറ്റോൾ വെള്ളത്തിൽ കഴുകി. സ്റ്റെറിലൈസ് ചെയ്ത കോട്ടൺകൊണ്ട് നനവ് മൃദുവായി ഒപ്പിയെടുത്തു....

ടാൽകം പൗഡർ ലോഭമില്ലാതെ വിതറി.

അയാൾ ഞരങ്ങുകയും വേദന സഹിക്കാതെ അവളെ തെറി വിളിക്കുകയും ചെയ്തു.

“നായിന്റെ മോളെ പത്ക്കെ... എന്നെ കൊല്ലാൻ വേണ്ട്യാ നീയീ പണി ഇട്ക്ക്ണത്? അശ്രീകരം ഈ വീട്ടില് എന്ന് കാലെട്ത്ത് വച്ചോ

അന്ന് തൊടങ്ങി എന്റെ അധോഗതി.... ഹാവൂ അമ്മേ...."

ഈ കിടക്കയിൽ ഇതേ അവസ്ഥയിൽ കിടന്ന്,

ആരുടെയൊക്കെയോ നിർദ്ദേശങ്ങൾക്കനുസരിച്ച്,

വിറച്ചു വിറച്ച്,

ചലനശേഷി ഉള്ള ഇടതു കൈകൊണ്ട്

മുട്ടുകുത്തിയിരിക്കുന്ന അവളുടെ, തനിക്കുനേരെ നീട്ടപ്പെട്ട കഴുത്തിലേക്ക് താൻ മാല ഇടുകയായിരുന്നു....

അവളുടെ കഴുത്തിന് രണ്ടുവശവുമായി നീട്ടിപ്പിടിച്ച താലിമാല തൊടാൻ മാത്രമേ തനിക്കായുള്ളൂ, താലി മുറുക്കൽ അവൾ സ്വയം ചെയ്യുകയായിരുന്നു... എന്നൊക്കെയുള്ള വസ്തുതകൾ ഓർക്കാൻ അയാൾ കൂട്ടാക്കിയില്ല.

ചലത്തിന്റേയും പഴുപ്പിന്റേയും നാറ്റം നിത്യപ്പതിവുകൊണ്ട് അവളെ അലട്ടാതായിരുന്നു....

ഇവിടുത്തെ പൊറുതിയുടെ ആദ്യനാളുകളിൽ അവൾ മുഴുപ്പട്ടിണിയിലായിരുന്നു കഴിഞ്ഞത്.

തന്റെ കൈകൊണ്ട് വച്ചുണ്ടാക്കുന്നതൊന്നും അവൾക്കു തിന്നാൻ കഴിഞ്ഞില്ല.

ചോറുരുള വായിൽ കൊണ്ടുചെല്ലുമ്പോഴേക്കും കൈവിരലുകളിൽനിന്നും ശരീരത്തിൽനിന്നും ചലത്തിന്റേയും പഴുപ്പിന്റേയും നാറ്റം അവിടമാകെ പരക്കും. ആ നാറ്റം, അവളെ ബോധംകെടുത്തും.

ആദ്യത്തെ തവണതന്നെ അവളുടെ ഓക്കാനത്തിന്റെ ശബ്ദം അയാളുടെ ആനച്ചെവി പിടിച്ചെടുത്തു. അവൾ അതറിഞ്ഞത് അയാളുടെ ഇടതു കൈ ഊക്കിൽ അവളുടെ കവിളത്തു വന്നു വീണപ്പോഴാണ്.

പിന്നെ അയാളുടെ ചെവിയിൽ എത്താതെമാത്രം അവൾ ഓക്കാനിക്കും. കുടൽമാലകൂടി പറിഞ്ഞു പോരാൻ അവൾ ഓക്കാനിച്ചിട്ടുണ്ടാകും.

വിശപ്പ് പൊറുതിമുട്ടിക്കുമ്പോൾ അവൾ ഒരു കട്ടൻചായയിട്ട് കുടിക്കും. പിന്നെപ്പിന്നെ അവൾ ആ നാറ്റത്തിനോട് സന്ധിചെയ്തു.

ശരീരം വൃത്തിയാക്കിക്കഴിഞ്ഞാൽ അവളുടെ ജോലി തീരുന്നില്ല.

അവൾ കുളിച്ചുവന്ന് നനവ് തുടയ്ക്കുക മാത്രം ചെയ്ത് വിറകിൻകൊള്ളിപോലെ ആയ അയാളുടെ ശരീരത്തോടു ചേർന്ന്... പോരാ, മുറുക്കെ കെട്ടിപ്പിടിച്ച് കൃത്യം ഒരുമണിക്കൂർ കിടക്കണം. ചലനശേഷി ഉള്ള അയാളുടെ ഇടതുകൈ ജീവനുള്ള പെണ്ണിന്റെ വികാരമില്ലാത്ത ജഡതുല്യശരീരത്തിൽ എന്തൊക്കെയോ കാട്ടിക്കൂട്ടും. തന്റെ ശരീരത്തിൽ അമേദ്യം വീണാൽ താൻ പ്രതികരിക്കുക എങ്ങനെ ആകും എന്ന് ഇപ്പോൾ അവൾക്കറിയാം.

> കുട്ടികളെക്കൊണ്ടുള്ള കഷ്ടപ്പാട് പെണ്ണിന് സ്വർഗമാണ് എന്ന് അവർക്കറിയാം. തനിക്കും അതറിയാം എന്ന് അവർക്കും അറിയാം. എന്നിട്ടും അവർ....?

ഇങ്ങനെ ഒരു ചികിത്സാരീതി ഏത് അഷ്ടാംഗഹൃദയത്തിൽ ഉള്ളതാണോ.

വൈദ്യന്റെ ചികിത്സാവിധി അണുവിട തെറ്റിക്കാതെ അയാൾ പാലിക്കുന്നു. എന്നെങ്കിലും തന്റെ ചലനശേഷി തിരിച്ചുകിട്ടും എന്ന് അയാൾ പ്രതീക്ഷിക്കുന്നുണ്ട്....

ആ സമയങ്ങളിൽ അവളുടെ ഉടലിൽനിന്നും മുക്തിനേടുന്ന മനസ്സ് ഏതൊക്കെയോ ശാദ്വലങ്ങളിൽ അലഞ്ഞുനടക്കും. ഒരിക്കൽ തന്റേതായിരുന്ന സ്വപ്നങ്ങളുടേയും പ്രതീക്ഷകളുടേയും ലോകം അവളെ മാടിവിളിക്കും, അങ്ങേ ലോകത്തുനിന്ന്.

ഇങ്ങിനി വരാത്തവണ്ണം ഭൂതകാലത്തിന്റെ ഇരുണ്ട ഗർത്തങ്ങളിലേക്കു താഴ്ന്നുപോയ വർണ്ണങ്ങളും സുഗന്ധങ്ങളും ശബ്ദങ്ങളും അവളെ അവിടെ നിന്നുകൊണ്ട് മാടിവിളിക്കും.....

ചിലപ്പോൾ അവൾ തന്റെ മുൻഗാമി ആയിരുന്ന സ്ത്രീയെക്കുറിച്ച് ചിന്തിക്കാൻ ശ്രമിക്കും.

അവരുടേയും പേര് രാധ എന്നു തന്നെ ആയിരുന്നു. പുറംപണിക്കാരി പറഞ്ഞു.....

''കുട്ടീടന്തി തന്ന്യായിരുന്നു അതും കാണാൻ.... നല്ല നെറോം നീണ്ട തലമുടീം ഒക്കെ ആയി.... ശ്രീഭഗവതി പോലെ.... പറഞ്ഞിട്ടെന്ത് കാര്യം.... ആയുസ്സ് കൊടുക്കേണ്ടത് ഭഗവാനല്ലേ....."

"എങ്ങന്യാ മരിച്ചത്."

അവൾ പലതവണ ചോദിച്ചെങ്കിലും അവർ പറയാൻ കൂട്ടാക്കിയില്ല. പകരം തളത്തിന്റെ വാതുക്കലേക്ക് ഭീതിയോടെ നടക്കുകമാത്രം ചെയ്തു. തളത്തിന്റെ വാതിൽ കടന്ന് അയാൾ വരുമെന്ന് അവർ കരുതുന്നതായി അവൾക്കു തോന്നി.

തന്റെ ശബ്ദം താൻ കേട്ടിട്ട് എത്ര നാളായി... ചിലപ്പോഴൊക്കെ അവൾ ഓർക്കാൻ ശ്രമിക്കും.

ആ വലിയ വീട്ടിൽ പുറംപണിക്ക് വരുന്ന സ്ത്രീ രാവിലെ വന്നുപോയാൽ പിന്നെ അയാളും അവളും മാത്രം. നേരം വെളുത്താൽ ഇരുട്ടുവോളം, ഇരുട്ടിയാൽ ഉറങ്ങുവോളം ആരോ മുറുക്കി വെച്ച ഒരു യന്ത്രപ്പാവ കണക്കെ അവൾ ചലിച്ചു.

ഒരാനയുടെ വിശപ്പും ആനയുടെ ചെവിയും ആണ് അയാൾക്കുണ്ടായിരുന്നത്. എത്ര തിന്നാലും അയാൾക്ക് വിശപ്പു മാറില്ല. രാപ്പകലില്ലാതെയുള്ള കിടപ്പിന്റെ മുഷിച്ചിൽ അയാൾ അകറ്റിയിരുന്നത് തിന്നിട്ടായിരുന്നു. അയാൾക്ക് തിന്നാൻ വേണ്ടി അവൾ കൊഴുക്കട്ടയും കുഴലപ്പവും മുറുക്കും ഇറച്ചിക്കറിയും ഉണ്ടാക്കി. തന്റെ ഓജസ്സും ജീവസ്സും കൂറ്റൻ വിറകുകൊള്ളികൾ തിന്നുതീർക്കുന്നത് നിർവികാരതയോടെ അവൾ കണ്ടു. പലഹാരം ഉണ്ടാക്കാനും കഷായവും അരിഷ്ടവും ലേഹ്യവും വിരകാനുമായി അവൾ മണിക്കൂറുകൾ അടുക്കളയിൽ ഹോമിച്ചു.

പൊട്ടിവരുന്ന കരച്ചിൽ അമർത്താൻ ശ്രമിച്ചുകൊണ്ട് രാധ ഭർത്താവിന്റെ ദേഹം വൃത്തിയാക്കുന്ന ജോലി അവസാനിപ്പിച്ചു.

അവളെ എഴുതിക്കൊടുത്തതു വഴി അച്ഛനും അമ്മയ്ക്കും സഹോദരങ്ങൾക്കും ലഭിച്ച നേട്ടങ്ങൾ നിസ്സാരമായിരുന്നില്ല. അച്ഛനും അമ്മയ്ക്കും കിടപ്പാടം ജപ്തിയിൽനിന്ന് ഒഴിവായി കിട്ടി....

ആങ്ങളയ്ക്ക് ടൗണിൽ ഭർത്താവ് ഡയരക്ടറായിരുന്ന ബാങ്കിൽ ജോലി കിട്ടി.

അനിയത്തിമാർക്കും പണവും ആരോഗ്യവും ഉള്ള ചെറുപ്പക്കാർ വരന്മാരായി വന്നു. മൂന്നുപേർക്കും രണ്ടും മൂന്നും വീതം കുട്ടികളായി....

"ചേച്ചിക്ക് വല്ല പ്രാരബ്ധവും

ഉണ്ടോ.... സുഖമല്ലേ.... കുട്ട്യോളും മക്കളും ഇല്ല. ഞങ്ങൾക്കൊക്കെ എത്ര കഷ്ടപ്പാടാന്ന് ഓർത്തിട്ടുണ്ടോ.... കുട്ട്യോളും മക്കളും ആയി തീർത്താലും തീരാത്ത ബുദ്ധിമുട്ട്യോള്. ഒരു മിനിട്ട് ഒന്നിരിക്കാനും കൂടി ഈ അസുരന്മാർ സമ്മതിക്കില്ല. ചേട്ടനെക്കൊണ്ട് ഒരു ശല്യവും ഇല്ലല്ലോ. ഒരുഭാഗത്ത് ഒതുങ്ങി കെടന്നോളൂല്ലോ."

തന്നെ, തന്റെ സ്ത്രീത്വത്തെ പരിഹസിക്കുകയാണോ അവർ.... സംശയം തോന്നും.

ആരോടൊക്കെയോ പക തോന്നും.

കുട്ടികളെക്കൊണ്ടുള്ള കഷ്ടപ്പാട് പെണ്ണിന് സ്വർഗമാണ് എന്ന് അവർക്കറിയാം. തനിക്കും അതറിയാം എന്ന് അവർക്കും അറിയാം. എന്നിട്ടും അവർ....?

യമുനയുടെ തീരത്ത്, വൃന്ദാവനത്തിൽ, നീലക്കടമ്പിന്റെ താഴ്ന്ന കൊമ്പിൽ ചാരി കണ്ണൻ അവളെ വിളിക്കുകയാണ്.

ഏതാനും നിമിഷം കഴിഞ്ഞാൽ രാധ ഗൃഹകാര്യങ്ങൾ ഇട്ടുംവെച്ച് തന്റെ അടുത്തെത്തുമെന്ന് കണ്ണന് നന്നായിട്ടറിയാം. കണ്ണൻ വിളിക്കുമ്പോൾ ഇറങ്ങിച്ചെല്ലാതിരിക്കാൻ അവന്റെ മാത്രമായ രാധയ്ക്കാകുമോ....

ഈ രാധയിൽനിന്നും മറ്റൊരു രാധ ഉയിർത്തെഴുന്നേറ്റു.

അതിസുന്ദരിയായ പ്രതീക്ഷാനിർഭരമനസ്സുള്ള രാധ.

വേഷഭൂഷകൾ മുഴുമിച്ചില്ല. കാഞ്ചി കഴുത്തിൽ അണിഞ്ഞു.

തള കയ്യിലണിഞ്ഞു.... ഒരു കാതിലേ കുണ്ഡലം അണിഞ്ഞുള്ളൂ.... ഉത്തരീയം ചേലയാക്കി. തളിരണിക്കൊങ്കകൾ വിയർപ്പിൽ നനഞ്ഞു. ഓടിക്കിതച്ച് രാധ കണ്ണന്റെ ചാരെ എത്തി.

രാസക്രീഢ.... സകല ചരാചരങ്ങളും നിശ്ചലമായി.... യക്ഷകിന്നരദേവഗന്ധർവാദികൾ അതു കാണുന്നതിനായി ആകാശദേശത്ത് അണിനിരന്നു....ദ്വാരകയിലെ എണ്ണമറ്റ വീടുകളിൽ ആ വേണുഗാനത്തിന്റെ അലകൾ പ്രതിദ്ധ്വനിക്കുകയായി....

ഒരു ദീർഘനിശ്വാസത്തോടെ ഈ രാധ ഭർത്താവിനെ ജലശയ്യയിൽ തിരിച്ചുകിടത്തി....

ഭർത്താവിരിക്കെ മറ്റൊരു പുരുഷനെ, അതും തന്നെക്കാൾ ഇളപ്പമായ ഒരുത്തനെ... പോരാ ഒരിടയച്ചെറുക്കനെ... അഹൊ.... അചിന്ത്യം.... അവനെ കാമിക്കുക, മുന്നിൽ വശംവദയാകുക ഭയങ്കരി...ദുർവൃത്ത....കുലട.... കുലത്തിനുതന്നെ അപമാനം.

ഭർത്താവിന്റെ ദീർഘായുസ്സിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ച് അവനുവേണ്ടി നോമ്പുനോറ്റ് മൂത്തു നരയ്ക്കുന്നതിനു പകരം മറ്റൊരുത്തനുമായി വേണ്ടാതീനത്തിനു നടക്കുകയോ.... വികാരങ്ങളെ അടക്കി ജീവിക്കേണ്ടതിനു പകരം മൃഗങ്ങളേപ്പോലെ. ജനം കഥ മെനഞ്ഞു. അവരുടെ പ്രതിനിധിയായി അക്രൂരൻ വന്ന് കണ്ണനെ ദ്വാരകയിൽനിന്ന് മഥുരയിലേക്ക് കൂട്ടിക്കൊണ്ടുപോയി....

സ്നേഹശൂന്യനായ കണ്ണൻ മോഹപരവശയായ രാധയെ പാതിവഴിക്ക് ഉപേക്ഷിച്ചു. അവളുടെ തീവ്രപ്രണയം ചൂടിയ പൂമാലകളെക്കെ കശക്കി കാൽക്കീഴിലിട്ട് ചവിട്ടിത്തേച്ചു. കണ്ണന്റെ തേരിന് പിറകെ ഓടിയോടിത്തളർന്ന് കാലിടറി ഒടുവിൽ രാധ ആ പൊടിമണ്ണിൽ വീണു.

അവളെ വലിച്ചിഴച്ച് രഥചക്രങ്ങൾ കുറെ ദൂരം പോയി.

കണ്ണൻ താലോലിച്ച, ചുംബനങ്ങൾകൊണ്ട് മൂടിയിരുന്ന തളിരിളംമേനി പലയിടത്തും പൊട്ടി ചോരയൊലിക്കാൻ തുടങ്ങി. അതിനേക്കാൾ അവൾക്ക് ദുസ്സഹമായത് അവന്റെ വഞ്ചനയായിരുന്നു....

രാധ വൃന്ദാവനത്തിലെ ചത്വരങ്ങളിലൂടെ ഒരു ഭ്രാന്തിയായി വിലപിച്ച് നടക്കുന്നു....

യുഗങ്ങൾ മാറി... അവളുടെ വിധിക്ക് മാത്രം മാറ്റമില്ല...

വൃന്ദാവനത്തിലെ രാധയുടെ വിലാപമല്ലേ ഇന്നും അങ്ങോളമിങ്ങോളമുള്ള വീടുകളിലെ കുടുസ്സായ കിടപ്പുമുറികളിൽനിന്നും രാത്രിയുടെ അന്ത്യയാമങ്ങളിൽ നൂറായിരം പെൺമനസ്സുകളിൽനിന്നും ഉയരുന്ന അമർത്തിയ തേങ്ങലുകളിലും ഞെരിച്ചുടയ്ക്കപ്പെട്ട ദാഹമോഹങ്ങളിൽനിന്നും പ്രതിധ്വനിക്കുന്നത്?....?...? ■

---

*(21-ാം പേജിൽ നിന്നും തുടർച്ച)*

കേരളത്തിന്റെ ഏക ആദിവാസി വനിതാമന്ത്രിയെക്കുറിച്ചും ഈശ്വരിരേശന് സ്വന്തമായ അഭിപ്രായമുണ്ട്. സ്വന്തം സമൂഹത്തിന് ഒട്ടേറെ കാര്യങ്ങൾ ചെയ്യണമെന്ന ആഗ്രഹമുണ്ടെങ്കിലും പരിചയക്കുറവും പാർട്ടി, ഗവൺമെന്റ് ചട്ടക്കൂടുകളും അവരെ പരിമിതപ്പെടുത്തുന്നു എന്നും മനസ്സിലാക്കുന്നു ഈ രാഷ്ട്രീയ പ്രവർത്തക.

താൻ പ്രവർത്തിക്കുന്ന പാർട്ടിയെക്കുറിച്ചും പാർട്ടിയുടെ പ്രവർത്തനത്തെക്കുറിച്ചും അവർ പറയുകയുണ്ടായി. പണ്ട് തുടർന്നുവന്നിരുന്ന ഒരു പ്രവർത്തനശൈലി അല്ല ഇന്നു പാർട്ടിക്കിവിടെ ഉള്ളത്. അത് ഒരു പരിധി വരെ അട്ടപ്പാടിയിൽ പാർട്ടിയുടെ ശോഷണത്തിനു കാരണമായിത്തീരുന്നു. പണ്ട് പാർട്ടിനേതാക്കൾ ഓരോ ഊരുകളിലും ചെന്ന് ഊരിലെ പ്രമുഖരുമായി സംസാരിക്കാറുണ്ടായിരുന്നതും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കാറുണ്ടായിരുന്നതും പാർട്ടിയെ അവരോട് കൂടുതൽ അടുപ്പിക്കാൻ സഹായിച്ചിരുന്നു. ഇന്ന് അങ്ങനെ ഒരു ശൈലിയില്ലെങ്കിലും തന്നാലാവുംവിധം ശ്രമിക്കാറുണ്ടെന്ന് പങ്കുവെക്കുന്ന ഈശ്വരി രേശൻ, റോൾമോഡലായി കാണുന്നതു തന്നെ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്ന്, അടിസ്ഥാനപാഠങ്ങൾ പകർന്നു നൽകിയ കെ.വി. ഇബ്രാഹിമിനെ ആണ്.

ഉറച്ച പാർട്ടിപ്രവർത്തകയാണെങ്കിലും എല്ലാ വിഷയങ്ങളിലും വ്യക്തമായ കാഴ്ചപ്പാടോടുകൂടി തന്റെ സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നതും രാഷ്ട്രീയപ്രവർത്തനം സ്വന്തം കാര്യസാദ്ധ്യത്തിനു പയോഗിക്കാതെ അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു എന്നതുംതന്നെയാവാം ഈശ്വരി രേശൻ എന്ന ഈ ആദിവാസി സ്ത്രീ നേതാവിന്റെ വിജയം. ■




**കൂടംകുളം** ആണവനിലയത്തിനെതിരെ ജീവന്മരണ പോരാട്ടം നടത്തുന്ന സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കോഴിക്കോട്ടെ സാമൂഹ്യ പ്രവർത്തകരും വിവിധ സംഘടനാ പ്രവർത്തകരും കൂടംകുളം ഐക്യദാർഢ്യദിനാചരണത്തിന്റെ ഭാഗമായി 2.10.2012ന് വൈകു. 5 മണിക്ക് കടപ്പുറത്ത് പ്രതിഷേധസമരം സംഘടിപ്പിച്ചു. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാരംഭിച്ച പ്രതിഷേധ ജാഥകൾ കടപ്പുറത്ത് സംഗമിച്ചു. അന്വേഷി പ്രവർത്തകർ പുതിയസ്റ്റാന്റ് പരിസരത്തുനിന്ന് ജാഥ ആരംഭിച്ചു. വിവിധ സംഘടനാ പ്രതിനിധികൾ കടപ്പുറത്ത് പ്രതീകാത്മക ശവക്കുഴികൾ തീർത്ത് പ്രതിഷേധിച്ചു. ഐക്യദാർഢ്യ സമരപരിപാടി നർത്തകിയും തമിഴ് കവയിത്രിയും സാമൂഹ്യപ്രവർത്തകയുമായ ലീന മണിമേഖലൈ ഉദ്ഘാടനം ചെയ്തു. കൽപ്പറ്റ നാരായണൻ, കെ.അജിത, പ്രൊഫ.ശോഭീന്ദ്രൻ, ഡോ.ഖദീജ മുംതാസ് എന്നിവരോടൊപ്പം സമരത്തിൽ പങ്കെടുത്ത സംഘടനാ പ്രതിനിധികളും സംസാരിച്ചു. ■

# അന്വേഷി സെമിനാർ

**അന്വേഷി** ആരോഗ്യ പ്രവർത്തകർക്കിടയിൽ നടത്തുന്ന പരിശീലന പരിപാടിയുടെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സുമാർക്കായി "സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യ പ്രശ്നം'' എന്ന വിഷയത്തെ അധികരിച്ച് 27.9.2012 വ്യാഴാഴ്ച മെഡിക്കൽ കോളേജ് പി.ടി.എ ഹാളിൽ സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ അന്വേഷി പ്രസിഡണ്ട് കെ.അജിത അദ്ധ്യക്ഷത വഹിച്ചു. ഡോ.ഷെർളിവാസു (എച്ച്.ഒ.ഡി. ഫോറൻസിക് മെഡിസിൻ) സെമിനാർ ഉദ്ഘാടനം ചെയ്യുകയും ശ്രീമതി സി. എൻ.സരസമ്മ (നഴ്സിംഗ് സൂപ്രണ്ട്, എം.സി.എച്ച്) ആശംസ അറിയിക്കുകയും ചെയ്തു. സെമിനാറിൽ ഡോ.നന്ദിനി (ഡി.എം.ഒ. തൃശൂർ), അഡ്വ.പ്രീത (ഹൈക്കോടതി) എന്നിവർ വിഷയാവതരണം നടത്തി. (ശ്രീമതി ശ്രീജ. പി. അന്വേഷി, സെക്രട്ടറി) സ്വാഗതവും, അൽഫോൺസ മാത്യു (അന്വേഷി) നന്ദിയും പറഞ്ഞു.■




സെമിനാർ ഡോ. ഷെർലി വാസു ഉദ്ഘാടനം ചെയ്യുന്നു

## പുസ്തകപരിചയം

### മാവേലിമന്റം

**കെ.ജെ. ബേബി**

സച്ചിതാനന്ദൻ/ഗദ്ദിക പബ്ലിക്കേഷൻസ് / 45.00 രൂപ




പരിഷ്കൃത ലോകം ഓരങ്ങളിലേക്കു തള്ളിനീക്കിയ ഒരു ജനതയുടെ ദുരിതത്തിന്റേയും പ്രത്യാശയുടേയും ആദ്യാവിഷ്കാരമെന്ന നിലയിൽ 'നാടുഗദ്ദിക'യുടെ കർത്താവിന്റെ ഈ ആഖ്യായികാ സംരംഭം മലയാളത്തിലെ വംശാഖ്യാന ശാഖയ്ക്ക് ശ്രദ്ധേയമായൊരു സംഭാവനയാണ്.

പടിഞ്ഞാറൻ നോവലിലെ 'ആമസോൺ ഉട്ടോപ്പിയ'കളുടേയും നീഗ്രോകളുടെ 'എത്നിക് നോവലു കളുടേയും' ആദ്യത്തേതിലെ സാങ്കല്പികരാജ്യത്തിന്റേയും രണ്ടാമത്തേതിലെ ഗോത്രസ്മൃതി സഞ്ചയത്തിന്റേയും സവിശേഷതകൾ ഈ നോവലിന്റെ ഘടനയിൽ സമന്വയിക്കപ്പെടുന്നു.

### ഗോത്രസമൂഹങ്ങളുടെ ദൃശ്യസംസ്കാരം

**മിനി പി.വി.**

കേരള ലളിതകലാ അക്കാദമി, തൃശൂർ/ 230.00 രൂപ




കേരളത്തിലെ ഗോത്രസമൂഹങ്ങളുടെ ദൃശ്യസംസ്കാരം പച്ചകുത്ത്, പല്ല് കൊത്ത്, നെറ്റിച്ചൊട്ട തുടങ്ങിയ മെയ്യെഴുത്തുകൾ വഴിയും മുഖത്തെഴുത്ത്, മുഖാവരണങ്ങൾ, വസ്ത്രധാരണം, കേശാലങ്കാരം, ആഭരണങ്ങൾ, കൈവേലകൾ, മാന്ത്രികചിത്രങ്ങൾ തുടങ്ങിയവയിലൂടെയും പ്രതിഫലിച്ചുകാണാം. വ്യക്തിശരീരത്തെ ഗോത്രശരീരമായും ചിഹ്നവ്യവസ്ഥയുടെ അംശമായും മനസ്സിലാക്കുമ്പോൾ ആഭരണവും പച്ചകുത്തും മുഖത്തെഴുത്തുമെല്ലാം ചിഹ്നഭാഷയുടെ ദൃശ്യാവലികൾ പേറുന്നു. അതിലേക്കുള്ള ഒരു പ്രവേശികയാണ് ഈ ഗ്രന്ഥം.

### ജാനു: സി. കെ. ജാനുവിന്റെ ജീവിതകഥ

**ഭാസ്കരൻ**




ഡി.സി. ബുക്സ്/ വില: 50.00 രൂപ

"മണ്ണിൽ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി യഥാർത്ഥത്തിൽ ഭൂമിയുടെ ഉടമകൾ ആയിട്ടുള്ള ആളുകൾ ഉടമസ്ഥതയ്ക്കുവേണ്ടി നടത്തിയതാണ് നമ്മളെ സമരങ്ങളൊക്കെയും. ഭൂമിയുടെ ഉടമസ്ഥതയെക്കുറിച്ച് പൊതുസമൂഹത്തിന്റെ സമ്പ്രദായങ്ങളും രീതികളും വിചാരങ്ങളും നമ്മളെ സമുദായത്തിന്റെ ആവശ്യമനുസരിച്ചുള്ള രീതികളും രണ്ടും രണ്ടാണ് എന്നതുതന്നെയാണ് ശരിയാവുന്നത്. അതുകൊണ്ടുതന്നെയാണ് നമ്മളെ ഭൂമിയിലുള്ള നിലനില്പിനുവേണ്ടി അധികാരകേന്ദ്രങ്ങളോട് നമ്മള് സമരം ചെയ്യേണ്ടിവന്നിരിക്കുന്നത്." യഥാർത്ഥ, മണ്ണിന്റെ മകൾ ജാനുവിന്റെ ജീവിതം ആവിഷ്കരിക്കപ്പെടുന്ന കൃതി. മലയാളഭാഷ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും സത്യസന്ധവും സുതാര്യവുമായ ജീവിതകഥ.

---

## ലോങ്ങ് ഷോട്ട്

**കബിത മുഖോപാധ്യായ്**






Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara